# കുരുവട്ടൂർ

## ഗ്രാമപഞ്ചായത്ത്

## വികസനറിപ്പോർട്ട്




# 1996




പത്താം വാർഡ് വിശേഷാൽ ഗ്രാമസഭ സി.കെ. ആലിക്കുട്ടി മാസ്റ്റർ ഉദ്ഘാടനം ചെയ്യുന്നു.



എട്ടാം വാർഡ് വിശേഷാൽ ഗ്രാമസഭയിൽ നിന്നുള്ള ഒരു ദൃശ്യം

"ഒമ്പതാം പദ്ധതി ജനകീയ പദ്ധതി"

●

# കുരുവട്ടൂർ ഗ്രാമപഞ്ചായത്ത്

വികസന റിപ്പോർട്ട്

1996

●

# വികസന സെമിനാർ

'96 നവംബർ 13 ബുധൻ

ഗവ: ഹൈസ്കൂൾ, പയമ്പ്ര

# വികസന റിപ്പോർട്ട് 1996

എഡിറ്റർ

**എം. രാമകൃഷ്ണൻ**

എഡിറ്റോറിയൽ ബോർഡ്

**പി. അപ്പുക്കുട്ടൻ**
(കോർ ഗ്രൂപ്പ് കൺവീനർ)

**കെ.കെ. മൂസ**
(അക്കാഡമിക് കൺവിനർ)

**എം. അരവിന്ദാക്ഷൻ**

**സി. കുഞ്ഞിക്കോയ**

**തൂമ്പറ്റ ഭാസ്കരൻ**

**ബേബി ബാലകൃഷ്ണൻ**

**കെ.സി. ദേവാനന്ദൻ**

**ലിഷയിൽ സുമതി**

## കുരുവട്ടൂർ ഗ്രാമപഞ്ചായത്ത്

### ഭരണസമിതി



ലിഷയിൽ സുമതി പ്രസിഡണ്ട്



ഐ. സുഹറ വൈസ് പ്രസിഡണ്ട്



വി. രജീന്ദ്രകുമാർ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ

അംഗങ്ങൾ

1. സി. കുഞ്ഞിക്കോയ
2. സി. ലക്ഷ്മി
3. തൂമ്പറ്റ ഭാസ്കരൻ
4. എം. ജയപ്രകാശൻ
5. എ. ശാന്തകുമാർ
6. കെ.കെ. കൃഷ്ണദാസ്
7. സി. മാധവി
8. കെ.കെ. അജിതകുമാരി

സെക്രട്ടറി
കെ. വി. സൗമിനി

## മുൻകാല പ്രസിഡണ്ടുമാർ

1. പി.കെ. ശ്രീധരൻ
2. കെ. ചന്ദ്രൻ മാസ്റ്റർ
3. എം. ബാലകൃഷ്ണൻ

# പഞ്ചായത്ത് ഒറ്റനോട്ടത്തിൽ

1. പേര് ............................................................ : കുരുവട്ടൂർ ഗ്രാമപഞ്ചായത്ത്
2. സ്ഥാപക വർഷം ............................................ : 1.12.1961
3. ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ.......................... : കുരുവട്ടൂർ
4. ജില്ലാ പഞ്ചായത്ത് ഡിവിഷൻ ............................ : കക്കോടി
5. ബ്ലോക്ക് പഞ്ചായത്ത് ............................................ : കുന്ദമംഗലം
6. താലൂക്ക്............................................................ : കോഴിക്കോട്
7. അസംബ്ലി മണ്ഡലം .............................................. : കുന്ദമംഗലം
8. പാർലിമെന്റ് മണ്ഡലം.......................................... : മഞ്ചേരി
9. ജില്ല .................................................................. : കോഴിക്കോട്
10. വിസ്തീർണ്ണം ........................................................ : 17.94 ച.കി.മീ.
11. ജനസംഖ്യ ........................................................... : 23780 (1991 സെൻസസ്)
    പുരുഷൻ: 11671 സ്ത്രീ : 23780
12. വാർഡുകൾ .......................................................... : 11
13. സംവരണ വാർഡുകൾ:
    പട്ടികജാതി പട്ടികവർഗം: 1
    വനിത : 4
14. പ്രസിഡണ്ട്............................................................ : ലിഷയിൽ സുമതി
15. വൈസ് പ്രസിഡണ്ട് ............................................ : ഐ. സുഹറ
16. സിക്രട്ടറി ............................................................ : കെ. വി. സൗമിനി
17. അതിരുകൾ:
    വടക്ക് ........................................ : ചേളന്നൂർ, മടവൂർ പഞ്ചായത്തുകൾ
    കിഴക്ക് ........................................ : കുന്ദമംഗലം പഞ്ചായത്ത്
    തെക്ക് ........................................ : കോഴിക്കോട് കോർപ്പറേഷൻ
    പടിഞ്ഞാറ് : കോഴിക്കോട് കോർപ്പറേഷനും കക്കോടി പഞ്ചായത്തും

# സമർപ്പണം

1997 ഏപ്രിൽ ഒന്നുമുതൽ ആരംഭിക്കുന്ന ഒമ്പതാം പഞ്ചവത്സര പദ്ധതി ഒരു ജനകീയ പദ്ധതിയായി രൂപാന്തരപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ ഇക്കഴിഞ്ഞ ആഗസ്റ്റ് മാസം 17 മുതൽ സംസ്ഥാന തലത്തിൽ ആരംഭിച്ചിരിക്കയാണല്ലോ. ഇതിന്നായുള്ള പ്രവർത്തനങ്ങൾ കരുവട്ടൂർ പഞ്ചായത്തിലും സംസ്ഥാന വികസന ബോർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് നടന്നു വരികയാണ്.

ഇതിന്റെ ഭാഗമായി വിശേഷാൽ ഗ്രാമസഭകൾ സമ്മേളിച്ചുകഴിഞ്ഞു. പ്രസ്തുത ഗ്രാമസഭകളിൽ നിന്ന് ഉരുത്തിരിഞ്ഞു വന്ന നിർദ്ദേശങ്ങളും പഠനപര്യടനത്തിൽ നിന്നു കിട്ടിയ വിവരങ്ങളും നാട്ടറിവുകളും സമാഹരിച്ച് പഞ്ചായത്ത് വികസന സെമിനാറിലേക്ക് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്. പഞ്ചായത്തിലെ റിസോഴ്സ് പേർസൺമാരും മറ്റു വിദഗ്ധരും ചേർന്ന് തയ്യാറാക്കിയ ഈ റിപ്പോർട്ട് 7.11.96ൽ ചേർന്ന പഞ്ചായത്ത് ഭരണസമിതി അംഗീകരിക്കുകയുണ്ടായി.

ഒരു പ്രഥമസംരംഭമെന്ന നിലയിൽ ഈ എളിയ റിപ്പോർട്ടിനെ സ്വീകരിക്കാനും ഇതിനെ ഒരു വിശദമായ ചർച്ചക്ക് വിധേയമാക്കാനും അഭ്യർത്ഥിക്കുന്നു. പദ്ധതി രൂപീകരണത്തിലേയ്ക്ക് എല്ലാവരുടേയും വിലപ്പെട്ട നിർദ്ദേശങ്ങൾ ക്ഷണിച്ചു കൊണ്ട് ഈ റിപ്പോർട്ട് വികസന സെമിനാർ മുമ്പാകെ സന്തോഷപൂർവ്വം സമർപ്പിച്ചുകൊള്ളുന്നു.

**ലിഷയിൽ സുമതി**
പ്രസിഡണ്ട്
കുരുവട്ടൂർ ഗ്രാമപഞ്ചായത്ത

# 1

# ആമുഖം

**അ**വിഭക്ത മദിരാശി സംസ്ഥാനത്തിലെ പഴയ മലബാർ ജില്ലയിലെ കോഴിക്കോട് താലൂക്കിൽപ്പെട്ട ഒരു പ്രദേശമായിരുന്നു കരുവട്ടൂർ. 1924ൽ കരുവട്ടൂർ റവന്യൂ വില്ലേജിനോട് മായനാട് റവന്യൂ വില്ലേജിൽ പെട്ട കോണോട്, ചെറുവറ്റ, പറമ്പിൽ പ്രദേശങ്ങൾ കൂട്ടി ച്ചേർത്തു. 17.94 ച.കി.മീ. വിസ്തീർണമുള്ള പ്രസ്തുത റവന്യൂ വില്ലേജ് മുഴുവൻ ഉൾപ്പെടുന്നതാണ് 1961ൽ രൂപീ കൃതമായ കരുവട്ടൂർ പഞ്ചായത്ത്. മഞ്ചേരി പാർലമെന്റ് നിയോജകമണ്ഡലം, കുന്ദമഗംലം അസംബ്ലി നിയോജ കമണ്ഡലം, കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് എന്നി വയിൽ ഉൾപ്പടുന്നതാണ് കുരുവട്ടൂർ.

1991ലെ കാനേഷുമാരി കണക്കു പ്രകാരം ഈ പഞ്ചായത്തിലെ ജനസംഖ്യ 23,780 ആണ്. ഇതിൽ 11,671 പുരുഷന്മാരും 12,109 സ്ത്രീകളുമാണ് ഉള്ളത്. പഞ്ചായ ത്തിൽ 4726 വീടുകളിലായി 4286 കുടുംബങ്ങൾ വസി ക്കുന്നു. ആകെ ജനസംഖ്യയിൽ 2703 പേർ പട്ടികജാതി യിൽപ്പെട്ടവരാണ്. ഇതിൽ 1470 പുരുഷന്മാരും, 1233 സ്ത്രീകളുമാണുള്ളത്. ആകെയുള്ള 5 പട്ടികവർഗ്ക്കാ രിൽ 3 പേർ പുരുഷന്മാരാണ്.

## ചരിത്ര പശ്ചാത്തലം

വളരെയേറെ ചരിത്രമുറങ്ങിക്കിടക്കുന്ന കുന്നല ക്കോനാതിരിയുടെ ആസ്ഥാനമായ കോഴിക്കോട് നഗര ത്തിൽ നിന്നും 15 കിലോമീറ്റർ കിഴക്കായി സ്ഥിതിചെ യ്യുന്ന കുരുവട്ടൂരിന്റെ സ്ഥലനാമത്തെക്കുറിച്ച ചരിത്ര രേഖകളിലൊന്നും തന്നെ സ്പർശിച്ചുകാണുന്നില്ല. നമ്മുടെ എത്രയോ ഗ്രാമങ്ങൾ 'ഊരി'ൽ അവസാനിക്കു ന്നുണ്ട്. 'ഊര്' എന്നതിന് തമിഴിൽ നാട്, പ്രദേശം എന്നെല്ലാം അർത്ഥമുണ്ട്. പെരുമാക്കന്മാരുടെ ഭരണ കാലം തൊട്ടേ ഇത്തരം പേരുകൾ നിലവിൽ വന്നിരുന്നു.

ഈ പശ്ചാത്തലത്തിൽ നോക്കുകയാണെങ്കിൽ കുരുവട്ടൂർ ഗ്രാമത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ടെന്ന് കാണാം. 1824ൽ ബ്രിട്ടീഷുകാർ ഏർപ്പെടുത്തിയ ഒരു സംഘം സർവേയർമാർ (ഇതിൽ മക്മോഹൻ രേഖയുടെ സ്രഷ്ടാവായ മക്മോഹനും ഉൾപ്പെടും) കോഴിക്കോട്ട് തഴമ്പാട്ടുതാഴത്തു നിന്ന് പറമ്പിൽ, കുരുവട്ടൂർ, മച്ചക്കുളം വഴി താമരശ്ശേരിക്ക് ഒരു നിരത്ത് ഉണ്ടായിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. 1952ൽ പ്രൊഫ : എം.പി.ശ്രീധ രൻ മലബാർ ക്രിസ്ത്യൻകോളേജ് മാഗസിനിൽ എഴു തിയ ഒരു ലേഖനത്തിലും ഈ പരാമർശമുണ്ട്. കടത്ത

നാട്ടു മാധവിയമ്മ തന്റെ പ്രസിദ്ധമായ 'തച്ചോളി ഒതേനൻ' എന്ന ചരിത്ര ആഖ്യായികയിൽ തച്ചോളി ഒതേനനും സംഘവും വയനാട്ടിൽ അങ്കം വെട്ടി തിരിച്ചുപോകുമ്പോൾ കരുവട്ടൂർ പഞ്ചായത്തിലെ പറമ്പിൽ പ്രദേശത്തെ പ്രസിദ്ധമായ മംഗലോത്ത് ആലിൻ ചുവട്ടിൽ വിശ്രമിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.



തച്ചോളി ഒതേനനന്റെ സ്മരണകളുറങ്ങുന്ന ആൽ

കുരുവട്ടൂർ പ്രദേശം ആദ്യകാലങ്ങളിൽ പോർളാതിരി രാജവംശത്തിന്റെ അധീനതയിലായിരുന്നു എന്നതിന് തെളിവുകൾ ഉണ്ട്. കുരുവട്ടൂരിലെ പോലൂർ അമ്പലം പോർളാതിരിയുടെ കാലത്ത് ഉണ്ടായിരുന്നതായി ചരിത്രപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. പോർളാതിരിയുടെ രാജ്യം പില്ക്കാലത്ത് സാമൂതിരി കീഴടക്കിയതിനാൽ ഈ പ്രദേശം സാമൂതിരി രാജവംശത്തിന്റെ അധീനതയിലായി. മലയോര പ്രദേശമായിരുന്ന കുരുവട്ടൂർ പ്രദേശം സാമൂതിരി തന്റെ നായർ പടയാളികൾക്ക് പതിച്ച് കൊടുത്തതായിട്ടാണ് കാണുന്നത്. ഈ പടയാളികൾക്ക് തങ്ങളുടെ ആവശ്യത്തിനായി മറ്റു സമുദായക്കാരെ കുടിപ്പാർപ്പിക്കാനും സാമൂതിരി കല്പിച്ചരുളിയതായി പറയപ്പെടുന്നു. അങ്ങനെ ഏതാനും ഈഴവ,ചാലിയ സമുദായത്തിൽ പെട്ടവർ ഇവിടെ കുടിപ്പാർപ്പിക്കപ്പെട്ടു.സാമൂതിരിയുടെ 'അരിയിട്ട് വാഴ്ചയ്ക്ക്' ഇന്നും ഇവിടത്തെ ഏതാനും നായർ കുടുംബങ്ങൾ എത്തിച്ചേരേണ്ടതുണ്ട്.

മാത്രമല്ല ഈ പഞ്ചായത്തിലെ പയമ്പ്ര പ്രദേശം ഏതോ നായർ പടയാളിക്ക് പത്തു പറ നെൽകൃഷിയ്ക്കായി സാമൂതിരി കൊടുത്തിരുന്നതായിരുന്നു എന്ന് പറയപ്പെടുന്നു. കുന്നുകളും പുഴകളും അടങ്ങിയ ഈ പ്രദേശത്തിന് സാമൂതിരി രാജവംശവുമായി പില്ക്കാലത്ത് അഭേദ്യമായ ബന്ധമുണ്ടായിരുന്നു എന്ന് സ്ഥിതീകരിക്കാൻ ഇവിടത്തെ പഴയ നായർ തറവാടുകളിൽ നടക്കുന്ന തിറയാട്ട ഉത്സവം ഉത്തമദൃഷ്ടാന്തമാണ്. പോലൂർ പ്രദേശത്ത് ' കച്ചേരിക്കുന്ന്' എന്ന ഒരു സ്ഥലമുണ്ട്. ഇത് പോലൂർ അമ്പലത്തിനടുത്താണ്. പ്രാചീന രാജഭരണക്കാലത്ത് അമ്പലങ്ങൾക്ക് സമീപം രാജഭരണം നടത്താൻ കച്ചേരികൾ സ്ഥാപിച്ചതായി ചരിത്രരേഖകളിൽ കാണാം. ഇത്തരത്തിൽ പെട്ട ഒന്നാവാം പ്രസ്തുത കച്ചേരിക്കുന്ന്.

കുരുവട്ടൂരിൽ വിരലിലെണ്ണാവുന്ന നമ്പൂതിരി കുടുംബങ്ങളെ ഉണ്ടായിരുന്നുള്ളൂ. പഴയ തലമുറയിൽ ജന്മിത്വത്തിന്റെ പ്രതീകമായി നിലനിന്നിരുന്ന ഒരു കുടുംബത്തിന് പില്ക്കാലത്ത് ജനങ്ങളുടേയോ ക്ഷേത്രങ്ങളുടേയോ മേൽ മേൽക്കോയ്മ സ്ഥാപിക്കുവാൻ കഴിഞ്ഞിരുന്നില്ല. നാട്ടാശാന്മാരാൽ സ്ഥാപിക്കപ്പെട്ട എഴുത്തുപള്ളികളെ തുടർന്ന് 1885ൽ സർക്കാർ സ്ഥാപിച്ച പയമ്പ്ര എലിമെന്ററി സ്കൂൾ 1928- ൽ ഹയർ എലിമെന്ററി സ്കൂളുമായും 1966-ൽ ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടു.

1892ൽ സർക്കാർ സഹായത്തോടെ ആരംഭിച്ച ഹിന്ദു ബോയ്സ് സ്കൂൾ പിന്നീട് കരുവട്ടൂർ എലിമെന്ററി സ്കൂളായും 1961ൽ എയിഡഡ് അപ്പർ പ്രൈമറി സ്കൂളായും ഉയർത്തപ്പെട്ടു. 1947ൽ ആരംഭിച്ച പറമ്പിൽ പ്രദേശത്തെ പ്രൈമറി സ്കൂൾ ഇന്ന് പ്രസിദ്ധ സ്വാതന്ത്ര്യ സമരസേനാനിയായിരുന്ന മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ പേരിലാണ് അറിയപ്പെടുന്നത്. ഈ മൂന്നു വിദ്യാലയങ്ങളും കുരുവട്ടൂരിലെ വിദ്യാഭ്യാസ പുരോഗതിക്ക് ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്. ഈ വിദ്യാലയങ്ങളാരംഭിക്കുന്നതിനും നടത്തുന്നതിനും കാര്യമായ പങ്കുവഹിച്ച ഗുരുവര്യന്മാരെ നാം സ്മരിച്ചേ പറ്റൂ. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആവിർഭാവം സമൂഹ്യസാംസ്കാരിക രാഷ്ട്രീയരംഗത്ത് 'കുരുവട്ടൂർ ഗാന്ധി' എന്നറിയപ്പെടുന്ന പടിഞ്ഞാറും മുറി രാഘവൻനായർക്ക് കേന്ദ്രസർക്കാർ താമ്രപത്രം നൽകി ആദരിക്കുകയുണ്ടായി. രാഷ്ട്രീയ, പത്രപ്രവർത്തന, സഹകരണ രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച മുൻ കോഴിക്കോട് മേയർ കൂടിയായിരുന്ന പരേതനായ കെ.എൻ.നാരായണൻനായർ ഈ പഞ്ചായത്തുകാരനാണ്. കീഴരിയൂർ ബോംബ്

കേസിൽ പെട്ടവരും കരുവട്ടൂരിലുണ്ടായിരുന്നു. സ്വാതന്ത്ര്യസമരചരിത്രത്തിൽ പറമ്പിൽ 'പ്രഭാതം' വായനശാലയുടെ പങ്കും ഗണനീയമാണ്. പയമ്പ്ര ബോയ്സ് ഹൈസ്കൂളിൽ പ്രവർത്തിച്ചിരുന്ന കല്യാശ്ശേരിക്കാരനായിരുന്ന കൃഷ്ണൻ നമ്പ്യാർ ഒരു തികഞ്ഞ ദേശീയവാദിയായിരുന്നു. മാതൃഭൂമി ദിനപത്രം അദ്ദേഹം ഉച്ചത്തിൽ ആളുകളെ വായിച്ചു കേൾപ്പിക്കുമായിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തന ഫലമായിട്ടാണ് പറമ്പിൽ പ്രഭാതം വായനശാല സ്ഥാപിക്കപ്പെടാനിടയായത്. ഹിന്ദി ക്ലാസുകൾ, കയ്യെഴുത്തു മാസിക എന്നിവ വായനശാലയുടെ അക്കാലത്തെ ചില പ്രവർത്തനങ്ങളായിരുന്നു.

സ്വാതന്ത്ര്യ സമരവുമായി അഭേദ്യബന്ധമുള്ള പറമ്പിൽ പ്രദേശത്തുനിന്നും കുമാരൻ നായർ എന്നയാൾ ഇന്ത്യൻ ദേശീയ സേനയിൽ (ഐ.എൻ.എ.) അംഗമായിരുന്നു. അദ്ദേഹം തന്റെ വിവാഹം കഴിഞ്ഞ ഉടനെ തന്നെ ദേശീയ പട്ടാളത്തിലേക്ക് തിരിച്ചുപോവുകയും ബ്രിട്ടീഷുകാരുമായുള്ള ഏറ്റുമുട്ടലിൽ മരണപ്പെടുകയും ചെയ്തു. വീരമൃത്യു വരിച്ച തന്റെ ഭർത്താവിനെ അനുസ്മരിച്ച് അദ്ദേഹത്തിന്റെ വിധവ മാളുഅമ്മ പറമ്പിൽ പ്രദേശത്ത് ഇന്നും ജീവിച്ചിരിപ്പുണ്ട്.

മതസൗഹാർദ്ദം അന്നും ഇന്നും നല്ല നിലയിൽ നിലനിന്നുപോരുന്ന ഒരു പഞ്ചായത്താണ് കുരുവട്ടൂർ. മതസഹിഷ്ണുക്കു ഉദാഹരണമാണ് പറമ്പിൽ പള്ളിയുടെ ചരിത്രം. വിദൂരതയിൽ നിന്നു എത്തിച്ചേർന്ന പക്വമതിയും വൃദ്ധനുമായ ഒരു ഫക്കീർ പറമ്പിൽ കടവ് ഭാഗത്ത് അന്ത്യശ്വാസം വലിച്ചു. ശവസംസ്കാരം എവിടെ നടത്തണമെന്ന പ്രശ്നമായപ്പോൾ തൊട്ടടുത്ത് കണ്ണാടിക്കൽ ഭാഗത്തെ വടക്കോത്ത് നായർ തറവാട്ടിലെ കാരണവർ പറമ്പിൽ കടവ് ഭാഗത്ത് നിന്ന് ഒരു വടി എറിഞ്ഞു. വടി വീണ സ്ഥലം ഫക്കീറിന്റെ ശവം മറവ് ചെയ്യാനായി ഉപയോഗിച്ചു. പ്രസ്തുത സംഭവത്തിന്റെ വാർഷികം അന്ന് മുതൽ പറമ്പിൽ പള്ളി നേർച്ചയായി ഇന്നും തുടരുകയാണ്. ഏതാണ്ട് അടുത്ത കാലം വരെ പ്രസ്തുത തറവാട്ടിലെ കാരണവരുടെ സാന്നിദ്ധ്യത്തിലായിരുന്നു നേർച്ച ദിവസം തീരുമാനിച്ചിരുന്നത്. പറമ്പിൽ പള്ളി നേർച്ച ഹിന്ദുവിഭാഗക്കാരും പങ്കെടുക്കുന്ന ഒരു ഉത്സവമാണ്. മതസൗഹാർദ്ദത്തിന്റെ പ്രതീകമായി ഇന്നും നിലനിൽക്കുന്നു ഇത്.

## ഇന്നത്തെ നില

സ്വാതന്ത്ര്യാനന്തര കരുവട്ടൂരിന് പഞ്ചവത്സര പദ്ധതികളുടെയും തുടർച്ചയായി വന്ന ജനകീയ ഗവർമേണ്ടുകളുടെയും ഫലമായ കാര്യമാത്രപ്രസക്തമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ഇന്ത്യക്കാകെ അഭിമാനിക്കാൻ വക നൽകുന്ന ഭൂപരിഷ്കരണനിയമം വഴി കൃഷിഭൂമി കൈവശക്കാരന് സിദ്ധിക്കുകയും കാരായ്മ നിയമത്തിന്റെ അടിസ്ഥാനത്തിൽ വീട് നിർമ്മിച്ചു താമസിക്കുന്നവർക്ക് പട്ടയം ലഭിക്കുകയും ചെയ്തു. തങ്ങളുടെ ഭൂമി തങ്ങൾക്കു ലഭിച്ചതിനുശേഷം കൈവശക്കാർ ഭൂമിയിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കാനും തുടങ്ങി.

പഞ്ചായത്തിൽ രണ്ട് ഹൈസ്കൂളുകൾ ഉയർന്നുവന്നു. 2 യു.പി.സ്കൂളുകളും 4 പോസ്റ്റോഫീസ്, 1 പ്രൈമറി ഹെൽത്ത് സെന്റർ, 1 സഹകരണ സർവീസ് ബേങ്ക്, വെറ്റിനറി ഡിസ്പെൻസറി. പ്രാഥമിക ആരോഗ്യ കേന്ദ്രം 1, തുടങ്ങിയ സേവന സ്ഥാപനങ്ങളും പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ടു. വിദ്യാഭ്യാസ പുരോഗതി കാർഷിക മേഖലയിൽ തൊഴിലെടുക്കുന്നവരെ മറ്റു തുറകളിൽ ജോലി നേടാൻ അവസരം ഉണ്ടാക്കിയിട്ടുണ്ടെങ്കിലും പൊതുവേ സാമൂഹ്യ സാംസ്കാരിക പുരോഗതിക്കു ഗണ്യമായ സംഭാവന ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിലെ പുരോഗതി വഴി പഞ്ചായത്തിനു അഭിമാനിക്കാൻ വക നൽകുന്ന വ്യക്തികളെ സംഭാവന ചെയ്തിട്ടുണ്ട്. ഉദാഹരണമായി ആഗോള പ്രശസ്തിയിലേക്കു ഉയർന്നു വരുന്ന ചരിത്രപണ്ഡിതനും കേരളത്തിലെ സംസ്കാരിക നായകന്മാരിൽ ഒരുവനും ഗ്രന്ഥകാരനുമായ ഡോ.രാജൻ ഗുരുക്കൾ, ലോക പ്രസിദ്ധ ചലച്ചിത്ര സംവിധായകനായ മണികൗളിന്റെ സഹസംവിധായകനായി പ്രവർത്തിക്കുന്ന പ്രസിദ്ധ സൗണ്ട് എൻജിനീയറായ മധു അപ്സര എന്നിവർ കുരുവട്ടൂരിന്റെ അഭിമാന പുത്രന്മാരാണ്.

സ്ത്രീകൾക്കു മുൻതൂക്കമുള്ള ഈ പഞ്ചായത്തിൽ സ്ത്രീ വിദ്യാഭ്യാസം പ്രതീക്ഷിച്ചത്ര ഉയർന്നിട്ടില്ല. അതിനു പ്രധാന കാരണം കോഴിക്കോട് നഗരവുമായി ബന്ധപ്പെടുവാനുള്ള ഗതാഗത പ്രശ്നമായിരുന്നു. ഹോസ്റ്റലിൽ ചേർന്നു പഠിച്ച് ഉന്നതവിദ്യാഭ്യാസം നേടുവാൻ തക്ക സാമ്പത്തികനിലയും രക്ഷിതാക്കന്മാർക്കില്ല. എങ്കിലും ഈ അടുത്ത കാലത്ത് രണ്ട് വനിത പി.എച്ച്.ഡിക്കാരെ കുരുവട്ടൂർ സംഭാവന ചെയ്തിട്ടുണ്ട്.

1991 ലെ കാനേഷുമാരി കണക്കു പ്രകാരം പഞ്ചായത്തിൽ തൊഴിൽ ചെയ്യുന്നവരുടെ അനുപാതം വളരെ കുറവാണ്. മുഖ്യമായും കാർഷികജോലിയാണ് ചെയ്യുന്നത്. സേവന മേഖലയിൽ ജോലിചെയ്യുന്നവർ അധികവും അദ്ധ്യാപികമാരാണ്. ഇവർ അദ്ധ്യാപകന്മാരുടെ അനുപാതത്തെ അപേക്ഷിച്ച് കൂടുതലാണ്.

മറ്റു പ്രദേശങ്ങളിലെ പോലെ N.S.S., S.N.D.P മിഷനറികൾ ഒന്നും ഇവിടെ വിദ്യാഭ്യാസ കാര്യങ്ങളിൽ മുന്നോട്ട് വന്നിട്ടില്ല. പഞ്ചായത്തിലെ വിദ്യാലയങ്ങൾ ഒന്നും തന്നെ തൊഴിലധിഷ്ഠിത പഠനം നൽകുന്നില്ല. ജാതി വിവേചനം വിദ്യാഭ്യാസ രംഗത്തോ തൊഴിൽ രംഗത്തോ കാണുന്നില്ല.

ദുർബല വിഭാഗത്തിൽ പെട്ടവർ സ്വയം മുന്നോട്ടു വന്നു വിദ്യ അഭ്യസിക്കുന്നില്ല. ദുർബല വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ സ്വകാര്യമേഖലയിലെ സ്കൂൾ മാനേജ്മെന്റ് വിദ്യാലയങ്ങൾ തുറക്കാൻ മുന്നോട്ടുവന്നിരുന്നില്ല. ഈ പശ്ചാത്തലത്തിലാണ് പുറ്റു മണ്ണിൽ താഴത്തിൽ സർക്കാർ വെൽഫേർ സ്കൂൾ ആരംഭിക്കാൻ പ്രേരകമായത്. പഞ്ചവത്സര പദ്ധതികളുടെ തുടക്കത്തോടു കൂടിയാണ് സമൂഹത്തിലെ താഴ്ത്തപ്പെട്ട സമുദായങ്ങളായ പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്കു സാമൂഹ്യരംഗത്തു മുന്നോട്ടുവരുവാൻ പദ്ധതികൾ ആവിഷ്കരിച്ചത്. ഇവയെല്ലാം ഒരതിർത്തിവരെ വിജയിച്ചുവെങ്കിലും പാളിച്ചകൾ ഏറെ ഉണ്ടുതാനും. പാളിച്ചകൾക്കു പ്രധാനകാരണം പദ്ധതികൾ മേൽത്തട്ടിൽ ആവിഷ്കരിച്ച് താഴോട്ട് നടത്തിപ്പിനായി അയച്ചുകൊടുത്തതിനാലാണ്. ജനകീയ പങ്കാളിത്തം പദ്ധതികളുടെ രൂപീകരണത്തിലോ നടത്തിപ്പിലോ ഉണ്ടായിരുന്നില്ല. പദ്ധതികൾ നടത്തിപ്പിനായി വികേന്ദ്രീകരണവും ഉണ്ടായിരുന്നില്ല. ജനകീയ ആസൂത്രണ പ്രക്രിയ വഴി പഞ്ചവത്സര പദ്ധതികൾ നടത്തിപ്പിനായി ഒരുങ്ങിക്കഴിഞ്ഞു.

വിവിധ വികസന മേഖലകളിലെ കഴിഞ്ഞ കാല അനുഭവങ്ങളും ഇന്നത്തെ സ്ഥിതിവിശേഷങ്ങളും, വിശേഷാൽ ഗ്രാമസഭയിലെ നിർദ്ദേശങ്ങളും പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും വിശദമായി വിശകലനം ചെയ്തു അന്യത്ര പ്രതിപാദിക്കുന്നതാണ്.

## ഭൂപ്രകൃതി

ഒരു പ്രദേശത്തിന്റെ സമഗ്രമായ വികസനം വിലയിരുത്താനും പദ്ധതികൾ രൂപപ്പെടുത്തുവാനും ആ പ്രദേശത്തിന്റെ ഒരു സമഗ്രപഠനവും പ്രകൃതി വിഭവങ്ങളുടെ ലഭ്യതയും പഠനവിഷയമാക്കേണ്ടതാണ്.

17.94 ച.കി.മീ. വിസ്തീർണമുള്ള കുരുവട്ടൂർ പഞ്ചായത്ത് സമുദ്ര വിതാനത്തിൽ നിന്ന് അല്പം ഉയർന്നു അറബിക്കടലിൽ നിന്ന് സുമാർ 14 കി.മീ. കിഴക്കുവശതമ്തായി പശ്ചിമഘട്ട പർവ്വതപ്രാന്തങ്ങളെ പുണർന്നു കൊണ്ടിരിക്കുന്ന ഒരു ഗ്രാമപ്രദേശമാണ്. ചരിത്രമുണർത്തുന്ന പുനൂർപുഴ പഞ്ചായത്തിന്റെ മൂന്നു ഭാഗങ്ങളിൽ കൂടെയും ഒഴുകുന്നുണ്ട്. അങ്ങിങ്ങായി ഏതാനും തോടുകളും കുറ്റ്യാടി പദ്ധതിയുടെ ഒരു തോടും ഈ പഞ്ചായത്തിൽ കൂടെ കടന്നു പോകുന്നുണ്ട്. വലുതും ചെറുതുമായ ഈ 23 കുന്നുകളും 2 കുന്നുകൾ ഭാഗികമായും ഇവിടെ ഉണ്ട്. കുന്നുകളുടെ ഉയരം സുമാർ 50 അടി മുതൽ 250 അടി വരെ വരും. വിസ്തൃതമായ ജലാശയങ്ങൾ ഇല്ല. കിണറുകളും, കുളങ്ങളും ധാരാളം ഉണ്ട്. എങ്കിലും ചില സ്ഥലങ്ങളിൽ വേനൽക്കാലത്ത് വരൾച്ചയും കുടിവെള്ളക്ഷാമവും അനുഭവപ്പെടാറുണ്ട്. പഞ്ചായത്തിന്റെ തെക്കുഭാഗം പുനൂർപുഴ കഴിഞ്ഞാൽ ഏകദേശം ഉയർന്ന ഭൂമിയും സമുദ്രവിതാനത്തിൽ നിന്ന് 50 മുതൽ 100 അടി വരെ ഉയർന്നതുമാണ്.

ഇവിടുത്തെ മണ്ണിന്റെ തരം ലാറ്ററൈറ്റ് ആണ്. പീഠഭൂമി പ്രദേശത്തുനിന്ന് താഴോട്ടിറങ്ങിയാൽ വയൽ പ്രദേശമായ സമതലമാണ്. പഞ്ചായത്തിന്റെ ഈ പ്രദേശത്ത് കുറച്ച് സ്ഥലം (സുമാർ 5 ഏക്കർ) ചതുപ്പുനിലമാണ്. വയൽ പ്രദേശം മണൽ നിറഞ്ഞ ഫലഭൂയിഷ്ഠമായ മണ്ണാണ്. നെൽകൃഷി ഇവിടങ്ങളിൽ നടത്തുന്നുണ്ട്. വയൽ പ്രദേശത്തുനിന്നു വീണ്ടും വടക്കോട്ട് പോയാൽ കുന്നിൻ പ്രദേശം കാണുകയായി. ഇവിടങ്ങളിൽ പാറ നിറഞ്ഞ പ്രദേശം വേണ്ടുവോളം കാണാം. ഈ കുന്നുകൾ ഇറങ്ങി കഴിഞ്ഞാൽ സമതല പ്രദേശം കാണാം. ഇവിടങ്ങളിലും നെൽകൃഷി ചെയ്യുന്നുണ്ട്. വയൽ പ്രദേശം കഴിഞ്ഞാൽ വീണ്ടും കയറ്റമായി. ഇത് ഏകദേശം 250 അടി ഉയരം വരും. ഇവിടങ്ങളിലും മണ്ണ് ലാറ്ററേറ്റ് ആണ്. ഫലഭൂയിഷ്ഠവുമാണ്.

പഞ്ചായത്തിന്റെ കിഴക്കു പടിഞ്ഞാറു മേഖലകൾ പരിശോധിച്ചാലും ഭൂപ്രകൃതി മേൽപറഞ്ഞപോലെ തന്നെയാണ്.

പൊതുവെ പഞ്ചായത്തിന്റെ സുമാർ 20 ശതമാനം വിസ്തീർണം കുന്നുകളും വീണ്ടും 20 ശതമാനത്തോളം ചരിവ് പ്രദേശങ്ങളും 20 ശതമാനത്തോളം നെൽവയലുകളും 30 ശതമാനം മറ്റു വിളകൾ കൃഷിചെയ്യുന്നതും ബാക്കി സ്ഥലം പാറ പ്രദേശങ്ങളുമാണ്. പഞ്ചായത്ത് മുറിച്ചു കടക്കുന്ന പുഴകൾ ഇല്ല. തോടുകൾ മിക്കവാറും വേനൽ കാലത്ത് വറ്റി വരളുന്നവയാണ്. മറ്റു പ്രകൃതിദത്തമായ വിഭവങ്ങൾ പഞ്ചായത്തിൽ ഇല്ലെന്നു വേണം പറയുവാൻ.

പഴയ കാലങ്ങളിൽ വിദൂരദേശങ്ങളിൽ പ്രസിദ്ധായിരുന്ന 'ഒളോർ' മാമ്പഴത്തിന്റെ ഉറവിടം കുരുവട്ടൂരാണ്. ഒളോർ കുരുവട്ടൂരിലെ ഒരു വീടാണ്. അന്നും ഇന്നും മാമ്പഴത്തിന്റെ സീസണിൽ ധാരാളം വിവിധ ഇനം മാമ്പഴങ്ങൾ ദൽഹി, നാഗപ്പൂർ മുതലായ വടക്കെ ഇന്ത്യൻ നഗരങ്ങളിലേക്കു കയറ്റി അയക്കുന്നുണ്ട്. ഒളോർ മാമ്പഴം ഇന്നത്തെ ഹൃദ്യമായ സേലം മാമ്പഴത്തേയും വെല്ലുന്നതാണ്.

ooo

# 2

# കൃഷി, ജലസേചനം

## ഭൂപ്രകൃതി

**കോ**ഴിക്കോട് കോർപറേഷന് തൊട്ടുകിടക്കുന്നതും തീരദേശ സാമീപ്യവുമുള്ള ഒരു ഗ്രാമമാണെങ്കിലും കുന്നുകളും താഴ്വാരങ്ങളും ഇടയ്ക്കുള്ള താണ പ്രദേശമായ വയലുകളും ചേർന്ന് ഒരു ഭൂഭാഗമാണ് കുരുവട്ടൂർ. പൂന്നൂർ പുഴ ഈ ഗ്രാമത്തിന്റെ കിഴക്കും, തെക്കും, തെക്കു പടിഞ്ഞാറും ഭാഗങ്ങളെ വലയം ചെയ്തുകൊണ്ട് ഗ്രാമാതിർത്തിയായി ഒഴുകുന്നു. 23 കുന്നുകളും, രണ്ടു കുന്നുകളുടെ അർദ്ധഭാഗം 17.94 ച.കി.മീ വിസ്തൃതി ഈ ഗ്രാമത്തിന്നുണ്ട്. ഏറ്റവും ഉയരം കൂടിയ കുന്നുകൾ മല്ലേരിക്കുന്നും പാലോറമലയും, കാമ്പ്രക്കുന്നും, ആഞ്ഞിലോറമലയും, ആപ്പറ്റയുമാണ്. കുന്നിൻ പ്രദേശമാണെങ്കിലും നാങ്ങോറക്കുന്ന്, തൂമ്പറ്റ, വള്ളിയക്കാടുകുന്ന്, കച്ചേരിക്കുന്ന്, ഈനഞ്ചേരി മല, കുന്നത്തുമല, പെരാട്ടുകുന്ന് എന്നിവയുടെ മുകളിൽ കൃഷിയും ആൾപ്പാർപ്പുമുണ്ട്. കുന്നുകൾക്കിടയിലെ വയലുകൾ വിസ്തൃതി കുറഞ്ഞതും ഇടുങ്ങിയതുമാണ്. പ്രധാന വയലുകൾ പുന്നവയൽ, വെള്ളത്തുഴിക്കൽ വയൽ, അയ്യപ്പാടം പകലേടത്തു താഴം വയൽ, വാണിയേരിത്താഴം, പയിമ്പ്ര വയൽ, പറമ്പിൽ പാടശേഖരം, കേട്ടോൽത്താഴം വയൽ എന്നിവയാണ്. എല്ലാ വാർഡുകളിലും അല്പാല്പം വയലുകളുണ്ട്. വയലിൽ ഒരു പൂനിലവും ഇരുപൂനിലവുമാണ് ഭൂരിഭാഗവും. മൂന്നാം വിളയ്ക്ക് സാധ്യതയുള്ളതാണ് പുന്നവയലും, പറമ്പിൽ വയലും പുന്നക്കുളത്തിൽ നിന്നാരംഭിച്ച് രണ്ട്, പത്ത്, ഒന്ന്, എട്ട് വാർഡുകളിലൂടെ ഒഴുകി പൂന്നൂർ പുഴയിൽ ചേരുന്ന തോടാണ് ഏറ്റവും നീളം കൂടിയത്. ഇതിന് പുന്നത്തോട്, വട്ടത്തോട്, അരീത്തോട് എന്നിങ്ങനെ അതാതു പ്രദേശങ്ങളിൽ പേരു പറയുന്നു. പയമ്പ്ര മൂലത്തോടു മുതൽ തയ്യിൽത്താഴം തോടായും, കോട്ടോൽത്തോടായും അറിയപ്പെടുന്ന മറ്റൊരു പ്രധാനതോടുണ്ട്. ഇത് ചെറുവറ്റ പള്ളിത്താഴത്തുവച്ച് പൂന്നൂർ പുഴയിൽ ചേരുന്നു. പുല്ലാളൂരിൽ നിന്നു തുടങ്ങി കിഴക്കുതെക്കായൊഴുകി വള്ളത്തുഴിക്കൽ വയലിന്റെ ഇരുകരകളെയും സ്പർശിച്ചുകൊണ്ട് വക്രഗതിയിലൊഴുകി കോഴിക്കയത്തിൽ ചെന്നുചേരുന്നതാണ് മൂന്നാമത്തെ പ്രധാന തോട്. ഏതാനും ചെറിയ തോടുകളും നാല്, ആറ് വാർഡുകളിലുണ്ട്. മൊത്തം 11 കി.മീ. ദൂരമുള്ള 8 തോടുകളുണ്ട്. തോടുകളിലെ നീരൊഴുക്ക് ഒന്നൊഴികെ തെക്കുഭാഗത്തേക്കൊഴുകിയാണ് പുഴയിൽ ചേരുന്നത്.

ഉയർന്ന പ്രദേശങ്ങളിൽ ലാറ്ററേറ്റ് മണ്ണും, ചരിഞ്ഞ പ്രദേശങ്ങളിൽ ചരൽമണ്ണും, വയൽ പ്രദേശങ്ങളിൽ മണൽമണ്ണും, പശിമമണ്ണും, പുഴയോരങ്ങളിൽ എക്കൽമണ്ണും കാണപ്പെടുന്നു. പയമ്പ്ര പ്രദേശത്ത് ചൈനാക്ലേ ഉള്ളതായി ഒരു ജിയോളജിക്കൽ സർവ്വേ റിപ്പോർട്ടിൽ കാണുന്നു. ജലസമ്പത്തുള്ള 33ഓളം കുളങ്ങളും പതിനൊന്നാം വാർഡിൽ കോണോച്ചാലിൽ എന്ന പേരിലറിയപ്പെടുന്ന ഒരു ജലാശയവുമുണ്ട്. മൂന്നു കുളങ്ങൾ പഞ്ചായത്തധീനതയിലുണ്ട്.

കുന്നുകൾ

| ഉയരം 150 അടി മുതൽ 200 അടി വരെ (ഏകദേശം) | | ഉയരം 200 അടിമുതൽ 300 അടിവരെ (ഏകദേശം) | |
|---|---|---|---|
| ക്രമനമ്പർ | പേര് | ക്രമനമ്പർ | പേര് |
| 1. | പെരുന്താട് കുന്ന് | 18. | മാലേരിക്കുന്ന് |
| 2. | ചെന്നിക്കോട്ട് കുന്ന് | 19. | കാമ്പ്രക്കുന്ന് |
| 3. | നങ്ങോറക്കുന്ന്. | 20. | പാലോറമല |
| 4. | ചെതലോറക്കുന്ന് | 21. | മ22. പാലങ്ങാട്ടുമല |
| 5. | മുള്ളൻ പറമ്പ് കുന്ന് | 23. | ആഞ്ഞിലോറക്കുന്ന് |
| 6. | കുറുർപ്പക്കുന്ന്. | 24. | ആപ്പറ്റക്കുന്ന് |
| 7. | കീരങ്ങോട്ട് മല | 25. | കോമട്ട് കുന്ന്. |
| 8. | തൂമ്പറ്റ മല | | |
| 9. | പള്ളിയറക്കുന്ന് | | |
| 10. | താഴക്കോട്ട് കുന്ന് | | |
| 11. | ചെറിയാപ്പറ്റ | | |
| 12. | അക്കിനാരിക്കുന്ന് | | |
| 13. | വള്ളിയക്കാട്ട് കുന്ന് | | |
| 14. | കച്ചേരിക്കുന്ന് | | |
| 15. | ഈനഞ്ചേരി | | |
| 16. | കുന്നത്തുമല | | |
| 17 | പ്രരാട്ട് കുന്ന് | | |

പട്ടിക 1

ഭൂമി കൈവശം - ഉടമസ്ഥർ

| ക്രമ നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം | വിസ്തീർണ്ണം |
|---|---|---|---|
| 1. | 1 മുതൽ 10. സെ. വരെ. | 2200 | |
| 2. | 11 ,, 50 സെ. ,, ,, | 4800 | |
| 3. | 51 ,, 1 ഏക്ര വരെ | 2005 | 4440 ഏക്ര |
| 4. | 1 ഏക്ര മുതൽ 21/2 ,, | 1560 | |
| 5. | 21/2 ഏക്രക്ക് മുകളിൽ | 12 | |

പട്ടിക - 2

ഭൂപ്രകൃതി

| ക്രമ നമ്പർ | ഭൂപ്രകൃതി | ശതമാനം |
|---|---|---|
| 1. | താഴ്വരകൾ (പാടം) 858.09 ഏക്ര | 15% |
| 2. | ഉയർന്ന പ്രദേശം | 6% |
| 3. | മിതമായ ചരിവ് | 78% |
| 4. | പുഴ, തോട്, റോഡ് | 1% |

പട്ടിക 3

ഭൂവിനിയോഗം

| ക്രമനമ്പ്രർ | വിളകൾ - വിസ്തൃതി | ശതമാനം. |
|---|---|---|
| 1. | മിശ്രിത വിളകൾ | 21% |
| 2. | തെങ്ങ് | 62% |
| 3. | മിശ്രിത മരങ്ങൾ | 5% |
| 4. | റബർ നാമമാത്രം | |
| 5. | കശുമാവ്. | 1% |
| 6. | ചതുപ്പ് നിലം | നാമമാത്രം |
| 7. | പുഴ, തോട്, റോഡ് | 1% |
| 8. | തരിശുഭൂമി | നാമമാത്രം |
| 9. | നെല്ല് | 10% |

(വില്ലേജ് ഓഫീസ് ലൈബ്രറി)

പട്ടിക 4

മണ്ണിന്റെ തരം തിരിവ് (കൃഷി ഭവൻ രേഖ)

| ക്രമ നമ്പർ | മണ്ണ് ഹെ/കി.ഗ്രാം | ജൈവാംശം ക്ഷാരഗുണം ഹെ./കി.ഗ്രാം |
|---|---|---|
| 1. | ലാറ്ററേറ്റ് (ചെങ്കൽ മണ്ണ്) | |
| 2. | ചരൽമണ്ണ്. | |
| 3. | മണൽ മണ്ണ്. | (മണ്ണുപരിശോധന നടത്തിയ രേഖയില്ല. |
| 4. | പശിമരാശി മണ്ണ് | |
| 5. | എക്കൽ മണ്ണ്. | |

(വില്ലേജ് ഓഫീസ് രേഖയെ അടിസ്ഥാനപ്പെടുത്തിയത്.)

## പ്രധാന വിളകൾ

ഉല്പാദന വരുമാനത്തിന്റെ 85% തോട്ടവിളകളായ തെങ്ങ്, കവുങ്ങ്, കുരുമുളക്, കശുമാവ് എന്നിവയിൽ നിന്നാണ്. നെല്ല്, വാഴ, മരച്ചീനി, എന്നീ നടീൽ വിളകൾ, ഇഞ്ചി, മഞ്ഞൾ, ജാതി എന്നീ സുഗന്ധവിളകളും ഉല്പാദിപ്പിക്കുന്നു. മുൻകാലങ്ങളിൽ തെങ്ങു കൃഷിക്കൊപ്പം തന്നെ നെൽകൃഷിക്കും പ്രാധാന്യം നൽകിയിരുന്നു. വയലുകളിലേക്കുള്ള ജലസേചന സൗകര്യാർത്ഥം വയൽക്കരകളിൽ കാണുന്ന കുളങ്ങളും കൈത്തോടുകളും മഴവെള്ളം തടഞ്ഞുനിർത്താൻ നിർമ്മിച്ച ബണ്ടുകളും ഇതിനു ദൃഷ്ടാന്തങ്ങളാണ്. നെൽകൃഷിക്ക് പ്രാധാന്യം പോയതോടെ കുളങ്ങൾ പലതും നികത്തുകയും ഉപയോഗ ശൂന്യവുമായിത്തീരുകയും ചെയ്തിരിക്കുന്നു.

ജൻമിത്തവും കൂട്ടുകുടുംബ വ്യവസ്ഥയും നിലനിന്നിരുന്ന കാലത്തെ കൃഷിഭൂമി കുടുംബ കാരണവരുടെ അധീനതയിൽ കേന്ദ്രീകൃതമായിരുന്നു. ജൻമിത്തം അവസാനിക്കുകയും, കൂട്ടു കുടുംബ വ്യവസ്ഥ തകരുകയും സ്ത്രീകൾക്കും സ്വത്തവകാശം സിദ്ധിക്കുകയും ചെയ്തതോടെ ഈ പ്രദേശത്തെയും ഭൂമി തുണ്ടം തുണ്ടമായി മാറി. കാർഷികാവശ്യങ്ങൾക്കല്ലാതെ തുണ്ടുഭൂമികൾ കൈമാറ്റം ചെയ്യപ്പെടുന്നു. കൈമാറ്റം ചെയ്യപ്പെടുന്ന തുണ്ടു ഭൂമികൾ നാണ്യ വിളത്തോട്ടങ്ങളായും, പാർപ്പിടങ്ങളുമായി മാറിക്കൊണ്ടിരിക്കുന്നു. നഗരത്തിൽ നിന്നുള്ള കുടിയേറ്റക്കാർ തുണ്ട് ഭൂമികൾ കോൺക്രീറ്റ് കെട്ടിടങ്ങളും, പാർപ്പിടങ്ങളും ആക്കി മാറ്റുന്നു. ഇത് നെല്പാടങ്ങൾ ചുരുങ്ങി വരുന്നതിനും, നെൽകൃഷി തകരാനും ഒരു കാരണമായി മാറി. മുൻകാലങ്ങളിൽ തോട്ടവിളകൾക്കു പുറമേ ഭക്ഷ്യാവശ്യങ്ങൾക്കുള്ള ധാന്യങ്ങളും പച്ചക്കറികളും, കിഴങ്ങു വർഗ്ഗങ്ങളും, കായ്കനികളും സുലഭമായി കൃഷിചെയ്തു വന്നതിനാൽ ഭക്ഷ്യാവശ്യങ്ങൾക്ക് അധികം മാർക്കറ്റുകളെ ആശ്രയിച്ചിരുന്നില്ല. വയലുകളിൽ മാത്രമല്ല പറമ്പുകളിലും, കുന്നിൻ പ്രദേശങ്ങളിൽപോലും നെല്ലുല്പാദിപ്പിച്ചിരുന്നു. മുത്താറി, ചാമ എന്നീ ധാന്യങ്ങളും കൃഷി ചെയ്തിരുന്നു.

ഇന്നുള്ള പ്രധാന കൃഷി തെങ്ങ്, കവുങ്ങ് എന്നീ തോട്ടവിളകളും, നേന്ത്രവാഴ, മരച്ചീനി, നെല്ല് എന്നീ ഭക്ഷ്യാഹാര വിളകളുമാണ്. ഇടവിള കൃഷിയായി ചേന, ചേമ്പ്, കിഴങ്ങുകൾ, കാച്ചിൽ തുടങ്ങിയ അടീൽ കൃഷികളും, മഞ്ഞൾ, ഇഞ്ചി, പച്ചക്കറികൾ എന്നിവയും കൃഷി ചെയ്യുന്നുണ്ട്. എന്നാൽ ഇടവിളകൃഷിക്ക് സൗകര്യമുള്ള പറമ്പുകളെല്ലാം തന്നെ അതിനു വിനിയോഗിക്കുന്നില്ല. നാമമാത്ര ഇടവിളകളേ നടത്തുന്നുള്ളൂ. മുമ്പെല്ലാം നടീൽ കൃഷിയും കുമ്പളം, പയർ തുടങ്ങിയ പച്ചക്കറി കൃഷിയും സ്ത്രീകളുടെ ഒരു കൃഷിയായിരുന്നു. കൃഷിയിൽ കുടുംബത്തിന്റെ ഒരു കൂട്ടായ്മ ഉണ്ടായിരുന്നു.

വിദ്യാഭ്യാസം സാർവ്വത്രികമാവുകയും ഉപജീവനത്തിന് ശമ്പളം ലഭിക്കുന്ന ജോലി തേടി പോകാനുള്ള പ്രേരണ വരികയും അത്തരം സേവന മേഖലകളിലെ തൊഴിലിന് മാന്യതയും കാണുന്ന ഒരു സാമൂഹ്യ ബോധം കാർഷികവൃത്തിയോട് യുവാക്കൾക്ക് താല്പര്യം കുറയാൻ തുടങ്ങി.കൃഷി ചെയ്യാൻ ആഗ്രഹിക്കുന്നുവെന്ന് സ്വന്തമായി ഭൂമിയില്ലാത്ത അവസ്ഥയുണ്ട്. ഭൂമിയുള്ളവർ മറ്റ് തൊഴിൽ തേടിപ്പോകുന്നതും കാർഷികച്ചിലവ് ക്രമാതീതമായി വർദ്ധിക്കുന്നതും കൃഷി കുറയുന്നതിന് കാരണമാണ്. കൃഷി നടത്താൻ അവശ്യമായ ആളും ഭൂമി, ഉപകരണങ്ങൾ ഉപാധികളും ലഭ്യമല്ലാതെ വരികയും ചെയ്തതോടെ കാർഷിക മേഖലയിൽ മാന്ദ്യത സംഭവിച്ചു. ഭക്ഷ്യാവശ്യത്തിനുള്ള എല്ലാ സാധനങ്ങളും കമ്പോളത്തിൽ നിന്ന് വാങ്ങി ഉപയോഗിക്കുന്ന ശീലം വളർന്നതോടെ പച്ചക്കറി കൃഷിയടക്കം ഗ്രാമത്തിൽ നിന്ന് അപ്രത്യക്ഷമാകാൻ തുടങ്ങി. പുല്ലും കാടും പിടിച്ച് തെങ്ങും, കവുങ്ങും, വൃക്ഷങ്ങളും തലയുയർത്തി നില്ക്കുന്ന പറമ്പുകളാണെവിടെയും, പരിമിതമായ നെൽകൃഷിയും, നേന്ത്രവാഴത്തോട്ടങ്ങളും മരച്ചീനിയും തോട്ടവിളകളിലും ഒതുങ്ങി ഇവിടത്തെ കൃഷിരീതികൾ മുകളിൽ പറഞ്ഞ മറ്റ് കൃഷികളും നാമമാത്രമായുണ്ട്.

## ഭൂവിനിയോഗം

ഗ്രാമത്തിന്റെ വിസ്തൃതി 17.94 ചതുരശ്ര കി. മീറ്ററാണ്. ഇതിൽ ഭൂരിഭാഗവും കുന്നിൻ പ്രദേശവും അതിന്റെ താഴ്വരകളുമാണ്. പട്ടിക 2 ശ്രദ്ധിക്കുക. താഴ്വരകൾക്കിടയിലെ താഴ്ന്ന പ്രദേശം വയലുകളാണ്. പുഴ തീരത്തിലെ താണ പ്രദേശം എക്കൽ മണ്ണ് നിക്ഷേപിക്കുന്നതിനാൽ ഫലയൂയിഷ്ടമാണ്.

കുന്നിൻ ചരിവുകൾ തട്ടുതട്ടായി തിരിച്ചാണ്

തെങ്ങു കൃഷി ചെയ്യുന്നത്. മുഖ്യ കൃഷിയും ഇതുതന്നെ. കവുങ്ങും ഫലവൃക്ഷങ്ങളും കുരുമുളകും എല്ലാം ചേർന്ന ഒരു മിശ്ര കൃഷി രീതിയാണ്. പറമ്പുകളിൽ നാമ മാത്രമായ കാച്ചിൽ, ചേന, ചേമ്പ്, വാഴ തുടങ്ങിയ ഇട വിളകളുമുണ്ട്. വയലുകളിൽ ഏറിയതും ഒന്നിനും വിള കളുമുണ്ട്. വയലുകളിൽ ഏറിയതും ഒന്നാം വിളയെടു ക്കുന്നതാണ്. വെള്ളം ലഭ്യമാക്കുന്ന പാടങ്ങളിൽ രണ്ടാം വിളയും. ജലസേചന സൗകര്യമുള്ള പറമ്പിൽ വയ ലിലും, പുന്നവയലിലും, കോണോച്ചാലിലും മൂന്നാം വിള യെടുക്കുന്നുണ്ട്.

മഴയെ ആശ്രയിച്ചാണ് പ്രധാനമായും എല്ലാ കൃഷിയും ചെയ്യുന്നത്. കാലവർഷം ആരംഭിക്കുന്ന മേയ്, ജൂൺ മാസങ്ങളിൽ തീര പ്രദേശങ്ങളിലും മലയോര പ്രദേശങ്ങളിലും കിട്ടുന്ന മഴ ഈ ഇടനാട് പ്രദേശമായ ഗ്രാമത്തിൽ കിട്ടുന്നില്ലെന്നത് ഒരനുഭവമാണ്. ഇത് നേരത്തെ കൃഷിയിറക്കുന്നതിന്നും കുരുമുളക് കൃഷിക്കും, നേന്ത്രവാഴ കൃഷിക്കും ദോഷം ചെയ്യുന്നു. ചില വർഷങ്ങളിൽ കാണുന്ന ഈ മാറ്റം കാറ്റിന്റെ ഗതി മാറ്റമാണെന്ന് ചിലർ പറയുന്നു. ഉദാഹരണമായി കിഴക്ക് നരിക്കുനി, കൊടുവള്ളി വരെയുള്ള ഭാഗങ്ങളിലും പടി ഞ്ഞാറ് തീരപ്രദേശമായ കോഴിക്കോട് നഗരത്തിലും കിട്ടുന്ന മഴ നമുക്കു കിട്ടുന്നില്ല. മിക്കവർഷങ്ങളിലും മേയ് ജൂൺ മാസത്തിൽ ഇടമഴയായി കിട്ടുന്നില്ല.

## തോട്ട വിള

തോട്ടവിളയിൽ പ്രധാനം തെങ്ങുതന്നെയാണ്. ഏകദേശം 55% ജനങ്ങളും തെങ്ങിൽനിന്നുള്ള ഉല്പാദ നത്തെ ആശ്രയിച്ചു ജീവിക്കുന്ന. അതിൽ 40% പേർക്കും ഗണ്യമായ ഒരു വരുമാനം തെങ്ങ്, കവുങ്ങ് കുരുമുളക് കൃഷിയിൽ നിന്ന് ലഭിക്കുന്നു. തെങ്ങിന്റെ ഉല്പാദന ക്ഷമത വളരെ കുറവാണ്. ശരാശരി ഉല്പാദനക്ഷമത വർഷത്തിൽ 30–40 ആണ്. ജലസേചന സൗകര്യവും ഉറവ് ജല ലഭ്യതയുമുള്ള പാടത്തിന്റെ കരപ്രദേശങ്ങ ളിലും പുഴ തീരങ്ങളിലും ഉല്പാദനക്ഷമതയും ഗുണ മേൻമയും കൂടിയതാണ്. നാളികേരത്തിന്റെ ശരാശരി തൂക്കം 14,15 കിലോ ആണെങ്കിൽ വളപ്രയോഗവും ജല ലഭ്യതയുമുള്ള പ്രദേശങ്ങളിൽ 20–22 കിലോ തൂക്കം (100ന്) കിട്ടാറുണ്ടെന്ന് കർഷകർ പറയുന്നു.

പൂന്നൂർ പുഴയും കുറ്റ്യാടി പദ്ധതിയുടെ കക്കോടി സബ്കനാലും പഞ്ചായത്തിലൂടെ കടന്നുപോകുന്നുണ്ടെ ങ്കിലും അതിന്റെ പ്രയോജനം കൃഷിക്ക് വേണ്ടത്ര ലഭ്യ മല്ല. വേനൽകാലത്ത് പുഴവെള്ളം വറ്റുന്നു മിക്ക കുള ങ്ങളുടെയും കിണറുകളുടെയും സ്ഥിതിയും അതുതന്നെ. അതിനാൽ തെങ്ങിന് ജലസേചന സൗകര്യമില്ലാത്തതും ശാസ്ത്രീയമായ കൃഷിരീതികളും വളപ്രയോഗവും അവ ലംബിക്കാത്തതും ഉല്പാദനക്ഷമത കുറയാൻ കാരണ മാകുന്നു. പ്രായം കൂടിയ തെങ്ങുകൾ വെട്ടിമാറ്റാതെ യാണ് വീണ്ടും തെങ്ങിൻ തൈ വെച്ചുപിടിപ്പിക്കുന്നത്. തുണ്ടുഭൂമികളിൽ അടുത്തടുത്ത് തെങ്ങുനടന്നതും മറ്റു വൃക്ഷങ്ങൾ ഇടതൂർന്നു വെച്ചുപിടിപ്പിക്കുന്നതും ഒരു കാരണമാണ്. തെങ്ങിന്റെ എണ്ണം വർഷം തോറും വർദ്ധി ക്കുന്നുണ്ടെങ്കിലും അതനുസരിച്ച് നാളികേരത്തിന്റെ ഉല്പാദനത്തിലുള്ള അളവു വർദ്ധിക്കുന്നില്ല. 20ഉം, 25ഉം വർഷമായ കായ്ഫലമില്ലാത്ത തെങ്ങുകൾ വയലുകൾ നികത്തിയ ചില പ്രദേശങ്ങളിൽ കാണാം. മണ്ണുപരിശോ ധിച്ചുള്ള വളപ്രയോഗം നടത്താത്തതും ജൈവ വള ത്തിന്റെ ലഭ്യതക്കുറവും തക്കസമയത്ത് കൃഷി പ്രവർത്തി നടത്തുന്നതിന് പണവും തൊഴിലാളികളെ കിട്ടാത്തതും മറ്റൊരു കാരണമാമ്. പമ്പുസെറ്റുപയോഗിച്ച് ജലസേചനം അങ്ങിങ്ങായി നടക്കുന്നുണ്ടെങ്കിലും വൈദ്യുക്ഷാമവും കിണറുകളിലെ ജലദൗർലഭ്യവും അതിന്റെ പ്രയോജനം നടക്കുന്നില്ല.

## നെൽകൃഷി

നെൽവയലുകൾ കുറഞ്ഞ ഒരു ഗ്രാമമാണിത്. പണ്ടുകാലത്ത് മുഴുവൻ വയലും നെൽകൃഷിക്കുപയോ ഗിച്ചിരുന്നു. കുളങ്ങളിൽ നിന്നും തോടുകളിൽനിന്നും വെള്ളം തിരിച്ചും തേവി നനച്ചും രണ്ടും മൂന്നും വിള കൾ ഉണ്ടാക്കിയിരുന്നു. നിലം ഉഴാൻ കാളകലെ ആവ ശ്യത്തിന് കർഷകത്തൊഴിലാളികളെയും ലഭിച്ചിരുന്നു. ഭൂവുടമയ്ക്കു വേണ്ടി കർഷകത്തൊഴിലാളികൾ പണി യെടുക്കുക എന്നത് അവരുടെ ഒരു കുലത്തൊഴിലായി രുന്നു. നെല്ല് ഒരു ഐശ്വര്യദേവതയായി കണക്കാക്കി യാണ് അന്ന് അന്നം വിളിയിച്ചിരുന്നത്. ഭക്ഷ്യാവശ്യ ത്തിനു പുറമെ ജൻമിക്കു പാട്ടവും കൂലിവേല ക്കാർക്കുള്ള കൂലിയും ഉല്പന്നങ്ങളുടെ കൈമാറ്റ ത്തിനും കൈത്തൊഴിലുകാർക്കും അലക്കുകാരൻ തൊട്ട് ക്ഷുരകൻ വരെയുള്ളവരുടെ കൂലിയായി നൽകിയിരു ന്നതും നെല്ലും നാളികേരവുമായിരുന്നു. അതുകൊണ്ടു തന്നെ പാടത്തും പറമ്പിലും നെല്ലും മറ്റു ധാന്യങ്ങളും പ്രധാനമായി ഭക്ഷ്യാവശ്യത്തിന് കൃഷിചെയ്തിരുന്നു. വയലുകളിൽ ഇടവിളയായി എള്ളും പയറുവർഗ്ഗങ്ങളും പച്ചക്കറികളും സുലഭമായി കൃഷിചെയ്തിരുന്നു. വീട്ടാ വശ്യങ്ങൾക്കു പച്ചക്കറികൾക്ക് കമ്പോളത്തെ ആശ്രയി ച്ചിരുന്നില്ല. പാടങ്ങൾ ക്രമേണ മണ്ണിട്ടു നികത്തി പറമ്പു കലായി മാറിയതോടെ ജലനിർഗ്ഗമന സൗകര്യം നഷ്ട പ്പെടുന്നു. വർദ്ധിച്ച കൂലിച്ചെലവും ഉല്പാദനക്ഷമത ഇല്ലായ്മയും കൃഷിക്ക് തക്കസമയത്ത് കാളകളെയും തൊഴിലാളികളെയും കിട്ടാതെ വരികയും ചെയ്ത അവസ്ഥ നെൽകൃഷി ലാഭകരമല്ലാതായി. സ്വന്തം അധ്വാ നവും കുടുംബാധ്വാനവും പ്രയോഗിക്കാതെ എല്ലാം കൂലിച്ചെലവിൽ നടത്തി ലാഭചേതം കണക്കാക്കുന്ന താണ് കൃഷി ലാഭകരമല്ലെന്നുള്ള പരാതിക്കടിസ്ഥാനം.

അങ്ങനെ നെൽകൃഷി ലാഭകരമല്ലെന്ന ബോധവും ഭൂമിയുടെ തുണ്ടവല്കരണവും നാണ്യവിളകൃഷിയും കിടപ്പാടങ്ങളായി മാറിയതും നെല്കൃഷിയെ അധോഗതിയിലാക്കി. കാർഷികാഭിവൃദ്ധിക്കുള്ള പല പദ്ധതികളുമുണ്ടെങ്കിലും കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം ഉഴവിന്നു കാളകളെ കിട്ടാത്തതും, ജൈവവളങ്ങളുടെ ലഭ്യതക്കുറവും, രാസവളങ്ങളുടെ വില വർദ്ധനവും ജലസേചന സൗകര്യമില്ലായ്മയും നെല്കൃഷിയിൽ നിന്ന് കൃഷിക്കാരെ പിന്തിരിപ്പിക്കാൻ കാരണമായി. കർഷ ബന്ധ നിയമം പ്രാബല്യത്തിൽ വന്നതോടെ പാട്ട വ്യവസ്ഥയിൽ നിന്ന് കൃഷിക്കാരനെ മോചിപ്പിക്കുകയും കൃഷിഭൂമിയുടെ ഉടമാവകാശം കൈവരികയും ചെയ്ത അവസരം ഉപയോഗപ്പെടുത്തി കൃഷിയും അനുബന്ധ വ്യവസായങ്ങളും വളർത്തിടെയുക്കുന്നതിനുള്ള കൂട്ടായ ഒരു പരിശ്രമം കാർഷികരംഗത്ത് വന്നില്ല. തുണ്ടുഭൂമികൾ ഏകീകരിച്ച് കൂട്ടുകൃഷി സമ്പ്രദായം സ്വപ്നത്തിലുണ്ടായിരുന്നെങ്കിലും അതിനുള്ള പ്രചോദനവും സഹായവും ഉണ്ടായില്ലെന്നു മാത്രമല്ല ഭൂമിയുടെ വർദ്ധിച്ചുവരുന്ന വിലയിൽ കണ്ണുനട്ട് ഉള്ളതുവിറ്റ് കാശാക്കി മറ്റു തൊഴില് തേടി പോകാനും വീടുവെക്കൽ, അടിയന്തിരം നടത്തൽ തുടങ്ങിയ മറ്റു സാമൂഹ്യാവശ്യങ്ങൾക്ക് ഈ പണം മുടക്കിയത് ഉല്പാദന മാന്ദ്യത്തിനു കാരണമായി. കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പല പദ്ധതികളും ബ്ളോക്കുകളിലൂടെയും സാഡു പദ്ധതികളിലൂടെയും സഹായങ്ങളും ഉപദേശങ്ങളും നടത്തിയിരുന്നെങ്കിലും അതൊന്നും കൃഷിക്കാർക്ക് വേണ്ടത്ര പ്രചോദനം നൽകിയില്ല. എന്നാൽ കൂട്ടായി കൃഷി നടത്താനും ശാസ്ത്രീയമായ വളപ്രയോഗവും ഉല്പാദനക്ഷമതയുള്ള വിത്തുകളുപയോഗിക്കുന്നതിനും കീടനാശിനി പ്രയോഗവും ജലസേചന സൗകര്യവും ഒരു പാടശേഖരത്തിൽ ഏകീകരിച്ച് നടപ്പാക്കി ഉല്പാദന വർദ്ധനവിനു ലക്ഷ്യം വെച്ച പാടശേഖര സമിതികളും കൃഷി ഭവൻ മുഖേന സംഘടിപ്പിച്ചിട്ടുണ്ടെങ്കിലും അത് എല്ലാ പാടങ്ങളെയും ഉൾപ്പെടുത്തിയിട്ടില്ല. കൃഷിക്കാർ പ്രതീക്ഷിച്ച ധനസഹായവും മറ്റും ലഭിക്കാത്തതുകൊണ്ട് ഈ സമിതികൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

## നാണ്യവിളകൾ

നാണ്യവിളകളിൽ പ്രധാനം തെങ്ങും, കവുങ്ങും, കുരുമുളകും, കശുമാവുമാണ്. നാമമാത്രമായ റബ്ബർ കൃഷിയുമുണ്ട്. കുരുമുളകിന് ഇടയ്ക്കിടെ ഉണ്ടാകുന്ന ദ്രുതവാട്ടവും, കൊഴിഞ്ഞുപോക്കും, കീടശല്യവും, ഞാറ്റുവേല പിഴവുകളും കുരുമുളക് കൃഷിയെ സാരമായി ബാധിക്കുന്നു. തെങ്ങുകൾക്കുണ്ടാകുന്ന കറയൊലിപ്പും ചെമ്പൻ കൊല്ലിയുടെ ആക്രമണവും തെങ്ങിന്റെ മഞ്ഞളിപ്പുരോഗവും ഉല്പാദനത്തെ ബാധിക്കുന്നു. നാടൻ ഇനങ്ങളോടൊപ്പം പന്നിയൂർ കരിമുണ്ട അത്യുല്പാദന ശേഷിയുള്ള കുരുമുളക് ഇനങ്ങളും കൃഷിചെയ്യുന്നുണ്ടെങ്കിലും കുരുമുളക് ഒരു തോട്ടമായി വികസിച്ചിട്ടില്ല. ഒരു മിശ്രവിളയായി ഇത് കൃഷിചെയ്തുവരുന്നു. തോട്ടമടിസ്ഥാനത്തിൽ കുരുമുളക് വളർത്തി ശാസ്ത്രീയാടിസ്ഥാനത്തിൽ രോഗപ്രതിരോധവും നടത്തി ഉല്പാദനം വർദ്ധിപ്പിക്കുന്നില്ല. എന്നാൽ നല്ലനിലയിൽ നട്ടുവളർത്തി സംരക്ഷിക്കുന്ന ചില കൃഷിക്കാരുമുണ്ട്. കശുവണ്ടിത്തോട്ടങ്ങൾ, കുന്നിൻ പ്രദേശമായ മാലേരിക്കുന്ന്, ചിതലോറ, പാലോറമല, മൈലാടിക്കുന്ന് എന്നിവിടങ്ങളിൽ ഉണ്ട്. എന്നാൽ ഇത് ശാസ്ത്രീയാടിസ്ഥാനത്തിൽ വളർത്തുന്ന തോട്ടങ്ങളല്ല. കശുമാവ് ഇടവിളയായി മറ്റു വൃക്ഷങ്ങൾക്കൊപ്പം വെച്ചുപിടിപ്പിക്കുന്നതാണ്. അധികവും. അതുകൊണ്ട് ഇവയ്ക്ക് വേണ്ടത്ര പരിചരണം കിട്ടുന്നില്ല. തടിതുരപ്പൻ പുഴുക്കളുടെ ആക്രമണവും ഇലകൊഴിയൽ രോഗവും തളിരും പൂക്കുലയും തകർക്കുന്ന കീടാക്രമണങ്ങളും ഉല്പാദനക്ഷമത കുറയ്ക്കുന്നു. മാവ്, പിലാവ്, മിശ്ര ഫലവൃക്ഷമായി മാത്രമേ വെച്ചുപിടിപ്പിക്കുന്നുള്ളൂ. പണ്ടുകാലത്തു പ്രസിദ്ധമായ ഒളോർമാങ്ങ മറ്റു സംസ്ഥാനങ്ങളിലേക്കും കയറ്റി അയച്ചിരുന്നു. എന്നാൽ ഒളോർ മാവിന് ഒരു രോഗം ബാധിച്ചതോടെ അത് വ്യാപകമായി ഉണങ്ങുകയും വംശനാശം തന്നെ സംഭവിക്കുന്ന അവസ്ഥയിലുമാണ്. പണ്ടുകാലത്ത് നടക്കാവു വൃക്ഷങ്ങളായി മാവ് വെച്ചിപിടിപ്പിച്ചിരുന്നു. എന്നാൽ അതും നാമാവശേഷമായി വരികയാണ്. മാവും പിലാവും തടി ആവശ്യത്തിന് മുറിച്ചു നശിപ്പിച്ചുകൊണ്ടിരിക്കുന്ന അവസ്യതാണുള്ളത്. എന്നാൽ ഓരോ വീട്ടുവളപ്പിലും ഒട്ടുമാവിന്റെ ഏതാനും മരങ്ങൾ കാണപ്പെടുന്നു. പിലാവ് ഒരു കൃഷിയെന്ന രീതിയിൽ ശുശ്രൂഷിച്ചു വളർത്തുന്ന പതിവില്ല. പഴവർഗ്ഗകൃഷിയുടെ വികസനത്തിന്റെ ഭാഗമായി ഈ കൃഷി വളർത്തിയെടുത്തിട്ടില്ല. കാരണം ചക്കപ്പഴത്തിന്റെ സംസ്കരണം നടക്കുന്നില്ലെന്നു മാത്രമല്ല ഭക്ഷ്യാവശ്യത്തിൽനിന്നും അത് മാറ്റിവെക്കപ്പെട്ട അവസ്ഥയാണുള്ളത്. എന്നാൽ തടി ആവശ്യാർത്ഥം അത് നിലനിർത്തുന്നുവെന്നു മാത്രം. കൃഷിഭവൻ മുഖേന പഴവർഗചെടികളും ഒട്ടുമാവിൻ തൈകളും പ്ലാവിൻ തൈകളും വിതരണം നടത്തുന്നുണ്ടെങ്കിലും ഇത് കാര്യമായ ഒരു കൃഷിയായി ആളുകളെടുക്കുന്നില്ല. ചെറിയ രീതിയിലുള്ള കൈതച്ചക്ക കൃഷിയും ഉണ്ടെങ്കിലും അത് തോട്ടങ്ങളായി വികസിപ്പിച്ചെടുത്തില്ല.

## വാഴ, മരച്ചീനി

നെല്പാടങ്ങളിലും, പറമ്പുകളിലും നേന്ത്രവാഴ കൃഷി ചില കർഷകർ ഒരു പ്രധാന കൃഷിയായി നടത്തുന്നുണ്ട്. ചില വർഷങ്ങളിൽ ഈ ഗ്രാമത്തിൽ 4000–5000 വരെ വാഴകൃഷി നടത്തുന്നുണ്ട്. കുളങ്ങളെയും വെള്ളം വറ്റാത്ത കിണറുകളെയും പുഴ.

യിൽനിന്ന് വെള്ളം പമ്പുചെയ്ത് എടുക്കാനുള്ള സൗകര്യത്തെയും ആശ്രയിച്ചാണ് ഈ കൃഷിനടത്തുന്നത്. കാലവർഷാരംഭത്തിൽ ചിലപ്പോഴുണ്ടാകുന്ന കൊടുങ്കാറ്റും വെള്ളപ്പൊക്കവും ഈ കൃഷിയെ ഒട്ടാകെ നശിപ്പിക്കുന്നു. ഇത് കൃഷിക്കാർക്ക് വമ്പിച്ച നഷ്ടം വരുത്തുന്നു. ഇതൊരു ഭാഗ്യപരീക്ഷണ കൃഷിയായി കണക്കാക്കുന്നതിൽ തെറ്റില്ല. ശാസ്ത്രീയമായ കൃഷിരീതിയും രാസവളപ്രയോഗവും ഇതിന്റെ ഉല്പാദന ക്ഷമത ഗണ്യമായി ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ കുറഞ്ഞ കാലം കൊണ്ട് വലിയ ചെലവുള്ള ഒരു കൃഷിയാണിത്. നാശനഷ്ടം സംഭവിച്ചാൽ കിട്ടുന്ന നഷ്ടപരിഹാരം വളരെ നിസ്സാരവും, ജലസേചന സൗകര്യം വർദ്ധിപ്പിച്ചാൽ ധാരാളം വികസന സാധ്യതയുളള ഒരു കൃഷിയാണ് വാഴ. നെൽകൃഷി, ഒഴിവാക്കി, വെള്ളം കെട്ടിനിൽക്കാത്ത പാടങ്ങളിൽ മരച്ചീനി ലാഭകരമായി കൃഷി നടത്തുന്നു. എന്നാലും ഈ ഗ്രാമത്തിലെ ജനങ്ങളുടെ ഭക്ഷണാവശ്യത്തിനുവേണ്ട മരച്ചീനി ഇവിടെ ഉല്പാദിപ്പിക്കുന്നില്ല. അധ്വാനശേഷിയുള്ള ആളുകളും ഒഴിഞ്ഞ പറമ്പുകളും ധാരാളമുണ്ടെങ്കിലും സ്വന്തം ആവശ്യത്തിനു പോലും ഇത് കൃഷിചെയ്യുന്നില്ലെന്നുള്ളത് കൃഷിയോടുള്ള താല്പര്യക്കുറവാണ്.

പട്ടിക – 5

വിള – വിസ്തീർണ്ണം

| ക്രമ നമ്പർ | വിള | വിസ്തീർണ്ണം |
|---|---|---|
| 1 | നെല്ല് (ഒന്നാം വിള) | 550 ഏക്ര (ഏകദേശം) |
| 2. | „ (രണ്ടാം വിള) | 300 „ |
| 3. | „ (മൂന്നാം വിള) | 8 „ |

## വളം

പച്ചിലകളും കാലിവളവുമായിരുന്നു ജൈവവളമായി ഉപയോഗിച്ചിരുന്നത്. വീട്ടടുപ്പുകളിൽനിന്നു ലഭിച്ചിക്കുന്ന വെണ്ണീറും, ചപ്പുചവറുകൾ കത്തിച്ചെടുക്കുന്ന ചാരവും മണ്ണിന്റെ ക്ഷാരഗുണം വർധിപ്പിക്കുവാൻ ഉപയോഗിച്ചിരുന്നു. പച്ചിലകൾ നൽകിയിരുന്ന പടുവൃക്ഷങ്ങൾ മുറിച്ചൊഴിവാക്കുന്നതിന്റെ ഫലമായി പച്ചിലയുടെ ലഭ്യത ക്രമേണ കുറഞ്ഞുവരികയാണ്. നാടനിനം കന്നുകാലികളെ ഓരോ വീട്ടിലും വളർത്തിയിരുന്നതുകൊണ്ട് ചാണകത്തിനും പ്രയാസമുണ്ടായിരുന്നില്ല. എന്നാൽ ഇതിന്റെ സ്ഥാനത്ത് ഇപ്പോൾ കടലപ്പിണ്ണാക്കും വേപ്പിൻ പിണ്ണാക്കും ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ടെങ്കിലും അതിന്റെ ഭീമമായ വില കർഷകനു താങ്ങാനാവത്തതാണ്. രാസവളം പ്രചാരത്തിൽ വന്നതോടെ അതു വാങ്ങി ഉപയോഗിക്കുന്നുണ്ടെങ്കിലും ശാസ്ത്രീയമായ വളപ്രയോഗത്തിലൂടെയല്ല നടക്കുന്നത്. കൂടാതെ രാസവളത്തിന്റെ പെട്ടെന്നുണ്ടാക്കുന്ന വിലക്കയറ്റം പല കൃഷിയെയും സാരമായി ബാധിക്കുന്നു. മണ്ണു പരിശോധന നടത്താനുള്ള സൗകര്യം കൃഷിഭവനിലില്ല. അതൊരു പ്രയാസമായി മാറിയതിനാൽ മിക്ക കൃഷിക്കാരും അതു ശ്രദ്ധിക്കുന്നില്ല. അതുകൊണ്ട് മണ്ണ് പരിശോധിക്കാതെ വളപ്രയോഗം നടത്തുന്നതുകൊണ്ട് കൃഷിക്കാർക്ക് സാമ്പത്തിക നഷ്ടവും മണ്ണിന്റെ ജൈവക്ഷാരഗുണത്തിൽ അസന്തുലിതാവസ്ഥ ഉണ്ടാവുകയും ചെയ്യുന്നു ഇത് വിളകളെ അഭിവൃദ്ധിപ്പെടുത്തുന്നതിനു പകരം വിപരീത ഫലമുളവാക്കുന്നു.

പട്ടിക – 6

ഇടവിളകൾ – വിസ്തീർണം

| ക്രമ നമ്പർ | വിളകൾ | വിസ്തീർണ്ണം (ഏകദേശം) |
|---|---|---|
| 1 | മഞ്ഞൾ | 2 ഏക്ര |
| 2. | ഇഞ്ചി | നാമമാത്രം |
| 3. | പച്ചക്കറികൾ | 4 ഏക്ര |
| 4. | വാഴ | 30 ഏക്ര |
| 5. | മരച്ചീനി | 25 ഏക്ര |
| 6. | കുരുമുളക് | 100 ഏക്ര |
| 7. | കവുങ്ങ് | 150 ഏക്ര |
| 8. | കൈതച്ചക്ക, പപ്പായ | നാമമാത്രം |
| 9. | ചേന, ചേമ്പ്, കാച്ചിൽ കിഴങ്ങ് | 20 ഏക്ര |

പട്ടിക – 7

വളത്തിന്റെ പ്രയോഗം

| ക്രമ നമ്പർ | രാസവളങ്ങൾ | 93–94 | 94–95 | 95–96 |
|---|---|---|---|---|
| 1. | 10–4–14 | 0.50 MT | – | – |
| 2. | 10–5–20 | 5.50 MT | 8.00 | 8.5 |
| 3. | M.O.P | 17.00 MT | 15.00 | 18.25 |
| 4. | M. Phose | 3 MT | – | – |
| 5. | യൂറിയ | 3 MT | 2.5 | 2 |
| 6. | F. Phose | 1.75 | 11.5 | 10.5 |

കുറിപ്പ്: കൃഷിഭവൻ രേഖ

പട്ടിക – 8

| പാടസേഖര സമിതി | | | |
|---|---|---|---|
| ക്രമ നമ്പർ | പാടശേഖരത്തിന്റെ പേര് | പ്രധാന വിള | വാർഡ് നമ്പർ |
| 1. | പന്നവയൽ | നെല്ല് ഒന്നും, രണ്ടും വിള, വാഴ | 2, 10 |
| 2. | പയമ്പ്ര വയൽ | നെല്ല്, വാഴ, മരച്ചീനി | 3 |
| 3. | കോട്ടോൽത്താഴം വയൽ | നെല്ല്, വാഴ, മരച്ചീനി | 6 |
| 4. | പറമ്പിൽ വയൽ | നെല്ല് ഒന്നും, രണ്ടും, മൂന്നും വിള, വാഴ | 8 |
| 5. | അയ്യപ്പാടം | നെല്ല് ഒന്നും രണ്ടും വിള | 10 |

രജിസ്റ്റർ ചെയ്ത നാളികേര വികസന സമിതികൾ ഒന്നുമുതൽ പത്തു വാർഡുകളിൽ ഉണ്ടു. പുതുതായി രൂപീകരിച്ച 11ാം വാർഡിൽ സമിതിയില്ല.

പഞ്ചായത്തുതല കാർഷിക വികസന സമിതി ഇട ക്കാലത്തു രൂപീകരിച്ചശേഷം നാളികേര വികസന സമിതി പ്രവർത്തനക്ഷമമല്ലാതായി.

പട്ടിക – 9

| കാർഷിക വായ്പകൾ | | | |
|---|---|---|---|
| ക്രമ നമ്പർ | വായ്പ നൽകുന്ന ബാങ്കിന്റെ പേര് | വായ്പ | വായ്പത്തുക |
| 1. | സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് കുരുവട്ടൂർ ബ്രാഞ്ച് | ലഭ്യമല്ല | |
| 2. | കോഴിക്കോട് കാർഷിക വികസന ബാങ്ക് | " | |
| 3. | കുന്ദമംഗലം കോ- ഓപ്പറേറ്റീവ് ബാങ്ക് | " | |
| 4. | കുരുവട്ടൂർ സർവ്വീസ് സഹകരണ ബാങ്ക് | കാർഷിക* വായ്പ | 21,47,957/- |
| | | പമ്പുസെറ്റ്, കിണർ | 32,717/- |

*കുറിപ്പ്; ബാങ്കിൽ നിന്നു കിട്ടിയ സ്ഥിതിവിവരക്ക ണക്ക്.

## കീടനാശിനികൾ

നെല്ല്, കുരുമുളക്, കശുമാവ് എന്നിവയ്ക്ക് കീട നാശിനികൾ ഉപയോഗിക്കുന്നുണ്ടെങ്കിലും അവയുടെ പ്രയോഗരീതി എളുപ്പമല്ലാത്തതിനാൽ സാർവത്രികമായി ഉപയോഗിക്കുന്നില്ല. നെല്ല്, പച്ചക്കറി എന്നിവയ്ക്ക് കീട നാശിനികൾ ആരോഗ്യപരമായ പ്രശ്നങ്ങൾ കണക്കി ലെടുത്ത് വ്യാപകമായി പഉപയോഗിക്കുന്നില്ല. പച്ചക്ക റികൾക്കും മറ്റും ജൈവകീടനാശിനി പ്രയോഗവും അല്പാല്പം ചില ദിക്കുകളിൽ പ്രയോഗിക്കുന്നു. കീട നാശിനി പ്രയോഗങ്ങൾ ഒരു പാടശേഖരം ഒട്ടാകെ ഒര വസരത്തിലും അതുപോലെ തോട്ടങ്ങളിലും ഒന്നായി പ്രയോഗിക്കാത്തതിനാൽ കീടങ്ങൾ ഒരിടത്തുനിന്നും മറ്റൊരിടത്തേക്ക് ഒഴിഞ്ഞുപോയി അവ രക്ഷപ്പെടുന്നു ഇതൊഴിവാക്കത്തക്ക രീതിയിലുള്ള കീടനാശിനി പ്രയോഗം നടപ്പാക്കേണ്ടതുണ്ട്. കൂട്ടുകൃഷിപ്രയോഗം മാത്രമേ ഇതിന് പ്രയോഗിക പരിഹാരം ഉണ്ടാക്കാൻ പര്യാപ്തമുള്ളൂ.

## കാർഷികോപകരണങ്ങൾ

പരമ്പരാഗത രീതിയിലുള്ള നാടൻ കല്പകളും മൺവെട്ടിയും കൊയ്ത്തരിവാളും ഇതെല്ലാമാണ് നില മുഴാനും കിളയ്ക്കാനും കൊയ്യാനും അടുത്തകാലം വളരെ ഉപയോഗിച്ചുപോരുന്നത്. ആധുനിക രീതിയുള്ള ട്രാക്ടർ പവർ ട്രില്ലർ, കൊയ്തുമെതിയന്ത്രങ്ങൾ, സ്പേറു കൾ, കുറ്റിപമ്പുകൾ എന്നിവ വാങ്ങാനുള്ള സൗകര്യ ങ്ങൾ കൃഷിഭവൻ മുഖേന ലഭ്യമാണെങ്കിലും ആവശ്യ മായത്ര ഇനിയും പ്രയോഗത്തിൽ വന്നിട്ടില്ല. ഉഴവുകാള കളെ പോറ്റുന്നത് ചെലവേറിയതും ആദായകരമല്ലാ ത്തതുമായതിനാൽ കന്നുപൂട്ടുന്ന തൊഴിലാളികൾ കുറ ഞ്ഞുവരികയാണ്. വർദ്ധിച്ച കൂലിചെലവുള്ളതിനാൽ കർഷകർ പറമ്പുകൾ മിക്കതും പൂട്ടാതെയിടുന്ന അവ സ്ഥയാണിന്നുള്ളത്. കൃഷി വികസനത്തിന്റെ ഭാഗമായി ആധുനിക രീതിയിലുള്ള കാർഷികോപരണങ്ങൾ കൂടു തൽ കൂടുതൽ ലഭ്യമാക്കേണ്ടതുണ്ട്.

പട്ടിക – 10

| കാർഷികോപരണങ്ങൾ കൃഷിഭവനിൽനിന്നു നൽകിയത്: | | |
|---|---|---|
| ക്രമനമ്പർ | ഇനം | എണ്ണം |
| 1. | നാടൻ കലപ്പ | 91 |
| 2. | പവ്വർ ട്രില്ലർ | 3 |
| 3. | ട്രാക്ടർ | 2 |
| 4. | റോക്ക് സ്പെയർ | 22 |
| 5. | സ്പെയർ | 20 |
| 6. | തെങ്ങുകയറ്റ യന്ത്രം | 1 |
| 7. | പമ്പുസെറ്റ് (പോർട്ടബിൾ) | 1 |

*കൃഷിഭവൻ കണക്കുകൾ*

ഈ പട്ടികയിൽനിന്ന് ആധുനിക കാർഷികോപ കരണങ്ങൾ എത്രമാത്രം പ്രചാരണത്തിൽ വന്നു എന്നു വ്യക്തമാക്കുന്നു.

## പാടശേഖര സമിതികൾ

പാടസേഖര സമിതികൾ പ്രധാന പാടശേഖര ങ്ങൾക്കായി രൂപീകരിച്ചിട്ടുണ്ടെങ്കിലും അതു തുടങ്ങിയ കാലത്തെ ആവേശവും കൂട്ടായ്മയും ഇന്ന് കുറഞ്ഞു വരുന്ന അവസ്ഥയാണുള്ളത്. എല്ലാ വാർഡുകളിലും അല്പാല്പമായെങ്കിലും പാടങ്ങളുണ്ടെങ്കിലും അവിടങ്ങ ളിലെല്ലാം സമിതികൾ രൂപീകരിച്ചിട്ടില്ല. സമിതികൊണ്ടു ദ്ദേശിച്ച ഫലം സൃഷ്ടിച്ചെടുക്കാൻ കൃഷിക്കാരുദ്ദേശി ക്കുന്ന സാമ്പത്തികവും അല്ലാത്തുമായ സഹായ സഹ കരണങ്ങൾ അത്യാവശ്യമാണ്.

(പട്ടിക – 8 നോക്കുക)

## കൂലിനിരക്ക്

കർഷകത്തൊഴിലാളികളുടെ കൂലിനിരക്ക് അല്പാല്പ വ്യത്യാസത്തിൽ പഞ്ചായത്തിൽ നില നിൽക്കുന്നു. കൂടിയ കൂലിനിരക്ക് ചെറുവറ്റ, പറമ്പിൽ ഭാഗങ്ങളിലാണ്. കർഷകത്തൊഴിലാളികളുടെ നിരക്ക് 110 രൂപയും സ്ത്രീകൾക്ക് 85 രൂപയുമാണ്. പുരുഷൻമാർക്ക് 120ഉം, സ്ത്രീകൾക്ക് 90 രൂപയും വരെ കൂലി ഉള്ള സ്ഥല ങ്ങളുണ്ട്. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഉയർന്ന താണെന്ന പരാതിയുണ്ട്. എന്നാൽ കർഷകത്തൊഴിലാ ളികൾക്കാവട്ടെ, കെട്ടിട നിർമ്മാണത്തൊഴിലിനും മറ്റും പോകുന്നതിനു കിട്ടുന്ന കൂലിയുമായി താരതമ്യപ്പെടു ത്തുമ്പോൾ കൃഷിപ്പണിക്കുള്ള കൂലികുറവാണ്. കർഷ കത്തൊഴിലാളികൾക്കാകട്ടെ, കാർഷിക വൃത്തിയിൽ തൊഴിൽ ദിനങ്ങൾ വളരെ കുറച്ചുമാത്രമേ കിട്ടുന്നുള്ളൂ. കർഷകന്റെ ഉല്പന്നവില വർദ്ധിക്കുകയും കൃഷിക്ക് സഹായധനം, സബ്സിഡി എന്നിവ ഉദാരമായി ലഭ്യമാ വുകയും ചെയ്താൽ കൃഷിചെയ്യാത്ത സ്ഥലങ്ങളിൽ കൂടി കൃഷിവ്യാപിപ്പിക്കാനും കഴിയുമ്പോൾ കർഷക ത്തൊഴിലാളികൾക്കുള്ള തൊഴിലവസരവും തൊഴിൽ ദിനവും ഗണ്യമായി വർദ്ധിക്കുമ്പോൾ കൂലി പ്രശ്നം ഏറെക്കുറെ പരിഹരിക്കാവുന്നതാണ്. അതിന് കൃഷി ക്കാരും കർഷകത്തൊഴിലാളികളും ഉല്പാദന വർദ്ധന വിന്റെ സാമൂഹ്യ പ്രസക്തി മനസ്സിലാക്കി ഒരു പുതിയ സമീപനവും കൊക്കൊള്ളേണ്ടതുണ്ട്.

## കാർഷിക വായ്പ

പഞ്ചായത്തിലെ കൃഷിക്കാർക്ക് കാർഷിക വായ്പ നൽകുന്ന സ്ഥാപനങ്ങൾ കുരുവട്ടൂർ സർവ്വീസ് സഹകരണ ബാങ്ക്, സൗത്ത് മലബാർ ഗ്രാമീണബാങ്ക് കുരുവട്ടൂർ ബ്രാഞ്ച്, കുന്ദമംഗലം കോ-ഓപ്പറേറ്റീവ് ബാങ്ക്, കോഴിക്കോട് കാർഷിക വികസന ബാങ്ക് എന്നി വയാണ്. ഭൂരിപക്ഷം കൃഷിക്കാരും കാർഷിക വായ്പ യുടെ പേരിൽ നേരത്തെ എടുത്ത വായ്പ തിരിച്ചട യ്ക്കാൻ കഴിയാത്തവരാണ്. അതുകൊണ്ടുതന്നെ കാർഷികാവശ്യത്തിന് പുതുതായി വായ്പയെടുക്കാൻ സാധ്യമല്ലാത്ത അവസ്ഥയുണ്ട്. കൃഷി വികസന പദ്ധ തികൾ ചോദിച്ചറിഞ്ഞു മനസ്സിലാക്കുകയല്ലാതെ അതു പ്രയോഗത്തിൽ വരുത്താൻ ഈ കട ബാദ്ധ്യത അവരെ ബുദ്ധിമുട്ടിക്കുന്നു. അതുകൊണ്ട് പഴയ കടങ്ങൾ മരവി പ്പിക്കുകയോ പലിശനിരക്ക് ഒഴിവാക്കുകയോ ചെയ്യുന്നത് പ്രോത്സാഹനജനകമായിരിക്കും. അതുപോലെ ചെറുടി കർഷകർക്ക് ഉദാരമായ സബ്സിഡിയും കാർഷികോ പകരണങ്ങൾക്കുള്ള സൗജന്യ വൈദ്യുതിയും ഒരു നിശ്ചിത കാലത്തേക്കെങ്കിലും നൽകുന്നത് കാർഷിക മേഖലയിലെ കുതിപ്പിന് സഹായകരമാവും. പഴ കട ങ്ങൾ ബേങ്കിന് തിരിച്ചുനൽകാത്തതുകൊണ്ടാണ് പ്രാദ്ദേ ശിക ബാങ്കുകൾക്ക് ജില്ലാ ബാങ്കിൽനിന്നും വായ്പ കിട്ടാൻ പ്രയാസമാകുന്നു. കൊപ്ര- കശുവണ്ടി സംഭര ണമോ ഉത്സവച്ചന്തകളോ മാവേലി സ്റ്റോറുകളോ നടത്തി കൃഷിക്കാർക്കും, ജനങ്ങൾക്കും ആശ്വാസം നൽകുന്ന പദ്ധതികൾ നടപ്പാക്കുന്നില്ല. ഈ ദുഃസ്ഥിതിക്കൊരു മാറ്റം അത്യാവശ്യമാണ്. ഈ ദുഃസ്ഥിതിക്കൊരു മാറ്റം അത്യാ വശ്യമാണ്. മറ്റു ബാങ്കുകളിൽനിന്ന് വായ്പ ലഭിക്കുന്നു ണ്ടെങ്കിലും എന്നും അതിന്റെ നിബന്ധനകളും നടപടി ക്രമങ്ങളും ആളുകളെ ബുദ്ധിമുട്ടിക്കുന്നവയാണ്.

(പട്ടിക -9 നോക്കുക)

## ജലസേചനം

പൂന്നൂർപുഴയും കുറ്റ്യാടി ഇറിഗേഷന്റെ കക്കോടി സബ് – കനാലും 11 കി. മീറ്ററോളം ദൂരമുള്ള എട്ടു തോടു തകളും മുപ്പതു,കുളങ്ങളും, ആറു കുഴൽക്കിണറുകളും ആണ് പഞ്ചായത്തിലെ ജല ആസ്തികൾ. പൂന്നൂർ പുഴ യുടെ പത്തു കി. മീ. ദൂരം പഞ്ചായത്തിനെ സ്പർശിച്ചു കൊണ്ടൊഴുകുന്നു. വീടുകൾ വർദ്ധിക്കുന്നതോടൊപ്പം കിണറുകളുടെ എണ്ണവും വർദ്ധിക്കുന്നു. ഇതും ഗാർഹി കാവശ്യത്തിനു പുറമെ കൃഷിക്കും കൂടിയുള്ള ഒരു ആസ്തിയാണ്. തുലാവർഷം പിഴച്ചാൽ പുഴയിലും തോട്ടിലുമെല്ലാം വെള്ളം വറ്റിപ്പോകുന്നു. കുളങ്ങൾ സംര ക്ഷിക്കപ്പെടാത്തതിനാൽ അവയിൽ പലതും ഉപയോഗ ശൂന്യമാണ്. മൂന്നെണ്ണമൊഴികെ മറ്റെല്ലാ കുളങ്ങളും സ്വകാര്യവ്യക്തികളുടെ അധീനതയിലാണ്. തോടുകളും കുളങ്ങളും സംരക്ഷിക്കുകയും പുഴയിൽ തടയണ നിർമ്മിച്ച് വെള്ളം സംഭരിക്കുകയും ചെയ്യേണ്ടതുണ്ട്. ചാലിയാർ റഗുലേറ്റർ – കം ബ്രിഡ്ജ് പദ്ധതി ഉപയോഗ പ്പെടുത്തി പൂന്നൂർ പുഴയിൽ വെള്ളം എത്തിച്ചെങ്കിൽ മാത്രമേ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നവും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി മുഖേനെ ജലസേചനം നടത്താൻ കഴിയുകയുള്ളൂ. അതുപോലെ കക്കോടി സബ്കനാ

ലിലെ വെള്ളം പാലത്ത് അക്വഡറ്റിനു താഴെ നിന്ന് കരുവട്ടൂർ പാടശേഖരത്തിലേക്ക് തിരിച്ചുവിടാൻ കഴിയുകയാണെങ്കിൽ ഒരു വിശാലമായ പാടശേരത്തിന് അതു പ്രയോജനമായിരിക്കും. കുറ്റാടി ഓഗ്മെന്റേഷൻ പദ്ധതി നടപ്പാക്കുന്നതോടെ കൂടുതൽ ജലലഭ്യത ഈ കനാലിലുണ്ടാക്കാൻ കഴിയുമെന്നു കരുതുന്നു. അങ്ങനെ വന്നാൽ ഈ കനാലിൽ കുരുവട്ടൂർ പാടശേഖരത്തിന്റെ പടിഞ്ഞാറുനിന്ന് പുന്നക്കുളം ഭാഗത്തേക്ക് വെള്ളം പമ്പു ചെയ്ത് (Sump and pumb) ഒരു ലിഫ്റ്റ് ഇറിഗേഷൻ മാതൃകയിൽ വെള്ളമെത്തിക്കാൻ കഴിയുമോ എന്നു പരിശോധിക്കേണ്ടതാണ്.

(പട്ടിക – 11) നോക്കുക.

## മണ്ണുസംരക്ഷണം

പരമ്പരാഗതമായ ആയക്കെട്ടുകളും തട്ടുഭൂമികളിലുള്ള വരമ്പുകളും മാത്രമാണ് മണ്ണൊലിപ്പുനിവാരണ പദ്ധതിയായിട്ടുള്ളത്. കുന്നിൻ പ്രദേശങ്ങളിലെ വൃക്ഷങ്ങളും കാടുകളും വെട്ടിത്തെളിയിച്ച് തെങ്ങുകൃഷി വ്യാപകമാക്കിയതോടെ മഴവെള്ളത്തിൽ മേൽമണ്ണ് നഷ്ടപ്പെടാനിടയാകുന്നു. അതുകൊണ്ട് വരമ്പുകളം മതിലുകളും സംരക്ഷിക്കുകയും കൃഷിക്കും കാലിത്തീറ്റക്കും ആവശ്യമായ രീതിയിൽ ഫലവൃക്ഷങ്ങളും പാഴ്മരങ്ങളും വെച്ചുപിടിപ്പിക്കുകയും, വരമ്പുകളിൽ തീറ്റപ്പുല്ലും രാമച്ചം, ഇഞ്ചിപ്പുല്ല്, കൈത എന്നിവയും നട്ടുപിടിപ്പിക്കുന്നത് മണ്ണൊലിപ്പു തടയാൻ സഹായിക്കുന്നതാണ്. ഇത് ഇവിടെ വ്യാപകമായി വന്നിട്ടില്ല.

## നഴ്സറികൾ

കൃഷിക്കാർക്കാവശ്യമുള്ള തൈകളും ഗൃഹാങ്കണ ചെടികളും വ്യാപാരാടിസ്ഥാനത്തിൽ നടത്തുന്ന നഴ്സറി പഞ്ചായത്തിലില്ല. തെങ്ങ്, കവുങ്ങ് തൈകൾ പാകിമുളപ്പിച്ച് വില്പന നടത്തുന്ന ചില വ്യക്തികൾ അങ്ങിങ്ങായുണ്ട്. എന്നാൽ പുതിയ ഇനം തൈകളും, ശാസ്ത്രീയമുണ്ടാക്കിയ ഒട്ടുതൈകളും കൃഷിഭവനിൽ നിന്നും, ബ്ലോക്കിൽനിന്നും ലഭിക്കാറുണ്ട്. ഇത് കാർഷിക വികസനത്തിന്റെ ആവശ്യത്തിന് പൂർണ്ണമായും പര്യാപ്തമാവുന്നില്ല. തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായും ഉപജീവനത്തിനുവേണ്ടിത്തന്നെയും ശാസ്ത്രീയമായ പരിചരണത്തോടു കൂടിയ നഴ്സറികൾ കൃഭവനോടനുബന്ധിച്ച് ഉണ്ടാകേണ്ടതുണട്. സ്ത്രീകളെയും കുട്ടികളെയും നഴ്സറികൾ നിർമ്മിക്കുന്നതിന് പരിശീലിപ്പിച്ചെടുക്കേണ്ടതാണ്.

## കൃഷിഭവൻ

ഒരു കൃഷി ഓഫീസറും, മൂന്ന് കൃഷി അസിസ്റ്റന്റുമാരും ഒരു ശിപായിയും ആണ് കൃഷിഭവനിലെ ജീവനക്കാർ. വിവിധ പദ്ധതികളും അതു നടപ്പാക്കാൻ പല സമിതികളും നിലവിലുണ്ടെങ്കിലും കൃഷിക്കാരിൽ ഭൂരിഭാഗവും അവിടേക്കെത്തിനോക്കാത്തവരാണ്. കൃഷിക്കാരെയും കൃഷിവിദഗ്ധരെയും തമ്മിൽ ബന്ധിപ്പിച്ച് സർക്കാർ പദ്ധതികൾ പരിപൂർണ ജനപങ്കാളിത്തത്തോടെ നടപ്പാക്കാൻ കഴിയത്തക്കവണ്ണം കൃഷിഭവൻ പുനഃസംഘടിപ്പിക്കേണ്ടതുണ്ട്.

പട്ടിക 11

ജലവുമായി ബന്ധപ്പെട്ട ആസ്തികൾ

| ക്രമ നമ്പർ | ആസ്തികൾ | വിസ്തീർണ്ണം(കി.മീ) | എണ്ണം |
|---|---|---|---|
| 1. | പൂന്നൂർ പുഴ (കോഴിക്കയം മുതൽ പറമ്പിൽപള്ളിത്താഴം വരെ) | 10 കി. മി | 1 |
| 2. | ഇറിഗേഷൻ കനാൽ (കക്കോടി സബ്കനാൽ) (നമ്പ്യാത്തു താഴം മുതൽ പൂളക്കടവു വരെ) | 1.5 കി.മീ | 1 |
| 3. | തോടുകൾ | | 10 |
| (i) | മുല്ലപ്പള്ളിത്താഴം പൊയിൽത്താഴം തോട് | 3. കി.മീ | |
| (ii) | മൂലത്തോട് | 1. കി.മീ | |
| (iii) | നടുവിൽത്തോട് | 500 മീ. | |
| (iv) | തയ്യിൽത്താഴം തോട് | 500 മീ. | |
| (v) | കോട്ടോൽത്താഴം തോട് | 1 മീ. | |
| (vi) | പീടികത്തൊടിയിൽത്താഴം തോട് | 500 മീ. | |
| (vii) | പകലേടതാഴം തോട് | 1. കിമീ. | |
| (viii) | പുന്നത്തോട് | 1.5 കി.മീ | |
| (ix) | വട്ടത്തോട് | 1കി.മീ | |
| (x) | അരീത്തോട് | 1 കി.മീ | |
| 4. | പ്രധാനപ്പെട്ട കുളങ്ങൾ (പഞ്ചായത്തധീനതയിൽ) | | 3 |
| 5. | സ്വകാര്യകുളങ്ങൾ (പ്രധാനപ്പെട്ടവ) | | 30 |
| 6. | കുഴൽക്കിണർ (കുടിവെള്ളാവശ്യം) | | 6 |
| 7. | ചാലി | | 1 |

പഞ്ചായത്തധീനതയിലുള്ള കുളങ്ങൾ പുത്ത ക്കുളം, പുന്നക്കുളം, ചെന്നിക്കോട്ടുകുളം എന്നിവയും സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള കുളങ്ങൾ.

1. കോലാകുളം, 2. മച്ചക്കുളം, 3. ഏരോറ്റുകുളം, 4. പുത്തലത്തുകുളം, 5. തണ്ടാങ്കണ്ടികുളം, 6. നരക്കാ കുളം, 7. തോട്ടപ്പാട്ടുകുളം, 8. കുണ്ടുകുളം, 9. പൂമഠ ത്തിൽകുളം (അമ്പലക്കുളം), 10. ചുണ്ടാങ്ങൽ കുളം, 11. പയമ്പ്രക്കാവുകുളം, 12. കുളങ്ങരേടത്തു കുളം 13. വെളു ത്തേടം കുണ്ടുകുളം, 14. മഠത്തിൽ കുളം, 15. തെറ്റത്തു താഴം കുളം, 16. തെക്കയിൽകുളം, 17. നടമ്മൽകുളം, 18. പാറക്കൽകുളം, തയ്യിൽ താഴം കുളം 20. ഇടപടിക്കൽ കുളം 21. ആലിങ്ങൽ കുളം, 22. പോലൂർ അമ്പലക്കുളം, 23. ചന്ദനഞ്ചേരിത്താഴം കുളം, 24. വാവട്ടുകുളം 25. കോരൻ കുളം, 26. പൊന്മിളിക്കുളം, 27. പാറക്കുളം, 28. കമ്മനക്കുളം 29. നമ്പോനത്തിൽ കുളം, 30. ചെമ്പക്കോട്ടു കുളം എന്നിവയുമാണ്.

## പ്രശ്നങ്ങൾ

കുറ്റ്യാടി സബ് കനാലിന്റെ പ്രയോജനം കുരുവ ട്ടൂരിലെ വിശാലമായ പാടശേഖരത്തിന് ലഭിക്കുന്നില്ല. കനാൽ ജലം തുറന്നുവിടുന്നത് കൃഷിയാവശ്യത്തിനും, കോഴിക്കോട് കോർപറേഷനിലെ കുടിവെള്ള ലഭ്യതക്കു മാണ്. പുഞ്ച കൃഷിക്ക് വെള്ളം ആവശ്യമുള്ളപ്പോൾ കനാൽ വെള്ളം ഇവിടേക്കെത്താറില്ല. അത് ചേളന്നൂർ – പാലത്തു ഭാഗത്ത് മറ്റാവശ്യങ്ങൾക്കായി തിരിച്ചു വിടു ന്നുണ്ടെന്നും അറിയുന്നു.

വെള്ളം തുറന്നു വിടുന്നത് പുഞ്ചവിളയാൻ കാലത്ത് ആയിരിക്കും. അതുപോലെ കുടിവെള്ളാവശ്യ ത്തിനു തുറന്നു വിടുന്നതും കൃഷിക്കാർക്ക് ചിലപ്പോൾ ദോഷമാകാറുണ്ട്. ഇറിഗേഷനിലെയും, വാട്ടർ അതോറ റ്റിയിലേയും എഞ്ചിനീയർമാരും ഇവിടുത്തെ കൃഷി ക്കാരും പരസ്പരം ബന്ധപ്പെട്ട് ഒരു ധാരണയുണ്ടാക്കി യാൽ പ്രശ്നം പരിഹരിക്കാവുന്നതാണ്. പുന്നക്കുള ത്തിൽനിന്ന് ആരംഭിക്കുന്ന പുന്നത്തോട് ക്രമേണ വീതി കുറഞ്ഞു പോവുകയും ചിലേടത്ത് തോടുതൂർത്ത് വയ ലിന്റെ ഭാഗമാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. ഇത് ജല സേചനത്തിന് ലംഘനം സൃഷ്ടിക്കുകയും മഴക്കാലത്ത് വെള്ളപ്പൊക്കത്തിന് കാരണമാകുന്നുണ്ട്. തോട് അന ധികൃതമായി വീതി കുറയ്ക്കുന്നതും തോടുകൾ പലതും വീതികുറച്ചിട്ടും, മണ്ണിട്ടു നികത്തിയും അശാസ്ത്രീയ മായി റോഡു നിർമ്മിക്കുന്നതുമൂലം വെള്ളത്തിന്റെ ഗതി മാറ്റം വെള്ളപ്പൊക്കത്തിനും, നീർക്കെട്ടിനും കാരണമാ ക്കുന്നു. തലോഞ്ഞി വയലിൽ വെള്ളം കെട്ടനിൽക്കു ന്നത് ഇതിന്റെ ഭാഗമാണ്. ആ വയലിൽ നിന്ന് മഴവെള്ളം ഒഴിവാക്കുന്നതിന് പുതിയ സംവിധാനം ആവശ്യമാണ്.

പറമ്പിൽ ദേശത്ത് മഴക്കാലത്ത് വെള്ളം നിർബാധം ഒ കിപ്പോകാൻ സൗകര്യങ്ങളില്ല. ഭൂവിനിയോഗ നിയ നിലവിലുണ്ടെങ്കിലും അതു ശരിക്കും നടപ്പാക്കാൻ ക യാത്തതാണ് ഈ ദുഃസ്ഥിതിക്കു കാരണം. വൈദ്യു ക്കമ്മി പമ്പുസെറ്റുകൾ പ്രവർത്തിപ്പിക്കാനോ കാർഷിക വശ്യത്തിനു വേണ്ട സ്ഥലങ്ങളിൽ പുതുതായി പമ്പുക സ്ഥാപിക്കുന്നതിനോ കഴിയുന്നില്ല. ഊർജ്ജിത പ്ര സന്ധി ഒരു പ്രധാന പ്രശ്നമാണ്. ഒരു ചെറിയ പ ഹൗസ് നിർമ്മിക്കുന്നതിന് അനുവാദം ലഭിക്കാൻ വലി പ്രയാസമാണ്. CDAയിലും താലൂക്കാപ്പീസിലും കയ യിറങ്ങേണ്ട ഗതികേടും സാമ്പത്തിക ചെലവും മൂ ആവശ്യമുണ്ടെങ്കിൽ പോലും പല കൃഷിക്കാരും ഇ ദുർഘടത്തിന് മെനക്കെടാറില്ല. കുടിലുകൾ ലൈസൻസുനൽകുന്നതുപോലെ പമ്പ് ഹൗസിന് മ കെട്ടിട നിർമ്മാണ വ്യവസ്ഥകളിൽ താലൂക്ക് ഓഫ സിലെ ഫീസ് ഈടാക്കുന്നതിൽനിന്നും കൃഷിക്കാരെ ഒ വാക്കേണ്ടതാണ്.

## ചില പ്രായോഗിക നിർദ്ദേശങ്ങൾ

### (എ) ജലസേചനം

ചെറുകിട ജലസേചനം കുളങ്ങളും കൈത്തോ ടുകളും കിണറുകളും നന്നാക്കി ഉപയോഗിക്കുന്നതി ജനപങ്കാളിത്തത്തോടെ നടപ്പാക്കണം. ഇറിഗേഷൻ ക ലിന്റെ അറ്റകുറ്റപ്പണികൾ അതാത് പാടസേഖരണ സ തിക്കാരെ ഏല്പിക്കേണ്ടതും വിദഗ്ധരുടെ മേൽനോ ത്തിൽ നടത്തേണ്ടതുമാണ്.

പഞ്ചായത്തധീനതയിലുള്ള മൂന്നു കുളങ്ങള ആദ്യമായി നന്നാക്കണം. ഒന്നാം വാർഡിലെ കോല ക്കുളം ജലസമൃദ്ധമാണ്. ആ കുളം നന്നാക്കി അതിലെ വെള്ളം പമ്പുചെയ്ത് മാലേരിക്കുന്നിന്റെ അടിവാ ത്തിൽ എത്തിച്ചാൽ ധാരാളം തെങ്ങുകൾ നനക്കാ കഴിയും. കമ്യൂണിറ്റി പദ്ധതിയായി ഇത് തുടങ്ങാവു താണ്. സ്വകാര്യവ്യക്തികളുടെ കുളങ്ങൾ സൗജന്യമാ ലഭിക്കുന്നില്ലെങ്കിൽ ഒരു സാമൂഹ്യാവശ്യത്തിന്നാ അതെല്ലാം പഞ്ചായത്ത് വിലക്കെടുക്കേണ്ടതാണ്. ഏരോ കുളവും മച്ചക്കുളവും നന്നാക്കി ചെറിയ കൈത്തോ നിർമ്മിച്ച് പുന്നത്തോടുമായി വീതി കൂട്ടി നന്നാക്കു രണ്ടാം വാർഡിലെ അരോത്ത് താഴംതോടും കൂട്ടു ച്ചിക്കൽ തോടും പരസ്പരം ബന്ധിപ്പിക്കുക. പരപ്പി പടി താഴത്ത് ഒരു കിണറോ കുളമോ കുഴിച്ചാൽ വിശാലമായ ആപാടത്ത് രണ്ടും മൂന്നും വിള എടുക്കാ ജല ലഭ്യതയുള്ള ഒരു പ്രദേശമാണത്. കൂടത്തിൽ താ മുതൽ തൂർത്ത തോടിന്നു പകരം പുതിയ തോട് ഇ ഗേഷൻ തോടിന്റെ മാതൃകയിൽ നിർമ്മിക്കേണ്ടതാണ പുതിയേടത്ത് നന്നാക്കുകയും ബണ്ടും ചീർപ്പ

പ്രായോഗിക രൂപം നിർദ്ദേശിക്കേണ്ടതും അവരുടെ നേതൃത്വത്തിൽ നടപ്പാക്കേണ്ടതുമാണ്.

• പൂന്നൂർ പുഴയിൽ ചാലിയാർ പദ്ധതി നടപ്പാക്കുന്നതോട് ജല ലഭ്യതയുണ്ടായാൽ കോഴിക്കയത്ത് കീഴെ തടയണ നിർമ്മിച്ച് ലിഫ്റ്റ് ഇരിഗേഷൻ മുഖേന മുള്ളൻ പറമ്പ് പാർശ്വത്തിലൂടെ തോടുവഴി വെള്ളം പയമ്പ്രയിലേക്കും നങ്ങോറക്കുന്നിന്റെ രണ്ടുഭാഗത്തേക്കും ചെന്നിക്കോട്ട് താഴത്തേക്കും, വെള്ളക്കുഴിക്കൽ വയലിലേക്കും വെള്ളം എത്തിക്കുന്നതിനെപ്പറ്റി പരിശോധിക്കേണ്ടതാണ്. കീഴക്കാൾ കടവ് ഭാഗത്തെ വയൽ ഇപ്പോൾ അധികവും തരിശിടുന്നതാണ്. പച്ചക്കറിക്കും, വാഴ, ചേന എന്നിവ നടുന്നതിന്നും പറ്റിയ വിധത്തിൽ പാടത്ത് കിണർ കുഴിക്കുകയോ പുഴയിൽ നിന്ന് വെള്ളം പമ്പ് ചെയ്തെടുക്കുകയോ ചെയ്യാവുന്നതാണ്. ചെറാത്ത് താഴം വയലും ഇപ്രകാരം ചെയ്യാവുന്നതാണ്. കിഴക്കാൾ കടവിലെ പുറമ്പോക്ക് ഭൂമി കൃഷിക്ക് പാട്ടത്തിന്ന് നൽകേണ്ടതാണ്. കോണോട്ട് കരീപ്പുറത്ത് താഴം വയലിലും ഇപ്പോൾ നടത്തുന്ന പച്ചക്കറിത്തോട്ടം വിപുലപ്പെടുത്തേണ്ടതാണ്. ഇവിടേയും കിണർ കുഴിച്ചും, പുഴവെള്ളം പമ്പുചെയ്തും ജലസേചനം സൗകര്യപ്പെടുത്തേണ്ടതാണ്. കോണോട്ട് നമ്പീട്ടിൽ താഴത്തെ നീർക്കെട്ട് ഒഴിവാക്കുന്നതിന് ഒരു തോട് നിർമ്മിക്കുകയും പകലേടത്ത് താഴം തോട് നന്നാക്കി അതുമായി ബന്ധിപ്പിച്ചാൽ ഈ പ്രദേശത്തെ അധികമായ വെള്ളം കല്ലിട്ടപാലം വഴി കോട്ടോൺ താഴം കുളവും കോട്ടോൽ താഴം കുണ്ട് ഒരു കുളമായി വികസിപ്പിച്ച് ജലസേചനം വർദ്ധിപ്പിച്ചാൽ കോട്ടോൽതാഴം വയൽ പച്ചക്കറി കൃഷിക്കും, വാഴക്കൃഷിക്കും, മൂന്നുപുകിൽ നെൽകൃഷിക്കും പ്രയോജനപ്പെടുത്താവുന്നതാണ്. പോലൂർ അമ്പലക്കുളം ധാരാളം ജലസമ്പത്തുള്ളതാണ്. ഇത് നന്നാക്കുന്നതിനുള്ള സാദ്ധ്യത ഉണ്ടാക്കണം. പത്താം വാർഡിലെ എല്ലാ കുളങ്ങളിലും നന്നാക്കിയാൽ അയ്യപ്പാടത്തിന്നും, പുന്നവയലിലന്നും വളരെ പ്രയോജനമുണ്ടാകും. നേന്ദ്രവാഴത്തോട്ടവും, നെൽകൃഷിയും വർദ്ധിപ്പിക്കാൻ കഴിയും, കുളങ്ങളിൽ പമ്പ്സെറ്റ് സ്ഥാപിക്കണം. അയ്യപ്പാടത്ത് വലിയ കിണർ കുഴിക്കുന്നത് പ്രായോഗികമാണോ എന്ന് പരിശോധിക്കണം. അല്ലെങ്കിൽ ട്യൂബ്‌വെൽ സ്ഥാപിക്കണം. വൈദ്യുതിക്ക് കാറ്റാടിയന്ത്രമോ സൗരോർജ്ജമോ ഈ പദ്ധതികൾക്ക് അനുയോജ്യമാണോ എന്നും പരിശോധിക്കണം. നെൽകൃഷിക്കും പച്ചക്കറി കൃഷിക്കും നല്ല സാധ്യതയുള്ള പ്രദേശമാണ് വാണിയേരിതാഴം വയലും പറമ്പിൽ വയലും. കക്കോടി സബ് കനാലിന്റെയും, വട്ടത്തോട്, അരീത്തോട് എന്നിവയുടെ പ്രയോജനം പരമാവധി ഉപയോഗിക്കാൻ കഴിയണം.

സബ് കനാലിൽ നിന്ന് കിട്ടുന്ന വെള്ളം വട്ടത്തോടിലൂടെ ആ പാടശേഖരത്തിൽ ഉപയോഗിക്കുന്നുണ്ടെങ്കിലും; തോട് വീതി കൂട്ടി പാർശ്വങ്ങൾ കെട്ടി നന്നാക്കണം. കാർഷികാവശ്യത്തിന് വഴി നടക്കാനും ട്രില്ലറും മറ്റും കൊണ്ടുപോകുന്നതിനും പറ്റിയ വിധത്തിൽ അതിന്റെ പാർശ്വഭാഗം ഒരു നടപ്പാതയാക്കി വികസിപ്പിക്കണം. ജനപങ്കാളിത്തം ഗ്രാമസഭ ശുപാർശ ചെയ്ത ഈ പ്രദേശത്തെ ജലസേചന പദ്ധതികൾക്ക് മുൻഗണന നൽകേണ്ടതാണ്. 6–ാം വാർഡിൽ പീടികത്തൊടിയിൽ താഴം വയലിലേക്ക് വെള്ളം പമ്പ് ചെയ്ത് നെൽകൃഷിയും വാഴക്കൃഷിയും ഇനിയും വികസിപ്പിക്കാൻ സാധ്യതയുണ്ട്. അതുപോലെ കോണോച്ചായിലെ ജലശേഖരം പുഞ്ച കൃഷിക്കും പച്ചക്കറി കൃഷിക്കും പ്രയോജനപ്പെടുത്തുന്നതിന് പദ്ധതി നടപ്പാക്കാൻ ഒരു പാടശേഖര സമിതി രൂപീകരിക്കണം. എല്ലാ വാർഡിലും ഉള്ള വയൽ പരമാവധി ഉപയോഗിക്കാൻ ജലസേചന പദ്ധതിക്ക് ഒരു സമഗ്രമായ സർവ്വെ നടത്തണം. കുളങ്ങളും തോടുകളും പുഴവെള്ളവും എവിടെയെങ്കിലും പ്രയോജനപ്പെടുത്താൻ കഴിയും എന്നത് പരിശോധിക്കേണ്ടതാണ്. കമ്യൂണിറ്റി കിണറുകളുടെ നിർമ്മാണവും പരിഗണിക്കണം. കൂടാതെ ഭൂഗർഭജലം പ്രയോജനപ്പെടുത്തുന്നതിന് കുഴൽകിണർ നിർമ്മിക്കുന്നതിന്ന് സമഗ്രമായ ഒരു സർവ്വെ നടത്തണം.

• വിശാലമായ കുന്നിൻ മുകളിൽ മഴവെള്ളം സംഭരിച്ചുവെക്കാൻ കഴിയുമോ എന്നും പരിശോധിക്കേണ്ടതാണ്.

കൃഷിക്കാരുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തേണ്ടത് ആവശ്യമാണ്. നാളികേരത്തിന്നും, തോട്ട വിളകൾക്കം പച്ചക്കറികൾക്കും വെവ്വേറെ ഉല്പാദന – വിതരണ സഹകരണ സംഘങ്ങൾ ഉണ്ടാക്കണം. ഉല്പന്നങ്ങൾ സംസ്കരിച്ച് വിപണനം നടത്തുന്ന സാദ്ധ്യതകളും ഉണ്ടാക്കണം. ഈ സഹകരണ സംഘങ്ങളുടെ നേതൃത്വത്തിലോ പഞ്ചായത്തിന്റെ നിയന്ത്രണത്തിലോ ആഴ്ചചന്തകൾ നടത്തേണ്ടതാണ്. എല്ലാതരം കാർഷിക ഉല്പന്നങ്ങളും വിത്തുകളും, നടീൽ വസ്തുക്കളും ഇവിടെ നിന്ന് കിട്ടാൻ സംവിധാനം ഉണ്ടായാൽ ആവശ്യത്തിന് ഇതിനെല്ലാം കൃഷിഭവനെ ആശ്രയിക്കേണ്ടതില്ല.

## പൊതുനിർദ്ദേശങ്ങൾ

പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗമായ തോട്ട വിളകളും ധാന്യവിളകളും പരമാവധി ഉപയോഗപ്പെടുത്തുന്നതിന് നിലവിലുള്ള ഭൗതിക സമ്പത്തും മനുഷ്യാദ്ധ്വാനവും ശാസ്ത്ര നേട്ടങ്ങളും പരമാവധി വിനിയോഗിച്ച് ഉല്പാദനരംഗത്ത് ഒരു കുതിച്ചുചാട്ടം സൃഷ്ടിക്കുകയാണിന്ന് ആവശ്യം. വിദ്യാഭ്യാസ രീതിയുടെ തകരാറുമൂലവും കമ്പോള സംസ്കാരത്തിന്റെ ആധിക്യവും, പണിയെടുക്കുന്നതിനുള്ള വൈമുഖ്യവും

മൂലം കാർഷികവൃത്തിയോടുള്ള താല്പര്യവും കൃഷിയെ സ്നേഹിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നതിലൂടെ കൈവരുന്ന ആനന്ദവും കാവ്യാസ്വാദനം പോലെ ആനന്ദസന്തായകവും ആത്മീയമായ നിർവൃതി ദായകവുമാണെന്ന് അനുഭവത്തിലൂടെ ബോധ്യപ്പെടുത്തി ഒരു പുതിയ കാർഷിക സംസ്കാരം യുവാക്കളിലും സ്ത്രീകളിലും സൃഷ്ടിച്ചെടുക്കാനുള്ള ബോധപൂർവ്വമായ ഒരു പരിശ്രമം ആദ്യം തുടങ്ങേണ്ടിയിരിക്കുന്നു. അടുക്കളത്തോട്ട നിർമ്മാണത്തിൽകൂടെയും വിദ്യാലയത്തോട്ടത്തിൽ കൂടെയും വിദ്യാർത്ഥികളുടെ തന്നെ സ്വന്തമായ കൊച്ചുകൊച്ചു പച്ചക്കറി തോട്ടനിർമ്മാണത്തിലൂടെയും ഇത് ആരംഭിക്കാവുന്നതാണ്. ഇതിന് അധ്യാപകരും രക്ഷിതാക്കളും, വീട്ടമ്മമാരും, കൃഷി ഉദ്യോഗസ്ഥരും സഹകരിച്ച് വ്യക്തമായ പ്ലാനോടുകൂടി പ്രവർത്തിക്കേണ്ടതാണ്.

ഉദാ:– സാക്ഷരതാ പ്രവർത്തനം പോലെ, സ്കൂളുകളിൽ കുട്ടികളുടെ ബോട്ടാനിക്കൽ ക്ലബ് നിർബ്ബന്ധമാക്കേണ്ടതാണ്. അതുപോലെ യുവാക്കളുടെ അലസമായികിടക്കുന്ന മനുഷ്യാധ്വാനം കാർഷികമേഖലയിലേക്ക് തിരിച്ചു വിടുന്നതിനുള്ള ബോധപൂർവ്വമായ ഒരു പരിശ്രമം ആവശ്യമാണ്. ഏതു കൃഷിക്കും വായ്പയും, ധനസഹായവും, സബ്സിഡിയും ഉദാരമായി ലഭ്യമാക്കേണ്ടതാണ്. ഓരോ കൃഷിഭവനും കൊച്ചുകൊച്ചു കാർഷിക പഠന ഗവേഷണ സ്ഥാപനവും ഉല്പാദന കേന്ദ്രവുമായി മാറണം. മണ്ണുപരിശോദന കൃഷിരോഗങ്ങൾ കണ്ടുപിടിക്കൽ, അതിന്റെ പരിഹാരങ്ങൾ, രാസ – ജൈവ – കീടനാശിനി പ്രയോഗങ്ങൾ എന്നിവ നടത്തുകയും അത്യുല്പാദനശേഷിയുള്ള എല്ലാതരം വിത്തുകളും, കിഴങ്ങുകളും, വള്ളികളും, കമ്പുകളും, ശേഖരിക്കാനും യഥാകാലം വിതരണം നടത്താനും സൗകര്യമുണ്ടാകണം. ജലസേചന സൗകര്യം വർദ്ധിപ്പിക്കൽ, വളപ്രയോഗം കൃഷിയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ഓരോ മേഖലക്കും പ്രത്യേകം പ്രത്യേകമായുള്ള നാളികേര വികസന സമിതി, പാടശേഖരസമിതി, കുരുമുളകു വികസന സമിതി എന്നിവ ഇടയ്ക്കിടെ ചേർന്ന് ഓരോന്നിന്റെയും അഭിവൃദ്ധിക്കാവശ്യമായ വിത്തുകളും തൈകളും, നടീൽ വസ്തുക്കളും എല്ലാം മാതൃകാ കൃഷിത്തോട്ടത്തിൽ ഉണ്ടാക്കേണ്ടതാണ്. അത് കൃഷിഭവന്റെ നേതൃത്വത്തിൽ സ്വകാര്യവ്യക്തികളും സമിതികളോ സന്നദ്ധ സംഘടനകളോ ചെയ്യുന്നതിന് പ്രോത്സാഹനം നൽകേണ്ടതാണ്. അഭ്യസ്ഥ വിദ്യരും തൊഴിൽ രഹിതരും ചേർന്ന ഒരു ഭൂസേന ഓരോ വാർഡിലും രൂപീകരിക്കണം. തൊഴിലില്ലായ്മാവേതനം പറ്റുന്നവർ ഇതിൽ നിർബ്ബന്ധമായും വരണം. കൂലി വ്യവസ്ഥ അതാത് സമിതികൾ നിശ്ചയിക്കണം. ഒരു സർക്കാർ കൊണ്ടുവരുന്ന വികസന പ്രവർത്തനങ്ങൾ ചില കാർഷിക പദ്ധതികൾ മറ്റൊരു സർക്കാർ അധികാരത്തിൽ വരുമ്പോൾ മാറ്റിമറിക്കുന്ന ഒരു പ്രവണതയുണ്ട്. ഇത് കൃഷി ഉദ്യോഗസ്ഥൻമാർക്കും പ്രയാസങ്ങൾ സൃഷ്ടിക്കുന്നതാണ്. ഇത് ഒരുപക്ഷേ ഗ്രാമതലങ്ങളിൽ നിന്നുള്ള വികസന ചർച്ചകൾ മൂലം പരിഹരിക്കാൻ കഴിയുന്നതാണ്. കാർഷിക രംഗത്തെ പരിഷ്കാരങ്ങൾ ദീർഘകാല പദ്ധതികൾക്ക് ലക്ഷ്യം വെച്ചുള്ളതായിരിക്കണം. ഇന്നു നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രോത്സാഹന സമ്മാന പദ്ധതികളും ആദരിക്കലും കുറേക്കൂടി വിപുലീകരിക്കേണ്ടതുണ്ട്. അതായത് അഭ്യസ്തവിദ്യരായ യുവകർഷകർക്കും സ്ത്രീകൾക്കും ഓരോ തരം കൃഷിക്കും പ്രോത്സാഹന സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും നൽകുകയും ഇവരെ മാതൃകാ കൃഷിത്തോട്ടങ്ങൾ കാണിക്കുന്നതിനും കാർഷിക വിജ്ഞാന വിനോദയാത്ര സംഘടിപ്പിച്ച് കാർഷികാവബോധം വളർത്തേണ്ടതുമാണ്. അങ്ങനെ നാടിന്റെ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും, ഭക്ഷ്യവസ്തുക്കളുടെ സ്വയം പര്യാപ്തതക്കും കൃഷി എന്ന സ്വതന്ത്രമായ തൊഴിൽ അഭികാമ്യമാണെന്നും മാന്യതയുള്ളതും ആണെന്നും ഉള്ള ബോധം വളർത്തിയെടുക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. കൃഷിക്കാർക്കും കർഷകത്തൊഴിലാളികൾക്കും മറ്റു തൊഴിലിൽ ഏർപ്പെടുന്നതുവരെപോലെ ബോണസ്സും, പെൻഷൻ പദ്ധതികളും നടപ്പാക്കേണ്ടതാണ്. വിള ഇൻഷൂറൻസും ലൈഫ് ഇൻഷൂറൻസും ഏർപ്പെടുത്തി കൃഷിക്കും കർഷകനും സുരക്ഷിതത്വം സൃഷ്ടിക്കേണ്ടതാണ്. സമൂഹത്തിന്റെ സമ്പത്തുല്പാദിപ്പിക്കുന്ന കർഷകത്തൊഴിലാളിയും കൃഷിക്കാരും സമാദരണീയരും മാന്യതയുള്ളവരുമാണെന്ന് അവസ്ഥ സൃഷ്ടിച്ചെടുക്കണം.

OOO



# 3

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

## മൃഗസംരക്ഷണം

നമ്മുടെ പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ പശു, ആട് എന്നിവയാണ്. ചെറിയ തോതിൽ ഉഴവു കാളകളും വളർത്തപ്പെടുന്നു. കൃഷിയോടുള്ള താത്പര്യ കുറവാണ് ഉഴവുകാളകളുടെ വളർത്തലിൽ കുറവ് വരാൻ കാരണം. വളർത്തു പക്ഷികളിൽ പ്രധാനം കോഴിയാണ്. പഞ്ചായത്തിലെ 90% വീടുകളിലും കോഴികളെ വളർത്തുന്നുണ്ട്. വിനോദത്തിനെന്നോണം ചെറിയ തോതിൽ താറാവുകളെയും പ്രാവുകളെയും വളർത്തുന്നുണ്ട്. പഞ്ചായത്തിലിപ്പോൾ 2733 പശുക്കളെ വളർത്തുന്നുണ്ട്. 2685 സങ്കരയിനം പശുക്കളിൽ 714 എണ്ണം കറവയില്ലാത്തവയാണ്. 48 നാടൻ പശുക്കളിൽ 22 എണ്ണം കറവയില്ലാത്തവയാണ്. പഞ്ചായത്തിലിപ്പോൾ 285 കാളകളെയും 1484 ആടുകളെയും 979 പട്ടികളെയും നാമമാത്രമായി വിനോദത്തിനു വേണ്ടി മുയലുകളെയും വളർത്തുന്നുണ്ട്.

വളർത്തു മൃഗങ്ങളുടെ എണ്ണം ക്രമേണ കുറഞ്ഞ് വരുന്നതായി കാണപ്പെടുന്നു. നെൽകൃഷി കുറഞ്ഞതും കാർഷിക രംഗത്തെ യന്ത്രവൽക്കരണവും ഇതിന് കാരണങ്ങളാണ്. റോഡുകളും വാഹനങ്ങളും വർദ്ധിച്ചതോടെ വണ്ടിക്കാളകളുടെ എണ്ണം ഗണ്യമായി കുറഞ്ഞു. നിരന്തരമായി ഉണ്ടാവുന്ന കോഴിവസന്ത കോഴികളുടെ എണ്ണത്തിലും കുറവു വരുത്തി.

പഞ്ചായത്തിൽ പ്രതിദിനം ഏകദേശം 6000 ലിറ്റർ പാൽ ഉൽപാദിപ്പിക്കുന്നുണ്ട്. ഇതിൽ 1000 ലിറ്ററോളം മാത്രമെ കുരുവട്ടൂർ ക്ഷീര വ്യവസായ സഹകരണ സംഘം ശേഖരിക്കുന്നുള്ളൂ. പഞ്ചായത്തിലെ ഏക ക്ഷീര വ്യവസായ സ്ഥാപനത്തിന് ഉൽപ്പാദിപ്പിക്കപ്പെടുന്ന പാലിൽ ഭൂരിഭാഗവും ശേഖരിക്കാൻ കഴിയാത്തതിനാൽ ശേഷിക്കുന്ന പാൽ മറ്റു പല വിധേനയും വിൽക്കപ്പെടുന്നു. കാലിത്തീറ്റയുടെ വിലവർദ്ധനവ്, വൈക്കോലിന്റെയും പുല്ലിന്റെയും ലഭ്യതക്കുറവ് ചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തത തുടങ്ങിയവ കാലിവളർത്തലിനെ പൊതുവിൽ നിരുത്സാഹപ്പെടുത്തുന്ന ഘടകങ്ങളാണ്. എല്ലാ പാലുല്പാദകരും മിൽക്ക് സൊസൈറ്റിയിൽ അംഗങ്ങളല്ല. അംഗത്വം ലഭിക്കുന്നില്ലെന്ന് ചില ഗ്രാമസഭകളിൽ നിന്നും പരാതി ഉയർന്നു വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ പാലുൽപാദകരെ മുഴുവൻ അംഗങ്ങളാക്കിയും എല്ലാ വാർഡുകളിലും കൂടുതൽ സംഭരണ

കേന്ദ്രങ്ങൾ ആരംഭിച്ചുകൊണ്ടും ഈ സ്ഥാപനത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്.

വളർത്തു മൃഗങ്ങളുടെ ചികിത്സക്കായി പയിമ്പ്ര യിലും പറമ്പിലുമായി രണ്ട് സബ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ 96 ഏപ്രിൽ മുതൽ കുരുവട്ടൂരിൽ ഒരു മൃഗാശുപത്രിയും പ്രവർത്തനമാരംഭിച്ചിരിക്കുന്നു. ഇവയുടെ സൗകര്യങ്ങൾ പഞ്ചായത്തിലെ മറ്റു പ്രദേശങ്ങളിലേക്ക് വേണ്ടത്ര ലഭിക്കുന്നില്ല. 4, 5, 6, 7 വാർഡുകളിലുള്ളവർക്ക് കിലോമീറ്ററുകൾ താണ്ടി വേണം ചികിത്സാ കേന്ദ്രങ്ങളിലെത്താൻ. സമയത്തിന് ചികിത്സ കിട്ടാതെ കാലികൾ ചാകുന്ന സാഹചര്യം ഇത് മൂലം ഉണ്ടാവാറുണ്ട്. സ്ഥിരമായി ഡോക്ടറില്ലാത്ത പഞ്ചായത്ത് മൃഗാശുപത്രി ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്ഥിരമായി ഒരു ഡോക്ടറുടെ സേവനം ലഭ്യമാക്കിയും ആവശ്യമായ ജീവനക്കാരെ നിയമിച്ചുകൊണ്ടും ആശുപത്രിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്.

തൊണ്ടവീക്കം, അകിടുവീക്കം, കുളമ്പ് രോഗം, ഉദരരോഗം, പനി എന്നിവയാണ് കാലികളിൽ പൊതുവെ കണ്ടുവരുന്ന രോഗങ്ങൾ. രോഗ പ്രതിരോധ നടപടികളെക്കുറിച്ചും, ശുചിത്വത്തെക്കുറിച്ചും കാലികർഷകരിൽ നിലനിൽക്കുന്ന അറിവില്ലായ്മ രോഗങ്ങൾ തുടക്കത്തിലെ ചികിത്സിച്ച് മാറ്റുന്നതിന് തടസ്സമാവുന്നുണ്ട്.

കരുവട്ടൂർ പഞ്ചായത്തിൽ 3 ഗോബർ ഗ്യാസ് പ്ലാന്റുകൾ നിലവിലുണ്ട്. കൂടുതൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സാധ്യതയുണ്ടെങ്കിലും കർഷകരിലെ അജ്ഞത ഇതിന് തടസ്സമായി നിൽക്കുന്നു. ഒരു വീട്ടിലെ പാചകത്തിനും വെളിച്ചത്തിനും വേണ്ടിവരുന്ന ഇന്ധനത്തിന്റെ വലിയൊരുഭാഗം ഗോബർഗ്യാസ് പ്ലാന്റുണ്ടെങ്കിൽ കണ്ടെത്താൻ കഴിയും. മൃഗസംരക്ഷണവകുപ്പ് മുഖേന ഗോബർഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് സബ്സിഡിയുണ്ടെങ്കിലും ഇവയൊന്നും തന്നെ ജനങ്ങളിലെത്തിയിട്ടില്ല.

കൃഷിക്കാവശ്യമായ ജൈവ വളത്തിന്റെ വലിയൊരു പങ്ക് നിറവേറ്റാൻ കാലിവളർത്തലിലൂടെ കഴിയുമെങ്കിലും പൊതുവിൽ കൃഷി (പ്രത്യേകിച്ച് നെൽകൃഷി) ലാഭകരമല്ലാതായതോടെ കാലി കൃഷിക്കും മാന്ദ്യം സംഭവിച്ചിരിക്കുന്നു.

ഇറച്ചിക്ക് വേണ്ടി വൻതോതിൽ കോഴികളെ മറ്റു പ്രദേശങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന ഒരു സ്ഥിതിയാണ് ഇന്ന് പഞ്ചായത്തിലുള്ളത്. കോഴി വളർത്തലിന്റെ വൻ സാദ്ധ്യതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

ഇറച്ചി ആവശ്യത്തിനല്ലാതെ മുഖ്യമായും കൗതുകത്തിന് വേണ്ടിയാണ് പലരും ചില വീടുകളിലെങ്കിലും മുയലിനെ വളർത്തുന്നത്. വംശോത്പാദനനിരക്ക് കൂടുതലായതുകൊണ്ട് ഇറച്ചി ആവശ്യത്തിന് മുയലിനെ വളർത്തുകയാണെങ്കിൽ വളരെ ലാഭകരമായിരിക്കും.

## പ്രധാന പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ വില കൂടുതൽ

2. തീറ്റപ്പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ്

3. മൃഗചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത

4. കോഴികൾക്കുണ്ടാവുന്ന രോഗങ്ങൾ തടയാൻ ഫലപ്രദമായ സംവിധാനമില്ലായ്മ

5. അലഞ്ഞ് തിരിഞ്ഞു നടക്കുന്ന നായ്ക്കളുടെ ശല്യം.

6. കാലികളെ വളർത്തുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കാൻ പ്രയാസം

## സാദ്ധ്യതകൾ

1. കാലി കർഷകർക്ക് പുല്ല് വളർത്താനാവശ്യമായ വിത്ത് സൗജന്യമായോ കുറഞ്ഞ നിരക്കിലോ കൃഷിഭവൻ മുഖേനയോ, പാൽ സൊസൈറ്റി മുഖേനയോ നൽകണം.

2. കാലി കർഷകർക്ക് കുറഞ്ഞ നിരക്കിൽ കാലിത്തീറ്റ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

3. പാലിന് ന്യായമായ വില ലഭ്യമാക്കി വ്യവസായികാടിസ്ഥാനത്തിൽ പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കേണ്ടതാണ്.

4. ഉൽപ്പാദിപ്പിക്കപ്പെടുന്ന പാൽ മുഴുവനായും സംഭരിക്കത്തക്ക വിധത്തിൽ മിൽക്ക് സൊസൈറ്റി കൂടുതൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കേണ്ടതുണ്ട്.

5. മൃഗ ചികിത്സാ സൗകര്യങ്ങൾ ഫലപ്രദമാക്കുന്നതിന് കോണോട്ട്, ചെറുവറ്റ, മെച്ചക്കുളം, പൊയിൽതാഴം എന്നിവിടങ്ങളിൽ സബ് സെന്ററുകൾ സ്ഥാപിക്കണം.

6. കാലികൾക്ക് വരുന്ന കുളമ്പ് രോഗം, അകിട് വീക്കം, തൊണ്ട വീക്കം, കോഴികൾക്ക് ഉണ്ടാകുന്ന രോഗങ്ങൾ തുടങ്ങിയവയ്ക്കാവശ്യമായ വാക്സിനുകൾ വീടുകളിൽ ചെന്ന് നൽകാനാവശ്യമായ നടപടികൾ കൈക്കൊള്ളണം.

7. മൃഗങ്ങളെ വളർത്താൻ ദുർബല വിഭാഗങ്ങൾക്ക് ലോൺ അനുവദിക്കുകയും ജനകീയ കമ്മിറ്റികൾ പരിശോധിക്കുകയും വേണം.

8. പഞ്ചായത്തിലേക്ക് മൊത്തം ആവശ്യമായ ഇറച്ചിക്കോഴികൾ ഇവിടത്തെന്നെ ഉൽപ്പാദിപ്പിക്കുന്നതിന് വേണ്ടി ഒന്നോ, രണ്ടോ കേന്ദ്രങ്ങളിൽ സഹകരണാടിസ്ഥാനത്തിൽ കോഴി വളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കണം.

9. സഹകരണാടിസ്ഥാനത്തിൽ ഒരു കോഴിക്കുഞ്ഞ് ഉല്പ്പാദന കേന്ദ്രം സ്ഥാപിച്ച് എല്ലാ വാർഡുകളിലെയും തെരഞ്ഞെടുത്ത വീടുകളിൽ കോഴി വളർത്തൽ ആരംഭിക്കുക.

10. ബയോഗ്യാസ് വീടുകളിൽ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായവും ബോധവൽക്കരണവും അത്യാവശ്യമാണ്.

11. വളർത്തു നായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കണം. അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന നായ്ക്കളെ പിടിച്ച് കൊല്ലേണ്ടതാണ്.

## മത്സ്യബന്ധനം

മത്സ്യബന്ധനത്തിന് സാധ്യത വളരെ കുറഞ്ഞ ഒരു പ്രദേശമാണ് കുരുവട്ടൂർ പഞ്ചായത്ത്. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരാരും തന്നെ ഇവിടെയില്ല. പഞ്ചായത്തിലെ 4, 5, 6, 8, 11 വാർഡുകളുമായി ബന്ധപ്പെട്ടുകൊണ്ടാണ് പൂന്നൂർ പുഴ ഒഴുകുന്നത്. വർഷകാലത്ത് കവിഞ്ഞൊഴുകുകയും വേനൽക്കാലത്ത് വരണ്ടു പോവുകയും ചെയ്യുന്നത് കൊണ്ട് മത്സ്യബന്ധനത്തിന് സാധ്യത വളരെ കുറവാണ്. 27ഓളം കുളങ്ങളും, 11-ാം വാർഡിലെ "കോണോച്ചാലി" എന്നറിയപ്പെടുന്ന പുഞ്ച പ്രദേശവും, ഏതാനും പാറക്കുളങ്ങളുമാണ് പഞ്ചായത്തിലെ മറ്റു ജലായശങ്ങൾ. ഇവിടങ്ങളിൽ ശുദ്ധ ജല മത്സ്യകൃഷിക്ക് വളരെയേറെ സാധ്യതയുണ്ട്. 4-ാം വാർഡിലെ "ഇരട്ടിച്ചാലിൽ പറമ്പിൽ" പാറക്കുളത്തിൽ ചെമ്മീൻ കൃഷി നടത്തുന്നതിനായി സ്ഥലമുടമ മുന്നോട്ട് വന്നിട്ടുണ്ട് പഞ്ചായത്തിൽ നിലവിൽ മത്സവളർത്തു കേന്ദ്രങ്ങളില്ലെങ്കിലും സാമ്പത്തിക സഹായങ്ങളും വേണ്ട ഉപദേശങ്ങളും നൽകുകയാണെങ്കിൽ ഒട്ടേറെ പേർ ഈ രംഗത്തേക്ക് കടന്നുവരാൻ സാധ്യതയുള്ളതായി കാണുന്നു.

പഞ്ചായത്തിൽ പറമ്പിൽബസാറിൽ നിർമ്മിച്ച ഏക മത്സ്യമാർക്കറ്റ് മാത്രമെ ഉള്ളുവെങ്കിലും പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും കടൽമത്സ്യം ലഭ്യമാണ്. മത്സ്യ വില്പന കേന്ദ്രങ്ങളായ പുല്ലാളൂർ, കുമ്മങ്ങോട്ട് താഴം, പയമ്പ്ര, ചെറുവറ്റ, കരുവട്ടൂർ എന്നിവിടങ്ങളിൽ മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കേണ്ടതാണ്. വില്പന കേന്ദ്രങ്ങൾക്ക് പുറമെ സഞ്ചരിച്ചു വില്പന നടത്തുന്ന മത്സ്യവിതരണക്കാർ പഞ്ചായത്തിൽ ഒട്ടേറെയുണ്ട്. ഒരു പ്രത്യേക മത വിഭാഗത്തിൽ പെട്ടവരാണ് മത്സ്യവിതരണ തൊഴിലാളികളിൽ കൂടുതലായുള്ളതെങ്കിലും നാമമാത്രമായി. മറ്റു വിഭാഗങ്ങളിലുള്ളവരും ഈ തൊഴിലിൽ ഏർപ്പെട്ടു വരുന്നു.

### സാദ്ധ്യതകൾ

പഞ്ചായത്തിലെ മത്സ്യവിതരണ തൊഴിലാളികൾക്കായി ഒരു സഹകരണസംഘം സ്ഥാപിക്കേണ്ടതാണ്.

പഞ്ചായത്തിലെ ശുദ്ധജലാശയങ്ങളിൽ മത്സ്യകൃഷിക്കുള്ള സാദ്ധ്യതകൾ ഉപയോഗപ്പെടുത്തേണ്ടതാണ്.

പഞ്ചായത്തിൽ പുല്ലാളൂർ, കുമ്മങ്ങോട്ട് താഴം, പയമ്പ്ര, ചെറുവറ്റ എന്നീ കേന്ദ്രങ്ങളിൽ മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കേണ്ടതാണ്.

പറമ്പിൽ ബസാറിലെ റോഡിൽ വെച്ചുള്ള മത്സ്യ വിതരണം നിർബന്ധമായും മാർക്കറ്റിലേക്ക് മാറ്റേണ്ടതാണ്.

ooo

# 4

# വ്യവസായം

ഒരു രാജ്യത്തിന്റെ പുരോഗതി തീരുമാനിക്കുന്നതിൽ വ്യവസായ പുരോഗതിക്കു കാര്യമായ പങ്കുണ്ട്.

കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് വ്യവസായ രംഗത്ത് വളരെ പിന്നോക്കാവസ്ഥയിലാണ്. ഈ പഞ്ചായത്തിൽ വൻകിട വ്യവസായങ്ങൾ സ്വകാര്യമേഖലയിലോ പൊതു മേഖലയിലോ ഇല്ല. ഈ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതും അല്ലാത്തതുമായി 52ഓളം ചെറുകിട വ്യവസായ യൂണിറ്റുകൾ വിവിധ മേഖലയിലായി പ്രവർത്തിക്കുന്നുണ്ട്. 196 ഓളം തൊഴിലാളികൾ ഈ മേഖലയിൽ ജോലിചെയ്യുന്നു. ഇതിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്.

പരമ്പരാഗത വ്യവസായ മേഖലയിൽ മൺപാത്ര നിർമാണം, കയർപിരി, നെയ്ത്, പായ നിർമ്മാണം എന്നിവ പ്രധാനമാണ്. ഈ വ്യവസായങ്ങൾ പലതും ഇപ്പോൾ ഇല്ലാതായിക്കൊണ്ടിരിക്കുന്നു.

ചെറുകിട വ്യവസായ യൂണിറ്റുകളുടെ പട്ടിക

| ക്രമ നമ്പർ | വ്യവസായം | എണ്ണം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | കൊപ്രവ്യവസായം | 1 | 10 |
| 2 | അച്ചടി | 2 | 5 |
| 3 | പപ്പടം | 5 | 16 |
| 4 | ഖാദി മേഖല | 1 | 2 |
| 5 | വെൽഡിംഗ് ഇൻഡസ്ട്രീസ് | 6 | 30 |
| 6 | ഈർച്ചമിൽ | 3 | 12 |
| 7 | ജില്ലി മെയ്ക്ക് | 1 | 7 |
| 8 | റെഡിമെയ്ഡ് | 4 | 8 |
| 9 | ഹോളോ ബ്രിക്സ് | 3 | 9 |
| 10 | വുഡ് ഇൻഡസ്ട്രീസ് | 3 | 9 |

| | | | |
|---|---|---|---|
| 11 | എണ്ണമിൽ | 5 | 10 |
| 12 | ഫ്ളോർമിൽ | 7 | 14 |
| 13 | ക്ഷീരവ്യവസായം | 1 | 12 |
| 14 | ബോഡിബിൽഡിംഗ് വർക്ക് ഷോപ്പ് | 2 | 10 |
| 15 | പ്ലാസ്റ്റിക് നിർമ്മാണം | 1 | 2 |
| 16 | പെയിന്റ് നിർമ്മാണം | 1 | 5 |
| 17 | സോപ്പ് നിർമ്മാണം | 1 | 5 |
| 18 | അവിൽ നിർമാണ യൂണിറ്റ് | 1 | 5 |
| 19 | നീറ്റുകക്ക വ്യവസായം | 2 | 4 |
| 20 | ഭക്ഷ്യ സംസ്ക്കരണം | 3 | 25 |
| | | 52 | 196 |

## പരമ്പരാഗത് വ്യവസായം

### പ്രശ്നങ്ങൾ

പരമ്പരാഗത വ്യവസായങ്ങൾ നമ്മുടെ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്നത് നശിച്ചുകൊണ്ടിരിക്കുന്നു. അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യം, മാർക്കറ്റിലെ കിടമത്സരം, ജനങ്ങളുടെ ആഭിമുഖ്യമില്ലായ്മ എന്നിവയാണ് ഇതിനുള്ള കാരണങ്ങൾ. മൺപാത്ര വ്യവസായത്തിനുള്ള സാധ്യതകൾ കൂടുതലുള്ള നമ്മുടെ പഞ്ചായത്തിൽ ഈ രംഗത്ത് കാര്യമായ ശ്രദ്ധ പതിപ്പിക്കണം. വിപണനത്തിനുള്ള സാദ്ധ്യതകൾ വിപുലീകരിക്കണം.

### സാധ്യതകൾ

നമ്മുടെ പഞ്ചായത്തിൽനിന്നും വിദ്യാഭ്യാസസമ്പന്നരായ യുവതീയുവാക്കൾ ജോലി ചെയ്യുന്നതിനുവേണ്ടി കോഴിക്കോട് പട്ടണത്തിലെത്തുകയാണ്. ഖാദിനെയ്തു വ്യവസായത്തിലും, അച്ചാർ നിർമ്മാണത്തിലും റെഡിമെയ്ഡു വസ്ത്രനിർമ്മാണത്തിലും പട്ടണപ്രദേശങ്ങളിൽ പോയി ജോലിചെയ്യുന്നുണ്ട്. ഇവരെ ഉപയോഗപ്പെടുത്തി നമ്മുടെ പഞ്ചായത്തിൽതന്നെ ഇത്തരം ചെറുകിട വ്യവസായങ്ങൾ സഹകരണ മേഖലയിൽ ആരംഭിക്കാവുന്നതാണ്. ഈ പഞ്ചായത്തിൽനിന്നും ഏകദേശം 350 പേർ വിദേശങ്ങളിൽ ജോലി ചെയ്യുന്നുണ്ട്.

**ടൂറിസ വികസനം:** സർക്കാർ ടൂറിസത്തെ വ്യവസായത്തിൽ ഉൾപ്പെടുത്തിയിരിക്കുയാണ്. കുരുവട്ടൂർ പഞ്ചായത്തിലെ 'തുറവിൽകോട്ട' നൂറ്റാണ്ടുകൾ പഴക്കമുള്ളതും, കുരങ്ങൻമാരും, ഏറ്റവും വലിയ മരങ്ങളും, ഏറ്റവും മൂല്യമുള്ള ഔഷധച്ചെടികൾ, വിവധ തരം പക്ഷികളുടെയും സങ്കേതമാണ്. ഇത് സുമാർ 12 ഏക്രയോളം വിസ്തീർണ്ണം വരും. തൊട്ടടുത്ത് പൂന്നൂർ പുഴയുണ്ട്. വിദേശികളെ അടക്കം ആകർഷിക്കുവാൻ കഴിയുന്ന പ്രദേശമാണ് ഇത്. ഒരു കുട്ടികളുടെ പാർക്കും, ബോട്ടിംഗ് ക്ലബ്ബും സ്ഥാപിച്ചാൽ ഇത് പഞ്ചായത്തിന്റെ വരുമാനമാർഗ്ഗമാക്കി മാറ്റാം.

## ഗ്രാമസഭാനിർദ്ദേശങ്ങൾ

| | |
|---|---|
| 1 | റെഡിമെയ്ഡ് നിർമ്മാണം |
| 2 | കവർ നിർമ്മാണം |
| 3 | തീപ്പെട്ടി വ്യവസായം |
| 4 | സോപ്പ് നിർമ്മാണം |
| 5 | കളിമൺ വ്യവസായം |
| 6 | അച്ചാർ, സ്ക്വാഷ് നിർമ്മാണം |
| 7 | വനിതാ വ്യവസായ സംരംഭങ്ങൾ |
| 8 | നാളികേരവ്യവസായം |
| 9 | പ്രിന്റിംഗ് കോംപ്ലക്സ് |
| 10 | ഇഷ്ടികനിർമ്മാണം |

## നിർദ്ദേശങ്ങൾ

1 പഞ്ചായത്തിലെ മുഖ്യ വിളയായ നാളികേരത്തിൽനിന്നും ഉണ്ടാക്കാവുന്ന വ്യാവസായിക ഉൽപ്പന്നങ്ങളായ വെളിച്ചെണ്ണ, നാളികേരപ്പൊടി, ശീതള പാനീയങ്ങൾ, പച്ചതൊണ്ടിൽനിന്നും ചകിരിനാര് ഉത്പാദിപ്പിച്ച് വിവിധ തരം കയറുല്പന്നങ്ങൾ ഉണ്ടാക്കുക. ചിരട്ടയിൽ നിന്നും കരി ഉൽപാദിപ്പിക്കാം.

2. തഴപായ നിർമ്മാണത്തിന് ആവശ്യമായ അസംസ്കൃത വസ്തുവായ കൈതയോല നമ്മുടെ പഞ്ചായത്തിലെ 6,8,9 വാർഡുകളിൽ സുലഭമാണ്. ഇത് ഉപയോഗിച്ച് പായ നിർമ്മാണം മറ്റു കൗതുക വസ്തുക്കൾ എന്നിവ സഹകരണാടിസ്ഥാനത്തിൽ നിർമ്മിക്കുക.

3. റെഡിമെയ്ഡ് വ്യവസായം തുടങ്ങാനാഗ്രഹിക്കുന്ന സംരംഭകർക്ക് പ്രസ്തുത രംഗത്തുള്ള നവീന രീതികളെ പറ്റിയും അതിന്റെ വിപണന സാധ്യതകളെപ്പറ്റിയും വിദഗ്ധ പരിശീലനം നൽകണം.

4. ചെറുകിട വ്യവസായ സംരംഭകർക്ക് അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായങ്ങൾ നല്കുന്നതിന്നും പഞ്ചായത്തിൽ ഒരു മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് സ്ഥാപിക്കണം.

5. ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക.

6. വ്യവസായ രംഗത്തേക്ക് വരുന്നവർക്ക് വൈദ്യുതി ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള വൈദ്യുതിലൈനുകൾ 3 ഫേസുകളാക്കി മാറ്റുവാൻ വേണ്ടി നടപടി സ്വീകരിക്കണം.

ആവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കണം.

7. ആവശ്യമായ സ്ഥലങ്ങളിൽ ഗതാഗതസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

8. ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിന് വിപണി കണ്ടെത്തണം.

9. വ്യവസായ സംരഭകർക്ക് സാങ്കേതിക പരിജ്ഞാനം നൽകുന്നതിന് പരിശീലനം നൽകുക.

10. പഞ്ചായത്ത് തലത്തിൽ വ്യവസായ വകുപ്പിന്റെ കാര്യാലയം സ്ഥാപിച്ച് തൊഴിൽ സംരംഭകർക്കു 'സിങ്കിൾ വിൻഡോ' സമ്പ്രദായംവഴി എല്ലാ മാർഗ്ഗ നിർദ്ദേശങ്ങളും നൽകുക.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമം നിശ്ചയിച്ച് നടപ്പാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ ഏതാനും വർഷങ്ങൾക്കുള്ളിൽ ചെറുകിട വ്യവസായരംഗത്ത് കുതിച്ചുചാട്ടം നടത്തുവാൻ കഴിയും. എല്ലാറ്റിനും അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുന്നതിന് പകരം, നമ്മുടെ നിത്യോപയോഗ സാധനങ്ങൾ ഇവിടെതന്നെ ഉത്പാദിപ്പിക്കാൻ കഴിയും. നമ്മുടെ പഞ്ചായത്തിലെ കാർഷിക വിളകളെ പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിലില്ലാത്ത യുവതി യുവാക്കൾക്ക് തൊഴിൽ നൽകുവാനും കഴിയും. പഞ്ചായത്തിന്റെ മൊത്തം വരുമാനം വർദ്ധിപ്പിക്കാനും, ആളോഹരി വരുമാനം വർദ്ധിപ്പിക്കുവാനും ഇതുമൂലം കഴിയും. ഇത് മൂലം ജനങ്ങളുടെ സാമൂഹ്യ, സാമ്പത്തിക സാംസ്കാരിക പുരോഗതിക്ക് ആക്കം കൂട്ടുന്നതിന്നും പുതിയ വികസന സംസ്കാരം രൂപപ്പെടുത്തുവാനും കഴിയും.

ooo



# 5

# വിദ്യാഭ്യാസം

ആദ്യകാലങ്ങളിൽ നമ്മുടെ പഞ്ചായത്തിന്റെ പല ഭാഗത്തും നാട്ടാശാന്മാരുടെ എഴുത്ത് പള്ളികൾ ഉണ്ടായിരുന്നു. പൂർവ്വീകന്മാർ എഴുത്തും വായനയും ശീലിച്ചത് അവിടെനിന്ന് ആയിരുന്നു. കാലക്രമേണ ഇപ്ര കാരമുള്ള എഴുത്തുപള്ളികളിൽ ചിലത് വിദ്യാഭ്യാസ സ്ഥാപനങ്ങളായി ഉയർന്നു. പിന്നീട് ഈ സ്ഥാപനങ്ങ ളിൽ ചിലത് ഗവർമേണ്ടിന്റെ അധീനതയിലുള്ള താലൂക്ക് ബോർഡു സ്കൂളുകളും ജില്ലാ ബോർഡ് സ്കൂളുകളു മായി മാറി.

നമ്മുടെ പഞ്ചായത്തിൽ ആദ്യമായി ബോർഡ് സ്കൂൾ ആരംഭിച്ചത് പഞ്ചായത്തിന്റെ ആസ്ഥാനമായ പയപ്രയിലാണ്. ഏകദേശം ഒരു നൂറ്റാണ്ടിനു മമ്പ് പയിമ്പ്രയിലെ പാവുക്കണ്ടി യിൽ വെച്ച് കൃഷ്ണൻ എഴുത്തച്ഛൻ തുടങ്ങിയ എഴുത്തുപള്ളി 1883ൽ തവണൂക്കണ്ടിയിലേക്ക് മാറ്റുകയും ഒരു പ്രൈമറി സ്കൂൾ ആയി പ്രവർത്തനം തുടങ്ങുകയും ചെയ്തു. പിന്നീട് ഈ സ്കൂൾ 1928ൽ ജില്ലാ ബോർഡ് ഏറ്റെടുക്കുകയും എട്ടാം തരം വരെയുള്ള സ്കൂൾ ആക്കി ഉയർത്തുകയും ചെയ്തു. സ്കൂളിലെ ആദ്യത്തെ അദ്ധ്യാപകൻ കൃഷ്ണൻമാസ്റ്റർ ആയി രുന്നു. 1962ലാണ് പത്താം തരം വരെയുള്ള ഹൈസ്കൂൾ ആയി മാറിയത്. നമ്മുടെ പഞ്ചായത്തിൽ ശതാബ്ദി ആഘോഷിച്ച ആദ്യ വിദ്യാലയമാണിത്.

നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം താഴെക്കൊടുത്തിരിക്കുന്നു.

| | |
|---|---|
| ഹൈസ്കൂളുകൾ | 2 |
| യു.പി.സ്കൂളുകൾ | 2 |
| എൽ.പി. സ്കൂളുകൾ | 9 (2 സ്കൂളുകളിൽ 5-ാം ക്ലാസും പ്രവർത്തിക്കുന്നു) |
| ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂൾ | 1 |
| ഒന്നാം തരം മുതൽ നാലാംതരം വരെയുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ | 1 (അംഗീകാരമില്ലാത്തത്) |
| തുന്നൽ പരിശീലന കേന്ദ്രവും ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും | 10 |
| ട്യൂട്ടോറിയൽ കോളേജ് | 6 |
| വായനശാലകൾ | 7 |
| ഗ്രന്ഥശാലകൾ | 5 |

ഇവയിൽ സർക്കാർ മേഖലയിൽ രണ്ട് ഹൈസ്കൂളുകളും ഒരു ലോവർ പ്രൈമറി സ്കൂളും ബാക്കി സ്കൂളുകൾ സ്വകാര്യമേഖലയിലുമാണ്.

ഹൈസ്കൂൾ വിഭാഗത്തിൽ മൊത്തം 47 അദ്ധ്യാപകരുണ്ട്. അതിൽ 20 പുരുഷന്മാരും 27 സ്ത്രീകളുമാണ്. 1388 വിദ്യാർത്ഥികളിൽ 748 ആൺകുട്ടികളും 645 പെൺകുട്ടികളുമാണ്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ 120 കുട്ടികളിൽ 69 ആൺകുട്ടികളും 51 പെൺകുട്ടികളും ഉൾപ്പെടുന്നു.

അപ്പർപ്രൈമറി വിഭാഗത്തിൽ 47 അദ്ധ്യാപകരിൽ 31 പുരുഷന്മാരും 16സ്ത്രീകളുമാണ്. ആകെ വിദ്യാർത്ഥികളുടെ എണ്ണം 1506. ആൺകുട്ടികൾ 786 പെൺകുട്ടികൾ 720. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ 184 കുട്ടികളിൽ 100 ആൺകുട്ടികളും 84 പെൺകുട്ടികളുമാണ്.

എൽ.പി. വിഭാഗത്തിൽ 76 അദ്ധ്യാപകരുള്ളതിൽ 36 പുരുഷന്മാരും 40 സ്ത്രീകളുമാണ്. ആകെ വിദ്യാർത്ഥികൾ 1879. ആൺകുട്ടികൾ 973 പെൺകുട്ടികൾ 906.

120 പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ 69 ആൺകുട്ടികളും 51 പെൺകുട്ടികളുമാണ്.

മറ്റ് ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ പറമ്പിൽ ഗവർമേണ്ട് ഹൈസ്കൂളിന് വേണ്ടത്ര കെട്ടിമോ ഫർണീച്ചറുകളോ ഇല്ല.

അപ്പർ പ്രൈമറി വിഭാഗത്തിലും, ലോവർ പ്രൈമറി വിഭാഗത്തിലും വേണ്ടത്ര കെട്ടിട സൗകര്യങ്ങൾ ഉണ്ടെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. എന്നാൽ ഫർണീച്ചറി കാര്യത്തിൽ രണ്ട് യു.പി. സ്കൂളുകൾ. ഒഴികെ മറ്റ സ്കൂളുകളിലും വേണ്ടത്ര ഇല്ലെന്നും കാണുന്നു.

അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സ ന്ധിച്ച വിവരങ്ങൾ, ക്ലാസ് തല വിദ്യാർത്ഥികളെ സ ന്ധിച്ച വിവരങ്ങൾ, അക്കാഡമിക് നിലവാരം, ക കൾക്ക് ലഭിച്ചിട്ടുള്ള അവാർഡുകളെ സംബന്ധിച്ച വ രങ്ങൾ, മുതലായവയെ സംബന്ധിച്ച വിശദവിവരങ്ങ അനുബന്ധമായി താഴെക്കൊടുത്തിട്ടുള്ള പട്ടികകള നിന്ന് വ്യക്തമാക്കാവുന്നതാണ്.

പട്ടിക 1

അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരങ്ങൾ

| സ്കൂളുകൾ | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | |
|---|---|---|---|---|---|---|
| | ആണ് | പെണ്ണ് | ആകെ | ആണ് | പെണ്ണ് | ആ |
| എച്ച്.എസ് | 20 | 27 | 47 | 748 | 640 | |
| യു.പി.എസ് | 31 | 16 | 47 | 786 | 720 | 1 |
| എൽ.പി. | 36 | 40 | 76 | 973 | 906 | 1 |
| ആകെ | 87 | 83 | 170 | 2506 | 2264 | 4 |

താഴെക്കൊടുത്തിരിക്കുന്ന പട്ടികയിൽ ക്ലാസ് ത്തിൽ കുട്ടികളെ സംബന്ധിക്കുന്ന വിശദവിവരങ്ങ നല്കിയിരിക്കുന്നു.

പട്ടിക 2

സ്റ്റാൻഡേർഡ്

| | ആൺകുട്ടികൾ S.C./S.T.കുട്ടികളുടെ | | | | | | എണ്ണം | | തോറ്റു പഠിക്കുന്നവർ | | | | | പഠനം നിർത്തിയവർ | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | S.C./S.T.കുട്ടികൾ | | | S.C./S.T.കുട്ടികൾ | | | | | | | | | | | |
| സ്റ്റാൻഡേർഡ് | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | പെൺ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | | |
| 1 | 277 | 257 | 534 | 30 | 27 | 57 | 0 | 1 | 1 | 3 | 2 | 5 | – | – | – | | | | | | |
| 2 | 247 | 214 | 461 | 25 | 34 | 59 | 3 | 7 | 10 | 9 | 7 | 16 | – | – | – | | | | | | |
| 3 | 237 | 239 | 476 | 14 | 29 | 43 | 4 | 8 | 12 | 8 | 10 | 18 | – | – | – | | | | | | |
| 4 | 212 | 196 | 408 | 10 | 7 | 17 | 5 | 10 | 15 | 14 | 14 | 28 | – | – | – | 1 | 0 | 1 | | | |
| 5 | 244 | 230 | 474 | 28 | 25 | 53 | 2 | 1 | 3 | 6 | 2 | 8 | – | – | – | 1 | 0 | 1 | | | |
| 6 | 276 | 219 | 495 | 33 | 29 | 62 | 0 | 0 | 0 | 0 | 0 | 0 | – | – | – | – | – | – | | | |

7 . 266 .. 271 .. 537 .... 39.... 30 .... 69 ...... 3 ...... 2 ...... 5 .... 24 .... 10 .... 34 ..... – ...... – ...... – ...... – ...... – ...... –

8 . 242 . 203 .. 445 .... 19..... 16 .... 35 ...... 0 ...... 0 ...... 0 ...... 0 ...... 0 ...... 0 ..... – ...... – ...... – ...... – ...... – ...... –

9 288 .. 215 .. 503 .... 30..... 16 .... 46 ...... 0 ...... 0 ...... 0 ...... 0 ...... 0 ...... 0 ..... – ...... – ...... – ...... – ...... – ...... –

10 . 218 . 222 .. 440 ........ 20 19 .... 39 ...... 0 ...... 0 ...... 0 ...... 0 ...... 0 ...... 0 ..... – ...... – ...... – ...... – ...... – ...... –

ആ
കെ .... 2507 . 2266 . 4773 ............ 2418 ...... 2 ..... 32 .... 480 ...... 17 ..... 29 ..... 46 ..... 64 ...... 45 ... 109 ...... – ...... – ...... – 2 – 2

പട്ടിക 3

സ്കൂളുകളുടെ പൊതുവിവരങ്ങൾ

| സ്കൂളിന്റെ പേര് | (ഹൈസ്കൂൾ/ യു.പി. സ്കൂൾ എൽ. പി.സ്കൂൾ) | സ്കൂളിന്റെ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | എയിഡഡ് | അൺ എയിഡഡ് | അംഗീകാരമില്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ. എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവിലുള്ളവർ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഗവ. ഹൈസ്കൂൾ പയമ്പ്ര | HS | ^ | – | | | 567 | 509 | 1076 | 41 | 40 | 1 | – |
| ഗവ. ഹൈസ്കൂൾ പറമ്പിൽ | HS | ^ | | | | 390 | 354 | 744 | 21 | 21 | – | – |
| എം.എ.എം.യു.പി. സ്കൂൾ, പറമ്പിൽ | UP | | | | | 512 | 445 | 957 | 30 | 30 | – | – |
| എ.യു.പി. സ്കൂൾ, കുരുവട്ടൂർ | UP | – | ^ | – | | 427 | 433 | 860 | 29 | 29 | – | – |
| എ.എൽ.പി. സ്കൂൾ, ചേലൂർ നോർത്ത് | LP | – | ^ | | | 25 | 29 | 54 | 4 | 3 | 1 | – |
| എ.എൽ.പി.സ്കൂൾ, പോലൂർ | LP | – | ^ | | | 80 | 63 | 143 | 6 | 6 | – | – |
| എ.എം.എൽ.പി.സ്കൂൾ, പറമ്പിൽ | LP | – | ^ | | | 118 | 74 | 192 | 7 | 7 | – | – |
| എ.എം.എൽ.പി.സ്കൂൾ, കുരുവട്ടൂർ വെസ്റ്റ് | LP | – | ^ | | | 94 | 83 | 177 | 7 | 7 | – | – |
| എ.എം.എൽ.പി.സ്കൂൾ, പോലൂർ | LP | – | ^ | | | 39 | 36 | 75 | 5 | 5 | – | – |
| എ.എം.എൽ.പി.സ്കൂൾ, ചെറുവറ്റ | LP | – | ^ | | | 74, | 79, | 153, | 6, | 6 | – | – |
| എ.എൽ.പി. സ്കൂൾ, പയമ്പ്ര | LP | – | ^ | | | 47 | 45 | 92 | 5 | 5 | – | – |
| ഗവ: വെൽഫയർ എൽ.പി.സ്കൂൾ, പയമ്പ്ര | LP | ^ | | | | 62 | 49 | 111 | 5 | 5 | – | – |
| എ.എൽ.പി.സ്കൂൾ, കോണോട്ട് | LP | | ^ | | | 71 | 65 | 136 | 5 | 5 | – | – |

| ക്ലാസ് | ആകെ | 30% താഴെ കുട്ടികൾ | കുട്ടികളുടെ പൊതുനിലവാരം | | | |
|---|---|---|---|---|---|---|
| | | | 30–40 മാർക്ക് നേടുന്നവർ | 40–50 ശതമാനം മാർക്ക് നേടുന്നവർ | 50–60 ശതമാനം നേടുന്നവർ | 60%ത്തിൽ കൂടുതൽ നേടുന്നവർ |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 3 | 416 | 75 | 71 | 129 | 76 | 65 |
| 4 | 381 | 35 | 71 | 114 | 77 | 84 |
| 5 | 425 | 113 | 59 | 121 | 78 | 54 |
| 6 | 493 | 185 | 56 | 151 | 57 | 44 |
| 7 | 532 | 169 | 50 | 183 | 80 | 50 |
| 8 | 460 | 320 | 40 | 66 | 19 | 15 |
| 9 | 504 | 427 | 44 | 10 | 21 | 2 |
| 10 | 439 | 365 | 20 | 30 | 16 | 8 |

**കുട്ടികൾക്ക് ലഭിച്ചിട്ടുള്ള അവാർഡുകളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 5**

| സ്കൂളിന്റെ പേര് | ഇനവിവരം | ജില്ലാതലത്തിൽ | | | സംസ്ഥാന തലത്തിൽ | | | ദേശീയതലത്തിൽ | | |
|---|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| ഗവ: ഹൈസ്കൂൾ പയന്ത്ര | ഖൊ–ഖൊ | - | 1 | 1 | | | | | | |
| ഗവ: ഹൈസ്കൂൾ പറമ്പിൽ | | | | | | 1 | 1 | | | |
| എം.എ.എം.യു.പി. സ്കൂൾ പറമ്പിൽ | U.S.S. | 1 | | 1 | | | | | | |
| | സയൻസ് ഫെയർ | 1 | | 1 | | | | | | |
| | മാത്ത്സ് ഫെയർ | 2 | 1 | 3 | | | | | | |
| | നാടകം | 4 | 2 | 6 | | | | | | |
| | സയൻസ് മീറ്റ് | | 1 | 1 | | | | | | |
| എ.യു.പി.സ്കൂൾ കരുവട്ടൂർ | ലോംഗ്ജംപ് | 1 | . | 1 | | | | | | |
| | വോളിബോൾ | | | | 1 | | 1 | | | |

ജില്ലാതലത്തിൽ 9 ആൺകുട്ടികൾക്കും 5 പെൺകുട്ടികൾക്കും സംസ്ഥാന തലത്തിൽ 1 ആൺകുട്ടിക്കും 1 പെൺകുട്ടിക്കും അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

**പട്ടിക 6**

| സ്കൂളുകളുടെ പേര് | 95–96ൽ ലഭിച്ച അധ്യയന ദിനങ്ങൾ | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അധ്യയന ദിനങ്ങൾ | പ്രത്യേക പൊതു അവധികളിലൂടെ നഷ്ടപ്പെട്ട അധ്യയന ദിനങ്ങൾ |
|---|---|---|---|
| ഗവ: ഹൈസ്കൂൾ പയന്ത്ര | 150 | 18 | 16 |
| ഗവ: ഹൈസ്കൂൾ പറമ്പിൽ | 178 | - | - |
| എം.എ.എം.യു.പി. സ്കൂൾ പറമ്പിൽ | $181\frac{1}{2}$ | $19\frac{1}{2}$ | - |
| എ.യു.പി. സ്കൂൾ കുരുവട്ടൂർ | 180 | - | - |
| എൽ.പി.സ്കൂൾ പോലൂർ നോർത്ത് | $191\frac{1}{2}$ | 3 | 5 |
| എൽ.പി.സ്കൂൾ പോലൂർ | 180 | - | - |
| എ.എം. എൽ.പി.സ്കൂൾ പറമ്പിൽ | 182 | - | - |
| എ.എം.എൽ.പി. സ്കൂൾ കുരുവട്ടൂർ വെസ്റ്റ് | $184\frac{1}{2}$ | - | - |
| എ.എം.എൽ.പി.സ്കൂൾ പോലൂർ | 185 | - | 9 |
| എ.എം.എൽ.പി. സ്കൂൾ ചെറുവറ്റ | 185 | - | 8 |
| എ.എൽ.പി. സ്കൂൾ, പയന്ത്ര | $194\frac{1}{2}$ | - | $5\frac{1}{2}$ |
| ഗവ: വെൽഫേർ എൽ.പി.സ്കൂൾ പയന്ത്ര | 195 | - | 3 |
| എ.എൽ.പി.സ്കൂൾ, കോണാട്ട് | 187 | - | 13 |

നമ്മുടെ പഞ്ചായത്തിലെ ഭൂരിപക്ഷം കുട്ടികൾക്കും (വാർഡുകൾ 6,7,9 ,10,11) സ്കൂളിൽ പോകുന്നതിന് ഒരു കിലോമീറ്ററിൽ കൂടുതൽ യാത്ര ചെയ്യേണ്ടിവരുന്നു. 7,10,11 വാർഡുകളിൽ സ്കൂളുകളില്ല. 11–ാം വാർഡിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ അംഗീകാരം ലഭിക്കാത്ത ഒരു അൺഎയിഡഡ് ഇംഗ്ലീഷ് മീഡിയം പ്രൈമറി സ്കൂൾ പ്രവർത്തിച്ചു വരുന്നു.

ഈ പഞ്ചായത്തിൽ നിരക്ഷരരായവർ ഏകദേശം 5% വരും. ഇവർ ഒരു പ്രത്യേക വിഭാഗത്തിൽ പെട്ടവരല്ല. അതുപോലെതന്നെ നമ്മുടെ സ്കൂളുകളിൽ കുട്ടികളുടെ എണ്ണം ഗണ്യമായി കുറഞ്ഞുവരുന്നു. അതിനുള്ള പ്രധാനകാരണം ജനനനിരക്കിലെ കുറവും ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള രക്ഷിതാക്കളുടെ താല്പ

ര്യവുമാണ്. ഹൈസ്കൂളുകളിലെ എസ്.എസ്.എൽ.സി. വിദ്യാർത്ഥികളുടെ വിജയ ശതമാനം 30ൽ കുറവാണ്.

സ്കൂളുകളിലെ പഠന നിലവാരത്തെപ്പറ്റി പരിശോധിക്കുമ്പോൾ ഗ്രാമസഭകളിൽ നിന്നു വന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മിക്കവാറും സ്കൂളുകളിൽ പഠനനിലവാരം പൊതുവെ തൃപ്തികരമല്ലെന്ന് കാണാൻ കഴിയുന്നു. നമ്മുടെ പല വാർഡുകളിൽ നിന്നും കുട്ടികൾ ദൂരെയുള്ള മറ്റു സ്കൂളുകളിൽ പഠിക്കാൻ പോകുന്നുണ്ട്. അതുപോലെ തന്നെ ദൂരെ സ്ഥലത്തുനിന്നുമുള്ള കുട്ടികൾ ഇവിടുത്തെ സ്കൂളുകളിൽ പഠിക്കാനും വരുന്നുണ്ട്.

ഇവിടുത്തെ മിക്ക സ്കൂളുകളിലും അദ്ധ്യാപക രക്ഷാകർതൃചതസമിതിയും, മാതൃസംഗമവും പേരിന് മാത്രമേയുള്ളു. ചുരുക്കം ചില സ്കൂളുകളിൽ ഈ രണ്ട് സംഘടനകളും സജീവമായി പ്രവർത്തിച്ചുവരുന്നുണ്ട്.

സർക്കാർ മേഖലയിലുള്ള പറമ്പിൽ ഹൈസ്കൂളിന്റെ കെട്ടിട സൗകര്യങ്ങൾ അപര്യാപ്തമാണ്. 8 ക്ലാസുമുറികൾ താല്ക്കാലിക ഷെഡിലാണ് പ്രവർത്തിക്കുന്നത്. പുതിയ കെട്ടിടമുണ്ടാക്കുവാനാവശ്യമായ സ്ഥലസൗകര്യവുമുണ്ട്.

പഞ്ചായത്തിലെ ചില എൽ.പി. സ്കൂളുകൾ ഒഴികെ ബാക്കി എല്ലാ സ്കൂളിനും കളിസ്ഥലമുണ്ട്. ലൈബ്രറികൾ പകുതിയോളം സ്കൂളുകളിലും പഠനോപകണങ്ങൾ ഭൂരിപക്ഷം സ്കൂളുകളിലും ഇല്ല.

സിനിമ പ്രൊജക്ടർ, റേഡിയോ, സ്ലൈഡ് പ്രൊജക്ടർ, ഓവർഹെഡ് പ്രൊജക്ടർ എന്നിവ പയമ്പ്ര ഗവ. ഹൈസ്കൂളിൽ മാത്രമാണുള്ളത്.

എസ്.എസ്.എൽ.സി. വിജയശതമാനം പ്രത്യേകമായി താഴെക്കൊടുക്കുന്നു.

| | 92–93 | 93–94 | 94–95 | 95–96 |
|---|---|---|---|---|
| ഗവ: ഹൈസ്കൂൾ പയമ്പ്ര | 19 | 16 | 20 | 30 |
| ഗവ: ഹൈസ്കൂൾ പറമ്പിൽ | 28 | 25 | 30 | 23 |

നമ്മുടെ പഞ്ചായത്തിൽ എസ്.എസ്.എൽ.സി.ക്ക് ഭൂരിപക്ഷം പേരും പരാജയപ്പെടുന്നത് അടിസ്ഥാനപരമായ അറിവ് ലഭിക്കാത്തതിനാലാണ്.

വിദ്യാർത്ഥികളുടെ സാമ്പത്തികാനുകൂല്യങ്ങളെപ്പറ്റി പരശോധിച്ചാൽ 1966 വർഷത്തിൽ 4 കുട്ടികൾക്ക് മെരിറ്റ് സ്കോളർഷിപ്പും 351 പേർക്ക് ലംസം ഗ്രാന്റും, 168 കുട്ടികൾക്ക് മുസ്ലീം ഗേൾസ് സ്കോളർഷിപ്പും കിട്ടി

ജവാൻമാരുടെ കുട്ടികൾക്കും സ്കോളർഷിപ്പ് ലഭി ണ്ട്.

ഉച്ചക്കഞ്ഞി സമ്പ്രദായം എല്ലാ സ്കൂളുകള് നടന്നുവരുന്നുണ്ട്. ഇതിന് വേണ്ട ചിലവ് സർക്ക രക്ഷാകർതൃസമിതികളും വഹിക്കുന്നു. പഞ്ചായത്ത് ഇനങ്ങൾ ഇപ്പോൾ സഹായം നൽകുന്നില്ല.

പറമ്പിൽ ഗവ. ഹൈസ്കൂളിന്റെ ക്ലാസ്മുറി നിർമിക്കുന്നതിന് പഞ്ചായത്ത് 35000 ക. സഹായ മായി നൽകിയതായി കാണുന്നു.

കേരള വിദ്യാഭ്യാസ വകുപ്പിന്റെയും കേ ശാസ്ത്ര സാഹിത്യ പരിഷത്തിന്റെയും ആഭിമുഖ്യ നടത്തിവരുന്ന വിജ്ഞാനോത്സവങ്ങളിൽ പങ്കെടുക്ക ഈ പഞ്ചായത്തിലെ കുട്ടികളുടെ എണ്ണം വർഷം കൂടിവരികയാണ്.

## നിർദ്ദേശങ്ങൾ

1. സ്കൂളുകൾ ഇല്ലാത്ത വാർഡുകളിൽ പ്രൈ വിദ്യാഭ്യാസം നേടാൻ ബുദ്ധിമുട്ടനുഭവിക്കുന്ന കു കൾക്കായി അൺ എക്ണോമിക്കായി തുടരുന്ന സ്ക കൾ നഷ്ടപ്പെടുത്താതെ മാറ്റി സ്ഥാപിക്കുന്നതിന് സ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ഭൗതിക സൗകര്യങ്ങൾ കുറവുള്ള മാ ജ്മെന്റ് സ്കൂളുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്ന മാനേജ്മെന്റും അദ്ധ്യാപക രക്ഷാകർത്തൃസമിതി കൂട്ടായി ശ്രമിക്കേണ്ടതാണ്.

3. കുട്ടികളുടെ ഉച്ചഭക്ഷണത്തിനാവശ്യമ വരുന്ന ചെലവുകൾ പഞ്ചായത്ത് ഏറ്റെടുക്കേണ്ടതാ

4. പറമ്പിൽ ഹൈസ്കൂൾ പ്രവർത്തനം ആ ച്ചിട്ട് പതിനഞ്ച് വർഷം കഴിഞ്ഞു. ഭൗതിക സാഹ ങ്ങൾ വളരെ കുറവുള്ള ഒരു ഹൈസ്കൂളാണിത്. വിലുള്ള സൗകര്യങ്ങൾ വെച്ചുകൊണ്ട്തന്നെ സ്കൂ സർക്കാർ വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കേ താണ്. ഇപ്പോഴും അത്യാവശ്യം വേണ്ടതായ പ്രവർ നങ്ങൾ ചെയ്തു വരുന്നത് അദ്ധ്യാപക രക്ഷാകർ സമിതിയാണ്.

5. പയമ്പ്ര ഹൈസ്കൂൾ ഒരു വൊക്കേഷ ഹയർ സെക്കന്ററിസ്കൂൾ ആക്കി ഉയർത്തുക കമ്പ്യൂട്ടർ കോഴ്സ് ആരംഭിക്കുക, സ്കൂൾ ഗ്രൗണ്ട് മിനി സ്റ്റേഡിയമാക്കി മാറ്റുക മുതലായ കാര്യങ്ങൾ യന്തിരമായി ചെയ്യണം.

6. സ്കൂൾ പഠന നിലവാരം മെച്ചപ്പെടുത്തുന്ന അദ്ധ്യാപകരും രക്ഷിതാക്കളും കൂടി കൂട്ടായി പ്രവർ

കൂട്ടായ ശ്രമമാണ് വേണ്ടത്. കൂടാതെ ക്ലാസ്സ് മുറികൾ സ്ക്രീൻ വെച്ചു മറക്കുക, ലാബോറട്ടറി, ലൈബ്രറി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക. കുട്ടികളിൽ പത്ര പാരായണശീലം വളർത്തുക.

7 മാസത്തിലൊരിക്കൽ സാഹിത്യ സമാജങ്ങൾ സംഘടിപ്പിക്കുക.

8. പഞ്ചായത്ത് തലത്തിലോ, ബ്ലോക്ക് തലത്തിലോ സ്കൂളുകൾക്ക് വേണ്ടതായ ഇയർപ്ലാൻ, സ്കീം ഓഫ് വർക്ക് എന്നിവ തയ്യാറാക്കുകയും അതനുസരിച്ചുള്ള ചോദ്യങ്ങൾ തയ്യാറാക്കി അച്ചടിച്ച് യഥാസമയം സ്കൂളുകളിൽ എത്തിച്ച് പരീക്ഷകൾ നടത്തേണ്ടതാണ്.

9. സ്കൂളുകളിൽ വർഷത്തിലൊരിക്കൽ നടത്തി വരുന്ന ഇൻസ്പെക്ഷൻ ഇപ്പോൾ മുടങ്ങിയിരിക്കുകയാണ്. അതുകൊണ്ട് സ്കൂൾ ഇൻസ്പെക്ഷൻ മുടക്കം കൂടാതെ നിർബന്ധമായും നടത്തേണ്ടതാണ്.

10. സ്കൂളുകളിൽ ജൂനിയർ – റെഡ്ക്രോസ്, എൻ. സി. സി, സ്കൗട്സ് & ഗൈഡ്സ് എന്നീ സന്നദ്ധ സംഘടനകളുടെ പ്രവർത്തനം സജീവമാക്കണം.

11. പ്രവൃത്തി ദിവസങ്ങളിൽ അദ്ധ്യാപകർ മറ്റ് പൊതു പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നുണ്ടെങ്കിൽ ക്ലാസ്സ് പ്രവർത്തനങ്ങൾക്ക് തടസ്സം വരാത്ത വിധത്തിലായിരിക്കണം. കൂടാതെ ഡിപ്പാർട്ട്മെന്റ് നിർദ്ദേശപ്രകാരം പങ്കെടുക്കുമ്പോൾ അദ്ധ്യാപനത്തിന് ബദൽ സംവിധാനം ഉണ്ടാക്കണം.

12. രക്ഷിതാക്കൾ കുട്ടികളെ കലാകായിക മത്സരങ്ങളിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കണം. കുട്ടികളെ അദ്ധ്യയന യാത്രക്ക് അയക്കണം. പൊതു ശുചീകരണങ്ങളിലും, കൃഷിയിലും താല്പര്യം വളർത്തണം.

13. നിരക്ഷരർക്കുവേണ്ടി രണ്ടാംഘട്ട സാക്ഷരതാ പ്രവർത്തനവും, വയോജനവിദ്യാഭ്യാസവും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

14. ക്ലാസ് റൂം അദ്ധ്യാപക രക്ഷാകർത്തൃ സമിതികൾ രൂപീകരിച്ചു പ്രവർത്തനം സജീവമാക്കണം.

15. വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷിത്തോട്ടങ്ങൾ കോഴി വളർത്തൽ ക്ലബ്ബുകൾ ഉദ്യാനങ്ങൾ എന്നിവ സംഘടിപ്പിക്കുക.

16. അദ്ധ്യാപക – വിദ്യാർത്ഥി അനുപാതം കുറച്ചു വിദ്യാഭ്യാസം കാര്യക്ഷമമാക്കുക.

17. പാഠ്യവിഷയത്തിന് കൊടുക്കുന്ന അതേ പ്രാധാന്യം കലാ കായിക രംഗത്തും കൊടുക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം.

18. പഠനയാത്രകൾ വിദൂരസ്ഥലങ്ങളിലേക്കുള്ള വിനോദയാത്രകളാവുന്നതുകൊണ്ടു ഭൂരിപക്ഷം വിദ്യാർത്ഥികൾക്കും പങ്കെടുക്കാൻ പറ്റാതെ വരുന്നു. പഠനയാത്രകൾ പഠനത്തിന് പ്രാധാന്യം നൽകി സംഘടിപ്പിക്കുക.

19. 1966 കോത്താരി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കാൻ നടപടികളുണ്ടാവണം.

20. പ്രാഥമിക വിദ്യാഭ്യാസം സമ്പുഷ്ടമാക്കാൻ അദ്ധ്യാപക പരിശീലന – പുനപരിശീലന ക്യാമ്പുകൾ ഇടക്കിടെ സംഘടിപ്പിക്കുക. ഇതിൽ മുഴുവൻ അദ്ധ്യാപകരുടെയും പങ്കാളിത്വം ഉറപ്പുവരുത്തുക.

21. പറമ്പിൽ എം. എ. എം. യു. പി. സ്കൂളിന്റെ മാനേജ്മെന്റ് കമ്മറ്റി പുനഃസംഘടിപ്പിക്കുകയോ സ്കൂൾ പഞ്ചായത്ത് ഏറ്റെടുക്കുകയോ ചെയ്യണമെന്ന നിർദ്ദേശം ഗ്രാമസഭയിൽനിന്നും ഉയർന്നിട്ടുണ്ട്.

ooo



# 6

# കുടിവെള്ളവും പൊതുജന ആരോഗ്യവും

ഒരു ജനതയുടെ ആരോഗ്യകാര്യത്തിൽ ഏറ്റവും അധികം സ്വാധീനിക്കുന്ന ഘടകങ്ങളാണ് ശുദ്ധവായു. ശുദ്ധജലം, ശുചിത്വമുള്ള പാർപ്പിടം. നമ്മുടെ പഞ്ചായത്തിന്റെ മൂന്നുഭാഗവും പുഴയാൽ ചുറ്റപ്പെട്ടുകിടക്കുന്നുണ്ടെങ്കിലും 50% കുടുംബങ്ങളിലും കുടിവെള്ളക്ഷാമം രൂക്ഷമാണ്. പരമ്പരാഗതമായ ജലസ്രോതസ്സുകളെയാണ് നാം കുടിവെള്ളത്തിന് ആശ്രയിക്കുന്നത്. ഭൂരിഭാഗം കുടുംബങ്ങളും കിണറുകളെ ആശ്രയിക്കുകയാണ് ചെയ്യുന്നത്. കുളങ്ങൾ ധാരാളം ഉണ്ടെങ്കിലും അതു ഉപയോഗിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ നാം തയ്യാറാവുന്നില്ല.

പഞ്ചായത്തിൽ ആകെ 5 കുഴൽ കിണറുകളും 17 പൊതുകിണറുകളും മാത്രമാണ് ഉള്ളത്. കോളനികൾ ഉൾക്കൊള്ളുന്ന കുന്നിൻ പ്രദേശത്താണ്. കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത്. എല്ലാ കോളനികൾക്കും പ്രധാന പ്രശ്നം കുടിവെള്ളം തന്നെയാണ്. എന്നാൽ താഴ്വരകളിൽ ജലം സുലഭമാണ്. പഞ്ചായത്തിന്റെ ചില വാർഡുകളിൽ പദ്ധതികൾ നടപ്പാക്കിയെങ്കിലും ഫലപ്രദമായി ഇത് ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. പാലോറമലയിലെ ടാങ്കും ചെറിയാപ്പൊറ്റക്കുന്നിലെ വാട്ടർടാങ്കും സംരക്ഷിച്ചാൽ കൂടുതൽ ആളുകൾക്ക് പ്രയോജനപ്പെടുത്തുവാൻ കഴിയുന്നതാണ്. പഞ്ചായത്തിലെ കുഴൽകിണർ പലതും ഉപയോഗശൂന്യമായി കിടക്കുകയാണ്. നിലവിലുള്ള ജലസ്രോതസ്സുകളെ പരമാവധി ഉപയോഗപ്പെടുത്തുവാൻ ശ്രമിക്കണം. കോർപ്പേഷനോട് തൊട്ടടുത്ത് സ്ഥിതിചെയ്യുന്ന പഞ്ചായത്ത് ആണെങ്കിലും കുടിവെള്ളത്തിന് നാം പൈപ്പുകളെ ആശ്രയിക്കുന്നില്ല. പൂളക്കടവിൽ ലോകബാങ്കിന്റെ സഹായത്തോടെ ബൃഹത്തായ ഒരു പദ്ധതി നടന്നുവരുന്നുണ്ട്. അതിന്റെ പ്രയോജനം നമ്മുടെ പഞ്ചായത്തിന് കൂടി ഉപയോഗപ്പെടുത്തിയാൽ കുടിവെള്ളക്ഷാമം ഏറെകുറെ പരിഹരിക്കുവാൻ കഴിയുന്നതാണ്.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

കുടിവെള്ള ക്ഷാമബാധിത പ്രദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും

**വാർഡ് 1:** കാട്ടിൽതൊടിക, പെരുന്താട്ട്കുന്ന്, പട്ടരുപാറക്കൽ, ഉണ്ണിപ്പറമ്പത്ത് മീത്തൽ ഹരിജൻ കോളനി, ഒലോറകുന്ന്, എടക്കിനാറമ്പ് കോളനി എന്നിവയാണ് കുടിവെള്ളക്ഷാമ പ്രദേശങ്ങൾ.

നിർദ്ദേശങ്ങൾ: ഒലോറകുന്നിൽ കുഴൽ കിണർ കുഴിക്കുക. എടക്കിനിറമ്പ് കോളനിയിലേക്കുള്ള KWA പദ്ധതി ഉടനെ പൂർത്തീകരിക്കുക. വയിലേരി മീത്തലുള്ള പഞ്ചായത്ത് കിണറിന്റെ പണി പൂർത്തിയാക്കുക പെരുന്താട്ട് കുന്നുമ്മൽ എം. പി. ഫണ്ട് ഉപയോഗിച്ച് ഉണ്ടാക്കുന്ന വാട്ടർ സപ്ലൈ സ്കീമിന്റെ പ്രയോജനം കാട്ടിൽ തൊടിക ഭാഗത്ത് ലഭ്യാമാക്കുക.

**വാർഡ് II** : കണ്ണങ്കര, വല്ലിപ്ലോട്ടിൽ, ചെമ്മേരി, കക്കാട്ട് കുന്ന്, താഴെ ചെമ്മേരി, മാറായി, പെരുന്താട്ട് കുന്ന് എന്നിവയാണ് കുടിവെള്ളക്ഷാമ പ്രദേശങ്ങൾ.

പെരുന്താട്ട് കുന്നുമ്മൽ എം. പി. ഫണ്ട് ഉപയോഗിച്ച് ഉണ്ടാക്കുന്ന വാട്ടർ സപ്ലൈ സ്കീമിന്റെ പണി തുടങ്ങിന്നതിന് നടപടി സ്വീകരിക്കുക.

കണ്ണങ്കര വല്ലിപ്ലോട്ടിൽ, ചെമ്മേരി, കക്കാട്ട് കുന്ന്, താഴെ ചെമ്മേരി മാറായി എന്നീ സ്ഥലങ്ങളിലേക്ക് വയൽ ഭാഗത്ത് കിണർ കുഴിച്ച് ടാങ്ക് നിർമ്മിച്ചാൽ ഇവിടേക്ക് പ്രയോജനപ്പെടും. വെങ്ങപ്പൊറ്റ താഴത്ത് തുടങ്ങിവച്ച കിണറിന്റെ പണി പൂർത്തീകരിക്കുക.

**വാർഡ് III**: നടുവിലാട്ട് മീത്തൽ, കുന്നത്ത് കുഴിയിൽ, നങ്ങോറകുന്ന്, പാലോറമല, തെറ്റത്ത് താഴം, കാരാട്ട് മീത്തൽ, എഴുകളത്തിൽ, പുതുക്കോട്ട് മീത്തൽ, പള്ളിയാറകുന്ന്, പാലങ്ങാട് മല, കീരങ്ങോട് മല എന്നിവയാണ് കുടിവെള്ള പ്രശ്നമുള്ള പ്രദേശങ്ങൾ.

സൗജന്യമായി നൽകാമെന്ന് വാഗ്ദാനം ലഭിച്ചിട്ടുള്ള 10 സെന്റ് ഭൂമിയിൽ ടാങ്ക് നിർമ്മിച്ച് പൂന്നൂർ പുഴയിലെ വെള്ളം ഉപയോഗപ്പെടുത്തിയാൽ 3,4,5 വാർഡുകളിലെ 200ഓളം വീടുകൾക്ക് പ്രയോജനം ലഭിക്കും. തെറ്റത്ത് താഴത്ത് കുഴൽകിണർ നിർമ്മിച്ചാൽ അവിടത്തെ വെള്ളക്ഷാമവും ഒരു പരിധിവരെ പരിഹരിക്കാം.

**വാർഡ് IV**: മുള്ളമ്പറമ്പ് എസ്. സി. കോളനി, പാലോറമല, ഒഴാംപൊയിലിൽ, കാമ്പ്രകുന്ന്, വയപ്പുറത്താക്കിൽ, പന്ന്യടപുറായിൽ തുടങ്ങിയവയാണ് ജലക്ഷാമ പ്രദേശങ്ങൾ.

പന്ന്യടപുറായിൽ ടാങ്ക് നിർമ്മിച്ച് പൂന്നൂർ പുഴയിലെ വെള്ളം ഉപയോഗപ്പെടുത്തിയാൽ മേൽ പറഞ്ഞ ഭാഗങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാം.

**വാർഡ് V**: തേറമ്പത്ത്, തൂമ്പറ്റ എസ്. സി. കോളനി, നെക്കിക്കൽ മീത്തൽ, കോരങ്കണ്ടി, കിഴക്കെതൊടി, തയ്യുള്ളതിൽ ഭാഗം എന്നിവയാണ് അഞ്ചാം വാർഡിൽ ജലക്ഷാമം നേരിടുന്ന പ്രദേശങ്ങൾ.

പൂന്നൂർ പഴയിലെ കുണ്ടുകടവിൽ കിണർ കുഴിച്ച് നെല്ലിക്കൽ മീത്തൽ ടാങ്ക് കെട്ടി മേൽ പറഞ്ഞ പ്രദേശങ്ങളിലേക്ക് വെള്ളം എത്തിക്കുക.

**വാർഡ് VI**: ആഞ്ഞിലോറകുന്ന്, എസ്. സി. കോളനി, മണ്ണാരംകു[illegible], രാരംവീട്ടിൽ ഭാഗം, അക്കിനാരിമീത്തൽ, കണ്ണാറമ്പത്ത് എന്നിവിടങ്ങളിൽ വെള്ളത്തിന് ക്ഷാമം നേരിടുന്നു.

എം. പി. ഫണ്ടും സൗജന്യമായി കിട്ടിയ കിണറിന്റെ സ്ഥലവും ഉപയോഗപ്പെടുത്തിയാൽ ആഞ്ഞിലോറകുന്ന് കോളനിയിലെയും പരിസര പ്രദേശങ്ങളിലെയും കുടിവെള്ളക്ഷാമം പരിഹരിക്കാം. എടക്കിനാവ് കോളനിയിലേക്കുള്ള KWA പദ്ധതി ഉപയോഗപ്പെടുത്തിയാൽ ബാക്കിയുള്ള ഈ പ്രദേശങ്ങളി ജലക്ഷാമം പരിഹരിക്കാം.

**വാർഡ് VII**: ചെറിയാപ്പറ്റകുന്ന്, വലിയാപ്പറ്റകുന്ന്, പുതിയോട്ടിൽമീത്തൽ എന്നീ സ്ഥലങ്ങളിൽ ലജക്ഷാമമുണ്ട്.

പണി തുടങ്ങിവച്ച KWA പദ്ധതി പൂർത്തീകരിച്ചാൽ ഈ പ്രശ്നം തീരുന്നതാണ്.

ചെറിയാപ്പൊറ്റ കുന്നിലെ ഇപ്പോഴുള്ള ടാങ്ക് ഉപയോഗിച്ച് പൈപ്പ് ലൈനിന്റെ അറ്റകുറ്റപ്പണികൾ നിർവ്വഹിച്ച് സംരക്ഷിച്ചാൽ ചെറിയാപ്പറ്റ കുന്നിലെ ജലക്ഷാമം പരിഹരിക്കാൻ കഴിയും.

**വാർഡ് VIII** : കുന്നത്ത് മല ലക്ഷം വീട്, പെരാട് കുന്നുമ്മൽ വാളറാട് കുന്ന്, തറൈ കാട്ടിൽ, എന്നിവിടങ്ങളിൽ വെള്ളം ലഭിക്കുന്നതിന് പ്രശ്നമുണ്ട്.

പൂളക്കടവിൽ ചോലപ്പുറം പുറമ്പോക്കിൽ കിണർ കുഴിച്ച് കുന്നിൻ മുകളിൽ ടാങ്ക് കെട്ടി കുന്നത്ത് മലയിലേയും പരിസര പ്രദേശങ്ങളിലേയും കുടിവെള്ള ക്ഷാമം പരിഹരിക്കാം. KWA പദ്ധതി ഉപയോഗപ്പെടുത്തണം. പമ്പ് ഹൗസ് സ്ഥാപിക്കുന്നതിന് സ്ഥലം സൗജന്യായി കൊടുക്കാൻ തയ്യാറാണെന്ന് ഗ്രാമസഭയിൽ നിന്ന് വാഗ്ദാനം ഉയർന്നുവന്നിട്ടുണ്ട്.

**വാർഡ് IX**: വളച്ചുകെട്ടി ലക്ഷം വീട് കോളനി, വള്ളിലേകുന്നുമ്മൽ എസ്. സി. കോളനി, കച്ചേരികുന്ന്, പാലങ്ങാട് മലമൂത്തേടത്ത് മീത്തൽ, ഉള്ളാടത്ത് മീത്തൽ എന്നിവയാണ് IX-ാം വാർഡിൽ ജലക്ഷാമം നേരിടുന്ന പ്രദേശങ്ങൾ.

വാവാട് താഴത്തുള്ള സർക്കാർ ഭൂമിയിൽ കിണർ കുഴിച്ച് കുടിവെള്ളക്ഷാമമുള്ള വള്ളിയേക്കാട് കോളനി, മുത്തേടത്ത് മീത്തൽ, ഉള്ളാടത്ത് മീത്തൽ, വളപ്പുകെട്ടി ലക്ഷം വീട് എന്നിവിടങ്ങളിലുള്ള ക്ഷാമം പരിഹരിക്കാവുന്നതാണ്. മാത്തോട്ടത്തിലുള്ള പഞ്ചായത്ത് കിണർ ഉപയോഗപ്പെടുത്തിയാൽ പള്ളിയറകുന്ന്, പാലങ്ങാട് മല എന്നിവിടങ്ങളിലെ പ്രശ്നം പരിഹരിക്കാം. ഇതിന് KWA പദ്ധതി ഉപയോഗപ്പെടുത്താവുന്നതാണ്.

**വാർഡ് X:** താമരത്ത് മീത്തൽ, ചാമക്കുഴി, താഴെക്കോട്ട് മല, പാണരുകണ്ടി, പടിഞ്ഞാറെ കണ്ടി, പനങ്കൂറ പ്രദേശം ആണ് വെള്ളത്തിന് പ്രശ്നമുള്ള പ്രദേശങ്ങൾ.

കോമട്ട് കുന്നിൽ ടാങ്ക് കെട്ടി താഴ്വരയിൽ കിണർ കുഴിച്ചാൽ മേൽ പറഞ്ഞ സ്ഥലങ്ങളിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരമാകും. കിണർ കുഴിക്കുന്നതിനും ടാങ്ക് കെട്ടുന്നതിനും സ്ഥലം സൗജന്യമായി നൽകാൻ ഗ്രാമസഭാ മെമ്പർമാർ തയ്യാറായിട്ടുണ്ട്.

**വാർഡ് X I:** എരേച്ചൻ കാട്ടിൽ, നാലുപുരക്കൽ ഭാഗം, വള്ളിയേക്കാട് ഭാഗം എന്നിവിടങ്ങളിലാണ് പ്രശ്നം ഉള്ളത്.

പോലൂർ കനാലിന് സമീപമുള്ള പൊതുകുളം നന്നാക്കി വെള്ളം പമ്പ് ചെയ്യുക. PHED സ്ഥലത്ത് കിണർ കുഴിക്കുക. പൂളക്കടവ് പമ്പ് ഹൗസിൽ നിന്ന് വെള്ളമെത്തിക്കുക. എല്ലാ കാലത്തും കുടിവെള്ളം ലഭിക്കുന്ന കോണോച്ചാലി പ്രദേശം പഞ്ചായത്ത് സംരക്ഷിച്ചു നിലനിർത്തുക.

കുടിവെള്ള ക്ഷാമം നേരിടുന്ന കുരുവട്ടൂർ പഞ്ചായത്ത് ശാശ്വത പരിഹാരത്തിന് കേരള വാട്ടർ അതോററ്റിയും കോഴിക്കോട് വികസന അതോറിറ്റിയുമായി സഹകരിച്ച് സമഗ്രമായ ഒരു പദ്ധതി ആസൂത്രണം ചെയ്യേണ്ടതാണ്.

കുരുവട്ടൂർ പഞ്ചായത്ത് കുടിവെള്ളത്തിന്റെ കാര്യത്തിൽ ഒരു പ്രശ്ന പഞ്ചായത്താണ്. കേരള സർക്കാരിന്റെ റൂറൽ വാട്ടർ സപ്ലൈ സ്കീം ഉപയോഗപ്പെടുത്തി പൂന്നൂർ പുഴയിൽനിന്നും വെള്ളം പമ്പ് ചെയ്ത് പഞ്ചായത്തിന്റെ മിക്ക പ്രദേശങ്ങളിലും ശുദ്ധജലമെത്തിക്കുവാൻ കഴിയും.

# പൊതുജനാരോഗ്യം

1976 വരെ പഞ്ചായത്തിലെ ജനങ്ങൾ ആരോഗ്യ രംഗത്ത് പ്രധാനമായും ആശ്രയിച്ചിരുന്നത് പാരമ്പര്യ വൈദ്യ സമ്പ്രദായത്തെയാണ്. മന്ത്രവും വഴിപാടുകളുമായി അന്ധവിശ്വാസ ജഡിലമായ ചികിത്സാ സമ്പ്രദായങ്ങൾക്കായിരുന്നു മുൻഗണന. ആധുനിക ചികിത്സാ സൗകര്യങ്ങളൊന്നും പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല. ഈ രംഗത്ത് ജനങ്ങൾ ആശ്രയിച്ചിരുന്നത് കോഴിക്കോട് നഗരത്തിലുള്ള സർക്കാർ ആശുപത്രികളെയാണ്.

1976ൽ കുരുവട്ടൂരിൽ സ്ഥാപിച്ച പ്രാഥമിക ചികി
ത്സാരംഗത്തെ പ്രധമ സ്ഥാപനം: ഇത് കൂടാതെ 5 സ
സെന്ററുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇതി
4 എണ്ണത്തിന് സ്വന്തമായ കെട്ടിടമില്ല. ഇത് കൂടാ
സ്വകാര്യ മേഖലയിൽ ഒരു അലോപ്പതി ആശുപത്രിയ
പ്രവർത്തിക്കുന്നു. 7 ഹോമിയോ ക്ലിനിക്കുകളും 5 അല
പ്പതി ക്ലിനിക്കുകളും 11 ആയുർവേദ സ്ഥാപനങ്ങള
പഞ്ചായത്തിൽ ഉണ്ട്. 23 പാരമ്പര്യ വൈദ്യകുടും
ങ്ങളും ഈ പ്രദേശത്തിലെ ആരോഗ്യ രംഗത്തെ സ
ഷ്ടമാക്കുന്നു.

ആധുനിക ചികിത്സാ സൗകര്യത്തിന്റെ അപര
പ്തതകൊണ്ടുതന്നെ പഞ്ചായത്തിന്റെ പൊതു ആരോ
സ്ഥിതിയിൽ ഗുണകരമായ മാറ്റം കാണുന്നില്ല എന്നാ
സ്ഥിതി വിവര കണക്കുകൾ കാണിക്കുന്നത്. 1995–
വർഷത്തിൽ 152 ജലജന്യരോഗങ്ങളും 2581 വായുജ
രോഗങ്ങളും 8379 മറ്റു രോഗങ്ങളും റിപ്പോർട്ട് ചെയ്യപ്പെ
കുഷ്ഠരോഗം ബാധിച്ച് ചികിത്സയിൽ കഴിയുന്ന ഒരാള
കകാൻസർ രോഗം ബാധിച്ച 8 പേരും ഈ പഞ്ചാ
ത്തിലുണ്ട്.

പഞ്ചായത്തിലെ ജനന നിരക്ക് 15ഉം മരണനിര
11ഉം ശരാശരി കുടുംബ വലിപ്പം 5ഉം മാത്രമാണ്.

കുരുവട്ടൂർ പ്രാഥമിക ആരോഗ്യ കേന്ദ്രമാണ് ഇ
പഞ്ചായത്തിലെ മുഖ്യ ആരോഗ്യ സ്ഥാപനം. ഇവി
ഒരു മെഡിക്കൽ ഓഫീസർ അടക്കം 15 ജീവനക്ക
സേവനമനുഷ്ഠിക്കുന്നു. ഇതിന്റെ കീഴിൽ 5 സബ് സെ
റുകൾ നിലവിലുണ്ട്. ഇതിൽ 4 എണ്ണത്തിന് സ്വന്തമാ
കെട്ടിട സൗകര്യമില്ല. ഹെൽത്ത് സെന്ററിൽ വാഹന
ല്ലാത്തതും വേണ്ടത്ര ഫർണ്ണിച്ചറുകളുടെ കുറവ്, ആ
ശ്യമായ ശുദ്ധജല വിതരമത്തിലെ കുറവ്, യൂണിഫോ
ഇല്ലായ്മ എന്നിവയാണ് ഈ സ്ഥാപനം നേരിടു
പ്രധാന പ്രശ്നങ്ങൾ.

## പൊതു പ്രശ്നങ്ങൾ

നിലവിലുള്ള പ്രാഥമികാരോഗ്യകേന്ദ്രം 20 കിട
കളുള്ള ഒരു ആശുപത്രിയായി ഉയർത്തുക (ഇതിന് ആ
ശ്യമായ ഭൂമി നിലവിലുണ്ട്).

അലോപ്പതി സമ്പ്രദായത്തിന് പുറമെ ഹോമിയേ
ആയുർവേദം എന്നീ ചികിത്സാ സംവിധാനങ്ങൾ പഞ്ച
യത്തിൽ ലഭ്യമാക്കുക.

പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ മുഴുവൻ സ
യവും ഡോക്ടറുടെ സേവനം ലഭ്യമാക്കുക.

ഫീൽഡ് വർക്കർമാരുടെ നിഷ്ക്രിയത്വം കാരണ
ഗൃഹസന്ദർശനവും ബോധവൽക്കരണവും നടക്കുന്നി
ഇതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

ഒരൊറ്റത്തായതുകൊണ്ട് എല്ലാ ഭാഗത്തുനിന്നും ജന ങ്ങൾക്ക് എത്തിച്ചേരാൻ കഴിയുന്നില്ല. ആവശ്യമായ സ്ഥലങ്ങളിൽ സബ് സെന്ററുകൾ സ്ഥാപിക്കേണ്ടതാണ്.

ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുക

പൊതു ശ്മശാനത്തിലേക്ക് റോഡ് സൗകര്യം ഏർപ്പെടുത്തുക.

പൊതു ശ്മശാനങ്ങൾ ആവശ്യമായ സ്ഥലങ്ങ ളിൽ നിർമ്മിക്കുക.

ബസാറുകളിൽ പൊതു കക്കൂസും, മൂത്രപ്പുരയും പണിയുക.

ബസാറുകളിൽ, ചപ്പുചവറുകൾ നിക്ഷേപിക്കാൻ കുപ്പത്തൊട്ടികൾ സ്ഥാപിക്കുക.

പാവപ്പെട്ടവർക്ക് കക്കൂസ് നിർമ്മിക്കാനുള്ള സാമ്പത്തിക സഹായം നൽകുക.

## പരിസര ശുചിത്വം

പഞ്ചായത്തിന്റെ പല ഭാഗങ്ങളിൽ നിന്നും ശുചീ കരണത്തിന്റെ അഭാവത്തെക്കുറിച്ച് ഗ്രാമസഭകളിൽ പരാതി ഉയർന്നുവന്നിട്ടുണ്ട്. പഞ്ചായത്തിന്റെ പല ഭാഗ ങ്ങളിലും ഓവ്ചാൽ നിർമ്മിക്കാത്തതുകൊണ്ട് വെള്ളം കെട്ടിക്കിടക്കുന്ന അവസ്ഥയുണ്ട്. ഇത് പരിസരം മലിന മാക്കുന്നു. കച്ചവടസ്ഥാപനങ്ങൾ ഒഴിവാക്കുന്ന ചപ്പുച വറുകളും, ബസാറുകളിൽ വെച്ചുള്ള മത്സ്യവില്പനയും പരിസര മലിനീകരണത്തിന് കാരണങ്ങളാണെന്ന് ഗ്രാമ സഭകളിൽ പരാതി വന്നിട്ടുണ്ട്. 8,11,3 വാർഡുകളിലാണ് പ്രാധാനമായും ഈ പ്രശ്നങ്ങളുണ്ടാവുന്നത്.

ശുചീകരണത്തിന് ജീവനക്കാരെ നിയമിക്കുക. ബസാർ കേന്ദ്രങ്ങളിൽ കുപ്പത്തൊട്ടികൾ സ്ഥാപിക്കുക, ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം കാര്യക്ഷമ മാക്കുക, ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം കാര്യക്ഷമമാക്കുക ബോധവൽക്കരണം നടത്തുക എന്നി വയാണ് പരിഹാരങ്ങൾ.

## കക്കൂസ്

കുരുവട്ടൂർ പഞ്ചായത്തിൽ 40% കുടുംബങ്ങൾക്ക് സ്വന്തമായി കക്കൂസ് ഇല്ല. പരിസരശുചിത്വം പാലിക്കാൻ അവശ്യം വേണ്ടുന്ന ഒന്നാണ് കക്കൂസ്. കക്കൂസ് ഇല്ലാ ത്തിനാൽ വിരശല്യം, വയറിളക്കം എന്നീ രോഗങ്ങൾ കണ്ടുവരുന്നു.

സാമ്പത്തിക പരാധീനതകളും സ്ഥലപരിമിതിക ളുമാണ് കക്കൂസ് നിർമ്മാണത്തിന് തടസ്സമായി നില്ക്കു ന്നത്. ഇതിന്റെ ആവശ്യകത വേണ്ടത്ര ബോധ്യപ്പെടുത്താ ത്തതും കക്കൂസ് നിർമ്മാണത്തിന് തടസ്സമാകുന്നു. പാവ പ്പെട്ടവർക്ക് ധനസഹായം നൽകുക. ബോധവൽക്കരണം നടത്തുക കോളനി പ്രദേശങ്ങളിൽ പൊതുവായി സപ്റ്റിക് ടാങ്ക് നിർമ്മിക്കുക തുടങ്ങിയവ പരിഹാരങ്ങ ളാണ്.

**പഞ്ചായത്തിലെ ആരോഗ്യരംഗവും വാർഡ് തിരിപ്പ് സ്ഥിതിവിശേഷവും**

| വാർഡ് | സ്ഥാപനങ്ങൾ | | പൊതു പ്രശ്നങ്ങൾ | നിർദ്ദേശങ്ങൾ |
|---|---|---|---|---|
| | പൊതു | സ്വകാര്യം | | |
| 1 | പ്രാഥമിക ആരോഗ്യ കേന്ദ്രം | | – ആരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല. കിടത്തി ചികിത്സ ഇല്ല. മുഴു വൻ സമയ ഡോക്ടർമാർ ഇല്ല. ആവശ്യത്തിന് മരുന്നുകൾ കിട്ടുന്നില്ല.<br>കൊപ്ര സംസ്കരണം കൊണ്ട് ചില വീടുകൾക്ക് പരിസര മലി നീകരണം അനുഭവപ്പെടുന്നു. | മുഴുവൻ സമയ ഡോക്ടർമാരെ നിയമിക്കുക. അവശ്യമരുന്നു കൾ ലഭ്യമാക്കുക.<br>20 കിടക്കകളുള്ള ആശുപത്രി യായി ഉയർത്തുക.<br>പകർച്ച വ്യാധികൾ തടയുന്ന തിന് ബോധവൽക്കരണ ക്യാമ്പു കൾ നടത്തുക.<br>ആശുപത്രിയിൽ ഒരു ഗൈന ക്കോളജിസ്റ്റിന്റെ സേവനം ലഭ്യ മാക്കുക.<br>പരിസര മലിനീകരണം തടയുക. |
| II | – | ഹോമിയോ 3 | പി. എച്ച്. സിയിലേക്ക് രണ്ട് കിലോമീറ്ററിലധികം ദൂരമുള്ളതു കൊണ്ട് ബന്ധപ്പെടാൻ കഴിയു | |

| | | | | |
|---|---|---|---|---|
| | | | ന്നില്ല. | മത്സ്യമാർക്കറ്റ് സ്ഥാപിക്കുക. |
| | | അലോപ്പതി 1<br>ആയുർവേദം 2 | ശിശുക്കളിൽ പോഷകാഹാര ക്കുറവ് കാണുന്നു.<br>പൊതു സ്ഥലങ്ങളിൽ മത്സ്യം വിൽക്കുന്നതു കൊണ്ട് മലിനീകരണം ഉണ്ടാകുന്നു. | പി. എച്ച്. സി. ഫീൽഡ് വർക്കർ സ്ഥിരമായി ഗൃഹ സന്ദർശനം നടത്തുക. |
| III | – | ഹോമിയോ 1<br>അലോപ്പതി 1 | താമരത്ത് താഴം ബസാറിൽനിന്നും ഒഴുകുന്ന തേങ്ങവെള്ളവും ചകിരിയും കാരണം പരിസര മലിനീകരണം ഉണ്ടാകുന്നു. | താമരത്ത് താഴത്ത് ഓട നിർമ്മിക്കുക. |
| | | | പൊതു റോഡിൽ മത്സ്യക്കച്ചവടം നടത്തുന്നു. | പയിമ്പ്രയിൽ മത്സ്യമാർക്കറ്റ് സ്ഥാപിക്കുക. |
| | | | പയിമ്പ്രയിലെ സബ് സെന്ററിന് കെട്ടിടമില്ല. | സബ്സെന്ററിന് കെട്ടിടം പണിയുക. |
| IIV | | ഹോമിയോ 1 | വാർഡിൽ ചികിത്സാ സൗകര്യങ്ങൾ തീരെയില്ല. ഏക ആശ്രയം 12 കി.മീ. ദൂർമുള്ള മെഡിക്കൽ കോളേജ് ആശുപത്രി. | ആരോഗ്യകേന്ദ്രം സ്ഥാപിക്കണം. ആരോഗ്യ ക്ലാസുകൾ സംഘടിപ്പിക്കുക. |
| V | – | വൈദ്യകുടുംബങ്ങൾ 11 | ആധുനിക ചികിത്സാ സൗകര്യം ലഭ്യമല്ല.<br>പി. എച്ച്. സെന്ററിലേക്ക് 4. കി. മീ. സഞ്ചരിക്കണം. | ആധുനിക ചികിത്സാ സൗകര്യം ലഭ്യമാക്കുക.<br>ആരോഗ്യ ക്ലാസ്സുകൾ നടത്തുക. |
| VI | കുടുംബക്ഷേമ ഉപകേന്ദ്രം | അലോപ്പതി 1 | നിലവിലുള്ള ആരോഗ്യ കേന്ദ്രം അടഞ്ഞുകിടക്കുകയാണ്. | നിലവിലുള്ള സബ് സെന്റർ ഹെൽത്ത് സെന്ററായി ഉയർത്തുക. |
| | | ആയുർവ്വേദം 2 | മാരകരോഗമായ കാൻസർ കാണപ്പെടുന്നു. ബലക്ഷയം കൂടുതലായി ഉണ്ടാകുന്നു. | സബ്സെന്റർ വൈദ്യുതീകരിക്കുക. ക്യാൻസർ പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കുക. |
| | | | കിടത്തി ചികിത്സ ഇല്ല. പോഷകാഹാരക്കുറവ്, പൊതു കക്കൂസ് ഇല്ല. | ആരോഗ്യ ക്ലാസ്സുകൾ നടത്തുക. |
| VII | – | – | ചികിത്സാസൗകര്യം തീരെയില്ല. വയറിളക്ക രോഗങ്ങൾ, ബലക്ഷയം എന്നിവ കാണപ്പെടുന്നു. കുടുംബക്ഷേമ ഉപകേന്ദ്രത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല. | ആരോഗ്യ കേന്ദ്രം സ്ഥാപിക്കുക.<br>ബോധവൽക്കരണം നടത്തുക. |

| | | | | |
|---|---|---|---|---|
| | | | ആരോഗ്യ ക്ലാസ്സുകൾ നടത്താറില്ല. | |
| VIII | – | ഹോമിയോ 1 | പി. എച്ച്. സെന്ററിലേക്ക് യാത്രാസൗകര്യമില്ല. | സബ്സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിന് കുന്നത്ത് മലയിൽ സൗജന്യമായി സ്ഥലം നൽകുന്നതാണ്. |
| | | അലോപ്പതി 2 | ആരോഗ്യ ക്ലാസുകൾ നടത്താറില്ല | ചപ്പുചവറുകൾ നീക്കുന്നതിന് നടപടി സ്വീകരിക്കണം. |
| | | | ആയുർവ്വേദം 2 കച്ചവടസ്ഥാപനങ്ങൾ ചപ്പുചവറുകൾ നിക്ഷേപിക്കുന്നത് കൊണ്ട് മാലിന്യ പ്രശ്നമുണ്ട്. | പൊതു കക്കൂസ് നിർമ്മിക്കുക |
| | | | റോഡിൽവെച്ച് ഇറച്ചി കച്ചവടം നടത്തുന്നു. | ബോധവൽക്കരണം ആവശ്യമാണ്. |
| | | | സബ് സെന്ററിന് കെട്ടിമില്ല. | |
| IX | – | – | ആരോഗ്യ കേന്ദ്രങ്ങളൊന്നുമില്ല. | സബ് സെന്റർ സ്ഥാപിക്കുക. |
| | | | പി. എച്ച്. സിയിലേക്ക് രണ്ട്. കി. മീ സഞ്ചരിക്കണം. | ബോധവൽക്കരണം നടത്തുക. |
| | | | ഗൃഹസന്ദർശനം നടക്കുന്നില്ല. | |
| X | – | അലോപ്പതി 1 | നിലവിലുള്ള മാതൃശിശുസംരക്ഷണ കേന്ദ്രം പ്രവർത്തിക്കുന്നില്ല. | ആരോഗ്യകേന്ദ്രത്തിന് പുതിയ കെട്ടിടം പണിത് പ്രവർത്തനമാരംഭിക്കേണ്ടതാണ്. |
| | | | പൊതു ശ്മശാനത്തിലേക്ക് യാത്രാസൗകര്യമില്ല. | ശ്മശാനത്തിലേക്ക് യാത്രാസൗകര്യം ഏർപ്പെടുത്തുക. |
| | | | പേപ്പട്ടി ശല്യം | നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ് ലഭ്യമാക്കണം. |
| XI | – | ഹോമിയോ 1 | ആരോഗ്യ കേന്ദ്രങ്ങൾ ഇല്ല. | ആരോഗ്യ കേന്ദ്രം സ്ഥാപിക്കുക. |
| | | ആയുർവ്വേദം 5 | കച്ചവടസ്ഥാപനങ്ങളിൽനിന്നും ഒഴിവാക്കുന്ന ചപ്പുചവറുകൾ മാലിന്യ പ്രശ്നമുണ്ടാക്കുന്നു. | ഡ്രൈനേജ് സൗകര്യമുണ്ടാക്കുക. |
| | | | കുട്ടികൾക്ക് വയറിരോഗം കണ്ടുവരുന്നു. | മാലിന്യങ്ങൾ നിക്ഷേപിക്കാൻ വീപ്പകൾ സ്ഥാപിക്കുക. |
| | | | ഡ്രൈനേജ് സൗകര്യമില്ല. | പൊതു കക്കൂസ് നിർമ്മിക്കുക. |
| | | | പൊതുറോഡിൽ മത്സ്യം, ഇറച്ചി വിൽപ്പന. | ഹെൽത്ത് ഇൻസ്പെക്ടറുടെ സേവനം ലഭ്യമാക്കുക. |
| | | | | ആരോഗ്യ ക്ലാസ്സുകൾ നടത്തുക. |

## പഞ്ചായത്ത് തലത്തിൽ പ്രാവർത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ

**കായികകേന്ദ്രം:**

ജനങ്ങളുടെ കായിക വ്യായാമത്തിന് ആവശ്യമായ ഒരു പരിശീലനകേന്ദ്രം പഞ്ചായത്തിൽ സ്ഥാപിച്ചാൽ ജനങ്ങളുടെ കായികവും മാനസികവുമായ വളർച്ചയെ മെച്ചപ്പെടുത്താൻ സാധിക്കും. അതിനായി പ്രകൃതി ചികിത്സ, കളരിമർമ്മചികിത്സ, ജിംനേഷ്യം എന്നിവയെ പരിപോഷിപ്പിക്കേണ്ടതാണ്.

**പൊതുശ്മശാനം:**

പഞ്ചായത്തിൽ നിലവിലുള്ള പൊതുശ്മശാനത്തിലേക്ക് ഗതാഗത സൗകര്യം ഉണ്ടാക്കേണ്ടതാണ്. ഗ്രാമസഭകളിൽ നിന്നും പൊതുശ്മശാനം ആവശ്യമാണെന്ന് നിർദ്ദേശം വന്നിട്ടുണ്ട്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന 8, 7, 11, 6 വാർഡുകളിൽ പൊതുശ്മശാനം നിർമ്മിക്കേണ്ടതാണ്.

**വയോജന ആരോഗ്യ കേന്ദ്രം**

വൃദ്ധ ജനങ്ങൾക്ക് ആരോഗ്യപരവും മാനസികവുമായ ഉയർച്ചക്കാവശ്യമായ ഒരു വയോജന ആരോഗ്യ സാംസ്കാരിക കേന്ദ്രം സ്ഥാപിക്കേണ്ടതാണ്.

**പാരമ്പര്യ വൈദ്യമേഖല**

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പാരമ്പര്യ വൈദ്യൻമാരെ ഏകോപീപ്പിച്ച് അവരുടെ ചികിത്സാസമ്പ്രദായങ്ങളെ പരിപോഷിപ്പിക്കേണ്ടതാണ്. പഴയ മൂല ഗ്രന്ഥങ്ങളും താളിയോലകളും ശേഖരിക്കേണ്ടതാണ്. പഞ്ചായത്തിന്റെ പുറമ്പോക്ക് സ്ഥലങ്ങളിൽ ഔഷധച്ചെടികൾ നട്ടുവളർത്തി നാടൻ രീതിയിൽ ഗുണമേൻമയുള്ള ആയുർവ്വേദ ഔഷധങ്ങൾ ഉണ്ടാക്കാൻ സാധിക്കുന്നതാണ്.

പൊതു ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നത് മദ്യപാനത്തിനും പുകയിലക്കും എതിരായി പ്രചരണം നടത്തേണ്ടതും ബോധവൽക്കരണം വഴി നിയന്ത്രിക്കേണ്ടതുമാണ്.

ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതിനെതിരെ പ്രചരണം സംഘടിപ്പിക്കേണ്ടതാണ്.

പഞ്ചായത്തിലെ മുഴുവൻ കിണറുകളും പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ സഹായത്തോടെ ക്ലോറിനേറ്റ് ചെയ്യുക, മുഴുവൻ കിണറുകളും വലയിട്ട് മൂടുക എന്നവ ചെയ്യാവുന്നതാണ്.

കുട്ടികൾക്കും ഗർഭിണികളായ സ്ത്രീകൾക്കും മുലയൂട്ടുന്ന അമ്മമാർക്കും സ്കൂൾ കുട്ടികൾക്കും വേണ്ടിയുള്ള ആരോഗ്യ പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

വ്യത്യസ്ഥ വൈദ്യശാസ്ത്രങ്ങളെ ഏകോപിപ്പിക്കുന്നതിനും ആരോഗ്യ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ജനകീയ കമ്മറ്റിക്ക് രൂപം കൊടുക്കാവുന്നതാണ്.

കുഷ്ഠം, കാൻസർ, ക്ഷയം, നേത്രരോഗ പരിശോധനാ ക്യാമ്പുകൾ നടത്തുക. നേത്രദാന പ്രസ്ഥാനം, രക്തദാനസേന എന്നിവ രൂപീകരിക്കാവുന്നതാണ്.

പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ ബസ്സുഗതാഗതവുമായി ബന്ധിപ്പിക്കേണ്ടതാണ്.

കൊതുക് നിയന്ത്രണം, അലഞ്ഞു നടക്കുന്ന പട്ടികളെ നശിപ്പിക്കൽ എന്നിവ ചെയ്യേണ്ടതാണ്.

വളർത്ത് പട്ടികൾക്ക് ലൈസൻസ് നൽകേണ്ടതാണ്.

ആരോഗ്യ രംഗത്ത് ജനങ്ങളുടെ പങ്ക് ബോധ്യപ്പെടുത്തുന്നതിന് ഗ്രാമ ശുചീകരണവാരം ആചരിക്കാവുന്നതാണ്.

ഗ്രാമസഭകളിൽനിന്നുയർന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ആരോഗ്യ രംഗത്തെ സ്ഥാപനങ്ങളുടേയും സന്നദ്ധ സംഘടനകളുടെയും കൂടിച്ചേരലിലൂടെ പഞ്ചായത്ത് ഭരണസമിതിയുടെ കീഴിൽ ഒരു സമഗ്ര ആരോഗ്യ പരിപാടി നടപ്പിലാക്കുക വഴി 'രോഗരഹിതവും ആരോഗ്യപൂർണ്ണവുമായ ജനത' എന്ന ലക്ഷ്യത്തെ പൂർത്തീകരിക്കുന്നതിനാകട്ടെ ഇനിയുള്ള നമ്മുടെ മുഴുവൻ പ്രവർത്തനവും.

ooo

# 7

# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

## ഗതാഗതം

**കു**രുവട്ടൂർ പഞ്ചായത്തിന്റെ കിഴക്കും,തെക്കും, പടിഞ്ഞാറും ഭാഗങ്ങൾ പൂന്നൂർ പുഴയാൽ ചുറ്റപ്പെട്ടുകിടക്കുന്ന സ്ഥലമായതിനാൽ ഈ പ്രദേശം തൊട്ടടുത്തു കിടക്കുന്ന കോഴിക്കോട് നഗരവുമായി ഒറ്റപ്പെട്ട ഒരു പ്രദേശമായിരുന്നു. ആ കാലത്ത് നഗരവുമായി ബന്ധപ്പെടുന്നതിന് ഊടുവഴികളും കടത്തുതോണികളും മാത്രമായിരുന്നു ജനങ്ങൾക്ക് ആശ്രയം. ഇവിടുത്തെ പ്രധാന കാർഷിക ഉൽപന്നങ്ങൾ വിപണിയിലെത്തിച്ചതും നിത്യോപയോഗ സാധനങ്ങൾ തിരികെ കൊണ്ടുവന്നതും ചുമടായിട്ടായിരുന്നു. അതുകൊണ്ട്തന്നെ സാധനങ്ങളുടെ വില നഗരങ്ങളിലെ വിലയെക്കാൾ കൂടുന്നതിന് കാരണമായി.

1950 കാലഘട്ടമായപ്പോഴേക്കും ജനങ്ങൾക്ക് നാടിന്റെ വികസനത്തിന് റോഡ് അത്യാവശ്യമാണെന്ന ഒരു ബോധം ഉണ്ടാവുകയും അതിന്ന് വേണ്ടി ശ്രമം തുടങ്ങുകയും ചെയ്തു. അതനുസരിച്ച് മൂട്ടോളി, കുരുവട്ടൂർ, പയിമ്പ്ര വഴി കുന്ദമംഗലം 10-ാം മൈൽ റോഡ് നിർമ്മിക്കുന്നതിന് വേണ്ടി പദ്ധതി തയ്യാറാക്കുകയും അതിന്റെ സാമ്പത്തിക സംഭരണത്തിന് വേണ്ടി പ്രഗത്ഭ സംഗീതജ്ഞനായ ത്യാഗരാജ ഭാഗവതരുടെ പാട്ടുകച്ചേരി നടത്തി കുറെ പണം സംഭരിക്കുകയും റോഡിന്റെ പണി ഒരു ജനകീയ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. എന്നാൽ അമ്പലത്തുകുളങ്ങര നിന്ന് മച്ചക്കുളം വഴി നരിക്കുനിയിലേക്ക് ഒരു റോഡ് വെട്ടുന്നതിന് അന്നത്തെ വില്ലേജോഫീസറും പൗരമുഖ്യനുമായിരുന്ന കറ്റടിമൂത്തേടത്ത് അപ്പുനായരുടെ ശ്രമഫലമായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ആ കമ്മറ്റി അതിന്റെ പ്രവർത്തനം ധ്രുതഗതിയിൽ നടത്തിയതിന്റെ ഫലമായി ആദ്യമായി കുരുവട്ടൂർ ഭാഗത്തേക്കുള്ള ആ റോഡിന്റെ പണിതീരുകയും മദ്രാസ് സംസ്ഥാനത്തിലെ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന കുമാരസ്വാമിരാജ ഉദ്ഘാടനം ചെയ്ത റോഡാണ് ഇന്നത്തെ 'കുമാരസ്വാമിരാജ' റോഡ്. ആദ്യമായി ബസ്സ് ഗതാഗതം ആരംഭിച്ചതും ഈ റോഡിൽ തന്നെയാണ്.

പിന്നീട് മുട്ടോളി - കുന്ദമംഗലം 10-ാം മൈൽ റോഡിന്റെ പ്രവർത്തി പയിമ്പ്ര വരെ എത്തിക്കുകയും വർഷങ്ങൾക്കുശേഷം അത് പൂർത്തീകരിക്കുകയും ചെയ്തു. അതിന് ശേഷം മച്ചക്കുളം കുമ്മങ്ങോട്ടുതാഴം റോഡും, പറമ്പിൽകടവ് - പൊട്ടമുറി റോഡും നിർമ്മി

ക്കുകയുണ്ടായി. ഈ എല്ലാ റോഡുകളും ജനങ്ങളുടെ ശ്രമദാനത്തിന്റെ ഫലമായി ഉണ്ടായതാണെന്ന് നമുക്ക് അഭിമാനിക്കാം.

പൂളക്കടവ് ബണ്ട് കെട്ടിയതോടുകൂടിയുണ്ടായ നടപ്പാലവും 1973 ആയപ്പോഴേക്കും പറമ്പിൽകടവ് പാലവും ഉണ്ടായതോടെ നഗരവും പഞ്ചായത്തും തമ്മിലുള്ള ബന്ധം കൂടുതൽ സുഗമമായിതീർന്നു. 1990–ൽ പണ്ടാരപറമ്പ് പാലവും 1993ൽ ചെറുവറ്റക്കടവ് പാലവും വന്നതോടെ യഥാക്രമം വയനാട് ഭാഗത്തേക്കും, മെഡിക്കൽ കോളേജ് ഭാഗത്തേക്കും യാത്ര സുഖകരമായെങ്കിലും പഞ്ചായത്തിന്റെ ഒരുഭാഗം അതായത് കോണോട്ട് ഭാഗം ഇന്നും നഗരവുമായി ബന്ധപ്പെടാൻ വളരെ പ്രയാസപ്പെടുന്നു. അതിന് പരിഹാരമുണ്ടാക്കാൻ പാറക്കടവിൽ ഒരു പാലവും നമ്മുടെ പഞ്ചായത്തിന് ഒഴിച്ചുകൂടാൻ കഴിയാത്തതാണ്. അതിന് അശ്രാന്ത പരിശ്രമം ജനങ്ങൾ ചെയ്തുകൊണ്ടിരിക്കയാണ്.

മേൽപ്പറഞ്ഞ കടവുകൾക്ക് പാലം വരുന്നതുവരെ മൂട്ടോളി, അമ്പലത്തുകുളങ്ങര, തടമ്പാട്ട്താഴം, പാറോപ്പടി, മലാപ്പറമ്പ്, കുന്ദമംഗലം എന്നീ സ്ഥലങ്ങളിൽ എത്തിയിട്ടു വേണം ജനങ്ങൾക്ക് നഗരവുമായി ബന്ധപ്പെടാൻ, അന്ന് ഈ നാട്ടിലെ ജനങ്ങളുടെ വീടുകൾക്ക് ആവശ്യമായ ഓട്, പൂഴി എന്നിവയെല്ലാം മൂഴിക്കൽ എന്ന പ്രദേശത്ത് കാളവണ്ടിയിലെത്തിച്ച് ചമുട്ട് വഴി പഞ്ചായത്തിലെത്തിക്കുകയായിരുന്നു ചെയ്തിരുന്നത്. എന്നാൽ പാലങ്ങളുണ്ടായതോടെ ബസ്സ സർവ്വീസ് മിക്ക ഭാഗങ്ങളിലേക്കും എത്തുകയും മറ്റു ഗതാഗത സൗകര്യങ്ങൾ ഉണ്ടാവുകയും ചെയ്തതോടെ പഞ്ചായത്തിന്ന് അഭിമാനിക്കാവുന്ന പല നേട്ടങ്ങളുണ്ടായിട്ടുണ്ട്. പഞ്ചായത്തിലെ ഏറ്റവും വലിയ വ്യാപാരകേന്ദ്രമായ പറമ്പിൽബസാറിന്റെയും ചെറുവററയുടെയും വികസനം എടുത്തു പറയാവുന്നതാണ്. കൂടാതെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ഈർച്ചമിൽ, ഫ്ളോർമിൽ, വുഡ് ഇൻഡസ്ട്രീസ്, ബോഡി ബിൽഡിങ്ങ് ഇൻഡസ്ട്രീസ് മുതലായ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഉണ്ടാവാനും, അതു വഴി കുറച്ചുപേർക്കെങ്കിലും തൊഴിലു ലഭിക്കുവാൻ ഇട വരികയും ചെയ്തിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ആകെ 79,830 കി.മീ. നീളത്തിൽ റോഡ് ഉണ്ടെന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നു.

വിശദവിവരം താഴെ പട്ടികയിൽ കാണുക.

പട്ടിക 1 റോഡിന്റെ സ്വഭാവം

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| | | | ടാർ | | | | |
| കച്ച | പക്ക | മെറ്റൽ | പഞ്ചായത്ത് | pwd | N.H. | മറ്റുള്ളവ | ആകെ |
| 48.680 | 3.600 | – | – | 13.400 | – | 14.150 | 79.830k.m |

മേൽകാണുന്ന പട്ടികയിൽ നിന്നും പഞ്ചായത്തിൽ 48.680 കി.മീ. നീളത്തിൽ കച്ച റോഡായികാണുന്നു. ഒരുവിധം നല്ല റോഡായിട്ടുള്ളത് 3.600 കി. മീറ്ററും പി.ഡബ്ലിയു.ഡി. നാർറോഡ് 13.400 കി. മീ ആണ്. 14.150 കി. മീ. റോഡിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും നടപ്പാതയാണ്. ഗതാഗതയോഗ്യമല്ല.

പട്ടിക 2

പഞ്ചായത്തിലെ ടാർ റോഡുകൾ

| വാർഡ്നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം (കി.മീ) | ബസ്സ്/മറ്റു യാത്രാസൗകര്യം |
|---|---|---|---|---|
| 1. | കുമാരസ്വാമി രാജാ റോഡിൽ പാലത്ത് – കച്ചൂർ താഴം | PWD | 2.5 | ബസ്സ് |
| 2. | പറമ്പിൽ കടവ് – പുല്ലാളൂർ | ,, | 5 | ബസ്സ് |
| 3. | കുമ്മങ്ങോട്ട് താഴം – പണ്ടാരപ്പറമ്പ് പാലം | ,, | 5 | ബസ്സ് |
| 4. | മല്ലിശ്ശേരിത്താഴം – ചെറുവറ്റ | ,, | 21/2 | ബസ്സ് |

പട്ടിക 3

മെറ്റൽ റോഡുകൾ

| | | | | |
|---|---|---|---|---|
| 1. | പുല്ലാട്ട് താഴം – പി. എച്ച് റോഡ് | ,, | 8 | – |
| 2. | പാലൂർ – പാറക്കടവ് റോഡിൽ തേറമ്പത്ത് താഴം വരെ | | 2 | – |

നിലവിലുള്ള മൺറോഡ്

| വാർഡ് | പേര് | നീളംകി.മീ |
|---|---|---|
| 1. | കുമ്മങ്ങോട്ട്താഴം– തെരുവത്ത്താഴം | 1.8 |
| | മാലേരിക്കുന്ന് – SC. കോളനി | 1.5 |
| | കളോളിപൊയിൽ – പുല്ലാട്ട് താഴം | 1.00 |
| | ഗയിറ്റ് ബസാർ – ഹെൽത്ത് സെന്റർ. 1.00 | |
| 2. | പരപ്പിൽപടി – തെറ്റത്ത് താഴം. | 1.00 |
| | ചെമ്പക്കോട്ട് താഴം – തെറ്റത്ത് താഴം | 1.5 |
| | ചെന്നിക്കോട്ട് താഴം – തൃക്കോവിൽ അരോത്ത്താഴം | 1.25 |
| 3. | പയമ്പ്ര – പൊയിൽതാഴം | 2.5 |
| | പയമ്പ്ര – കൊളമുള്ളയിൽതാഴം | 0.7 |

*(പട്ടിക തുടർച്ച)*

(പട്ടിക തുടർച്ച)

| | | |
|---|---|---|
| | പയമ്പ്ര – പോലൂർ | 1.25 |
| | പയമ്പ്ര വയൽ – തെറ്റത്ത് താഴം | 2.00 |
| | താമരത്ത് താഴം – പയമ്പ്ര വയൽ | 0.5 |
| | പറമുണ്ടത്താഴം–ചെന്നിക്കോട്ട് താഴം | 0.5 |
| | പയമ്പ്ര – അയ്യപ്പാടം | 2.00 |
| 4. | തെറ്റത്ത് താഴം – പൊയിൽതാഴം | 0.3 |
| | പൊയിൽതാഴം – കോഴിക്കയം – പണ്ടാരക്കടവ് | |
| | ഒഴാംപൊയിൽപുറായിൽ–കോഴിക്കയം | 0.4 |
| | ചെറാത്ത് താഴം – വേങ്കാട്ട് ചാലിൽതാഴം | 0.5 |
| | പന്ന്യടപുറായിൽ– മണിയഞ്ചേരിക്കോട്ട | |
| | പുനപ്പോത്തിൽ – മണിയഞ്ചേരിക്കോട്ട | |
| | മത്തത്തിൽമീത്തൽ – കിഴക്കാൾകടവ് | |
| 5. | ചെറുവറ്റ – വെളുത്തേടത്ത് താഴം | 3.00 |
| | കൊടുവമ്പത്ത് താഴം – തുറയിൽകടവ് | 1.00 |
| | മേറ്റത്തുമുക്ക് – തുറയിൽകടവ് | 1.00 |
| | കൊടുവമ്പത്ത് താഴം – പെരുവട്ടിപ്പാറ | 1.00 |
| | മേറ്റത്ത് മുക്ക്–കൃക്കോവിൽ കോണോട്ട് – അംഗൻവാടി കണ്ടിയിൽമുക്ക് | 2.00 |
| | കൊടുവമ്പത്ത് മുക്ക് – തൂമ്പറ്റ | 0.5 |
| | തുറയിൽകടവ് – കരുവട്ടമണ്ണിൽ കടവ് | 0.5 |
| | വെളുത്തേടത്തുമുക്ക്–ഇടക്കണ്ടിക്ഷേത്രം | 0.03 |
| 6. | ചെറുവറ്റ–ആഞ്ഞിലോറകുന്ന് കോളനി | 1.2 |
| | ചെറുവറ്റപ്പള്ളി – വെളുത്തേടത്ത് താഴം | 3.00 |
| | മാറാടത്ത് – കുന്നംകണ്ടാരി | 2.00 |
| | പുൽപ്പറമ്പ് കല്ലുവെട്ടുപ്പാലം | 0.5 |
| 7. | ചെറുവറ്റ – ഇടപ്പത്തിൽതാഴം | 2.00 |
| | ചെറുവറ്റ – പിലാത്തോട്ടത്തിൽതാഴം | 1.5 |
| | പെരുന്തലേരി – പുതിയോട്ടിൽമീത്തൽ | 2.00 |
| 8. | പറമ്പിൽ ബസാർ – പൂളക്കടവ് | 1.5 |
| | പറമ്പിൽബസാർ – ചാലിൽതാഴം | 1.5 |
| | പറമ്പിൽ കടവ് – കുന്നത്ത്മല | 1.00 |
| | പറമ്പിൽ കടവ് – കിരാലൂർ | 0.5 |
| | മല്ലിശ്ശേരിതാഴം – കുറ്റ്യാട്ടുതാഴം | 0.75 |
| | മാനികുറ്റ്യേടത്തുതാഴം – അരിയിൽതോട് പേരോടുകുന്ന് | 1.5 |
| 9. | പോലൂർ – പയമ്പ്ര | 2.00 |
| | അയ്യപ്പാടം – പയമ്പ്ര | 2.00 |
| | ചമ്പുക്കോട്ടുതാഴം – ചന്ദനഞ്ചേരിതാഴം | 1.00 |
| | മുളന്തൽമുക്ക് – ആച്ചോത്തിൽതാഴം | 1.00 |
| | കാരാട്ടുതാഴം – വളച്ചുകെട്ടി | 0.5 |
| | പുതിയോട്ട് – കച്ചേരികുന്ന് | 0.5 |
| | നടുവിലകണ്ടി – പാലങ്ങാട് മല | 1.00 |
| 10. | പുല്ലാട്ടുതാഴം – അയ്യപ്പാടം | 0.8 |
| | പുല്ലാട്ടുതാഴം – മുതുവന ലക്ഷംവീട് | 0.6 |
| | അയ്യപ്പാടം – കാരാട്ടുതാഴം | 0.5 |
| | ചെമ്പക്കോട്ടുതാഴം – ചന്ദനഞ്ചേരിതാഴം | 1.5 |
| | നമ്പോത്തിൽതാഴം ഫുട്ട് പാത്ത് | 0.5 |
| | പൊൻമിളിതാഴം – പുറത്താട്ടുതാഴം | 0.3 |
| 11. | ആലിങ്ങൽ – പൂളക്കടവ് | 1.5 |
| | ചെറുവറ്റ ഇടപ്പത്തിൽതാഴം | 2.00 |
| | ഒടുപ്പുനത്ത് – ഈനഞ്ചേരി | 1.00 |
| | ആച്ചോത്തിൽതാഴം – വാവാട്ടുതാഴം | 2.00 |
| | എടപ്പത്തിൽതാഴം – മിനി സ്റ്റേഡിയം | 1.00 |
| | വാവാട്ടുതാഴം – തയ്യിൽതാഴം | 0.5 |
| | പുറത്താടത്താവം – കനാൽറോഡ് കണക്ഷൻ | 0.2 |
| | പടിഞ്ഞാട്ടുകണ്ടി – വളപ്പിൽ | 0.5 |

യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിന് അത്യാവശ്യമായി താഴെ പറയുന്ന രോഡുകൾ നിർമ്മിക്കേണ്ടതാണ്.

| | | |
|---|---|---|
| 1. | ഉണിപ്പറമ്പത്ത്താഴം – പൊട്ടമുറി | 1.00 |
| 2. | കിണറ്റിങ്ങരതാഴം –ചെന്നിക്കോട്ടുതാഴം | 1.00 |
| | കല്ലുമിറക്കൽ – പുതിയ തൃക്കോവിൽ ക്ഷേത്രം നടപ്പാത | 0.6 |
| | അരോത്ത് പൊയിൽ – തൃക്കാവിൽ ക്ഷേത്രം നടപ്പാത | 0.5 |
| 3. | പെരുവട്ടിപ്പാറ – കീരങ്ങോട്ടുമല | 0.5 |
| | പയമ്പ്ര – HS റോഡ് | 0.5 |
| 4. | പുതപ്പത്തിൽപ്പുറായിൽ – തട്ടഞ്ചേരിതാഴം | 1.00 |
| | മലയിൽതാഴം – കിഴക്കാൾകടവ് | 1.00 |
| | കുളങ്ങരേടതത് മുള്ളൻപറമ്പ് | 2.00 |
| | കായക്കൽ – മുള്ളൻ പറമ്പ് | 1.00 |
| | പൊയിൽതാഴം – പണ്ടാരപറമ്പ് | 1.00 |
| | പുതുമണ്ണിൻതാഴം – പായോമല | 1.00 |
| 5. | തൊച്ചമണ്ണിൽ – തോട്ടത്തിൽതാഴം വേങ്ങാട്ടുചാലിൽ | 1.00 |
| | കാളന്നൂർമുക്ക് – കുന്നത്തരി മീത്തൽ 4സെന്റ് മിച്ചഭൂമി വേങ്ങാട്ടിൽ ചാലിൽ താഴം | 1.00 |
| | തീണ്ടാപ്പുറത്ത്മുക്ക് – പകലേടത്തു താഴം | 1.00 |
| | പിച്ചങ്ങോട്ട് – മാലാത്ത്മീത്തൽ | 0.5 |
| 6. | നടമ്മൽ – തയ്യിൽതാഴം | 1.00 |
| | കുളമുള്ളയിൽതാഴം – നെല്ലിപൊയിൽ | 1.00 |
| | പൂളക്കൽ താഴം – കുറ്റിയിൽതാഴം ഫുട്പാത്ത് | |
| | കുന്നംകുണ്ടാരി – നാറാടത്തുതാഴം – ചെറുവറ്റപള്ളി | |
| | മണ്ണാറംകുന്ന് – ലക്ഷംവീട് കോളനി | |
| | കുന്നംകണ്ടാരി – മാറാടത്തു പുറായിൽ റോഡിൽ പീടികമീത്തൽ | |
| | കണ്ടിയിൽ മുക്ക് – കോണോട്ട് അംഗൻവാടി ഉരകത്തുമുക്ക് | 2.00 |
| 8. | ഹൈസ്കൂൾ റോഡിൽനിന്ന് | |

| | | |
|---|---|---|
| | കുറ്റ്യാട്ടുതാഴം റോഡ് | |
| | നടുവിലകണ്ടി - പുതുശ്ശേരി താഴം | |
| | മേത്തലാറമ്പത്തുതാഴം - ആണിയംവീട്ടിൽ | |
| | പറമ്പിൽകടവ് - വെള്ളായിക്കോട് | |
| | പാണ്ടിപ്പുനത്തിൽ താഴം - വാളറാട്കുന്ന് | |
| | കുന്നത്തുമല - പൂളക്കടവ് അകിഡേറ്റ് | |
| 9. | കാരാട്ടുതാഴം - പോലൂർ സ്ക്കൂൾ | 1.00 |
| | ചന്ദനഞ്ചേരിതാഴം - വെളുത്തേടത്തുതാഴം | 1.00 |
| | പോലൂർ AMLPS - കുളമുള്ളയിൽതാഴം | 1.00 |
| | വളച്ചുകെട്ടി-ലക്ഷംവീട് കോളനി റോഡ് | 0.8 |
| 10. | അരീക്കര പൊയിൽ - കേമ്മട്ടുകുന്ന് | 0.5 |
| | കച്ചേരിക്കൽ - മൊടോങ്ങൽ | 1.00 |
| | അയ്യപ്പാടം - കുമ്മങ്ങോട്ടുതാഴം | 1.5 |
| | പൊൻമിളിതാഴം - അയ്യപ്പാടം | 1.00 |
| | മൂലപ്പിലാവ് പഞ്ചായത്ത് ശ്മശാനം | 1.00 |
| | കാരാട്ടുതാഴം - ലക്ഷംവീട് | 0.5 |
| 11. | പറമ്പിൽ ബസാർ ടെലി-ബൂത്ത് - | |
| | പാറമ്മൽതാഴം കുന്നുമ്മൽ കനാൽ റോഡ് | 1.00 |
| | ഇടപ്പത്തിൽ താലം - പൊറ്റമ്മൽ | 1.00 |
| | മിനി സ്റ്റേഡിയം അപ്രോച്ച് റോഡ് | |
| | ചാത്തൻഗ്രാത്ത് - ഇളവനത്താഴം - ഇടപ്പത്തിൽ താഴം | 1.00 |
| | മിനി സ്റ്റേഡിയം - കാരത്തൻകണ്ടി | 0.2 |
| | വേട്ടുപ്പുരകണ്ടിത്താഴം - തയ്യിൽതാഴം | 1.00 |
| | തട്ടാരിതാഴം - PWD | 0.2 |
| | പൂളക്കടവ് - കൊഴമ്പത്ത്താഴം | 0.5 |

# ഊർജ്ജം

ഒരു ദേശത്തിന്റെ വികസനത്തിന്റെ തോത് നിശ്ചയിക്കുന്നതിൽ ആ പ്രദേശത്ത് ഉപയോഗിക്കപ്പെടുന്ന ഊർജത്തിനെയും ആശ്രയിച്ചിരിക്കുന്നു. നമ്മുടെ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന വിറക് മുതൽ വൈദ്യുതി വരെ ഇതിൽ ഉൾപ്പെടുന്നു. നമ്മുടെ പഞ്ചായത്തിൽ പാചക ആവശ്യത്തിന് ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് വിറക് തന്നെ ഏതാനും വീടുകളിൽ ഗോബർഗ്യാസ് പ്ലാന്റും, പാചക ഗ്യാസും വൈദ്യുതിയം ഉപയോഗപ്പെടുത്തുന്നു.

പാചകാവശ്യത്തിന് വിറകിന്റെ ഉപയോഗം കഴിഞ്ഞാൽ മറ്റാവശ്യങ്ങൾക്ക് ഏറ്റവും കൂടുതൽ വൈദ്യുതി തന്നെയാണ് ഉപയോഗിക്കുന്നത്. വിറകിന്റെ ലഭ്യതയും നമ്മുടെ പഞ്ചായത്തിൽ കുറഞ്ഞു വരികയാണ്.

നീണ്ട 24 വർഷങ്ങൾ കഴിഞ്ഞെങ്കിലും വൈദ്യുതി എത്താത്ത 1972 ജൂൺ 15നാണ് കുരുവട്ടൂർ പഞ്ചായത്തിൽ വൈദ്യുതി എത്തിയത്. ഒട്ടേറെ പ്രദേശങ്ങളുണ്ട്. നമ്മുടെ പഞ്ചായത്തിൽ വൈദ്യുതി ഓഫീസുകളൊന്നും പ്രവർത്തിക്കുന്നില്ല. കക്കോടി, കുന്ദമംഗലം എന്നീ സെക്ഷനുകളിൽനിന്നാണ് പഞ്ചായത്തിലേക്ക് വൈദ്യുതി വിതരണം നടത്തുന്നത്. കറന്റ് ചാർജ് അടക്കുന്നതിനു 6 മുതൽ 10.കി.മീ വരെ അകലത്ത് സ്ഥിതി ചെയ്യുന്ന ഓഫീസിലെത്താൻ പലപ്പോഴും ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ട്. കൃത്യസമയത്ത് ബിൽ അടയ്ക്കാൻ കഴിയാതെ വരുന്നതിനാൽ പിഴ അടയ്ക്കേണ്ടി വരുന്ന അനുഭവം ഉണ്ടാകുന്നു. നിലവിലുള്ള ഉപഭോക്താക്കളുടെ വിവരം പട്ടികയായി ചുവടെ ചേർക്കുന്നു.

**നിലവിലുള്ള ഉപഭോക്താക്കൾ**

| ഗാർഹികം | വ്യാപാരം | വ്യവസായികം | കാർഷികം |
|---|---|---|---|
| 2728 | 190 | 26 | 70 |

(അവലംബം KSEB കണക്ക്)

37,476 രൂപ പ്രതിവർഷം വൈദ്യുത ചാർജ്ജായി പഞ്ചായത്ത് അടയ്ക്കുന്നുണ്ട്. 200 ബൾബും, 6 ട്യൂബും നമ്മുടെ സ്ട്രീറ്റ്ലൈറ്റുകളുടെ എണ്ണത്തിൽപ്പെടും. എങ്കിലും നാമമാത്രമായ സ്ട്രീറ്റ് ലൈറ്റുകൾ മാത്രമെ പ്രവർത്തിക്കുന്നുള്ളു. സ്ട്രീറ്റുലൈറ്റുകളെ സംബന്ധിച്ച പരാതി വരാത്ത ഒറ്റ ഗ്രാമസഭപോലും ഉണ്ടായിട്ടില്ല. വോൾട്ടേജ് പ്രശ്നവും ഈ പഞ്ചായത്തിൽ വളരെ രൂക്ഷമാണ്. ട്രാൻസ്ഫോർമറാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. അവ പട്ടികയായി ചുവടെ ചേർക്കുന്നു.

| നമ്പർ | കപ്പാസിറ്റി | സ്ഥലം |
|---|---|---|
| 1 | 100 KVA | പെരുവട്ടി |
| 2 | 100 KVA | കച്ചേരികുന്ന് |
| 3 | 100 KVA | പൊട്ടമുറി |
| 4 | 100 KVA | കുരുവട്ടൂർ |
| 5 | 100 KVA | കുമ്മങ്ങോട്ടുതാഴം |
| 6 | 100 KVA | മല്ലിശ്ശേരിതാഴം |
| 7 | 100 KVA | ചെറുവറ്റ |
| 8 | 160 KVA | പറമ്പിൽബസാർ |
| 9 | 100 KVA | പൂളക്കടവ് |

## പ്രശ്നങ്ങൾ

1. വേൾട്ടേജ് ക്ഷാമം

2. പഞ്ചായത്തിൽ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.

3. വൈദ്യുത ചാർജ്ജ് അടയ്ക്കുന്നതിന് കക്കോടിയിലെ സെക്ഷൻ ഓഫീസ് മാത്രമേ ആശ്രയമായുള്ളൂ. ഇത് ഉപഭോക്താക്കൾക്ക് വളരെയേറെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു.

4. 14 കോളനികളിൽ 7 എണ്ണം മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളൂ.

5. ഓഡിനറി കണക്ഷൻ കിട്ടാൻ അവസാനം കൊടുത്ത തിയ്യതി പരിശോധിച്ചാൽ 6 വർഷം കഴിഞ്ഞിരിക്കുന്നു. കണക്ഷൻ കിട്ടാനുള്ള കാലതമസം ഒരു പ്രധാന പ്രശ്നമാണ്.

6. ബോർഡ് ജീവനക്കാരുടെ അനാസ്ഥ ജനങ്ങളുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വിമുഖത, അഴിമതി എന്നിവയും ഉള്ള വിഷമങ്ങൾ കൂടുന്നു.

7. ട്രാൻസ്ഫോർമറിന്റെ കപ്പാസിറ്റി കുറവ്.

8. സമ്പന്ന കുടുംബങ്ങളിലെ സ്റ്റെപ്പ് – അപ് ഉപയോഗം.

9. വൈദ്യുതിയുടെ ദുർവിനിയോഗം.

10. തെരുവ് വിളക്കുകൾ കത്തുന്നില്ല.

## പുതുതായി ട്രാൻസ്ഫോർമർ ആവശ്യമായ പ്രദേശങ്ങൾ

| നമ്പർ | സ്ഥലം | വാർഡ് |
|---|---|---|
| 1. | ആശാരിക്കൽതാഴം | 1 |
| 2. | ഇടുക്കപ്പാറ | 2 |
| 3 | പയിമ്പ്ര ബസാർ | 3 |
| 4. | പണ്ടാരപ്പറമ്പ് | 4 |
| 5. | കൊണോട്ട് | 5 |
| 6. | നടമ്മൽ | 6 |
| 7. | ചെറിയാപ്പാകുന്ന് | 7 |
| 8. | പോലൂർ | 11 |

## നിർദ്ദേശങ്ങൾ

1. നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുക.

2. വോർട്ടേജ് ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന കോളത്തിൽ പറഞ്ഞ പ്രദേശങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

3. വൈദ്യുതി കടന്നുചെല്ലാത്ത പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലേക്ക് വൈദ്യുതി എത്തിക്കുവാനാവശ്യമായ നടപടി സ്വീകരിക്കുക.

4. വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിന് വേണ്ടി ഉപഭോക്താക്കളുടെ സൗകര്യത്തിനായി പഞ്ചായത്തിൽ 2 കേന്ദ്രമെങ്കിലും ആരംഭിക്കണം.

5. വൈദ്യുതികരിക്കാത്ത മുഴുവൻ കോളനികളും സൗജന്യമായി വൈദ്യുതി എത്തിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

6. വൈദ്യുത കണക്ഷൻ കിട്ടാനുള്ള കാലതാമസം ഒഴിവാക്കുക.

7. ഉദ്യോഗസ്ഥരുടെ അനാസ്ഥ അവസാനിപ്പിക്കുക.

8. നിലവിലുള്ള സ്ലാബ് സമ്പ്രദായം നിർത്തലാക്കുക.

9. കത്താത്ത മുഴുവൻ തെരുവ് വിളക്കുകളും കത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

10. തെരുവ് വിളക്കുകൾ ആവശ്യമായ മുഴുവൻ പ്രദേശത്തും തെരുവ് വിളക്കുകൾ സ്ഥാപിക്കണം.

11. താഴെ പട്ടികയിൽ പറയുന്ന സ്ഥലങ്ങളിൽ അടിയന്തിരമായി വൈദ്യുതി എത്തിക്കണം.

| വൈദ്യുതി എത്തിപ്പെടാത്ത സ്ഥലങ്ങൾ | വൈദ്യുതികരിക്കാത്ത പട്ടികജാതി കോളനികൾ |
|---|---|
| കളോളിപൊയിൽ 50തോളം വീടുകൾ | മാലേരിക്കുന്നു |
| പരപ്പിൽപടി കൂടത്തിൽ പ്രദേശത്ത് നൂറോളം വീടുകൾ | ആഞ്ഞിലോറക്കുന്നു കോളനി |
| നങ്ങോറക്കുന്ന് | |
| പണ്ടാരപ്പറമ്പ് അമ്പതിൽ പരം വീടുകൾ | |
| നെല്ലിക്കൽ പ്രദേശം കുരുവട്ടമണ്ണിൽ പ്രദേശം | |
| അക്കിനാരിമീത്തൽ പ്രദേശം | |
| പുതിയോട്ടിൽ പുറായിൽ പ്രദേശം | |
| പുതുശ്ശേരിതാഴം, മണ്ടശ്ശേരി താഴം, വലിയകുളങ്ങര പ്രദേശം | |

12. കുന്ദമംഗലത്ത് നിർമ്മാണത്തിലിരിക്കുന്ന 110KV സബ് സ്റ്റേഷൻ പ്രവർത്തന പരിധിയിൽ കുരുവട്ടൂർ ഗ്രാമ പഞ്ചായത്തിനെ മൊത്തം ഉൾപ്പെടുത്തണം.

## മാർക്കറ്റ്

ഉൽപന്നങ്ങളുടെ, കേന്ദ്രീകരിച്ച സംഭരണത്തിനും വിപണനത്തിനും അത്യന്താപേക്ഷിതമായ ഒരു ഘടകമാണ് മാർക്കറ്റ്.

മൂന്നുഭാഗവും പുഴയാൽ ചുറ്റപ്പെട്ട നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ കേരളപ്പിറവിക്കു മുമ്പ്, വാഹന സഹായമില്ലാതെ തലച്ചുമടായും, കാമണ്ഡം ഉപയോഗിച്ചും ആയിരുന്നു ഉൽപന്നങ്ങൾ വിപണിയിൽ എത്തിച്ചിരുന്നത്.

നമ്മുടെ പ്രധാന കാർഷിക ഉൽപന്നങ്ങളായ നാളികേരം, അടയ്ക്ക, കുരുമുളകും, നേന്ത്രക്കുല, പച്ചക്കറികൾ, മാങ്ങ, കിഴങ്ങുവർഗ്ഗങ്ങൾ മുതലായവ പട്ടണത്തിൽ എത്തിച്ചാണ് വിപണനം നടത്തിയിരുന്നത്.

ഇത് സംഭരിക്കുവാനോ, വിതരണം ചെയ്യാനോ, ഉള്ള സംവിധാനം നമ്മുടെ പഞ്ചായത്തിലില്ല.

നമ്മുടെ പഞ്ചായത്തിലെ വ്യാപാര കേന്ദ്രമായ പറമ്പിൽ ബസാറിൽപോലും ഉൽപന്നങ്ങൾ സംഭരിക്കാനും വിപണനം നടത്താനുമുള്ള സംവിധാനങ്ങൾ ഇല്ല, നിലവിൽ ഒരു മത്സ്യമാർക്കറ്റ് ഉണ്ടെങ്കിൽ പോലും അതു ഉപയോഗപ്പെടുത്തി മത്സ്യം വില്പന നടത്തുന്ന സമ്പ്രദായം ഇല്ല എന്നത് ഖേദകരമാണ്. പരിസര മലിനീകരണം തടയാനും ശുചിത്വം പാലിക്കാനും ഇതാവശ്യമാണ്.

നമ്മുടെ പഞ്ചായത്തിലെ മിക്ക വാർഡുകളിലും കേന്ദ്രീകൃത മാർക്കറ്റിങ്ങ് സംവിധാനമില്ല.

### നിർദ്ദേശങ്ങൾ

ആഴ്ച ചന്തകളോ, ഉത്സവച്ചന്തകളോ, നടത്തേണ്ടതാണ്.

ജനസാന്ദ്രത കൂടുതൽ ഉള്ള പറമ്പിൽ ബസാറിൽ, വിപണന സാധ്യത കൂടുതൽഉള്ളതുകൊണ്ട്, പഞ്ചായത്ത് Shopping Complex സ്ഥാപിച്ച് ഇത്തരം സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കണം.

3. നിലവിലുള്ള സർവ്വീസ് സഹകരണ ബേങ്ക്, ഉൽപന്ന സംഭരണം തുടങ്ങണം.

4. ജനസാന്ദ്രയുള്ള സ്ഥലത്ത് ഗോഡൗണുകൾ സ്ഥാപിച്ചു സംസ്ഥാന വേർഹൗസിങ്ങ് കോർപ്പറേഷനുമായി ബന്ധിപ്പിക്കണം.

5. നിലവിലുള്ള കൺസ്യൂമർസ്റ്റോർ, ഉത്പന്ന സംഭരണവും വിതരണവും നടത്തണം.

6. സ്വയം തൊഴിൽവഴി ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാനും വിറ്റഴിക്കാനും സംവിധാനം ഉണ്ടാക്കണം.

7. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സഹകരണസംഘങ്ങൾ വഴി അത്യാവശ്യസാധനങ്ങളും പഠനോപകരണങ്ങളും വിപണനം നടത്താനുള്ള സംവിധാനം ഉണ്ടാക്കണം.

8. കന്നുകാലി ചന്തകൾ ആരംഭിക്കണം.

ooo



# 3

# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

കോഴിക്കോട് നഗരവുമായി തൊട്ടുകിടക്കുന്നതു കൊണ്ട് ധാരാളം ആളുകൾ ഉപജീവനത്തിന് നഗരത്തെ ആശ്രയിക്കുന്നുണ്ട്. നഗരത്തിലെ തൊഴിൽ മേഖലകളിലേക്ക് ധാരാളം പേരെ ഈ പഞ്ചായത്ത് സംഭാവന ചെയ്യുന്നുണ്ട്. മറിച്ച് നഗരത്തിൽ ജോലി ചെയ്യുന്നവർ പാർപ്പിട സൌകര്യത്തിനായി ഈ പഞ്ചായത്തിലെ വീടുകളെ ആശ്രയിച്ചുവരുന്നതായും കാണുന്നു.

ഗൾഫ് പണത്തിന്റെ സ്വാധീനം ഈ പഞ്ചായത്തിൽ നിർണായക ഘടകമല്ലെങ്കിലും അവഗണിക്കാൻ പറ്റുന്നതല്ല. ഗൾഫ് സ്വാധീനം മിക്കവാറും കോൺക്രീറ്റ് സൗധങ്ങളിൽ ഒതുങ്ങി നിൽക്കുന്നു. നഗരത്തിന് തൊട്ടടുത്ത് കിടക്കുന്നതു കൊണ്ടുതന്നെ അവിടെ നിന്നുള്ള കുടിയേറ്റം പഞ്ചായത്തിലെ 8, 11 വാർഡുകളിൽ ധാരാളമായി നടക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ കൃഷിയും കൂലിപ്പണിയുമെടുത്ത് ഉപജീവനം നടത്തുന്നവരാണ് മിക്കവരും. അതു കൊണ്ടുതന്നെ ഇടത്തരം വീടുകളാണ് പഞ്ചായത്തിൽ അധികവും. ചെറുകിട കച്ചവടക്കാരും വിരളമല്ല. 1991ലെ സെൻസസ് പ്രകാരം പഞ്ചായത്തിൽ 4276വീടുകളാണ് ഉള്ളത്. കഴിഞ്ഞ 5 വർഷത്തിനിടെ കെട്ടിട നിർമ്മാണത്തിൽ വമ്പിച്ച വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഏറ്റവും ഒടുവിലത്തെ കണക്കുപ്രകാരം 5696 വീടുകൾ ഉണ്ട്. ഇതിൽ 3470 വീടുകൾ ഓട് മേഞ്ഞതും 1280 ഓലമേഞ്ഞതും 946 വീടുകൾ കോൺക്രീറ്റ് വീടുകളുമാണ്. ഇതിൽ 570 ഇരുനില വീടുകളും ഉൾപ്പെടുന്നു. ഇതിനു പുറമെ ധാരാളം കുടിലുകളും ഈ പഞ്ചായത്തിലുണ്ട്.

ഗൾഫ് പണത്തിന്റെ സ്വാധീനവും ഉപഭോക്തൃ സംസ്കാരത്തിന്റെ തള്ളിക്കയറ്റവും കോൺക്രീറ്റ് സൗധങ്ങളോടുള്ള ഭ്രമവും അണുകുടുംബങ്ങളും വയൽ നികത്തി വീടു നിർമ്മിക്കുന്ന പ്രവണത ഭീതിജനകമായ തോതിൽ വളർന്നു വരുന്നുണ്ട്. റോഡരുകിൽ നിർമ്മിക്കുന്ന വീടുകൾക്കെല്ലാം കരിങ്കൽ ഉപയോഗിച്ചുള്ള മതിലുകൾ കാണപ്പെടുന്നു. ജൈവ വേലികൾ നിർമ്മിക്കുന്ന രീതി അശേഷം കാണപ്പെടുന്നില്ല. 15 ഹരിജൻ കോളനികളിലും 4 സെന്റ് മിച്ചഭൂമി കോളനികളിലുമായി ധാരാളം പേർ അധിവസിക്കുന്നു. കോളനികളിലെ വീടുകൾ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തവയും സുരക്ഷിതത്വമി

ല്ലാത്തവയുമാണ്. ലക്ഷംവീടുകൾ ഇരട്ടവീടുകളായാണ് സ്ഥിതിചെയ്യുന്നത്.

തമിഴ്നാട്ടുകാരായ കുടിയേറ്റക്കാർ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും കുടിൽകെട്ടി താമസിക്കുന്നതായി കാണപ്പെടുന്നു. പഞ്ചായത്തിലെ വലിയൊരു ഭാഗം വീടുകളിലും ഇനിയും സാനിറ്ററി കക്കൂസുകൾ സ്ഥാപിച്ചിട്ടില്ല. സാമ്പത്തിക പിന്നോക്കാവസ്ഥയാണ് ഇതിന് മുഖ്യ കാരണം.

പട്ടിക 2

സാനിട്ടറി കക്കൂസ് സംബന്ധിച്ച വിവര (IRDP സർവ്വെ പ്രകാരം) പട്ടിക കക

| വാർഡുകൾ | കക്കൂസ് ഇല്ലാത്ത വീടുകൾ |
|---|---|
| 1 | 164 |
| 2 | 159 |
| 3 | 194 |
| 4 | 182 |
| 5 | 173 |
| 6 | 102 |
| 7 | 322 |
| 8 | 208 |
| 9 | 204 |
| 10 | 191 |

NB: പുതിയ 11ാം വാർഡും ഉൾപ്പെട്ട കണക്കാണിത്.

ഭവനിർമ്മാണരംഗത്ത് കാരന്തൂരിൽ പ്രവർത്തിക്കുന്ന കുന്ദമംഗലം കോ. ഓപ്പ് റൂറൽ ഹൗസിംഗ് സൊസൈറ്റി, കോഴിക്കോട് നഗരവികസന അതോറിറ്റി ജില്ലാ സഹകരണ ബാങ്ക്, ഭവനനിർമ്മാണ ബോർഡ്, സർക്കാർ ജീവനക്കാരുടെ ഹൗസിംഗ് സൊസൈറ്റി എന്നിവയെ പഞ്ചായത്തിലെ ജനങ്ങൾ വീടു നിർമ്മിക്കുന്നതിന് ആശ്രയിക്കുന്നു. അതിമായ പലിശനിരക്കും വായ്പകൾ ലഭിക്കുന്നതിനുള്ള സങ്കീർണ്ണമായ ജാമ്യ വ്യവസ്ഥയും മറ്റ് സാങ്കേതിക നൂലാമാലകളും കാരണം സാധാരണക്കാരന് വായ്പ ലഭിക്കാത്ത സ്ഥിതിയാണുള്ളത്. ഈ ഭവന വായ്പകൾ സാധാരണന് ലഭിക്കത്തക്ക രീതിയിൽ ഭവന വായ്പാ വ്യവസ്ഥകൾ ഉദാരമാക്കേണ്ടതുണ്ട്. അതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.

2. പലിശ നിരക്ക് കുറക്കുക.

3. പ്ലോട്ട് അടിസ്ഥാനത്തിൽ തവണ വ്യവസ്ഥയോടുകൂടി വീട് നിർമ്മിച്ചു നൽകുക.

സർക്കാർ ഭവന നിർമാണ ബോർഡു വഴി ദുർബല, ഇടത്തരം വിഭാഗക്കാർക്ക് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഭവന വായ്പ ദുർബല വിഭാഗക്കാർക്ക് മാത്രമായും അത് വിരലിലെണ്ണാവുന്നവർക്ക് മാത്രമാണ് ലഭിക്കുന്നത്. മൈത്രി ഭവന പദ്ധതിയുടെ വരുമാനപദ്ധതി പ്രതിമാസം 1800 രൂപയാണ്. ഇതിലും താഴ്ന്ന വരുമാനക്കാർ പഞ്ചായത്തിൽ ഏറെയുണ്ട്.

പട്ടികജാതി വിഭാഗക്കാർക്ക് വീടുകൾ നിർമ്മിക്കുന്നതിന് ബ്ലോക്ക് വഴി JRY പദ്ധതിയും, SC/ST കോർപ്പറേഷൻ, ഹരിജൻ വെൽഫെയർ എന്നിവ വഴിയും വായ്പകൾ നൽകുന്നുണ്ട്. എന്നാൽ വർഷത്തിൽ ഒന്നോ രണ്ടോ പേർക്ക് മത്രമാണ് ഇത്തരത്തിൽ വായ്പകൾ ലഭിക്കുന്നത്. ഇതുവഴി ലഭിക്കുന്ന വായ്പാതുക 15000 രൂപയിൽനിന്നും 30000മായി ഉയർത്തുകയും ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിപ്പിക്കുകയും വേണം. വിവിധ ഏജൻസികളിലൂടെ നടപ്പിലാക്കുന്ന പദ്ധതികളുടെയും നിർമ്മിക്കുന്ന വീടുകളുടെയും രേഖകൾ പഞ്ചായത്തിൽ സൂക്ഷിക്കുവാനുള്ള നടപടികൾ ഉണ്ടാകണം.

**ഭവന നിർമ്മാണത്തെ സംബന്ധിച്ച വിവര SC / ST**

**1990–91 മുതൽ**

**പട്ടിക – III**

| വാർഡുകൾ | വീട് ആവശ്യമുള്ള കുടുംബങ്ങൾ | വിവിധ പരിപാടികളിൽ അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | ഇനിയും പൂർത്തീകരിക്കാനുള്ളവ | ഇനിയും അനുവദിക്കപ്പെടേണ്ട വീടുകൾ |
|---|---|---|---|---|---|
| 1 | 45 | 39 | 19 | 20 | 6 |
| 2 | 10 | 3 | 2 | 1 | 7 |
| 3. | 13 | 1 | – | 1 | 12 |
| 4. | 36 | 4 | 4 | – | 32 |
| 5. | 16 | 2 | 1 | 1 | 14 |
| 6. | 30 | 8 | 5 | 3 | 22 |
| 7. | 40 | 21 | 19 | 2 | 19 |
| 8. | 12 | – | – | – | 12 |
| 9. | 13 | – | – | – | 13 |
| 10. | 25 | 3 | 1 | 2 | 22 |

NB: ബ്ലോക്കുവഴി നൽകിയ വീടുകളുടെ എണ്ണമാണ് ചേർത്തിരിക്കുന്നത്. പുതിയ 11ാം വാർഡും ഇതിൽ ഉൾപ്പെടും.

നിർമാണ സാമഗ്രികളുടെ വിലയിലും തൊഴിലാളികളുടെ കൂലിയിലും ക്രമാതീതമായി വർദ്ധനവ് അടുത്ത് കാലത്ത് ഉണ്ടായതായി കാണുന്നു. 1972–73 വർഷത്തിൽ 8 രൂപയായിരുന്ന പുരുഷ വിദഗ്ധ തൊഴിലാളിയുടെ കൂലി 1995–96ൽ 100–130 രൂപയായും അവിദഗ്ധ പുരുഷതൊഴിലാളിയുടെ കൂലി ഇതേ കാലയളവിൽ 5–6 രൂപയിൽനിന്ന് 90–100 രൂപയായും ഉയർന്നു. സ്ത്രീ തൊഴിലാളികളുടെ കൂലി നിരക്ക് ഇതിനേക്കാൾ കുറവാണ്. വിദഗ്ധ സ്ത്രീ തൊഴിലാളികൾ ഉള്ളതായി അറിവില്ല.

സാധനസാമഗ്രികളുടെ വിലയിലും വമ്പിച്ച വർദ്ധനവുണ്ടായിട്ടുണ്ട്. 1987– 88ൽ 70 രൂപയായിരുന്നു സിമന്റിന്റെ വിലയെങ്കിൽ 1995–96ൽ അത് 180 രൂപയായി ഉയരുകയുണ്ടായി. ഇതേ കാലയളവിൽ കമ്പി കിലേവിന് 13 രൂപയിൽ നിന്ന് 16.50 രൂപയായും കല്ല് 100 എണ്ണത്തിന് 1200 രൂപയിൽനിന്ന് 7000 രൂപയായും ഉയർന്നതായി കാണുന്നു.

പഞ്ചായത്തിലെ കുടിലുകൾ സാമാന്യ സൗകര്യമുള്ള വീടുകളാക്കി മാറ്റുന്നതിനും വീട് നിർമ്മിച്ച് നൽകുന്നതിനും നിലവിലുള്ള പദ്ധതികൾ കൊണ്ട് സാധ്യമല്ല എന്ന അനുഭവം നമ്മെ പഠിപ്പിക്കുന്നു പഞ്ചായത്തിലെ മിച്ച ഭൂമികൾ ഭവന രഹിതരും ഭൂരഹിതരുമായ തദ്ദേശ വാസികൾക്ക് വിതരണം ചെയ്യുന്നതിനും നമുക്ക് കഴിഞ്ഞിട്ടില്ല.

സ്വന്തമായൊരു വീട് എന്ന ആഗ്രഹം സഫലീകരിക്കാനും പാർപ്പിട രംഗത്തെ സങ്കീർണമായ പ്രശ്നങ്ങൾ പരിഹരിക്കാനും താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. വാർഡുകളിൽ വീടുകൾ ഇല്ലാത്തവരെക്കുറിച്ചും, ഭൂരഹിതരെക്കുറിച്ചും കൃത്യമായ വിവരശേഖരണം നടത്തണം.

2. ദാരിദ്ര്യ രേഖക്കു താഴെയുള്ളവർക്ക് വീടു നിർമ്മിക്കുന്നതിന് ജനകീയമായതും സന്നദ്ധപ്രവർത്തനം ലഭ്യമാക്കുന്നതുമായ പഞ്ചായത്തുതല പദ്ധതികൾ ആവിഷ്കരിക്കുക.

3. പഞ്ചായത്ത് തലത്തിൽ ഒരു ഭവന നിർമ്മാണ സൊസൈറ്റി രൂപീകരിക്കുക. ഇതിനായി വിദഗ്ധരെയും മറ്റ് തൊഴിലാളികളേയും നിർമ്മാണ സാമഗ്രികളും സംഘത്തിലൂടെ വിതരണം ചെയ്യുക സർക്കാർ പദ്ധതികൾ പഞ്ചായത്തിലെത്തിക്കുന്ന ഏജൻസിയായി (സന്നദ്ധ സംഘടന) ഈ സംഘത്തെ പ്രവർത്തിപ്പിക്കുക.

4. നിർമാണ സാമഗ്രികൾ നിർമിക്കുന്ന ഒരു യൂണിറ്റ് ആരംഭിക്കുക. വിദഗ്ധ, അവിദഗ്ധ തൊഴിലാളികളുടെ പേർ രജിസ്റ്റർ ചെയ്ത് ഒരു തൊഴിൽ സേന രൂപീകരിക്കുക.

5. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണത്തിൽ സർക്കാർ പൊതുജന വിതരണ വകുപ്പ് ഇടപെടുക. (സിമന്റ്, കമ്പി മുതലായവ)

6. ചെലവ് കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.

7. സർക്കാർ ലഭ്യമാക്കുന്ന വായ്പകൾക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കുക. പലിശനിരക്ക് കുറക്കുക.

8. സർക്കാർ ലഭ്യമാക്കുന്ന വായ്പകളുടെ തുക വർദ്ധിപ്പിക്കുക, ആവശ്യമുള്ള മുഴുവൻ അപേക്ഷകർക്കും വായ്പ അനുവദിക്കുക.

9. സാമ്പത്തികമായി വളരെയധികം പിന്നോക്കം നിൽക്കുന്നവർക്ക് പലിശ രഹിത വായ്പകൾ അനുവദിക്കുക.

10. പുറമ്പോക്ക് ഭൂമികളിൽ കുടിൽ കെട്ടിവാർക്കുന്നവർക്ക് പട്ടയം ദാനം നടത്തി ഭവനനിർമ്മാണത്തിന് സഹായധനം ലഭ്യമാക്കുക.

11. ലക്ഷംവീട് കോളനികളിലെ ഇരട്ട വീടുകൾ മേലിൽ നിർമ്മിക്കപ്പെടുന്നത് ഒറ്റവീടുകളാക്കാൻ പദ്ധതി തയ്യാറാക്കുക.

12. കോളനികളിലെ സുരക്ഷിതത്വമില്ലാത്തും അടിസ്ഥാന സൗകര്യം ഇല്ലാത്തതുമായ വീടുകൾ പുനരുദ്ധരിക്കുന്നതിന് സഹായം ചെയ്യുക.

13. പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ചെലവുകുറഞ്ഞ വീടുകളുടെ പ്രചാരം വർദ്ധിപ്പിക്കുകയും വിവിധ ഏജൻസികളുടെയും, യുവജന സംഘടനകളുടെയും മനുഷ്യാദ്ധ്വാനം ഉപയോഗപ്പെടുത്തലുമാണ് ഇക്കാര്യത്തിൽ ഏറ്റവും കരണീയമായിട്ടുള്ളത്. ജനകീയമായ ഒരു പദ്ധതിയിലൂടെ മാത്രമെ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ കഴിയൂ.

രണ്ടായിരമാണ്ടോടെ എല്ലാവർക്കും വീട് എന്ന ലക്ഷ്യം നിറവേറ്റുന്നതിന്, ലോക ആവാസദിനം ആചരിക്കപ്പെട്ട ഈ വർഷംതന്നെ നമുക്ക് ഒരു കൂട്ടായ മുന്നേറ്റം നടത്താൻ അതിനായി ഒന്നിക്കുക.

## സാമൂഹ്യക്ഷേമം

പഞ്ചവത്സര പദ്ധതികളുടെ ആവിർഭാവത്തോടെയാണ് നമ്മുടെ നാട്ടിൽ സാമൂഹ്യക്ഷേമ പദ്ധതികളുടെ

തുടക്കം കുറിച്ചത്.

സാമൂഹ്യക്ഷേമ രംഗത്ത് ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യ നിർമ്മാജ്ജന പദ്ധതിയും, സംഘടിത, അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമപദ്ധതികളുമാണ് നിലവിലുള്ളത്:

ഈ പദ്ധതികൾക്ക് പുറമെ പട്ടികജാതി വികസനത്തിനും, ഉന്നമനത്തിനുമായി പട്ടികജാതി വികസന കോർപ്പറേഷൻ വനിതകളുടെ പുരോഗതിക്കായി വനിതാ വികസന കോർപ്പറേഷൻ എന്നിവ പ്രവർത്തിക്കുന്നുണ്ട്.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്ക. ഉദ്യോഗതലത്തിലെ ബോധവത്കരണക്കുറവ്, ആവശ്യത്തിനും അനാവശ്യത്തിനും സമയത്തിനും കിട്ടായ്ക. ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകൾ എന്നിവ എടുത്തു പറയേണ്ടത് തന്നെയാണ്. ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമായിട്ടില്ല. കർഷകതൊഴിലാളി ക്ഷേമനിധിയിൽ ഭൂരിപക്ഷം തൊഴിലാളികളും ചേർന്നിട്ടുണ്ടെങ്കിലും ഇതിന്റെ പ്രവർത്തനം ഫലപ്രദമായി നടപ്പാക്കിയിട്ടില്ല.

പട്ടികജാതി വികസന കോർപ്പറേഷൻ, വനിതാ വികസന കോർപ്പഷേഷൻ എന്നിവയിലൂടെയുള്ള ആനുകൂല്യം ഈ പഞ്ചായത്തിൽ വേണ്ടത്ര ലഭ്യമാക്കുന്നതിന് പ്രയാസമുണ്ട്.

രണ്ട് LVEO സർക്കിളുകൾ മുഖേന പഞ്ചായത്തിൽ കണളജ പദ്ധതികൾ നടപ്പിലാക്കുന്നു.

**പട്ടിക I**
**IRDP സർവ്വെ സഹായ ലഭ്യതാ കണക്ക്**
**(92ലെ സർവ്വെ മുതൽ)**

| വാർഡ് | കുടുംബങ്ങളുടെ എണ്ണം | SC/ST | സഹായധനം ലഭിച്ചവർ | SC/ST |
|---|---|---|---|---|
| 1 | 205 | 30 | 26 | 23 |
| 2 | 203 | 4 | 15 | 2 |
| 3 | 257 | 21 | 23 | 10 |
| 4 | 231 | 42 | 31 | 20 |
| 5 | 184 | 19 | 10 | 9 |
| 6 | 121 | 25 | 24 | 20 |
| 7 | 343 | 36 | 30 | 28 |
| 8 | 237 | 11 | 18 | 9 |
| 9 | 238 | 15 | 18 | 10 |
| 10 | 216 | 18 | 16 | 12 |

1992ലെ സർവ്വെ പ്രകാരം 2292 കുടുംബങ്ങൾ IRDP ലിസ്റ്റിൽ ഉൾപ്പെടുന്നുവെങ്കിലും ഇതുവരെ 211 കുടുംബങ്ങൾക്ക് മാത്രമാണ് ഇതുവഴി സഹായം ലഭ്യമായിട്ടുള്ളത്. IRDP വഴി ലഭിക്കുന്ന വായ്പകൾ യഥാർത്ഥ ലക്ഷ്യം നിറവേറ്റത്തക്കവിധത്തിലല്ല. ഒരിക്കൽ IRDP സഹായം ലഭിച്ചവർ ദാരിദ്ര്യ രേഖക്ക് മുകളിലേക്ക് ഉയർത്തപ്പെടുന്നു എന്നാണ് കണക്കാക്കപ്പെടുന്നത്. എന്നാൽ ഇത് യാഥാർത്ഥ്യങ്ങൾക്ക് നിരക്കുന്നതല്ല. IRDP വായ്പാ വിതരണത്തിലെ അശാസ്ത്രീയ രീതികൾ ഒഴിവാക്കുകയും ഓരോ ഗുണഭോക്താവും വായ്പാതുക യഥാവിധി ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നും പരിശോധിക്കപ്പെടുകയും വേണം.

ഈ പദ്ധതിയെ കുറിച്ചുള്ള സർക്കാറിന്റെ നിർവ്വചനം മാറ്റത്തിനു വിധേയമാക്കേണ്ടതും ദാരിദ്ര്യരേഖയുടെ പരിധി 25,000 രൂപയെങ്കിലുമായി ഉയർത്തേണ്ടതുമാണ്.

**DWCRA ലഭ്യത**

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിന് വേണ്ടി പത്തോ അധിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA

പഞ്ചായത്തിൽ 1, 11 വാർഡുകളിൽ 15 വീതം അംഗങ്ങൾ പ്രവർത്തിക്കുന്ന ഓരോ യൂണിറ്റ് മാത്രമാണ് ഇന്ന് നിലവിലുള്ളത്. 10, 3 വാർഡുകളിൽ യഥാക്രമം 5,10 അംഗങ്ങൾ ഉള്ള ഓരോ യൂണിറ്റുകൾ ഈ വർഷം പ്രവർത്തനം ആരംഭിക്കാനിരിക്കുകയാണ്. എല്ലാ വാർഡുകളിലും ഇത്തരത്തിലുള്ള യൂണിറ്റുകൾ ആരംഭിക്കേണ്ടിയിരിക്കുന്നു. തയ്യൽ പരിശീലനം ലഭിച്ച ധാരാളം സ്ത്രീകൾ പഞ്ചായത്തിൽ കാണപ്പെടുന്നു. റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റുകൾ ആരംഭിച്ച് ഇത്തരം സ്ത്രീകൾക്ക് ഒരു വരുമാനമാർഗ്ഗം കണ്ടെത്തുന്നതിന് സാധിക്കും.

## ട്രൈസം

18 മുതൽ 35 വയസുവരെയുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയാണ്. ട്രൈസം. 92 മുതൽ ഇതുവരെ പഞ്ചായത്തിൽ 39 പേർക്ക് മാത്രമാണ് ഇതുവഴി പരിശീലനം ലഭിച്ചിട്ടുള്ളത്. ട്രൈസം പരിശീലനത്തിന് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ബോധവത്ക്കരണം കൂടിയേ തീരൂ. യുവജന സംഘടനകൾക്കും കലാ – സാംസ്കാരിക സംഘടനകൾക്കും ഇതിൽ വലിയ വങ്ക് വഹിക്കാൻ സാധിക്കും. ട്രൈസം വഴി പരിശീലനം ലഭിക്കുന്നവർക്ക് സ്വയം തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ആവശ്യമായ സഹായധനവും വായ്പകളും ലഭ്യമാക്കേണ്ടതുണ്ട്.

പട്ടിക III

| വാർഡ് | എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയവർ |
|---|---|---|
| 1 | 7 | 6 |
| 2 | 3 | 3 |
| 3 | 5 | 3 |
| 4 | 10 | 10 |
| 5 | – | – |
| 6 | 4 | 2 |
| 7 | 2 | 2 |
| 8 | 1 | – |
| 9 | 3 | 3 |
| 10 | 4 | 2 |
| ആകെ | 39 | 31 |

(പുതുതായി രൂപീകരിക്കപ്പെട്ട 11ാം വാർഡും ഇതിൽ ഉൾപ്പെടും).

ഗ്രാമീണ കൈത്തൊഴിൽകാർക്ക് നവീനമായ തൊഴിൽ ഉപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾകിറ്റ്. എന്നാൽ ഇതിനെ കുറിച്ച് ഈ മേഖലയിലെ തൊഴിലാളികൾ അജ്ഞരാണ്. ഗുണഭോക്താക്കൾക്ക് യഥാസമയം കൃത്യമായി ഇവ വിതരണം ചെയ്യപ്പെടുന്നില്ല. 92ലെ സർവ്വെ പ്രകാരം 183 കൈത്തൊഴിലുകൾ നമ്മുടെ പഞ്ചായത്തിലുണ്ട് 35 പേർക്ക് മാത്രമാണ് ഇതുവരെ ഈ പദ്ധതി പ്രകാരം സഹായം ലഭ്യമായിട്ടുള്ളത്.

പട്ടിക IV

| വാർഡ് | കൈതൊഴിലാളികളുടെ എണ്ണം | സഹായം ലഭിച്ചവർ |
|---|---|---|
| 1 | 10 | 7 |
| 2 | 13 | 1 |
| 3 | 11 | 2 |
| 4 | 14 | 2 |
| 5 | 23 | – |
| 6 | 28 | 5 |
| 7 | 35 | 7 |
| 8 | 20 | 5 |
| 9 | 14 | 4 |
| 10 | 15 | 2 |
| ആകെ | 183 | 35 |

IRDP, DWCRA, ട്രൈസം എന്നിവയെക്കുറിച്ച് ബോധവത്കരണം നടത്തേണ്ടതുണ്ട്. ഇതുവഴിയുള്ള ഗുണഭോക്തക്കളെ തിരഞ്ഞെടുക്കുന്നതിനും അവ നടപ്പിൽ വരുത്തുന്നതിനും ജനകീയമായ ശ്രമങ്ങൾ നടത്തണം. ഇത്തരം തെരഞ്ഞെടുപ്പുകളിൽ ജനപ്രതിനിധികൾക്ക് കൂടി പങ്കാളിത്തം ഉണ്ടാവണം.

## അംഗൻവാടികൾ

പഞ്ചായത്തിൽ ആകെ 12 അംഗൻവാടികൾ പ്രവർത്തിക്കുന്നു. എന്നാൽ 9ാം വാർഡിൽ അംഗൻവാടിയില്ല. 1000 ജനസംഖ്യക്ക് ഒരു അംഗൻവാടി എന്ന തോതിൽ പഞ്ചായത്തിൽ ഇന്നും 11 ഓളം അംഗൻവാടികൾ ആരംഭിക്കേണ്ടിയിരിക്കുന്നു.

അംഗൻവാടികൾക്ക് പലതിനും സ്വന്തമായി കെട്ടിടമില്ല. ഫർണിച്ചർ, കളിക്കോപ്പുകൾ, കളിസ്ഥലം, കക്കൂസ്, ശുദ്ധജലം, വൈദ്യുതി, ചുറ്റുമതിൽ എന്നീ ഭൗതിക സൗകര്യങ്ങൾ അംഗൻവാടികളിൽ ഇല്ല.

അംഗൻ വാടികളിൽ ഇന്ന്കുട്ടിക്ക് 60gm അരിയും 80gm CSBയും മാത്രമാണ് ലഭിക്കുന്നത്. പച്ചക്കറി, വിറക് എന്നിവക്ക് രണ്ടിനും കൂടി 10 പൈസ മാത്രമാണ് നൽകുന്നത്. ഇത് തികച്ചും അപര്യാപ്തമാണ്.

അംഗൻവാടി ജീവനക്കാരുടെ സ്ഥിതിയും അംഗൻവാടികളെപ്പോലെ ദയനീയമാണ്. ഇവരുടെ ജോലിസ്ഥിരത ഉറപ്പ് വരുത്തുകയും വർക്കർമാരെയും, ഹെൽപ്പർമാരേയും സർക്കാർ ജീവനക്കാരായി അംഗീകരിച്ച്, ഇവരുടെ സേവന – വേതന വ്യവസ്ഥകൾ പരിഷ്കരിക്കുകയും വേണം.

പ്രീ – പ്രൈമറി സ്കൂളുകൾ നിയന്ത്രിക്കപ്പെടുകയും, പാഠപുസ്തകം ഉപയോഗിച്ചുള്ള പ്രീ പ്രൈമറി തലത്തിലെ പഠനം നിരുത്സാഹപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

## ശിശുമന്ദിരം

പഞ്ചായത്തിന്റെ കീഴിൽ ഒരു ശിശുമന്ദിരം പ്രവർത്തിക്കുന്നുണ്ട്. ഇവിടെ എല്ലാ സൗകര്യങ്ങളും ഉണ്ടെങ്കിലും കുടിവെള്ളം കിട്ടാത്ത പ്രശ്നം നിലവിലുണ്ട്. അത് അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

## പെൻഷൻ

അവശ ജനവിഭാഗങ്ങൾക്ക്. വിവിധ പെൻഷൻ

നിലവിലുണ്ട്. അർഹരായ മുഴുവൻ ആളുകൾക്കും പെൻഷൻ ലഭിക്കുന്നില്ല. ഇതിനുപുറമെ പെൻഷൻ വിതരണത്തിലെ കാലതാമസം ഇതിനെ പ്രയോജന രഹിതമാക്കുന്നു. വിവിധ പെൻഷനുകളെക്കുറിച്ച് ജനങ്ങൾ ബോധവാൻമാരല്ല എന്നതും പ്രശ്നമാണ്. പെൻഷനുകൾക്കുള്ള അർഹത നിർണയിക്കുന്നതിന്റെ മാനദണ്ഡം പലതിലും മാറ്റേണ്ടത് ആവശ്യമാണ്. വിധവാ പെൻഷൻ പ്രായപൂർത്തിയായ ആൺകുട്ടികൾ ഉണ്ടെങ്കിൽ ലഭിക്കുന്നില്ല. ഇതിൽ മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആക്കണം. അതുപോലെ വാർദ്ധക്യ കാല പെൻഷന്റെയും മാനദണ്ഡം വരുമാനത്തിന്റെ അടിസ്ഥാനത്തിലാക്കി മാറ്റണം.

കർഷക തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം എന്നിവ കൈപറ്റുന്ന അനർഹർ നമ്മുടെ പഞ്ചായത്തിൽ ഉള്ളതായി കാണപ്പെടുന്നു.

പട്ടിക VI

വിവിധ പെൻഷൻ ലഭിക്കുന്നവർ

| വർഷം | അഗതി | വിധവ | വികലാംഗർ | വാർദ്ധക്യ പെൻഷൻ | ക്ഷയം | കാൻസർ | കർഷക തൊഴിലാളി |
|---|---|---|---|---|---|---|---|
| 1990 വരെ | – | 226 | 76 | 109 | 32 | 2 | |
| 91 | – | 4 | 9 | 1 | 4 | 3 | |
| 92 | – | 9 | 8 | – | 5 | 1 | 288 |
| 93 | – | 12 | 5 | 2 | 30 | 1 | 281 |
| 94 | – | 4 | 7 | – | 7 | 263 | |
| 95 | – | 5 | – | – | 26 | 251 | |
| 96 | – | 4 | 3 | – | 23 | 2 | |
| ആകെ | – | 269 | 108 | 112 | 114 | 1 | 8 |

പഞ്ചായത്തിൽ ധാരാളം പേർ കെട്ടിട നിർമ്മാണ രംഗത്ത് തൊഴിലെടുക്കുന്നവരായുണ്ട്. എന്നാൽ മുഴുവനാളുകളും ക്ഷേമനിധിയിൽ അംഗങ്ങളല്ല.

സ്വർണ്ണ തൊഴിലാളികൾ, കൊല്ലൻമാർ, വാച്ച്, സൈക്കിൾ റിപ്പയർമാർ എന്നിവർക്കും വിവിധ കൈത്തൊഴിലുകാർക്കും ക്ഷേമനിധി ഉണ്ടെങ്കിലും ബഹുഭൂരിപക്ഷം തൊഴിലാളികളും ഇതിൽ അംഗങ്ങളല്ല.

കർഷകത്തൊഴിലാളി ക്ഷേനമിധിയിലേക്ക് ഭൂവുടമാഹിതം പിരിച്ചെടുക്കുന്ന നടപടി ഇതുവരെ നടപ്പിലായിട്ടില്ല.

## പൊതുവിതരണം

പഞ്ചായത്തിൽ പറമ്പിൽ ബസാറിൽ 1990–ൽ പ്രവർത്തനം ആരംഭിച്ച ഒരു കൺസ്യൂമർ സ്റ്റോർ ഉണ്ട്. പയിമ്പ്രയിൽ ഒരു സഹകരണ മാവേലിസ്റ്റോർ ഉണ്ടായിരുന്നുവെങ്കിലും അത് അടച്ചുപൂട്ടപ്പെടുകയാണ് ഉണ്ടായത്. പൊതുവിതരണ രംഗത്ത് പ്രവർത്തിക്കുന്ന മാവേലിസ്റ്റോർ പഞ്ചായത്തിൽ ആരംഭിക്കേണ്ടത് അത്യാവശ്യമാണ്.

## നിർദ്ദേശങ്ങൾ

1. അംഗൻവാടികൾ ഇല്ലാത്ത സ്ഥലങ്ങളിൽ അവ ആരംഭിക്കണം.

2. സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് ഏതെങ്കിലും സാമ്പത്തിക ഏജൻസികളെകൊണ്ടോ JRY ഫണ്ട് ഉപയോഗിച്ചോ സന്നദ്ധ പ്രവർത്തനം വഴിയോ കെട്ടിടം ഉണ്ടാക്കണം.

3. അംഗൻവാടികളുടെ ഭൗതികാവസ്ഥ മെച്ചപ്പെടുത്തണം. കുട്ടികളുടെ മാനസികവും ശാരീരികവുമായ വികാസത്തിന് ഉതകുന്ന കളിസ്ഥലങ്ങൾ കളിപ്പാട്ടങ്ങൾ എന്നിവ ലഭ്യമാക്കണം.

4. പ്രീ–പ്രൈമറി സ്കൂളുകൾ നിയന്ത്രിക്കണം.

5. പഞ്ചായത്തിൽ പെൻഷന് അർഹരായവരെ സർവ്വെ വഴി കണ്ടെത്തി അവരുടെ ലിസ്റ്റ് തയ്യാറാക്കുകയും വർഷത്തിലും പരിശോധനയ്ക്ക് വിധേയമാക്കുകയും വേണം.

6. പെൻഷൻ അപേക്ഷ സ്വീകരിക്കൽ, ഗുണഭോക്താക്കളെ തിരഞ്ഞെടുക്കൽ, പെൻഷൻ വിതരണം എന്നിവ ഗ്രാമ പഞ്ചായത്തുകളെ ഏൽപ്പിക്കണം.

7. പെൻഷൻ വിതരണത്തിലെ കാലതാമസം ഒഴിവാക്കി അതാത് മാസം വിതരണം ചെയ്യുക.

8. വികലാംഗർക്ക് ലഭിക്കുന്ന ബസ്സ് യാത്രാ പാസ്സ് പഞ്ചായത്തു മുഖേന വിതരണം ചെയ്യുക. വികലാംഗർക്ക് സ്വന്തമായി വരുമാനമാർഗ്ഗം ഉണ്ടാകുന്നതിന് തൊഴിൽ സംരംഭങ്ങൾ ഏർപ്പെടുത്തുക.

9. അംഗൻവാടികളിലെ കുട്ടികൾക്ക് പോഷകാഹാരത്തിന് നൽകുന്ന സംഖ്യ കാലോചിതമായി വർദ്ധിപ്പിക്കുക.

10. അംഗൻവാടി ജീവിക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും സേവന – വേതന വ്യവസ്ഥകൾ പരിഷ്കരിക്കുകയും ചെയ്യുക.

11. സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനും അർഹരായവരെ ലഭ്യമാക്കാനും പഞ്ചായത്ത് തലത്തിൽ ഒരു സെൽ രൂപീകരിക്കണം. അതാത് ഗ്രമാസഭകൾക്കകത്ത് അയൽ കൂട്ടങ്ങൾ രൂപീകരിച്ച് ബോധവൽക്കരണവും അർഹതപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കലും വേണം.

12. പഞ്ചായത്തിൽ ഒരു വൃദ്ധമന്ദിരം സ്ഥാപിക്കുക.

OOO

# 9

# സംസ്കാരം

ഉദാത്തവും ഉൽകൃഷ്ടവുമായ ചരിത്ര സ്മരണകൾ ഉറങ്ങുന്ന ഗ്രാമങ്ങളടങ്ങിയതാണ് നമ്മുടെ പഞ്ചായത്ത്. പോർളാതിരി മഹാരാജാവിന്റെ സ്മരണകൾ നിലനിർത്തുന്ന പോലൂർ അമ്പലവും ആഞ്ഞിലോറക്കുന്നും തച്ചോളി ഒതേനൻ വിശ്രമിച്ചെന്ന് വിശ്വസിക്കപ്പെടുന്ന മംഗലോലത്ത് ആൽത്തറയും നമ്മുടെ പഞ്ചായത്തിന്റെ പ്രത്യേകതകളാണ്.

ജൻമിത്വവും സവർണ്ണ മേധാവിത്വവും നിലനില്ക്കുമ്പോൾതന്നെ സമുദായ ഐക്യവും മതസൗഹാർദ്ദവും നിലനിന്നിരുന്നു. താഴ്ന്ന സമുദായങ്ങളിലെ ആഘോഷങ്ങളിൽ സവർണ്ണ കടുംബങ്ങളിലെ ഹിന്ദുവും മുസ്ലിമും മേൽക്കോയ്മക്കാരായി പങ്കെടുത്തിരുന്നു. ടിപ്പുസുൽത്താന്റെ പടയോട്ടക്കാലത്ത് നാടിന്റെ സംരക്ഷണത്തിനായി വീരമൃത്യു വരിച്ച ധീരയോദ്ധാക്കൾ നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു. അവരുടെ സ്മരണകൾ നിലനിർത്തുന്ന കലാരൂപങ്ങൾ ഇന്നും ക്ഷേത്രങ്ങളിൽ അരങ്ങേറുന്നു. നായർ വെള്ളാട്ട്, കലശംകെട്ട് തുടങ്ങിയവ അത്തരം സ്മരണകൾ ഉണർത്തുന്ന കലാരൂപങ്ങളാണ്.

സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി രൂപംകൊണ്ട ഖിലാഫത്ത് പ്രസ്ഥാനം, നാടെങ്ങും ചോരപ്പുഴ ഒഴുക്കിയപ്പോൾ നമ്മുടെ ഗ്രാമങ്ങളിൽ അതിന്റെ അലയൊലികൾ ഏറ്റതേയില്ല. വാഴക്കാട്, കൊടിയത്തൂർ, അരീക്കോട് എന്നീ ഗ്രാമങ്ങളിൽ നിന്നും വന്ന മുസ്ലിം സഹോദരങ്ങൾക്ക്, ഹിന്ദു കുടുംബങ്ങളിൽ അഭയം കൊടുക്കുകയും അതിന് പ്രത്യുപകാരമായി അവർ പല വീടുകളിൽ കിണർ കുഴിച്ചുകൊടുക്കുകയും ചെയ്തിരുന്നു. ഇന്നും ഈ സൗഹാർദ്ദം നിലനില്ക്കുന്നു. ഹിന്ദു മുസ്ലിം ആരാധനാലയങ്ങൾ അതിന്റേതായ തനിമയോടുകൂടി നിലകൊള്ളുന്നു. മതസൗഹാർദ്ദത്തിന്റെ ഉത്തമ പ്രതീകമായി പറമ്പിൽ പള്ളി ഇന്നും നിലകൊള്ളുന്നു. വിദൂരത്തുനിന്നും വന്ന വൃദ്ധനും പക്വമതിയുമായ ഒരു മുസ്ലിം പുരോഹിതൻ പറമ്പിൽ കടവ് ഭാഗത്ത് വെച്ച് അന്തരിച്ചപ്പോൾ ശവസംസ്കാരം എവിടെ വേണമെന്ന് പ്രശ്നമാവുകയും തൊട്ടടുത്ത് കണ്ണാടിക്കൽ ഭാഗത്തെ ഒരു നായർ തറവാട്ടിലെ കാരണവർ പറമ്പിൽകടവ് ഭാഗത്ത് നിന്ന് അദ്ദേഹത്തിന്റെ ഒരു വടി എറിഞ്ഞു വീണ സ്ഥലം മറവു ചെയ്യാൻ ഉപയോഗിക്കയും ചെയ്യുകയുണ്ടായി. പ്രസ്തുത സംഭവത്തിന്റെ വാർഷികം അന്നുമുതൽ പറമ്പിൽപള്ളി നേർച്ചയായി ഇന്നും തുടരുന്നു എന്നാണ് ഐതിഹ്യം. പറമ്പിൽപള്ളി നേർച്ച ഇന്നും

ഹിന്ദുമത വിഭാഗങ്ങൾ കൂടി പങ്കെടുക്കുന്ന ഒരുത്സവമാണ്.

സാംസ്കാരിക രംഗം ഇന്നേറെ പ്രബുദ്ധമാവാൻ ഔപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏറെ നിലനിന്നിരുന്നു. എഴുത്തുപള്ളികളിലൂടെയായിരുന്നു അന്ന് വിദ്യാരംഭം കുറിച്ചിരുന്നത്. 1885ൽ നിലവിൽ വന്ന പയമ്പ്ര എലിമെൻനി സ്കൂളാണ് ആദ്യത്തെ വിദ്യാഭ്യാസസ്ഥാപനം. ഇന്നത് ഹൈസ്കൂളായി നിലനില്ക്കുന്നു. ഗവൺമെന്റ് വെൽഫയർ എൽ. പി. സ്കൂൾ പൊയിൽതാഴം, എ. യു. പി. സ്കൂൾ കുരുവട്ടൂർ, എ. എം. എൽ. പി. സ്കൂൾ പറമ്പിൽ, എ. എൽ. പി. സ്കൂൾ കോണോട്ട് , എം. എ. യു. എം. യു. പി. സ്കൂൾ പറമ്പിൽ എന്നിവ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളായി അക്കാലത്ത് നിലവിൽ വന്നതാണ്. 13 അംഗൻവാടികളും 13 സ്കൂളുകളും ഇന്ന് നമ്മുടെ പഞ്ചായത്തിലുണ്ട്. ഇതിൽ രണ്ടു ഹൈസ്കൂളുകളാണ്.

സാംസ്കാരിക സംഘടനകൾ, സാംസ്കാരിക നിലയങ്ങൾ, വായനശാലകൾ എന്നിവയെല്ലാം നമ്മുടെ സാംസ്കാരിക പൈതൃകത്തിന്റെ സ്മാരകങ്ങളെന്നോണം ഇവിടെ നിലനില്ക്കുന്നു. നാടക സംഘങ്ങളും ഗ്രാമീണ കലകളും അനുഷ്ഠാന കലകളും ഒരു പരിധിയോളം പ്രവർത്തിക്കുന്നുണ്ട്. അധഃസ്ഥിതരുടെ കലാരൂപങ്ങൾ ഇന്നും തനിമയോടുകൂടി നിലനില്ക്കുന്നുണ്ടെങ്കിലും ആധുനിക ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ അതിപ്രസരണത്താൽ ഇവയത്രയും നാമാവശേഷമായിക്കൊണ്ടിരിക്കുയാണോ എന്ന് ഈ പഞ്ചായത്തിലെ ജനങ്ങൾ ഉൽക്കണ്ഠപ്പെടുന്നു. എല്ലാ വിഭാഗം ജനങ്ങളിലും ഉന്നത വിദ്യാഭ്യാസം നേടാനുള്ള താല്പര്യം കാണുന്നുണ്ടെങ്കിലും സാഹചര്യങ്ങളുടെ സമ്മർദ്ദംമൂലം അത് അപ്രാപ്യമായിരിക്കുകയാണ്.

നമ്മുടെ പഞ്ചായത്തിൽ മൊത്തം 26 ക്ലബ്ബുകൾ നിലവിലുണ്ട്. കാര്യക്ഷമമായി പ്രവർത്തിക്കുന്നവ വിരലിൽ എണ്ണാവുന്നവയെ ഉള്ളൂ. പലപ്പോഴുമായി ഒട്ടനവധി ക്ലബ്ബുകൾ ഉദയം ചെയ്യുകയും അല്പകാലം നിലനിന്നശേഷം അസ്തമിക്കുകയും ചെയ്യുന്ന സ്ഥിതി വിശേഷം കണ്ടുവരുന്നു. പഞ്ചായത്തിലെ പത്തോളം വരുന്ന ക്ലബ്ബുകൾ വാർഷിക ആഘോഷങ്ങൾ കൃത്യമായി നടത്തിവരുന്നു. സന്നദ്ധ സംഘടനകളായി പ്രവർത്തിക്കുന്ന ക്ലബ്ബുകളും ഈ കൂട്ടത്തിലുണ്ട്. പറമ്പിൽ യുവജന, ഫീനിക്സ് കലാവേദി പയമ്പ്ര എന്നിവ നാടകരംഗത്ത് വളരെ മുന്നിട്ട് നില്ക്കുന്നു. ഇവയ്ക്ക് സ്വന്തമായി നാടക ട്രൂപ്പുകളുണ്ട്. ജില്ലാതലത്തിൽ കായിരംഗത്ത് നമ്മുടെ പഞ്ചായത്തിന്റെ യശസ്സ് ഉയർത്തിപ്പിടിക്കുന്നതിന് സമത പയമ്പ്രാ, പറമ്പിൽ യുവജന എന്നീ ക്ലബ്ബുകളിലൂടെ പല സന്ദർഭങ്ങളിലും കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിന്റെ സാംസ്കാരിക രംഗം പരിപോഷിപ്പിക്കുന്നതിന് ക്ലബ്ബുകളെ ഉപയോഗപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. വോളിബോൾ രംഗത്ത് തനതായ മുദ്ര പതിപ്പിച്ച ജില്ലയിലെ ഏറ്റവും നല്ല ടീമായ യുവപ്രഭ പറമ്പിൽ പോലുള്ള ക്ലബ്ബുകൾ പ്രവർത്തനരഹിതമായത് കായികരംഗത്തിന് ഒരു നഷ്ടമാണ്. ഐതിഹ്യങ്ങളും ചരിത്ര കഥകളും ഉറങ്ങുന്ന നിരവധി സ്ഥലങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ടെങ്കിലും നാമിനിയും ഉയരേണ്ടിയിരിക്കുന്നു. നഷ്ടമായിക്കൊണ്ടിരിക്കുന്ന നമ്മുടെ സാംസ്കാരിത്തനിമ വീണ്ടെടുക്കുന്നതിനും ജനങ്ങളിൽ ഉയർന്ന അവബോധമുണ്ടാക്കുന്നതിനും സാംസ്കാരികരംഗത്ത് നമ്മൾ ക്രിയാത്മകമാകേണ്ടിയിരിക്കുന്നു.

ജനാധിപത്യ പ്രക്രിയ പൂർത്തിയാക്കപ്പെടണമെങ്കിൽ ജനതയിൽ ഉയർന്ന സാംസ്കാരിക മൂല്യങ്ങൾ ഉണ്ടായേ തീരു. ഇതിനുള്ള കർമ്മ പരിപാടികളാണ് സാംസ്കാരിക രംഗത്ത് നാം ആവിഷ്കരിക്കേണ്ടത് സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന താഴെ പറയുന്ന ഗ്രന്ഥാലയങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

പ്രഭാതം വായനശാല, പറമ്പിൽ

പഞ്ചായത്ത് വായനശാല, കുരുവട്ടൂർ

അരുണോദയം വായനശാല, പുറുമണ്ണിൽതാഴം

ചന്ദ്രോദയം വായനശാല, പയിമ്പ്ര

കൈരളി വായനശാല, ആശാരികൽതാഴം

ഇവയിൽ പ്രഭാതം, അരുണോദയം, ചന്ദ്രോദയം, കൈരളി എന്നിവ നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

1946ൽ കരുവട്ടൂർ പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയായ പറമ്പിൽ ബസാറിൽ സ്ഥാപിച്ച പ്രഭാതം പൊതുജന വായനശാലയാണ് ആദ്യത്തെ വായനശാല. ദേശത്തിലെ ജനങ്ങളിൽ രാഷ്ട്രീയ ദേശീയ സാംസ്കാരിക ഉൽബുദ്ധത വളർത്തുന്നതിൽ ഈ വായനശാല വലിയ പങ്ക് വഹിച്ചിട്ടുണ്ട്. വായനശാലയുടെ ഇന്ന് കാണുന്ന കെട്ടിടം 1947ലാണ് പണി തീർന്നത്.

പയമ്പ്ര ബോർഡ് സ്കൂൾ അധ്യാപകനായിരുന്ന കല്ല്യാശ്ശേരിക്കാരൻ കൃഷ്ണൻ നമ്പ്യാർ മാസ്റ്റർ മല്ലിശ്ശേരി വീട്ടിൽ സന്നിഹിതനായിരിക്കെ, പറമ്പിൽ ബസാറിന്റെ കിഴക്കു ഭാഗത്തുള്ള കച്ചവട സ്ഥാപനമായ 'വൈദ്യരുടെ പീടികയിൽ' വന്ന് ദേശീയ ദിനപത്രമായ മാതൃഭൂമി വാർത്തകൾ ഉറക്കെ വായിക്കുകയും ദേശീയ സ്വാതന്ത്ര്യത്തിന്റെ അലകൾ ശ്രോതാക്കൾക്ക് പകർന്നു കൊടുക്കുകയും ചെയ്തുകൊണ്ടിരിക്കെ ഉണ്ടായ ഒരാശയമാണ് സ്ഥിരമായ ഒരു വായനശാലയും ഗ്രന്താലയവും സ്ഥാപിക്കാനിടയായത്. ശ്രീമാൻമാർ ചെറുക്കാവിൽ കൃഷ്ണൻനായർ, കരുവാറിൽ കുട്ടികൃഷ്ണൻനാ

യർ കറുനിയേടത്ത് ഗോപാലൻനായർ എന്ന അപ്പുക്കുട്ടി മാസ്റ്റർ എടപ്പത്തിൽ രാമൻനായർ തെക്കേടത്ത് ചന്തു, കട്ടയാട്ട് രാഘവൻ, പൊക്കുണ്ടാരി ഉണ്ണിനായർ, വടക്കാഞ്ചേരി ചോയി, ചൂലങ്ങാട്ട ബാലൻ പണിക്കർ, റേഡിയോ ദാമോദരൻ നായർ, കെ. അറുമാൻ മാസ്റ്റർ, ഇടപ്പത്തിൽ ശങ്കരൻ, കട്ടയാട്ട് പെരവക്കുട്ടി എന്നിവരാണ് വായനശാലയുടെ സ്മരണീയരായ ആദ്യകാല പ്രവർത്തകർ.

പറമ്പിൽ ദേശത്തെ നാടുവാഴി ഭരണത്തിന്റെ ആസ്ഥാനമായ മംഗലോലത്ത് ആൽമരങ്ങളുടെ ഇടയിൽ മല്ലിശ്ശേരിക്കാരുടെ വക സ്ഥലത്താണ് വായനശാലാ കെട്ടിടം ഉയർന്നുവന്നത്. ആൽക്കൂട്ടങ്ങളിൽ ഒരു ആൽ മുറിക്കപ്പെട്ടു. ആ ആൽത്തറയിൽ കല്ലുകളിൽ കൊത്തിവച്ച ലിഖിതം കാണാമായിരുന്നു. ആയതു തേടിപ്പിടിച്ച് സംരക്ഷിക്കേണ്ടതാണ്.

പ്രഭാതം. ചന്ദ്രോദയം, അരുണോദയം എന്നീ വായനശലകൾ ഗ്രന്ഥശാലാ സംഘത്തിൽ അഫിലിയേറ്റ് ചെയ്യപ്പെട്ടവയാണ്. കുരുവട്ടൂരിലെ പഞ്ചായത്ത് വായനശാല ഈ അടുത്തകാലം വരെ വളരെ സജീവമായി പ്രവർത്തിച്ചിരുന്നതാണ്. ഒരു അപകടത്തിൽപെട്ട് കെട്ടിടം തകർന്നതിനാൽ ഇപ്പോൾ വായനശാല പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിലെ വായനശാലകളിൽ ഭൂരിഭാഗവും ഉപയോഗപ്പെടുത്തുന്നത് പുരുഷൻമാരാണ്.

സമൂഹത്തിന്റെ സാംസ്കാരിക നിലവാരം ഉയർത്തുന്നതിൽ ഗണ്യമായ ഒരു പങ്കുവഹിക്കാൻ മഹിളാ സമാജങ്ങൾക്ക് കഴിയുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ പത്തോളം മഹിളാ സമാജങ്ങൾ ഉണ്ടെങ്കിലും ഇവയെല്ലാം തന്നെ പേരിൽ മാത്രം ഒതുങ്ങി നിൽക്കുന്നതായി കാണുന്നു. സ്ത്രീകളുടെ പൊതുരംഗത്തേക്കുള്ള മുന്നേറ്റവേദിയാണ് മഹിളാ സമാജങ്ങൾ എന്ന തിരിച്ചറിവോടെ അവയെ പ്രവർത്തന സജീവമാക്കാൻ അടിയന്തിര ശ്രദ്ധ പതിയേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

1. വായനശാലകളിലെ പുസ്തകങ്ങൾ, ഫർണിച്ചറുകൾ എന്നിവ വളരെ പരിമിതമാണ്.

2. 'പ്രഭാതം' 'ചന്ദ്രോദയം', 'അരുണോദയം' എന്നിവ ഒഴികെ മറ്റു വായനശാലകളൊന്നും ഗ്രന്ഥശാലാ സംഘത്തിൽ അഫിലിയേറ്റ് ചെയ്യപ്പെട്ടവയല്ല.

3. വായനശാലകളിൽ സ്ത്രീകളുടെ അംഗത്വം വളരെ നാമമാത്രമാണ്.

4. മിക്ക വായനശാലകൾക്കും സ്വന്തമായി കെട്ടിടമില്ല.

5. പഞ്ചായത്ത് വായനശാല തകർന്ന നിലയിലാണ്.

6. സ്വന്തമായി കെട്ടിടമുള്ള പ്രഭാതം, അരുണോദയം, എന്നീ വായനശാലാ കെട്ടിടങ്ങൾ ശോച്യാവസ്ഥയിലാണ്.

7. റേഡിയോ പ്രവർത്തിക്കാത്ത വായനശാലകളാണ് മിക്കതും.

8. സാമ്പത്തിക പരാധീനത കാരണം സാംസ്കാരിക ക്ലബ്ബുകളിൽ മിക്കവയും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

9. വാർഷികാഘോഷ പരിപാടിയിൽ മാത്രം സാംസ്കാരിക പരിപാടികൾ ഒതുക്കിത്തീർക്കുന്നു.

10. കക്ഷിരാഷ്ട്രീയങ്ങൾക്കതീതമായാണ് നമ്മുടെ പഞ്ചായത്തിലെ മിക്ക സാംസ്കാരിക ക്ലബ്ബുകളും പ്രവർത്തിക്കുന്നത്.

11. മഹിളാ സമാജങ്ങൾ നിർജ്ജീവമാണ്.

12. ആധുനിക ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ അതിപ്രസരം സാംസ്കാരിക ജീവിത മൂല്യത്തിന് കോട്ടം തട്ടാനിടയാക്കുന്നു.

## പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. പുസ്തകങ്ങളുടെ അപര്യാപ്തത പരിഹരിക്കുവാൻ വായനശാലകളിലേക്ക് പുസ്തകങ്ങൾ സംഭാവന ലഭ്യമാക്കുക.

2. എല്ലാവായനശാലകളും പഞ്ചായത്തിൽ റജിസ്റ്റർ ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കുക.

3. ഫർണീച്ചറുകൾ വാങ്ങുന്നതിന് ഒരു നിശ്ചിത ശതമാനം തുക പഞ്ചായത്ത് ഓരോ വായനശാലക്കും അനുവദിക്കണം.

4. ഗ്രന്ഥശാലാ സംഘത്തിൽ അഫിലിയേറ്റ് ചെയ്യാത്ത വായനശാലകൾ അഫിലിയേറ്റ് ചെയ്യണം.

5. സ്ത്രീകളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിന് വേണ്ടി പുസ്തകവിതരണം ഡോർ ഡെലിവറി സമ്പ്രദായം നടപ്പിലാക്കുക.

6. സ്കൂൾ വായനശാലകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

7. സ്വന്തമായി കെട്ടിടമില്ലാത്ത വായനശാലകൾക്ക് പഞ്ചായത്ത് ധനസഹായത്തോടെയും ജനപങ്കാളിത്വത്തോടെയും കെട്ടിടം നിർമ്മിക്കേണ്ടതാണ്.

8. പറമ്പിൽ പ്രഭാതം വായനശാല വികസിപ്പിക്കുന്നതിന് വേണ്ടി ആവശ്യമായ സ്ഥലം പഞ്ചായത്ത് അക്വയർ ചെയ്യണം. ഈ വായനശാലയോടനുബന്ധിച്ച്

നഴ്സറി സ്കൂൾ സ്ഥാപിക്കേണ്ടതാണ്.

9. തകർന്നുകിടക്കുന്ന കുരുവട്ടൂരിലെ പഞ്ചായത്ത് വായനശാല അടിയന്തിരമായി പുതുക്കിപ്പണിയണം.

10. സ്വന്തമായി കെട്ടടമുള്ള പ്രഭാതം, അരുണോദയം എന്നീ വായനശാലകളുടെ ശോച്യാവസ്ഥ പരിഹരിക്കണം.

11. എല്ലാ വായനശാലകൾക്കും റേഡിയോ പ്രവർത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

12. വനിതകൾക്കായി പ്രത്യേക വായനശാല ഉണ്ടാക്കുകയും ഇത് മഹിളാ സമാജങ്ങളുമായി ബന്ധപ്പെടുത്തി ചെയ്യുന്നത് നന്നായിരിക്കും.

13. ടി. വിയിലെ പ്രാദേശിക ഭാഷാ പരിപാടികൾ വിദ്യാർത്ഥികളുടെ പഠനസമയമായ വൈകീട്ട്, 7 മണി മുതൽ 10 മണിവരെയുള്ള സമയത്ത് നടത്തുന്നത് നിർത്തലാക്കണം.

14. ടി.വിയിലെ അശ്ലീല സംപ്രേഷണം നിർത്താലാക്കുക.

15. സാമ്പത്തിക പരാധീനതമൂലം കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയാത്ത ക്ലബ്ബുകൾക്ക് ധനസഹായം കൊടുക്കാൻ ശ്രമിക്കണം.

16. കേരളോത്സവം കാര്യക്ഷമതയോടും ജനപങ്കാളിത്തത്തോടും കൂടി നാടിന്റെ ഉത്സവമായി തന്നെ നടത്തണം.

17. സാഹിത്യ മേഖല പരിപോഷിപ്പിക്കുന്നതിന് കയ്യെഴുത്ത് മാസികകൾ തയ്യാറാക്കുക. ഏറ്റവും നല്ല കയ്യെഴുത്ത് മാസിക പ്രസിദ്ധീകരിക്കുന്ന ക്ലബ്ബിന് പ്രോത്സാഹന സമ്മാനങ്ങൾ പഞ്ചായത്ത് നൽകുക.

18. അനുഷ്ഠാന കലകൾ കലാ സമിതികൾ മുഖാന്തിരം പരിപോഷിപ്പിക്കുക.

19. ശാസ്ത്രീയ സംഗീതം, ഉപകരണസംഗീതം നൃത്തം എന്നീ ക്ലബ്ബുകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട കലാകാരൻമാർക്ക് പഞ്ചായത്ത് സൗജന്യപരിശീലനം നൽകുക.

20. ക്ലബ്ബുകൾക്ക് പൊതുപരിപാടികൾ നടത്താൻ ഓപ്പൺ എയർ തിയ്യേറ്റർ, ഓഡിറ്റോറിയം എന്നിവ തിരഞ്ഞെടുത്ത വാർഡുകളിൽ സ്ഥാപിക്കുക.

21. എല്ലാ വാർഡുകളിലും സജീവമായി മഹിളാ സമാജങ്ങൾ രൂപീകരിക്കുക.

22. സമാജങ്ങൾ വഴി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക.

23. ഈ സമാജങ്ങൾ ക്രിയാത്മകമാക്കാൻ സ്വയം തൊഴിൽ കണ്ടെത്താനുള്ള പദ്ധതികൾ ഉണ്ടാക്കണം.

24. ഓരോ മഹിളാ സമാജങ്ങളിലും ചെറു ലൈബ്രറികൾ സ്ഥാപിക്കുക.

25. സ്ത്രീകളുടെ പൊതുവേദികൾ രൂപീകരിക്കുമ്പോൾ പുരുഷൻമാരുടെ പൂർണ്ണമായ സഹകരണം ഉറപ്പുവരുത്തണം.

26. ഐതിഹ്യങ്ങൾ ഉറങ്ങുന്ന സ്മാരകങ്ങൾ നശിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ അവ സംരക്ഷിക്കപ്പെടണം.

27. പുതിയ തലമുറയ്ക്ക് വേണ്ടി പ്രാദേശിക ചരിത്ര പഠനം നടത്തുക. ചരിത്ര പ്രധാനമായ പേരുകൾ നിലനിർത്തുക.

28. 5-ാം വാർഡിലെ പ്രസിദ്ധമായ തുറയിൽ കോട്ട വിനോദസഞ്ചാര കേന്ദ്രമായി ഉയർത്തുക.

29. നാടൻ പാട്ടുകൾ, നാടോടിക്കഥകൾ എന്നിവ പഴയ തലമുറയിൽ നിന്ന് ശേഖരിക്കുക.

30. പഞ്ചായത്ത്, ഈ നാടൻ പാട്ടുകളും നാടോടിക്കഥകളും പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുക.

31. വടക്കൻ പാട്ടിലെ ഓതേനന്റെ ഐതിഹ്യകഥകൾ ഉറങ്ങുന്ന പറമ്പിൽ ബസാറിലെ മംഗലോലത്ത് ആൽത്തറകെട്ടി സംരക്ഷിക്കുക. തൊട്ടടുത്ത സ്ഥലം കൂട്ടിച്ചേർത്ത് പാർക്ക് നിർമിക്കുകയും ചെയ്യുക.

32. പോർളാതിരി കഥകൾ കുടികൊള്ളുന്ന ആഞ്ഞിലോറക്കുന്ന് പോലൂർ അമ്പലം എന്നിവ നമ്മുടെ പഞ്ചായത്തധീനത്തിൽ സംരക്ഷിക്കുക.

33. പഞ്ചായത്തിൽ ഒരു കമ്യൂണിറ്റി ഹാൾ, കല്യാണ മണ്ഡപം നിർമിക്കുക.

## കായികരംഗം

കായിക വിനോദങ്ങൾ, പരസ്പര സൗഹാർദ്ദം സൃഷ്ടിക്കാനും, സംഘടിത ബോധം വളർത്താനും മാനസീക ഉൻമേഷത്തിനും സർവ്വോപരി ആരോഗ്യ രക്ഷക്കും ഒഴിച്ചു കൂടാനാവാത്ത ഒരു ഘടകമാണ്. നമ്മുടെ നാടൻ വിനോദങ്ങൾ പലതും നാമാവശേഷമായി കൊണ്ടിരിക്കുന്നു. ഉദാഹരണത്തിന് ഒരു കാലത്ത് നമ്മുടെ പ്രദേശത്തിന് അഭിമാനിക്കാൻ വകനല്കിയ പന്ത് വെട്ടുകളി' ഇന്ന് സ്മരണയിൽ മാത്രം നില്ക്കുന്നു. കൊയ്തു കഴിഞ്ഞ് ഒഴിഞ്ഞു കിടന്ന പാടങ്ങളിൽ പണ്ടു കാലത്ത് നടന്നിരുന്ന വിവിധതരം നാടൻ കായിക വിനോദങ്ങൾ ഇന്ന് കാണാനില്ല. കായിക വിനോദത്തിന് സ്കൂളുകളിൽ പോലും വേണ്ടത്ര പ്രാധാന്യം കല്പിച്ചു കാണുന്നില്ല. എങ്കിൽപോലും ചില ക്ലബ്ബുകളെങ്കിലും

സ്പോർട്ടിസിനു പ്രാമുഖ്യം കൽപിക്കുന്നത് ആശാവഹമാണ്. ഫുട്ബോൾ, വോളിബോൾ, ഷട്ടിൽ, കേരംസ്, ചെസ്സ് തുടങ്ങിയ ഇനങ്ങളിലുള്ള ടൂർണമെന്റുകൾ ജില്ലാ പ്രാദേശിക അടിസ്ഥാനത്തിലും നടത്തിക്കാണുന്നത് അഭിനന്ദനാർഹമാണ്. ഇത്തരം ക്ലബ്ബുകളിലൂടെ വളർന്നുവന്ന കായിക പ്രതിഭകൾക്ക് സംസ്ഥാനതലം വരെ പങ്കെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. നാടൻ ആയോധന കലയായ കളരിപ്പയറ്റും പുത്തൻ ആയോധനമുറയായ കരാട്ടേയും നമ്മുടെ പഞ്ചായത്തിൽ പരിശീലിപ്പിക്കപ്പെടുന്നുണ്ട്. പുല്ലാളൂരിലെ പ്രസിദ്ധമായ കാളപൂട്ട് മത്സരം അന്യപ്രദേശങ്ങളിലെ ആളുകളെ പോലും ആകർഷിക്കുന്നതാണ്.

## നിർദ്ദേശങ്ങൾ

☞ നാടൻ കായിക വിനോദങ്ങളെ പുനരുദ്ധിച്ച്, പരിപോഷിപ്പിക്കണം.

☞ സംസ്ഥാന ജില്ലാതലത്തിൽ ഉയർന്നുവരുന്ന കായികതാരങ്ങളെ ആദരിക്കണം.

☞ പുല്ലാളൂരിലെ കാളപൂട്ടു മത്സരം സംരക്ഷിച്ചു തുടർന്നു നടത്തണം.

ooo



# 10

# വനിത

കേരളത്തിലെ രാഷ്ട്രീയ സാമൂഹ്യ ചരിത്രം പരിശോധിച്ചാൽ ദേശീയ പ്രസ്ഥാനത്തിലും മറ്റു ശാസ്ത്ര സാമൂഹ്യ രംഗങ്ങളിലും സ്ത്രീ പങ്കാളിത്വം പിന്നലായിരുന്നില്ല എന്ന് കാണാവുന്നതാണ്. കേരളപ്പിറവിക്ക് ശേഷം വന്നിട്ടുള്ള മന്ത്രി സഭകളിൽ എല്ലാം സ്ത്രീ പങ്കാളിത്വം ഉണ്ടായിരുന്നു.

സമൂഹത്തിൽ വനിതകൾക്കുള്ള പങ്കിനെക്കുറിച്ച് ഗൗരവപൂർവ്വം ചർച്ചചെയ്യപ്പെടുകയും സ്ത്രീ വിമോചന പ്രസ്ഥാനങ്ങൾ സമൂഹത്തിൽ സജീവമായി പ്രവർത്തിക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിലും കുരുവട്ടൂർ പഞ്ചായത്തിലെ ഭൂരിഭാഗം സ്ത്രീകളും വീടുകളിൽ ഒതുങ്ങിക്കഴിയുന്നവരാണ്.

ആദ്യകാലങ്ങളിൽ സ്ത്രീകൾക്ക് സാമൂഹ്യ പ്രവർത്തന മേഖലകളിൽ പങ്കാളിത്തം വളരെ കുറവായിരുന്നു. സ്കൂൾ വിദ്യാഭ്യാസം സ്ത്രീകളെ സംബന്ധിച്ചടത്തോളം അന്യമായിരുന്നു. എഴുത്തു പള്ളികളിലൂടെ മാത്രമായിരുന്നു മിക്കവാറും സ്ത്രീകൾ അക്ഷരം അറിഞ്ഞിരത്. പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം കുറവായിരുന്നെങ്കിലും തിരുവാതിര, ശിവരാത്രി, ഏകാദശി എന്നീ ദിനങ്ങളിൽ തിരുവാതിരക്കളി, ഊഞ്ഞാലാട്ടം തുമ്പി ഉറയൽ കുമ്മികളി എന്നീ പരിപാടികളിൽ സ്ത്രീ പങ്കാളിത്തം ഗണ്യമായതോതിലുണ്ടായിരുന്നെങ്കിലും ഇന്ന് അവ നാമാവശേഷമായി ക്ഷേത്രോത്സവങ്ങളിലെ താലപ്പൊലി പ്രധാനപ്പെട്ട ഒരു ഭാഗമായിരുന്നു. വയലേലകളിൽ നിന്നും കേട്ടിരുന്ന നാട്ടിപ്പാട്ടുകൾ ഇന്നത്തെ ജനതയ്ക്ക് അന്യമായിരിക്കുന്നു. 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ 'കെട്ടുകല്യാണം' എന്ന സമ്പ്രദായം നിലവിലുണ്ടായിരുന്നു. കെട്ടുകല്യാണം കഴിക്കാത്തവരെ സമൂഹം ഭ്രഷ്ട് കല്പിച്ചിരുന്നു. അതുപോലെതന്നെ 'തെരണ്ടു കല്ല്യാണം' എന്നൊരു സമ്പ്രദായവും നിലവിലുണ്ടായിരുന്നു. പൊതുരംഗത്തേക്ക് സ്ത്രീകൾ വരുന്നതിന് ഇത്തരം സമ്പ്രദായങ്ങൾ വിലങ്ങുതടിയായിരുന്നു എന്ന് പറയാതിരിക്കാൻ തരമില്ല.

1885- മുതൽ പ്രാഥമിക വിദ്യാഭ്യാസത്തിന് പെൺകുട്ടികൾക്ക് സൗകര്യമുണ്ടായിരുന്നു. ഉന്നത വിദ്യാഭ്യാസത്തിന് സൗകര്യമില്ലാത്തതിനാൽ ഭൂരിഭാഗവും അടുക്കളയിലൊതുങ്ങി. സമ്പന്ന കുടുംബങ്ങളിലെ സ്ത്രീകൾ മാത്രമായിരുന്നു അക്കാലത്ത് പ്രാഥമിക വിദ്യാഭ്യാസം നേടിയിരുന്നുള്ളൂ. ഇന്ന് വിദ്യാഭ്യാസ രംഗത്ത് സ്ത്രീകൾ കൂടുതലായി മുന്നോട്ടു വന്നിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ ആദ്യമായി ബിരുദം നേടിയ സ്ത്രീ കുറ്റിപ്പുനത്തിൽ ഇന്ദിരാ രാമകൃഷ്ണനായിരുന്നു.

എങ്കിലും ഉന്നത രംഗത്ത് പുരുഷൻമാരോടൊപ്പം എത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല. നാമാത്രമെങ്കിലും പഞ്ചായത്തിൽ പി. എച്ച്. ഡി ലഭിച്ചവരും ഹോമിയോ വൈദ്യശാസ്ത്രത്തിലും ആധുനിക വൈദ്യശാസ്ത്രത്തിലും ബിരുദം നേടിയവരും നിയമബിരുദ ധാരികളും ഉണ്ട്. 12109 സ്ത്രീകളിൽ 9513 സ്ത്രീകൾ സാക്ഷരരാണ് (78.5%)

കുരുവട്ടൂർ പഞ്ചായത്തിൽ പുരുഷൻമാരേക്കാൾ കൂടുതൽ സ്ത്രീകളാണ്. ജനസഖ്യം 12,109 ആണ്. ഇത് പുരുഷൻമാരേക്കാൾ 438 എണ്ണം കൂടുതലാണ് (അവലംബം 1991 സെൻസസ്). തൊഴിൽ മേഖലയിൽ സ്ത്രീകൾ പുരുഷൻമാരേക്കാൾ കുറവാണ്.

തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം കാണിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.

(അവലംബം 1991 സെൻസസ് പ്രകാരം)

| തൊഴിൽ മേഖല | സ്ത്രീകളുടെ എണ്ണം | പുരുഷൻമാരുടെ എണ്ണം |
|---|---|---|
| കർഷകർ | 70 | 511 |
| കർഷക തൊഴിലാളി | 153 | 1132 |
| മൃഗപരിപാലനം | 7 | 141 |
| കെട്ടിട നിർമ്മാണം | 100 | 439 |
| ഗതാഗതം വാർത്താവിനിമയം | 16 | 535 |
| വ്യാപാരം | 26 | 731 |
| മറ്റുള്ളവ | 206 | 557 |

മറ്റു സേവന മേഖലകളിലെയും സ്ത്രീ പങ്കാളിത്തത്തെക്കുറിച്ചും വ്യക്തമായ കണക്കുകൾ ലഭ്യമല്ലെങ്കിലും പട്ടികയിൽ നിന്നു വ്യത്യസ്ഥമായിരിക്കാൻ കാരണം കാണുന്നില്ല.

തൊഴിൽ മേഖലയിൽ സ്ത്രീകൾക്കെതിരായി ക്രൂരമായ് അവഗണന നലിനിൽക്കുന്നു എന്ന് പട്ടിക പരിശോധിച്ചാൽ മനസ്സിലാക്കാം. സ്ത്രീകൾക്കെതിരായി നിലനിൽക്കുന്ന സാമൂഹ്യ പ്രതിശക്തികളെ ചെറുക്കാൻ സ്ത്രീകളെ എല്ലാ നിലയിലും ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. ചെറുകിട – കുടിൽ വ്യവസായങ്ങളിൽ സ്ത്രീ പങ്കാളിത്തം ഉണ്ടാക്കാൻ ശ്രമിക്കേണ്ടതാണ്.

ദേശീയ പ്രസ്ഥാനങ്ങളിൽ സ്ത്രീ പങ്കാളിത്തം വളരെ കുറവായിരുന്നു. 1942-ലെ ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ ഭാഗമായി നടന്ന വിദ്യാഭ്യാസ ഹർത്താലിൽ അന്ന് വിദ്യാർത്ഥിയായിരുന്ന ഉണിപ്പറമ്പത്ത് ജാനകി ടീച്ചറുടെ പങ്കാളിത്തം സ്മരണീയമാണ്. രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം ഇന്നും വളരെ പുറകിലാണ്. കുരുവട്ടൂർ പഞ്ചായത്ത് പ്രസിഡന്റും ഇന്ന് വനിതയാണ്. ജനാധിപത്യ മഹിളാ അസോസിയേഷന്റെ 6 യൂണിറ്റുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. കേരള മഹിളാ സംഘത്തിന്റെ ഒരു യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. മറ്റു മഹിളാ സംഘങ്ങളുടെയും..... യൂനിറ്റുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. മഹിളാ സമാജത്തിന്റെ ഒരു യൂണിറ്റ് സജീവമായി ചെറുവറ്റയിലുണ്ട്. നേരത്തെ പ്രവർത്തിച്ചിരുന്ന മൂന്നോളം മഹിളാ സമാജങ്ങൾ ഇന്ന് നിർജ്ജീവമാണ്.

സ്ത്രീകൾ മാത്രം തൊഴിൽ ചെയ്യുന്ന ഒരു ഫ്ളോർമിൽ പഞ്ചായത്തിലുണ്ട്. DWCRAയുടെ ഒരു യൂണിറ്റ് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. ഗ്രൂപ്പടിസ്ഥാനത്തിൽ സ്വയംതൊഴിൽ സംരഭമായി ഒരു അവിൽ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. കോർപ്പറേഷന്റെ അധീനതയിലുള്ള വനിത സോപ്പു നിർമ്മാണ യൂനിറ്റ് പഞ്ചായത്തിലുണ്ട്. പന്ത്രണ്ട് അംഗനവാടികളുൾപ്പടെ ഗ്രാമപഞ്ചായത്ത് ഓഫീസ്സ്, കുരുവട്ടൂർ എ. യു. പി. സ്കൂൾ, പോലൂർ എ. എൽ. പി. സ്കൂൾ നോർത്ത്, പ്രൈമറി ഹെൽത്ത് സെന്റർ, ശിശുമന്ദിരം എന്നിവിടങ്ങളിൽ വനിതാ ജീവനക്കാരാണ് കൂടുതൽ.

മൺപാത്ര നിർമ്മാണം. ചകിരി പിരി എന്നീ കുടിൽ വ്യവസായങ്ങളിൽ സ്ത്രീ പങ്കാളിത്തം കൂടുതലായുണ്ട്. കല്ലുടയ്ക്കൽ, റെഡിമെയ്ഡ് വസ്ത്രം എന്നീ രംഗങ്ങളിലും സ്ത്രീകളാണ് കൂടുതൽ.

300ഓളം കുടുംബങ്ങളിൽ കുടുംബ നായകത്വം സ്ത്രീകൾക്കാണ്. സ്ത്രീകളുടെ വരുമാനമാണ് കുടുംബത്തിന്റെ വരുമാനത്തിൽ പ്രധാനമായിട്ടുള്ളത്. വീട്ടുപണിയും വീടുമായി ബന്ധപ്പെട്ട മറ്റു പണികളും 96%ഉം സ്ത്രീകൾ തനിച്ചാണ് ചെയ്യുന്നത്.

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ കുറഞ്ഞതോതിലെങ്കിലും പഞ്ചായത്തിലുണ്ട്. മദ്യപാനത്തിന്റെ ദുരന്തം അനുഭവിക്കുന്ന സ്ത്രീകൾ ഇന്നും ഇവിടെയുണ്ട്. അപൂർവ്വമെങ്കിലും സ്ത്രീധനത്തിന്റെ പേരിൽ ദുരന്തം അനുഭവിക്കുന്ന സ്ത്രീകൾ ഉണ്ട്. സ്ത്രീകളുടെ ഇടയിലെ നിരക്ഷരത ഇല്ലായ്മ ചെയ്യാൻ സാക്ഷര പ്രവർത്തനം ഗണ്യമായി സ്വീധീനിച്ചിട്ടുണ്ട്. എങ്കിലും സമ്പൂർണ്ണ സാക്ഷരത കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. സാക്ഷരതാ പ്രവർത്തനത്തിൽ സ്ത്രീകളുടെ പങ്കാളിത്തം എടുത്തു പറയേണ്ടതാണ്.

രൂക്ഷമായ തൊഴിലില്ലായ്മയും സർക്കാർ മേഖലയൊഴികെ മറ്റു തൊഴിൽ മേഖലയിൽ കൂലി നിരക്കിലുള്ള വിവേചനവും സ്ത്രീകൾ നേരിടുന്ന കാതലായ പ്രശ്നങ്ങളാണ്. കർഷകത്തൊഴിലാളികൾക്ക് 85–90

രൂപയും പുരുഷന് 100 – 125 രൂപയുമാണ് കൂലി. നിർമ്മാണ മേഖലയിൽ സ്ത്രീ തൊഴിലാളികൾക്ക് 90 രൂപയും പുരുഷന് 125–130 രൂപയുമാണ് പഞ്ചായത്തിൽ.

സാമൂഹ്യ രംഗത്ത് പിന്നോക്കം നിൽക്കുന്ന സ്ത്രീകലെ ബോധപൂർവമായ ഇടപെടലിലൂടെ മുന്നോട്ടുകൊണ്ടുവന്നാലെ പൊതുജീവിതത്തിൽ അർഹമായ പങ്കുവഹിക്കാൻ കഴിയുകയുള്ളൂ. ഏറ്റെടുത്ത ജോലികൾ ഉത്തരവാദിത്വത്തോടെ പൂർത്തീകരിക്കുവാൻ സ്ത്രീകൾ സജ്ജരാണ്. എങ്കിലും അർഹമായ തൊഴിലുകൾ സ്ത്രീകൾക്ക് നൽകാൻ പുരുഷൻമാർ. വൈമുഖ്യം കാണിക്കുന്നു. ജോലികൾ ഏറ്റെടുക്കാൻ സ്ത്രീകൾ താല്പര്യക്കുറവ് കാണിക്കുന്നുമുണ്ട്. സ്ത്രീകൾക്കിടയിൽ അപകർഷതാബോധവും ആത്മവിശ്വാസമില്ലായ്മയും കൂടുതലാണ്. തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് സ്ത്രീകൾ ബോധവാൻമാരേകേണ്ടതും അവ നേടിയെടുക്കുവാനും സംരക്ഷിക്കുവാനുമുള്ള അഭിവാഞ്ച സ്ത്രീകളിൽ ഉണ്ടാവേണ്ടതാണ്. പഞ്ചായത്തീരാജ് നിയമം നടപ്പിലാക്കിയതോടെ വനിതകൾക്ക് ഭരണരംഗത്ത് പങ്കാളിത്തമുണ്ടായതും ആശാവഹമാണ്. പുരുഷൻമാരോടൊപ്പം എല്ലാ രംഗത്തും എത്തിച്ചേരാനുള്ള ആർജ്ജവം സ്ത്രീകൾ കാണിക്കേണ്ടതുണ്ട്. യാഥാസ്ഥിതിക ചിന്താഗതിയും പുരുഷാധിപത്യവും സാമ്പത്തിക പിന്നോക്കാവസ്ഥയും സാമൂഹ്യ പൊതു രംഗത്തേക്ക് വരുന്നതിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങളാണ്.

സാമൂഹ്യ രംഗത്തും പൊതു പ്രവർത്തന രംഗത്തും നേതൃത്വനിരയിലേക്ക് കൊണ്ടുവരാൻ രാഷ്ട്രീയ സാംസ്കാരിക സംഘടനകൾ ശ്രമിക്കേണ്ടതുണ്ട്. സ്ത്രീകളിൽ സാമൂഹ്യബോധം ഉണ്ടാക്കുവാനും അവരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാനും പ്രത്യേക പരിശീലനം നൽകേണ്ടതുണ്ട്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളെ ഒരു പരിധിവരെ തടയാൻ സ്ത്രീ സംരക്ഷണ നിയമങ്ങളെക്കുറിച്ചുള്ള പൊതുജ്ഞാനം ഉണ്ടാക്കാനായി പഞ്ചായത്ത തലത്തിൽ നിയമ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തണം. വനിതകളുടെ മാത്രമായ സംഘടനകൾക്ക് നേതൃത്വം കൊടുക്കുകയും അവർക്ക് സ്വയം പ്രവർത്തനങ്ങളേറ്റെടുത്ത് നടത്താനുള്ള സഹായം ഏർപ്പെടുത്തുകയും വേണം. മാതൃസംഗമങ്ങളിൽ സ്ത്രീ പങ്കാളിത്തം വർദ്ധിപ്പിക്കുവാനും അവരെ ബോധപൂർവ്വം പൊതുപ്രവർത്തന രംഗത്തേക്ക് കൊണ്ടുവരാൻ ശ്രമിക്കണം. കൂടാതെ പുരുഷൻമാർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നൽകേണ്ടത് അത്യാവശ്യമാണ്.

സ്ത്രീകളുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കാൻ അവരുടേതായ സഹകരണ സംഘങ്ങളും തൊഴിൽ യൂണിറ്റുകളും ആരംഭിക്കേണ്ടതുണ്ട്. നമ്മുടെ നാട്ടിൽ ലഭിക്കുന്ന അസംസ്കൃത വസ്തുക്കളായ കൈതോല, ചിരട്ട, ചകിരി, എന്നിവയുപയോഗിച്ച് കരകൗശല വസ്തുക്കൾ നിർമ്മിക്കുന്ന യൂണിറ്റുകൾ ആരംഭിക്കണം. ചെറുകിട ഫ്ളോർമില്ലുകൾ, ചെറുകിട കുടിൽ വ്യവസായങ്ങൾ എന്നിവ സ്ത്രീകളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കാൻ സഹായകമാണ്. റെഡിമെയ്ഡ് വസ്ത്രനിർമ്മാണത്തിൽ വൈവിദ്ധ്യവത്ക്കരണം കൊണ്ടുവരണം. അടുക്കള തോട്ടങ്ങൾ തുടങ്ങാൻ സ്ത്രീകൾക്ക് സഹായങ്ങൾ നൽകണം. ആടുവളർത്തൽ, കോഴിവളർത്തൽ എന്നിവ സ്ത്രീകൾക്ക് ബുദ്ധിമുട്ടില്ലാതെ ചെയ്യാൻ പറ്റുന്ന തൊഴിലുകളാണ്. സ്ത്രീകൾ നേരിടുന്ന മറ്റൊരു പ്രശ്നം അവർ ഉല്പാദിപ്പിക്കുന്ന ഉല്പ്പന്നങ്ങൾക്ക് ശരിയായ മാർക്കറ്റിംഗ് ലഭിക്കുന്നില്ല എന്നതാണ്.

ദരിദ്ര കുടുംബങ്ങളിലെ സ്ത്രീകൾക്ക് ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നുണ്ട്. അടുക്കള ജോലിയിൽ ഏർപ്പെടുന്ന സ്ത്രീകൾക്ക് പുക ശ്വസിക്കാനിടവരുന്നു മൂലം വിളർച്ച തുടങ്ങിയ രോഗങ്ങൾ കൂടുതലായി കണ്ടുവരുന്നു. പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കാനുള്ള ബോധവൽക്കരണം നടത്തേണ്ടതാണ്.

## വനിതാ മേഖല നേരിടുന്ന പ്രശ്നങ്ങൾ

1. തുല്യ ജോലിക്ക് തുല്യ വേതനം എന്ന മൗലികാവകാശം നിയമ പുസ്തകത്തിൽ മാത്രം.

2. തൊഴിൽ മേഖലയിൽ സ്ത്രീകൾ അവഗണന നേരിടുന്നു.

3. സാമൂഹ്യ സേവനരംഗത്ത് സ്ത്രീകൾ സജീവമായി ഇടപെടുന്നില്ല.

4. സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടു കാരണം സ്ത്രീകൾ താല്പര്യം കാട്ടുന്നില്ല.

5. സാങ്കേതിക വിദ്യാഭ്യാസത്തിൽ സ്ത്രീകൾ പിന്നിലാണ്.

6. സാമ്പത്തിക ബുദ്ധിമുട്ടുമൂലം ചുരുങ്ങിയ വേതനത്തിന് തൊഴിൽ ചെയ്യാൻ സ്ത്രീകൾ നിർബന്ധിതരാകുന്നു.

7. തൊഴിൽ സംരക്ഷണ നിയമങ്ങളിൽ പരിജ്ഞാനമില്ല.

8. നിയമപരമായ സംരക്ഷണം മതിയായ തോതിൽ ലഭിക്കുന്നില്ല.

9. സർക്കാർ സഹായ പദ്ധതികൾ ഏതൊക്കെയെന്ന അറിവില്ലായ്മ സ്ത്രീകളിലുണ്ട്.

10. അംഗൻവാടികളിലെ ജീവനക്കാർക്ക് ന്യായ

മായ ശമ്പളം ലഭിക്കുന്നില്ല. അംഗൻവാടികൾക്ക് സൗകര്യം കുറവാണ്.

11. ആത്മവിശ്വാസവും മനോദാർഢ്യവും സ്ത്രീകളിൽ കുറവാണ്.

12. ശാസ്ത്രീയ ബോധനിലവാരം സ്ത്രീകളിൽ കുറവാണ്. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും കൂടുതൽ ഇരയാവുന്നത് സ്ത്രീകളാണ്.

**സ്ത്രീകൾക്കിടയിലെ പ്രശ്ന പരിഹാരങ്ങൾക്ക് താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.**

1. ഉല്പാദനപരമായ സ്വയം തൊഴിൽ സംഘടിപ്പിക്കുവാൻ മുൻകൈ എടുക്കണം.

2. വിഭവ സാധ്യത കണക്കിലെടുത്ത് തൊഴിൽ യൂണിറ്റുകൾ തുടങ്ങുകയും അവയ്ക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.

3. തൊഴിൽ നിയമങ്ങൾ, തൊഴിലവസരങ്ങൾ എന്നിവയെകുറിച്ചുള്ള വിവരങ്ങൾ നൽകുക.

4. തുല്യജോലിക്ക് തുല്യവേതനം നടപ്പിലാക്കണം.

5. പ്രാദേശികാടിസ്ഥാനത്തിൽ മാർക്കറ്റിംഗ് യൂണിറ്റുകൾ നടപ്പിൽ വരുത്തുക.

6. തൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക.

7. അംഗനവാടികൾ കേന്ദ്രീകരിച്ച് ആരോഗ്യക്ലാസ്സുകൾ സംഘടിപ്പിക്കുക.

8. വിധവാപെൻഷൻ, അഗതി പെൻഷൻ എന്നിവ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കുക.

9. അംഗനവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക. കുട്ടികളുടെ വിനോദത്തിനും വിശ്രമത്തിനും ആരോഗ്യത്തിനും വേണ്ട സംവിധാനം വികസിപ്പിക്കുക.

10. സ്ത്രീകളിൽ വായനാശീലം വർദ്ധിപ്പിക്കുവാൻ സഞ്ചരിക്കുന്ന വായനശാലാ പദ്ധതികൾ നടപ്പിൽ വരുത്തുക.

OOO



# 11

# സഹകരണം

"എല്ലാവരും ഓരോരുത്തർക്കും ഓരോരുത്തർ എല്ലാവർക്കും" എന്ന അടിസ്ഥാന സബകരണതത്വ ത്തിൽ അധിഷ്ഠിതമായി പാശ്ചാത്യരാജ്യങ്ങളിൽ രൂപം കൊണ്ട സഹകരണപ്രസ്ഥാനം 1904ൽ ഇന്ത്യയിൽ സഹ കരണനിയമം ഉണ്ടായി. തുടർന്നു ചില്ലറ ഭേദഗതിക ളോടെ 1912ലും സഹകരണനിയമം നിലവിൽ വന്നു. സംസ്ഥാനതലത്തിൽ സഹകരണ ആക്ട് നിലവിൽ വന്ന ശേഷമാണ് ഈ പഞ്ചായത്തിൽ സഹകരണപ്രസ്ഥാനം ആരംഭിക്കുന്നത്. കുന്ദമംഗലം ഫർക്ക പ്രവർത്തനപരി ധിയായിക്കൊണ്ടു കുന്ദമംഗലം പി.സി.സി.സൊസൈ റ്റിയാണ് ഈ പ്രദേശം ഉൾക്കൊള്ളുന്ന ആദ്യത്തെ സഹ കരണസംഘം. ഇപ്പോൾഇത് കുന്ദമംഗലം കോ-ഓപ്പറേ റ്റീവ് റൂറൽ ബേങ്ക് എന്ന പേരിൽ അറിയപ്പെടുന്നു.

കുരുവട്ടൂർ ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന സഹകരണസംഘങ്ങളാണ് നിലവിലുള്ളത്.

1. കുരുവട്ടൂർ സർവ്വീസ് സഹകരണ ബേങ്ക്

2. കുരുവട്ടൂർ ക്ഷീരവ്യവസായ സഹകരണ സംഘം

3. കുരുവട്ടൂർ പഞ്ചായത്ത് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർസ്

4. കുരുവട്ടൂർ പഞ്ചായത്ത് ഖാദി വില്ലേജ് ഇൻഡ സ്ട്രീസ് സഹകരണസംഘം

5. കുരുവട്ടൂർ പഞ്ചായത്ത് പട്ടികജാതി സഹകര ണസംഘം

6. കുരുവട്ടൂർ പഞ്ചായത്ത് വനിതാവ്യവസായ സഹകരണസംഘം

കൂടാതെ താഴെ പറയുന്ന ബേങ്കുകളുടെയും സൊസൈറ്റികളുടെയും പ്രവർത്തനപരിധിയിൽ ഉൾപ്പെ ടുന്നതാണ് ഈ പഞ്ചായത്ത്.

1. കുന്ദമംഗലം കോ-ഓപ്പറേറ്റീവ് റൂറൽ ഹൗസിങ് സൊസൈറ്റി.

2. കുന്ദമംഗലം കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്ക്

3. കോഴിക്കോട് ജില്ലാ കാർഷിക വികസന ബേങ്ക്

4. കോഴിക്കോട് ജില്ലാ സഹകരണ ആശുപത്രി

5. കോഴിക്കോട് ജില്ലാ ഹോമിയോ സഹകരണ ആശുപത്രി

6. കോഴിക്കോടി ജില്ലാ ആയുർവേദ സഹകരണ ആശുപത്രി

ഇതിനു പുറമെ പഞ്ചായത്തിൽ സ്ക്കൂൾതല സഹകരണസംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിലുള്ള സഹകരണസ്ഥാപനങ്ങളെപ്പറ്റിയുള്ള ഒരു പൊതുവിവരണം താഴെ ചേർക്കുന്നു.

**1. കുരുവട്ടൂർ സർവ്വീസ് സഹകരണബേങ്ക് No.D.1973**

4–2–1968ലാണ് ഈ സഹകരണസംഘം പ്രവർത്തനമാരംഭിച്ചത്. ശ്രീ കാട്ടായി രാഘവൻനായർ ചീഫ് പ്രൊമോട്ടർ ആയുള്ള ഒരു സംഘം പ്രവർത്തകരാണ് ഈ ബേങ്ക് രജിസ്റ്റർ ചെയ്തു കിട്ടുന്നതിനാവശ്യമായ പ്രവർത്തനം നടത്തിയത്.

അംഗങ്ങളാകാൻ അർഹതപ്പെട്ട 17,103 പേരിൽ 7,465 പേർമാത്രമാണ് ഈ ബേങ്കിൽ ഇപ്പോൾ അംഗങ്ങളായിട്ടുള്ളത്. ഓഹരി ഒന്നിന് 5 രൂപ നിരക്കിൽ അംഗീകൃത ഓഹരി മൂലധനം 6,05,000 രൂപ. പിരിഞ്ഞുകിട്ടിയ മൂലധനം 6,84,062 രൂപ. സർക്കാർ ഓഹരി 81,600 രൂപ. പരമാവധി വാങ്ങാവുന്ന കടം 1,36,87,260 രൂപ.

ഓഹരി ഒന്നിന് 5 രൂപ നിരക്കിൽ
അംഗീകൃത ഓഹരി മൂലധനം .................... 6,05,000 രൂപ
പിരിഞ്ഞുകിട്ടിയ മൂലധനം .................... 6,84,062 രൂപ
സർക്കാർ ഓഹരി .................... 81,600 രൂപ
പരമാവധി വാങ്ങാവുന്ന കടം .................... 1,36,87,260 രൂപ

**നിക്ഷേപങ്ങൾ**

1. സ്ഥിരം .................... 30,60,514 രൂപ
2. ഹ്രസ്വം .................... 17,66,438 രൂപ

**വായ്പകൾ**

കാർഷികം .................... 21,47,957 രൂപ
പശു .................... 5,27,220 രൂപ
പമ്പ് സെറ്റ് – കിണർ .................... 32,717 രൂപ
IRDP .................... 2,94,308 രൂപ
മറ്റു വായ്പകൾ .................... 18,44,436 രൂപ
ആകെ .................... 48,46,638

പ്രത്യേക വായ്പകൾ ഇല്ല.

**സ്ഥാപനങ്ങളിൽ നിന്നും ബാങ്ക് സ്വീകരിച്ച വായ്പ.**

*K.D.C. ബാങ്കിൽ നിന്ന്:*

കാർഷിക വായ്പ .................... 23,90,431 രൂപ
പശു .................... 4,54,395 രൂപ
കിണർ – പമ്പ് സെറ്റ് .................... 11,741 രൂപ
IRDP .................... 1,12,677 രൂപ
മറ്റു വായ്പകൾ .................... 13,14,558 രൂപ
ആകെ .................... 42,83,802 രൂപ

**വായ്പാ കുടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടേണ്ടത്:**

കാർഷിക വായ്പ .................... 7,83,182 രൂപ
പമ്പ് സെറ്റ് – കിണർ .................... 23,042 രൂപ
IRDP .................... 99,088 രൂപ
മറ്റു വായ്പകൾ .................... 3,58,857 രൂപ
ആകെ .................... 12,64,169 രൂപ
സ്ഥാപനചെലവുകൾ .................... 37,301 രൂപ

**സ്ഥാപനം നടത്തുന്ന മറ്റു പ്രവർത്തനങ്ങൾ:**

1. വളം റീട്ടെയിൽ ബിസിനസ്
2. ചിട്ടി.

പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട സഹകരണസ്ഥാപനമാണിത്. പഞ്ചായത്തിലെ എല്ലാ ഭാഗത്തെയും ജനങ്ങൾക്ക് അംഗത്വമെടുക്കാമെങ്കിലും എല്ലാവർക്കും മെമ്പർഷിപ്പ് ലഭിക്കുന്നില്ല എന്ന പരാതി ഗ്രാമസഭകളിൽ ഉയർന്നു വന്നു. നിലവിലുള്ള വായ്പാ വിതരണം അസന്തുലിതമാണ്. അതുകൊണ്ട് ബാങ്കിന്റെ പ്രവർത്തനത്തിന്റെ ഗുണം ലഭിക്കുന്നില്ല എന്ന പരാതിയുമുണ്ട്. ബ്രാഞ്ചുകൾ ഒന്നുമില്ലാത്ത സ്ഥാപനമാണിത്. ബാങ്ക് നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. കുടിശ്ശിക പിരിച്ചെടുക്കൽ കാര്യക്ഷമമല്ല.

**2. കുരുവട്ടൂർ ക്ഷീരവ്യവസായ സഹകരണസംഘം No.D.19(D) പി.ഒ.പയിമ്പ്ര.**

കുരുവട്ടൂർ പഞ്ചായത്താണ് പ്രവർത്തനപിരിധി. ഒരു നോൺ ക്രെഡിറ്റ് സ്ഥാപനം. 27–5–1970ൽ പ്രവർത്തനം ആരംഭിച്ചു. ആകെ മെമ്പർമാർ 908. ഒരു ഓഹരിക്ക് 10 രൂപ നിരക്കിൽ ഓഹരി മൂലധനം 10,000 രൂപ. പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 10,500 രൂപ.

പ്രതിദിനം 950 ലിറ്റർ പാൽ ശേഖരിക്കുന്നു. അതിൽ 250 ലിറ്റർ പഞ്ചായത്തിൽ വിൽക്കുന്നു. ബാക്കി 700 ലിറ്റർ പഞ്ചായത്തിനു പുറത്തു വിൽക്കുന്നു. നല്ല രൂപത്തിൽ പ്രവർത്തിക്കുന്ന സൊസൈറ്റിയാണ്. പാൽ സംഭരിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നു. പാലുൽപ്പന്നങ്ങൾ നിർമ്മിക്കുന്നു. മികച്ച ശീതീകരണ സംവിധാനമുൾപ്പെടെയുള്ള സാങ്കേതിക മേന്മകൾ സംഘത്തിനുണ്ട്. കാലിത്തീറ്റ മെമ്പർമാർക്ക് വിതരണം ചെയ്യുന്നുണ്ട്. യഥാർത്ഥ പാലുൽപ്പാദകർക്ക് സൊസൈറ്റിയിൽ അംഗത്വം ലഭിക്കുന്നില്ല എന്ന പരാതി ഗ്രാമസഭകളിൽ ഉയർന്നു വരികയുണ്ടായി. സൊസൈറ്റി ശേഖ

രിക്കുന്ന പാൽ പുറത്താണ് കൂടുതലും വിതരണം ചെയ്യുന്നത്. കൂടുതൽ വിപണനകേന്ദ്രങ്ങൾ വാർഡുകളിൽ തുടങ്ങണമെന്ന് ഗ്രാമസഭകളിൽ നിന്നും നിർദ്ദേശം ഉയരുകയുണ്ടായി. മുഴുവൻ പാലുൽപ്പാദകരിൽനിന്നും പാൽ സ്വീകരിക്കണമെന്നും ഗ്രാമസഭകൾ ആവശ്യപ്പെട്ടു.

**3. കുരുവട്ടൂർ പഞ്ചായത്ത് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർസ് D/2433 പി.ഒ.പറമ്പിൽ**

പ്രവർത്ത്ന പരിധി കുരുവട്ടൂർ പഞ്ചായത്ത്. ഒരു നോൺക്രഡിറ്റ് സൊസൈറ്റി. 2.4.1990ൽ പ്രവർത്തനം ആരംഭിച്ചു. ആകെ 340 അംഗങ്ങൾ. ഒരു ഓഹരിയുടെ വില 25 രൂപ നിരക്കിൽ ആകെ ഓഹരി മൂലധനം 2 ലക്ഷം. പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 49, 375. സർക്കാർ ഓഹരി 25,000/- ജനസമ്പർക്കം കൂടുതലുള്ള സൊസൈറ്റിയാണ്. ബസാറിൽ വാടക കെട്ടിടത്തിൽ പല ചരക്കുകട നടത്തുന്നു. ഓണച്ചന്തകൾ ആകർഷകമായി നടത്താറുണ്ട്. വിലക്കയറ്റത്തിൽ നിന്നും ആശ്വാസം നൽകുന്നുണ്ടെങ്കിലും മുഴുവൻ ജനങ്ങൾക്കും ഉപകാരപ്പെടുന്ന രീതിയിലേക്ക് സൊസൈറ്റി വളർന്നിട്ടില്ല.

**4. കുരുവട്ടൂർ പഞ്ചായത്ത് ഖാദി-വില്ലേജ് ഇൻഡസ്ട്രീസ് സഹകരണ സംഘം. No. K.V. IND. D. !4. പി. ഒ . പറമ്പിൽ ബസാർ**

പ്രവർത്തന പരിധി കുരുവട്ടൂർ പഞ്ചായത്ത്. ഒരു നോൺക്രഡിറ്റ് സ്ഥാപനം. 17.11.1977 ൽ പ്രവർത്തനം ആരംഭിച്ചു. ആകെ അംഗങ്ങൾ 80. ഓഹരി ഒന്നിന് 10 രൂപ നിരക്കിൽ ആകെ ഓഹരി മൂലധനം 50,000. പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 4390. സർക്കാർ ഓഹരിയില്ല. പഞ്ചായത്തിൽ പറമ്പിൽ ബസാറിൽ എണ്ണ ഉത്പാദനവും വിതരണവും നടത്തുന്നു. പ്രവർത്തനം ലാഭകരമല്ല.

**5. കുരുവട്ടൂർ പഞ്ചായത്ത് പട്ടികജാതി സഹകരണസംഘം. No. 2435.**

പ്രവർത്തന പരിധി കുരുവട്ടൂർ പഞ്ചായത്ത് 19.4.1987 ന് പ്രവർത്തം ആരംഭിച്ചു. ആകെ അംഗങ്ങൾ 200. ഓഹരിവില 10 രൂപ നിരക്കിൽ ആകെ ഓഹരി മൂലധനം 2,00,000/- പിരിഞ്ഞുകിട്ടിയ മൂലധനം 2,000/- സർക്കാർ ഓഹരി 80,000/- പ്രവർത്തനം നല്ലനിലയിൽ നടക്കുന്നില്ലയെന്ന് ഗ്രാമസഭകളിൽ വിമർശനമുയർന്നിട്ടുണ്ട്. സ്വന്തമായ കെട്ടിടം ഇല്ല. പ്രസ്തുത വിഭാഗത്തിന് ഗുണം കിട്ടുന്ന രൂപത്തിലുള്ള പ്രവർത്തനങ്ങ്ഹൾ നടത്താൻ കഴിയുമെങ്കിലും വിജയകരമായി നടത്താൻ കഴിയുന്നില്ല.

**6. കുരുവട്ടൂർ പഞ്ചായത്ത് വനിതാ വ്യവസായ സഹകരണസംഘം.**

സംഘം പ്രവർത്തനക്ഷമമായിട്ടില്ല.

**7. സ്കൂൾ സൊസൈറ്റികൾ.**

1. പറമ്പിൽ എം.എ.എം.യു.പി.സ്കൂൾ സൊസൈറ്റി,

2. ഗവ: ഹൈസ്കൂൾ പയമ്പ്ര

സ്കൂളിലെ പാഠപുസ്തക വിതരണം ഏറ്റെടുത്തു നടത്തുന്നു. സ്കൂളിലെ ആവശ്യമായ സ്റ്റേഷനറി സാധനങ്ങളും വിതരണം ചെയ്യുന്നു.

3. കുരുവട്ടൂർ എ.യു.പി.സ്കൂൾ സഹകരണ സംഘം.

**പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന മറ്റു സ്ഥാപനങ്ങൾ.**

1. കുന്ദമംഗലം കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റി. പ്രസ്തുത സൊസൈറ്റി ഇതുവരെയായി 233 പേർക്ക് ഭവന നിർമ്മാണത്തിന് 59,83,646 രൂപ നൽകിയിട്ടുണ്ട്.

2. കുന്ദമംഗലം കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്ക്- കുരുവട്ടൂർ പഞ്ചായത്തിൽ കൃഷിക്കാർക്ക് വായ്പ അനുവദിക്കാറുണ്ട്.

3. ജില്ലാ കാർഷിക വികസനബേങ്ക്.

പഞ്ചായത്തിലെ 37 പേർക്ക് നാളീകേരവികസന പദ്ധതിപ്രകാരം 1,97,510 രൂപ വിതരണം ചെയ്തിട്ടുണ്ട്.

## പൊതു നിർദ്ദേശങ്ങൾ

- ☐ ഷെഡ്യൂൾഡ് ബാങ്ക് ശാഖ പറമ്പിൽ ബസാറിൽ സ്ഥാപിക്കണം.
- ☐ സഹകരണ സ്ഥാപനങ്ങളിൽ മെമ്പിർഷിപ്പ് എല്ലാവർക്കും നൽകി ജനകീയമാക്കണം.
- ☐ സഹകരണമേഖലയിൽ (തയ്യൽ യൂണിറ്റുകൾ, അച്ചാർ നിർമ്മാണം, മെഴുകുതിരി) ചെറുകിട വ്യവസായ സംരംഭങ്ങൾ വനിതകൾക്കായി ആരംഭിക്കണം.
- ☐ കുരുവട്ടൂർ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ശാഖ പറമ്പിൽ ബസാറിൽ ആരംഭിക്കണം.
- ☐ കോർപ്പറേഷന് തൊട്ടടുത്ത സ്ഥലങ്ങളിൽ അർബൻ ബാങ്കിന്റെ ശാഖയ്ക്ക് അനുമതി ലഭിച്ചാൽ നിക്ഷേപവും വായ്പയും ലഭിക്കും.
- ☐ കോഴിക്കോട് ജില്ലാ മൊത്ത വിതരണ സഹകരണ സംഘം തുറന്നു പ്രവർത്തിക്കണം.
- ☐ ഭവന നിർമ്മാണത്തിനും, സ്ത്രീകളുടെ തൊഴിൽ സംരംഭത്തിനും കുറഞ്ഞ പലിശ നിരക്കിൽ വായ്പ

ലഭിക്കുന്നതിന് സംവിധാനം വേണം.

- ☐ സഹകരണ സംഘങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കണം.
- ☐ എല്ലാവാർഡുകളിലും ക്ഷിര വ്യവസായ സഹകരണസംഘത്തിന്റെ സംഭരണ–വിതരണ കേന്ദ്രം സ്ഥാപിക്കണം.
- ☐ സഹകരണ സംഘത്തിൽനിന്നും ലഭിക്കുന്ന വായ്പകൾ യഥാർത്ഥ ആവശ്യങ്ങൾക്കാണോ ചെലവിടുന്നത് എന്നു പരിശോധിക്കണം.
- ☐ നാളികേരം സംഭരിച്ച് സംസ്കരണവും, വിപണനവും നടത്തുന്ന സഹകരണ സംഘം പഞ്ചായത്തടിസ്ഥാനത്തിൽ രൂപീകരിക്കണം.
- ☐ ശുദ്ധജല വിതരണത്തിന് സഹകരണ അടിസ്ഥാനത്തിൽ കുടുംബങ്ങളെ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതിയ്ക്ക് ബാങ്കുകൾ വായ്പ നൽകണം.
- ☐ കുരുവട്ടൂർ മിൽക്ക് സൊസൈറ്റിയുടെ അനുബന്ധമായി ഒരു കാലിത്തീറ്റ നിർമ്മാണ ഫാക്ടറി സ്ഥാപിക്കണം.
- ☐ പട്ടിക ജാതി സർവ്വീസ് സഹകരണ സൊസൈറ്റിയിലൂടെ പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ ലഭിക്കുന്ന പദ്ധതികൾ ആരംഭിച്ചാൽ വിജയിക്കും.
- ☐ വനിതാ വ്യവസായ സഹകരണ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക.
- ☐ വനിതാ സഹകരണ നഴ്സറി സ്കൂളുകൾ സ്ഥാപിക്കുക.
- ☐ സഹകരണ സ്ഥാപനങ്ങൾ നിലവിലില്ലാത്ത 9,11,7,6,4,1,2,5 വാർഡുകളിൽ സഹകരണ സ്ഥാപനങ്ങളുടെ ശാഖകളോ, സ്ഥാപനങ്ങളോ പ്രവർത്തിപ്പിക്കണം.
- ☐ 8ാം വാർഡിൽ വളം ഡിപ്പോ സഹകരണ സംഘത്തിന്റെ കീഴിൽ ആരംഭിക്കണം.
- ☐ 11ാം വാർഡിൽ സഹകരണ മാവേലിസ്റ്റോർ ശാഖ ആരംഭിക്കണം.
- ☐ 7ാം വാർഡിൽ വനിതകൾക്കായി തയ്യൽ നിർമ്മാണ യൂണിറ്റ് സഹകരണ അടിസ്ഥാനത്തിൽ സ്ഥാപിക്കുക.
- ☐ 10ാം വാർഡിൽ സഹകരണ മെഡിക്കൽ ഷോപ്പ് കൺസ്യൂമർ സ്റ്റോർ എന്നിവ സ്ഥാപിക്കുക.
- ☐ 5ാം വാർഡിൽ തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘം സ്ഥാപിക്കുക.
- ☐ സഹകരണാടിസ്ഥാനത്തിൽ കോഴിവളർത്തൽ, പച്ചക്കറികൃഷി തുടങ്ങിയവ 6ാം വാർഡിൽ സ്ഥാപിക്കണം.

OOO



12

# പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

കോഴിക്കോട് കോർപ്പറേഷനോട് തൊട്ടു കിടക്കുന്ന പഞ്ചായത്താണ് നമ്മുടെത്. നമ്മുടെ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 10.5% പട്ടികജാതി പട്ടികവർഗ്ഗ വിഭാഗമാണ്. 1992 ഐ.ആർ.സി.പി. സർവ്വേ പ്രകാരം 221 കുടംബങ്ങളിലായി ഇവർ താമസിക്കുന്നു. മൊത്ത ജനസംഖ്യയിൽ അഞ്ചു ആളുകൾ പട്ടിക വർഗ്ഗ വിഭാഗത്തിലും പെടുന്നു. നിലവിൽ 14 എസ്.സി. കോളനികളും ഒരു നാലുസെന്റ് കോളനിയും ഒരു മിച്ചഭൂമി പ്രദേശവും നാല് ലക്ഷം വീട് കോളനിയുമുണ്ട്. 1991 സെൻസസ് പ്രകാരം 1233 പുരുഷൻമാരും 1274 സ്ത്രീകളുമടക്കം 2507 പട്ടികജാതി അംഗങ്ങൾ ഉണ്ട്.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഈ വിഭാഗത്തിന് അവരുടെ ചിരകാല സ്വപ്നമായ വീടുകൾ സ്വന്തമായി നിർമ്മിക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. സാമൂഹ്യ – സാമ്പത്തിക രംഗത്ത് പലപ്പോഴും ചൂഷണത്തിന് വിധേയമാകുന്ന ഈ വിഭാഗത്തിന്റെ പുതിയ തലമുറയ്ക്ക് വിദ്യാഭ്യാസ സാമൂഹ്യ മേഖലയിൽ ഒട്ടേറെ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നും ഏറെക്കുറെ മോചനം നേടാൻ രാഷ്ട്രീയ – സാമൂഹ്യ സംഘടനകളുടെ പ്രവർത്തനഫലമായി സാധിച്ചിട്ടുണ്ട്.

ഈ വിഭാഗത്തിന്റെ ഉന്നമനത്തിനുവേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന പല പദ്ധതികളെക്കുറിച്ചും വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും അതിന്റെ നൂലാമാലകൊണ്ടും ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയുന്നില്ല. എങ്കിലും സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾകൊണ്ട് കുറഞ്ഞതോതിലെങ്കിലും നേട്ടമുണ്ടാക്കാൻ ഈ വിഭാഗത്തിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ നില്ക്കുന്നുണ്ട്.

കോളനിയിൽ താമിസിക്കുന്ന ഭൂരിഭാഗം ആളുകളും കൂലിവേല ചെയ്ത് ജീവിക്കുന്നവരാണ്. പരമ്പരാഗത കാർഷിക വൃത്തിയിൽനിന്നും മാറി നിർമ്മാണ രംഗത്താണ് കൂടുതലാളുകളും പണിയെടുക്കുന്നത്. ഈ വിഭാഗത്തിന് തൊഴിൽ ഉറപ്പു വരുത്തുകയും പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കേണ്ടതുമുണ്ട്. വിദ്യാഭ്യാസ യോഗ്യതയുടെ അപര്യാപ്തത സർക്കാർ ജോലികൾ നേടുന്നതിന്നു തടസ്സം നൽക്കുന്നു.

## പാർപ്പിടം

പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധിവരെ സർക്കാർ ഏജൻസികൾ നടപ്പിലാക്കി വരുന്ന പദ്ധതികൾ വഴി പരി

ഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിവിധ ഏജൻസികൾ വഴി വായ്പയെടുത്ത് വലിയ കടക്കെണിയിൽ അകപ്പെട്ടുപോയിട്ടുണ്ട്. ഭൂമിയുടെ രേഖ ഓഫീസിൽപ്പെട്ടു പോയതിനാൽ മറ്റു ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന അവസ്ഥയുണ്ട്. ഇപ്പോൾ വീടുവെയ്ക്കാൻ നൽകുന്ന സാമ്പത്തിക സഹായം അപര്യാപ്തമാണ്. ഇത് വർദ്ധിപ്പിക്കേണ്ടതാണ്. മിക്ക കോളനികളിലും കക്കൂസ് നിലവിലില്ല.

പഞ്ചായത്തിലെ മൊത്തം കോളനികളും ലക്ഷം വീടുകളും മലമുകളിലായതുകൊണ്ട് കുടിവെള്ളത്തിന്റെയും ഗതാഗത സൗകര്യത്തിന്റെയും വൈദ്യുതിയുടെയും പ്രവർത്തനങ്ങൾ അതീവ ഗുരുതരമായി നിലനിൽക്കുന്നുണ്ട്.

## ലക്ഷംവീട് കോളനികൾ

പഞ്ചായത്തിൽ 4 ലക്ഷംവീട് കോളനികളുണ്ട്. ഈ കോളനി നിവാസികൾക്ക് മരണം സംഭവിച്ചാൽ അവരെ സംസ്കരിക്കാൻ സ്ഥലമില്ലാത്ത അവസ്ഥയുണ്ട്.

പട്ടിക 1

| ക്രമ നമ്പർ | വാർഡ് | കോളനികളുടെ പേര് വിവരം |
|---|---|---|
| 1 | I | എടക്കിനാറമ്പത്ത് |
| 2 | | മാലേരിക്കുന്ന് |
| 3 | III | പാലങ്ങാട് മല |
| 4 | | കീരങ്ങോട്ട് മല |
| 5 | | മുള്ളൻ പറമ്പ് |
| 6 | IV | ഓഴാം പൊയിൽ പുറായിൽ |
| 7 | | പാലോറ മല |
| 8 | V | തൂമ്പറ്റ |
| 9 | VI | ആഞ്ഞിലോറക്കുന്ന് |
| 10 | VII | ചെറിയാപ്പറ്റക്കുന്ന് ഐ.എച്ച്.ഡി.പി. |
| 11 | | പുതിയോട്ടിൽ മീത്തൽ |
| 12 | IX | വള്ള്യേക്കാട് |
| 13 | X | പുറത്താട്ട് താഴം |
| 14 | XI | പറമ്പിൽ ബസാർ |

ചെറിയാപ്പറ്റ കോളനി, എടക്കിനാറച്ചത്ത് കോളനി എന്നിവിടങ്ങളിലേക്കായി ശുദ്ധജല വിതരണത്തിനു വേണ്ടി വാട്ടർ അതോറിറ്റി 10ലക്ഷം രൂപ ചെലവഴിച്ച് ചെറുവറ്റ പുഴയിൽ കിണർ കുഴിച്ച് പമ്പ് ഹൗസ് സ്ഥാപിച്ച് വെള്ളമെത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനാവശ്യമായ വൈദ്യുതി ലഭിക്കാത്തതിനാൽ വെള്ളമെത്തിക്കാൻ കഴിയാത്ത സ്ഥിതിയുണ്ട്.

## പ്രശ്നങ്ങൾ

**മാലേരിക്കുന്ന് കോളനി**: (വാർഡ് 1) കുടിവെള്ള പ്രശ്നം രൂക്ഷമാണ്. കോളനിയിലെ കിണർ ഉപയോഗപ്രദമല്ല. കോളനി വൈദ്യുതീകരിച്ചിട്ടില്ല. കോളനിയിലേക്കുള്ള റോഡ് പൂർത്തീകരിക്കണം. പഞ്ചായത്ത് തുടങ്ങിവെച്ച ശുദ്ധജല പദ്ധതിയുടെ പണി ഉടൻ ആരംഭിക്കണം.

**എടക്കിനാറമ്പ്**: 42 വീടുകളുണ്ട്. സ്വന്തമായി സ്ഥലവും വീടും ഇല്ലാത്ത ഒരു കുടുംബമുണ്ട്. 200 ഓളം ആളുകൾ താമസിക്കുന്നു. കുടിവെള്ള പ്രശ്നം രൂക്ഷമാണ്. കോളനിയിലേക്കുള്ള റോഡ് നിർമ്മിക്കണം.

**പാലങ്ങാട് മല**: (വാർഡ് 3) കുടിവെള്ള പ്രശ്നം രൂക്ഷമാണ്. കോളനി വീടുകൾ വൈദ്യുതീകരിക്കണം. ഗതാഗത സൗകര്യം അനിവാര്യമാണ്.

**കീരങ്ങോട് മല**: കുടിവെള്ള പ്രശ്നം രൂക്ഷമാണ്. വൈദ്യുതിയും പ്രശ്നം പരിഹരിക്കണം. ഗതാഗത സൗകര്യം വർദ്ധിപ്പിക്കണം.

**പാലോറമല**: (വാർഡ് 4) കുടിവെള്ളക്ഷാമം രൂക്ഷമാണ്. കുടിലുകൾ നിലവിലുണ്ട്. വൈദ്യുദീകരിക്കാത്ത വീടുകളാണ് മുഴുവനും പൂന്നൂർ പുഴയിലെ തൈക്കണ്ടി കടവിൽനിന്നും വെള്ളം പമ്പ് ചെയ്ത് പാലോറമലയിൽ എത്തിച്ച് കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കഴിയും

**ഒഴാംപൊയിൽ പുറായിൽ**: കുടിവെള്ള പ്രശ്നം രൂക്ഷമാണ്. മുഴുവൻ വീടുകളും വൈദ്യുതീകരിച്ചിട്ടില്ല. വീടുകൾ വൈദ്യുതീകരിക്കാനുള്ള നടപടി സ്വീകരിക്കണം.

**തൂമ്പറ്റ കോളനി**: (വാർഡ് 5)കുടിവെള്ളം, ഗതാഗതം, വൈദ്യുതി എന്നീ സൗകര്യങ്ങൾ ഇല്ല. വിദ്യാഭ്യാസ നിലവാരം കുറവാണ്.

**ആഞ്ഞിലോറക്കുന്ന്**: (വാർഡ് 6)കുടിവെള്ളം, ഗതാഗതത്തിനും വിഷമം നേരിടുന്നു. എം. പി. ഫണ്ടിൽ നിന്നും $4^1/_2$ ലക്ഷം രൂപ ചെലവഴിച്ച് കുടിവെള്ളമെത്തിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകുന്നുണ്ട്.

**ചെറിയാപ്പറ്റ**: (വാർഡ് 7) ഐ.എച്ച്.ഡി.പി. കോളനിയാണ് കുടിവെള്ള പ്രശ്നവും ഗതാഗത പ്രശ്നവും നിലവിലുണ്ട്. കോളനിയിൽ നിലവിലുള്ള പമ്പ് ഹൗസും ടാങ്കും വൃത്തിയായി സൂക്ഷിച്ച് നിലവിലുള്ള കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയുന്നതാണ്. റോഡിനാവശ്യമായ സ്ഥലം വിട്ടുകിട്ടാനുള്ള ശ്രമം നടത്തേണ്ടതാണ്.

**പുതിയോട്ടിൽമീത്തൽ**: (വാർഡ് 8) പുതിയതായി അനുവദിച്ച കോളനിയാണ്. വീടുകൾ വൈദ്യുതീകരി

ച്ചിട്ടില്ല. ആവശ്യമായ ഗതാഗത സൗകര്യമില്ല. കക്കൂസ് ഇല്ലാത്ത വീടുകൾ ധാരാളമുണ്ട്

**വള്ളേര്യക്കാട് കോളനി**: (വാർഡ് 9) കുടിവെള്ള ക്ഷാമം രൂക്ഷമാണ്. ഗതാഗത സൗകര്യമില്ല. കുടിവെള്ള മെത്തിക്കുന്നതിനുവേണ്ടി 3$^1/_2$ ലക്ഷം രൂപയുടെ പദ്ധതി യുണ്ട്.

☞ നിലവിലുള്ള കോളനികളിൽ നിരക്ഷരത നില നിൽക്കുന്നുണ്ട്.

☞ പ്രാഥമിക സൗകര്യങ്ങൾ കുറവാണ്.

☞ പൊതു ശ്മശാനം ഇല്ല

☞ കൈവശം ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.

☞ പട്ടികജാതി വിഭാഗത്തിന്ന് അനുവദിച്ചുകിട്ടിയ വീടുകൾ ആവശ്യമില്ലാ എന്നു തോന്നുമ്പോൾ പഞ്ചായത്തിന് ഏൽപ്പിച്ചുകൊടുക്കേണ്ടതാണണ്.

## പരിഹാരമാർഗങ്ങൾ

❐ നാലുസെന്റ് കോളനികളിലും ലക്ഷം വീടുകൾക്കും പുതുക്കിപണിയുന്നതിനാവശ്യമായ ധനസഹായം നൽകേണ്ടതാണ്.

❐ നിലവിലുള്ള പട്ടികജാതി - പട്ടികവർഗ്ഗ സഹകരണ സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തി അംഗങ്ങൾക്ക് ഗുണകരമാക്കി മാറ്റാൻ ശ്രമിക്കണം.

❐ പട്ടികജാതി കോളനിവത്ക്കരണം അവസാനിപ്പിച്ച് കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകാനുള്ള നടപടികൾ സ്വീകരിക്കണം.

❐ മിശ്രവിവാഹിതർക്ക് ജോലി സംവരണം ഏർപ്പെടുത്തണം.

❐ സ്വയംതൊഴിൽ കണ്ടെത്താൻ ജാമ്യമില്ലാ വായ്പകൾ നൽകണം.

❐ കോളനികളിൽ വൈദ്യസഹായ കേന്ദ്രങ്ങൾ സ്ഥാപിക്കണം.

❐ കോളനികളിൽ അംഗൻവാടികൾ ക്രഷെകൾ എന്നിവ സ്ഥാപിക്കണം.

❐ കോളനികളിലെ വീടുകൾക്ക് നികുതി ചുമത്തുന്നത് നിർത്തലാക്കണം.

❐ മണ്ണാരംകുന്ന് ലക്ഷം വീട് കോളനിയിലേക്ക് എം. എൽ. എ. റോഡിൽനിന്നും റോഡു നിർമ്മിക്കണം.

❐ നിലവിലുള്ള കോളനികളിടെ 'ഇരട്ട വീടുകൾ' ഒറ്റ വീടുകളാക്കി പുനഃസ്ഥാപിക്കണം.

❐ പട്ടികജാതി വിഭാഗത്തിലെ നിർദ്ധനരായ ഉന്നത പഠനത്തിനു പോകുന്ന വിദ്യാർത്ഥിക്ക് ആവശ്യമായ പഠന സാമഗ്രികൾ സൗജന്യമായി പഞ്ചായത്ത് നൽകണം.

❐ നിലവിലുള്ള എല്ലാ കോളനികളും ഐ.എച്ച്.ഡി.പി. ആയി ഉയർത്തുക.

OOO

# 13

# വിഭവസമാഹരണം

നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം കൃഷിയും അനുബന്ധ ജോലികളിൽ നിന്നുമുള്ളവയാണ്. ജനസംഖ്യയിൽ ഏകദേശം 25% കാർഷിക മേഖലയിൽ ജോലി ചെയ്യുന്നവരും 8% പേർ നിർമ്മാണ പ്രവൃത്തിയിലേർപ്പെട്ടിരിക്കുന്നവരും 4% വരുന്നവർ സർവ്വീസ് മേഖലയിലും 1% വരുന്നവർ ഗൾഫ് നാടുകളിലും ജോലിയെടുക്കുന്നു. 18% പേർ തൊഴിൽ രഹിതരായി കണക്കാക്കപ്പെടുന്നു.

സാമ്പത്തികമായി പഞ്ചായത്ത് വളരെ പിന്നോക്കം നിൽക്കുന്നത് കൊണ്ട് മിക്ക ആവശ്യങ്ങളും നിറവേറ്റുന്നതിന് കഴിയാറില്ല.നമ്മുടെ പഞ്ചായത്ത് കൂടുതൽ പണം ചെലവഴിച്ചിരിക്കുന്നത് റോഡ് നിർമ്മാണത്തിനാണ്. സ്കൂൾ, സാംസ്കാരിക നിലയം, കിണർ, കുളം, ബസ്സ്റ്റോപ്പ് തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നാമമാത്രമായ പണമെ ചെലവഴിച്ചിട്ടുള്ളൂ. തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്ന മേഖലകളിൽ പണം തീരെ ചെലവഴിച്ചിട്ടില്ല.

കാർഷികരംഗം ഇന്ന് മുരടിക്കുകയാണ്. കൃഷി നിലങ്ങൾ താമസപ്പറമ്പുകളായി അനുദിനം മാറിക്കൊണ്ടിരിക്കുകയാണ്. ഉൽപ്പാദന ക്ഷമത അനുദിനം ഇടിയുന്നു. കർഷകർ കർഷക തൊഴിലാളികളായി മാറുന്നു. രാസവള ഉപഭോഗംമൂലമുണ്ടാകുന്ന ദോഷഫലങ്ങൾ ഒഴിവാക്കി ജൈവവള പ്രയോഗത്തിന് പ്രാധാന്യം നൽകണം. അതിനുള്ള മനോഭാവം കൃഷിക്കാരിൽ വളർത്തിയെടുക്കണം. ഈ പ്രശ്നങ്ങൾ പരിഹരിക്കാതെ വിഭവ സമാഹരണം ഈ രംഗത്ത് വർദ്ധിപ്പിക്കാനാവില്ല.

വികേന്ദ്രീകൃത ആസൂത്രണ പ്രകാരം ലഭ്യമാവുന്ന തുക ഉല്പ്പാദനക്ഷമമായ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ ജനങ്ങളുടെ അത്യാവശ്യ പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരം കാണാം. ഗൾഫ് മേഖലയിൽ നിന്ന് വർഷാവർഷം ഒഴുകിയെത്തുന്ന ലക്ഷക്കണക്കിന് രൂപയും സാമ്പത്തികശേഷിയുള്ള മറ്റുള്ളവരുടെ പണവും അപ്രധാന മേഖലകളിൽ വിനിയോഗിക്കപ്പെടുകയാണ്. ഇതിന്റെ ഒരു ഭാഗം പഞ്ചായത്തിന്റെ വികസന പ്രവർത്തനത്തിലേക്ക് നിക്ഷേപിക്കാൻ വേണ്ട ശ്രമം നടത്തുകയാണെങ്കിൽ പഞ്ചായത്തിന്റെ വികസനത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കാൻ കഴിയും.

ഇത്പോലെ ബാങ്കുകൾ നൽകുന്ന വായ്പകൾ കൂടുതലും ദുരുപയോഗം ചെയ്യപ്പെടുന്നു. ഈ തുക അതാത് ആവശ്യങ്ങൾക്ക് തന്നെ വിനിയോഗിക്കുകയാ

ണെങ്കിൽ ഇതും വികസനത്തിന് ആക്കം കൂട്ടും. കൂടാതെ ഇവിടെ സുലഭമായിട്ടുള്ള മാനുഷിക വിഭവ ശേഷി കൂടി വേണ്ട രീതിയിൽ വികസന പ്രവർത്തന ങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനോടൊപ്പം പാഴായി കിടക്കുന്ന കിണർ, കുളം, തോട്, ഭൂമി എന്നിവ ഉപയോ ഗയോഗ്യമാക്കി കൃഷിയും മറ്റും അഭിവൃദ്ധിപ്പെടുത്തു കയും ചെയ്താൽ വികസന രംഗത്ത് ഒരു കുതിച്ചുചാട്ടം തന്നെ നടത്താൻ പഞ്ചായത്തിന് കഴിയുന്നതാണ്.

സർക്കാർ ഗ്രാൻഡുകൾക്ക് ഭരണാധികാരികളെ സ്വാധീനിക്കുന്ന സ്ഥിതി ഇന്നും തുടരുന്നു. ഒരു തരത്തി ലുള്ള വിവേചനവും നിലനിർത്താതെ ഗ്രാന്റുകൾ പിരി ക്കുന്ന മേഖലയിൽ വെച്ചുതന്നെ പഞ്ചായത്തുകൾക്ക് കൈമാറാൻ നിയമനിർമ്മാണം നടത്തണം.

നമ്മുടെ പഞ്ചായത്തിലെ കച്ചവട സ്ഥാപനങ്ങ ളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കുന്നുണ്ടെങ്കിലും മുഴുവൻ കച്ചവടക്കാരെയും നികുതി കൊടുക്കുന്നവരാ ക്കാൻ കഴിഞ്ഞിട്ടില്ല. ലോൺ വാങ്ങുന്ന ആവശ്യ ത്തിനോ, മറ്റെന്തെങ്കിലും ആവശ്യങ്ങൾക്കോ ആയി പഞ്ചായത്തിൽ വരുമ്പോഴോ നികുതി കൊടുക്കുന്ന സമ്പ്രദായമാണ് ഇപ്പോൾ നിലവിലുള്ളത്.

നിലവിലുള്ള നികുതികൾ യുക്തിസഹമാക്കു കയും പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്ക് നിർവ്വഹിക്കലാണ് നികുതി കൊടു ക്കൽ വഴി ചെയ്യുന്നതെന്ന് ജനങ്ങളിൽ ബോധവൽക്ക രണം നടത്തേണ്ടതാണ്.

വരുമാനമുള്ള മുഴുവൻ പേരിൽ നിന്നും വരുമാ നത്തിനനുസരിച്ച് നികുതി ഈടാക്കാൻ കഴിയണം.

കെട്ടിട നികുതി കണക്കാക്കുന്നതിലെ അശാ സ്ത്രീയത പരിഹരിക്കേണ്ടതുണ്ട്. വീട് നിർമ്മാണത്തിലെ അനാവശ്യ ധൂർത്ത് ഒഴിവാക്കാൻ നികുതി ഏർപ്പെടു ത്തുമ്പോൾ സ്ലാബ് സമ്പ്രദായം ആവിഷ്ക്കരിക്കാവുന്ന താണ്. വീട് അസസ്സ് ചെയ്തത് എങ്ങിനെയാണ് ഓരോ വീട്ടുടമസ്ഥനെയും ബോധ്യപ്പെടുത്താൻ ഉദ്യോഗ സ്ഥൻമാർ തയ്യാറാവേണ്ടതാണ്. നികുതി പിരിച്ചെടുക്കാ നുള്ള സംവിധാനം കാര്യക്ഷമമാക്കണം. ഓരോ വാർഡിലും നികുതി പിരിക്കുന്ന ദിവസവും സ്ഥലവും മുൻകൂട്ടി അവിടെയുള്ള വാർഡ് സമിതികളെ അറിയി ക്കുകയും അവരുടെ സഹകരണത്തോടെ നികുതി പിരി ച്ചെടുക്കുന്നത് കുടിശ്ശിക ഇല്ലാതാക്കാൻ സഹായിക്കും.

തൊഴിലാളികളെ മുഴുവനും പഞ്ചായത്തടിസ്ഥാ ത്തിൽ ഗ്രൂപ്പ് ഇൻഷൂറൻസ് സ്കീമിന്റെ കീഴിൽകൊണ്ടു വരികയും അംഗത്വമുള്ളവരിൽ നിന്നും തൊഴിൽ നികുതി വസൂലാക്കുകയും ചെയ്യാവുന്നതാണ്.

പറമ്പിൽ ബസാറിലെ സിനിമാ ടാക്കീസിൽ നിന്ന് മാത്രമാണ് വിനോദനികുതിയിനത്തിൽ വരുമാനമുള്ളത്. എന്നാൽ പറമ്പിൽ ബസാറിൽ ബസാറിലെ മിനി സ്റ്റേഡി യത്തിൽ ഗ്യാലറി സ്ഥാപിച്ച്, അവിടെ നടത്തുന്ന പരി പാടികൾക്ക് നികുതി ഏർപ്പെടുത്താവുന്നതാണ്.

പഞ്ചായത്തിലെ പുറമ്പോക്ക് ഭൂമി അളന്ന് തിട്ട പ്പെടുത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ട താണ്. പ്രസ്തുത ഭൂമിയിൽ ഉൽപ്പാദനക്ഷമതയുള്ള പരി പാടികൾ ആസൂത്രണം ചെയ്തു നടപ്പിൽ വരുത്തേണ്ട താണ്.

പൂന്നൂർ പുഴയോരങ്ങളിൽ തങ്ങളുടെ ഭൂമി യിൽനിന്ന് പുഴയിലേക്ക് ഇറക്കി മതിൽ കെട്ടി കൈയേറ്റം നടത്തുന്നതായി കണ്ടുവരുന്നു. ഇതിനെതിരെ സത്വര നട പടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിന്റെ അനുമതി യില്ലാതെ പുഴയിൽനിന്നും അനധികൃതമായി പൂഴി വാരി വിൽക്കപ്പെടുന്നതായും കാണപ്പെടുന്നു. ഈ നടപടി കർശനമായും തടഞ്ഞ് മുൻ കാലങ്ങളിലെ പോലെ പൂഴി ലേലം ചെയ്തുകൊണ്ട് പഞ്ചായത്തിന് വലിയ തോതിൽ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

നമ്മുടെ പഞ്ചായത്തിൽ ഒരു സഹകരണ ബാങ്ക്, സൗത്ത് മലബാർ ഗ്രാമീണ ബാങ്ക്, മൂന്ന് സ്വകാര്യ ഫൈനാൻസിയേഴ്സ് എന്നീ ധനകാര്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ ധനകാര്യ സ്ഥാപനങ്ങൾ നിക്ഷേപത്തിന്റെ തോതനുസരിച്ച് വായ്പകൾ നൽകു ന്നത് കുറവാണെന്ന് കാണുന്നു. ആവശ്യങ്ങൾക്കനുസ രിച്ച് വായ്പകൾ വർദ്ധിപ്പിക്കാൻ ബാങ്കുകൾ മുന്നോട്ട് വരേണ്ടതാണ്.

**പഞ്ചായത്തിലെ വരവ് (95-96) സംബന്ധിച്ച വിവരങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു**

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി. |
|---|---|---|---|
| കെട്ടിട നികുതി | 1,71,143 | 1,55,245.85 | 15,987.15 |
| തൊഴിൽ നികുതി | 92,325 | 83,620 | 8,705 |
| വിനോദ നികുതി | 17,600 | 17,00 | - |
| അഡി. വിനോദ നികുതി | 10,560 | 10,560 | - |
| പ്രദർശന നികുതി | 2,020 | 2,020 | - |
| പ്രദർശന നികുതിയിൻ മേലുള്ള സർച്ചാർജ്ജ് | 499.50 4 | 99.50 | - |
| ലൈസൻസ് ഫീസ് | 7,487.50 | 6,188.75 | 1,298.75 |
| കെട്ടിടനികുതി സർചാർജ് | 8472.15 | 7,705. | 70 766.45 |
| വസ്തു കൈമാറ്റനികുതി75% | 2,37,238 | 2,37,238 | - |
| വസ്തു കൈമാറ്റനികുതി25% | 1,30,000 | 1,30,000 | - |

| | | | |
|---|---|---|---|
| സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ | 94992.62 | 94,962.62 | 166 |
| സംഭാവന പ്രൊവിഡന്റ് ഫണ്ട് | 1,13,590 | 1,13,590 | - |
| ഡിപ്പോസിറ്റ് | 16,821.78 | 16,821.78 | - |
| മറ്റുള്ളവ (ഗ്രാന്റ്) | 6,25,386 | 6,25,386 | - |
| **ആകെ** | **15,25,895.55** | **14,99,062.20** | **26,833.35** |

## നിർദ്ദേശങ്ങൾ

1. നമ്പ്യായത്ത് താഴത്ത് നിന്ന് ആണിയം വീട്ടിൽ താഴം വരെയുള്ള തോടിന് ആഴം കൂട്ടി സൈഡ് കെട്ടി പ്രവർത്തന ക്ഷമമാക്കുന്നതിന് കാർഷികരംഗത്ത് വികസനത്തിന് ആക്കം കൂട്ടും. മനുഷ്യാദ്ധ്വാനം സൗജന്യമായി സ്വരൂപിക്കയും, സാങ്കേതി സഹായം അസംസ്കൃത വസ്തുക്കൾ എന്നിവ പഞ്ചായത്ത് സ്വരൂപിച്ച് നൽകുകയും വേണം.

2. 8ാം വാർഡിലൂടെ കടന്ന് പോകുന്ന സബ്കനാൽ കാലാകാലങ്ങളിൽ റിപ്പേർ ചെയ്ത് ഉപയോഗക്ഷമമാക്കുക.

3. പറമ്പിൽ ഹൈസ്ക്കൂൾ വിപുലീകരിക്കാൻ സാമ്പത്തിക സാങ്കേതിക സഹായങ്ങൾ പഞ്ചായത്ത് നൽകുന്ന പക്ഷം മനുഷ്യാദ്ധ്വാനം പ്രദേശത്ത് നിന്ന് ലഭ്യമാക്കാം.

4. പഞ്ചായത്തിലെ മിക്ക ഭാഗങ്ങളിലുമുള്ള തരിശുഭൂമി കണ്ടെത്തി വേണ്ടിടത്ത് ഇടവിളയും അനുയോജ്യമായ സ്ഥലങ്ങളിൽ പച്ചക്കറി കൃഷിയും നടത്തി വിഭവ സമാഹരണം നടത്താവുന്നതാണ്.

5. കാർഷിക രംഗത്ത് ഒരു പുത്തനുണർവ്വുണ്ടാക്കിയ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം കൂടുതൽ കാര്യക്ഷമമാക്കി നടപ്പിൽ വരുത്തി കാർഷിക മേഖലയെ തകർച്ചയിൽ നിന്നും രക്ഷിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കമെന്ന് 6, 10 വാർഡ് സഭകൾ നിർദ്ദേശിച്ചിട്ടുണ്ട്.

6. പറമ്പിൽബസാറിൽ ബസ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് കം കമ്മ്യൂണിറ്റി ഹാൾ സ്ഥാപിച്ച് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

7. 5-ാംവാർഡിൽ ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിച്ച് വരുമാനം കണ്ടെത്താം.

8. പഞ്ചായത്ത് വക മാവേലി സ്റ്റോർ, മെഡിക്കൽ ഷോപ്പ്, എസ്.ടി.ഡി. ബൂത്ത് എന്നിവ സ്ഥാപിക്കണം.

9. പച്ചക്കറി ഉല്പാദന, വിപണന കേന്ദ്രം, നാളികേരം സഭരിച്ച് ഉൽപ്പന്നങ്ങൾ ഉണ്ടാക്കി വിതരണം ചെയ്യുന്ന ഒരു സ്ഥാപനം എന്നിവ സ്ഥാപിക്കാം.

10. മത്സ്യമാർക്കറ്റ്, അറവുശാലകൾ ഇവ സ്ഥാപിച്ച് വാടകക്ക് നൽകാം.

11. പൂനൂർ പുഴയിൽനിന്ന് കോർപ്പറേഷൻ എടുക്കുന്ന വെള്ളത്തിന് കരം ഈടാക്കണം.

12. നമ്പറിടാത്ത കെട്ടിടങ്ങൾക്ക് ഉടനെ നമ്പറിട്ട് വരുമാനമുണ്ടാക്കണം.

13. വികസന ബോണ്ടുകൾ, പഞ്ചായത്തലോട്ടറിഎന്നിവയിലൂടെ ധനസമാഹരണം നടത്തണം.

ooo



## പഠന പര്യടനത്തിൽ പങ്കെടുത്തവർ

1. ലിഷയിൽ സുമതി
2. ബേബി ബാലകൃഷ്ണൻ
3. ഗിരീഷ് കുമാർ
4. ലക്ഷ്മി
5. എൻ. കുഞ്ഞാമതു കോയ
6. രാരുക്കുട്ടി
7. കെ.എം. ശിവാനന്ദൻ
8. എം. അരവിന്ദാക്ഷൻ
9. പി. അപ്പുക്കുട്ടൻ
10. എം. രാമകൃഷ്ണൻ
11. കെ.കെ. വിജയൻ
12. രജീന്ദ്രകുമാർ
13. അജിത കുമാരി
14. സി.മാധവി
15. ശ്രീധരൻനായർ
16. കുഞ്ഞിക്കോയ
17. ബാവ
18. ഭാസ്കരൻ നായർ
19. രജീഷ് കുമാർ പി.

## വികസന റിപ്പോർട്ട് തയ്യാറാക്കിയവർ

എം. ബാലകൃഷ്ണൻ
എം. സുശീലൻ മാസ്റ്റർ
ടി. ഗിരീഷ് കുമാർ
പി. രജീഷ് കുമാർ
ആർ. ദിവാകരൻ മാസ്റ്റർ
സി. പ്രഭാകരൻ
സി. ചന്ദ്രശേഖരൻ മാസ്റ്റർ
പി. ബാബുദാസ്
ഐ.എം. മധു
കെ.കെ. വിജയൻ
പി. ബാലകൃഷ്ണൻ
കെ. രാജീവ്
അബ്ദുസമദ്
കെ. മജ്ജുള
എ.എം. രവീന്ദ്രൻ
കെ. ചന്ദ്രൻ മാസ്റ്റർ
പി.എൻ.കാരാട്
പി. സുരേഷ് കുമാർ
കെ. പ്രേംരാജ്
ടി. ദിനേശൻ
ഇ.വി. മോഹൻദാസ്
എൻ. പ്രമോദ്
വസന്ത
കെ.വി. ശിവദാസ്
എം.വി. സുരേഷ്
കെ.കെ. വിനോദ്
&
ഗ്രാമ പഞ്ചായത്ത് സമിതി അംഗങ്ങളും
ജില്ലാ റിസോർസ് പേഴ്സൺമാരും



റോഡ് 36 നവം.ന് കിണറുള്ളതിൽ ചാത്തു എന്ന കർഷകകാരണവർ പ്രവർത്തി ...ഹിക്കുന്നു.



...ക്കുന്നുമ്മൽതാഴം റോഡ് നിർമാണം 11-ാം വാർഡ് മെമ്പർ





അധികാരം ജനങ്ങളിലേക്ക്





അധികാരം ജനങ്ങളിലേക്ക്



# അധികാരം ജനങ്ങൾക്ക്

- അധികാര വികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം
- 9–ാം പദ്ധതി ജനകീയ പദ്ധതി
- 40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്
- വികസനപ്രക്രിയ അഴിമതി രഹിതമാകുന്നു
- ബഹുജന സഹകരണം അനിവാര്യം



അച്ചടി: ദേശാഭിമാനി പ്രസ്സ്, കോഴിക്കോട്.